
കേരളം
ആലപ്പുഴ ജില്ല

അധികാരം ജനങ്ങളിലേക്ക്







N
W
E
S
NH - 47
ചേർത്തല മുനിസിപ്പാലിറ്റി
തണ്ണീർമുക്കം പഞ്ചായത്ത്
കഞ്ഞിക്കുഴി പഞ്ചായത്ത്
മുഹമ്മ പഞ്ചായത്ത്
വേമ്പനാട്ട് കായൽ
വേമ്പനാട്ട് കായൽ
1
2
3
4
5
6
7
8
9
10
11
12
13
14

# തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്
# സമഗ്ര വികസന റിപ്പോർട്ട്

## ഒൻപതാം പദ്ധതിക്കു വേണ്ടി
## വികസന സെമിനാറിൽ അവതരിപ്പിക്കുന്നത്


തയ്യാറാക്കിയത്
ജനകീയാസൂത്രണ സമിതി
തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്



കവർ,ചിത്രങ്ങൾ,ലേ ഔട്ട്
പ്രതീഷ് സിദ്ധി
പ്രണാബ് സിദ്ധി

കംമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ്
സാവിയോ ഡി.റ്റി.പി.സെന്റർ - കലവൂർ
അച്ചടി
കേരളാ ടൈംസ് - കൊച്ചി

# തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

# വികസനരേഖ



__എഡിറ്റോറിയൽ ബോർഡ്.__

ഡോ. ബേബി കമലം ( ചെയർ പേഴ്സൺ)
തണ്ണീർമുക്കം പത്മനാഭൻ (കൺവീനർ)
സി.പി. സുദർശനൻ
കെ.ജി.ചിന്താർമണി
എ. പ്രകാശൻ
കെ.കെ. ചെല്ലപ്പൻ
കെ.എം. രവീന്ദ്രനാഥൻ
ടി.കെ. നടരാജൻ
എൻ. ഉദയവർമ്മ
കെ. മുരളീധരൻ

# മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



യു. രാഘവൻ



കെ. ഷണ്മുഖൻ



തണ്ണീർമുക്കം പത്മനാഭൻ



കെ.കെ. ചെല്ലപ്പൻ



കെ. മുരളീധരൻ
സെക്രട്ടറി.

# തണ്ണീർമുക്കം പഞ്ചായത്ത് ഭരണ സമിതി.



ഡോ.ബേബി കമലം
പ്രസിഡന്റ്

വൈസ് പ്രസിഡന്റ്



കെ.അനിരുദ്ധൻ

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



വെള്ളിയാകുളം പരമേശ്വരൻ







തണ്ണീർമുക്കം പരമേശ്വരൻ നായർ
എസ്.പ്രകാശൻ
ദീപാ റാണി ഭാസുരൻ
യു.ബി.സോമൻ
സി.കെ.രാജമണി
സ്വപ്നാ ശശീധരൻ

വി.എസ്.ജ്യോതിസ്
ഇന്ദിരാ മുകുന്ദൻ
വി.രാജപ്പൻ
ഓമനാ കേശവൻ
സജി കുര്യാക്കോസ്
(മെമ്പർമാർ)

## രേഖകളിൽ.....

മുഖക്കുറിപ്പ്
ചരിത്രം
ഭൂമി,ജലം,ജനം
കൃഷിയും,ജലസേചനവും
മൃഗസംരക്ഷണവും മത്സ്യബന്ധനവും
വ്യവസായം
ഗതാഗതം,മാർക്കറ്റ്,ഊർജ്ജം
കുടി വെള്ളം,പൊതുജനാരോഗ്യം
വിദ്യാഭ്യാസം
സംസ്ക്കാരം
പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
പാർപ്പിടവും സാമൂഹ്യക്ഷേമവും
സഹകരണം
വിഭവസമാഹരണം
ജനകീയാസൂത്രണ അവലോകനം
ഉപസംഹാരം

## അധികാരം ജനങ്ങളിലേയ്ക്ക്



തണ്ണീർമുക്കം ബാരിയർ (ബണ്ട്).







# അധികാരം ജനങ്ങളിലേക്ക്



## മുഖ കുറിപ്പ്

മനുഷ്യനോളം തന്നെ പഴക്കമുള്ളതാണ് ആസൂത്രണമെന്ന ആശയം. പ്രശസ്ത ചിന്തകനായ പ്ലേറ്റോ തന്റെ " റിപ്പബ്ലിക്ക് " എന്ന ഗ്രന്ഥത്തിലൂടെ ആസൂത്രണ ആശയം വിളബംരം ചെയ്തു.1910 ൽ പ്രാഫസ്സർ ക്രിസ്റ്റൺ ഷോൺ ഹൈഡർ , "പ്രിൻസിപ്പിംസ് ഓഫ് പ്രൈവറ്റ് ആന്റ് പ്ലാനിംഗ് " എന്ന ഗ്രന്ഥത്തിൽ ആസൂത്രണത്തിന്റെ അടിസ്ഥാനങ്ങളുറപ്പിച്ച് കാട്ടിയിട്ടുണ്ട്. എങ്കിലും ആസൂത്രണത്തിന്റെ ആധുനിക ശൈലി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് 1928 ൽ സോവ്യറ്റ് റഷ്യയിലായിരുന്നു.

വികേന്ദ്രീകൃത ആസൂത്രണമെന്ന ഇന്നത്തെ ആശയം തീർത്തും പുതുമയുള്ളതാണ്. 50 - കളിൽ ആസൂത്രിത വികേന്ദ്രീകരണം നടത്തിയ രാജ്യം ആണ് യുഗോസ്ലാവിയാ. പുതിയ ധന വിനിയോഗ ശൈലി ഫലപ്രദമായി നടപ്പിലാക്കാൻ ടിറ്റോ വികേന്ദ്രീകൃത ആസൂത്രണം അംഗീകൃത മാർഗ്ഗമാക്കി.എത്യോപ്യയിൽ 1962 ൽ ആരംഭിച്ച സമ്പന്ന സന്നദ്ധ സംഘടനവഴിയുള്ള വികസന പ്രവർത്തന രീതി ആസൂത്രണരംഗത്തെ നാഴികക്കല്ലായിരുന്നു. നേപ്പാളിലെ പുറാംഗ് ഗ്രാമത്തിൽ ഗ്രാമീണർ തനിയെ 12 കിലോ വാട്ട് വൈദ്യുതി ഉത്പ്പാദന കേന്ദ്രമുണ്ടാക്കി 24 മണിക്കൂറും വൈദ്യുതാവശ്യം നിറവേറ്റിയതും,ആസൂത്രിത ജനപങ്കാളിത്തം വഴിയാണ്. 1971 മുതൽ കൊറിയയിൽ ജന പങ്കാളിത്തത്തോടെ ഗ്രാമ റോഡുകളും,നിരത്തുകളും സംവിധാനം ചെയ്തിരുന്നതും ജനകീയാസൂത്രണത്തിന്റെ സ്വീകാര്യമായ ഉദാഹരണങ്ങളാണ്. ലോകബാങ്ക് 42 വികസ്വര രാജ്യങ്ങളുടെ വികസന പ്രൊജക്ടുകളെക്കുറിച്ചു നടത്തിയ സമഗ്ര പഠനത്തിലും കേന്ദ്രീകൃത ആസൂത്രണത്തിന് എതിരായാണ് നിഗമനമുണ്ടായിട്ടുള്ളത്.

നമ്മുടെ ഭാരതം സ്വതന്ത്രയായിട്ട് അൻപതു വർഷം തികയുന്നു.രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ വർണ്ണ സ്വപ്നങ്ങളിൽ എന്നും ഏഴു ലക്ഷത്തോളം വരുന്ന ഇൻഡ്യൻ ഗ്രാമങ്ങളുടെ ക്ഷേമ സങ്കല്പ ചിത്രം ഉണ്ടായിരുന്നു. പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ പഞ്ചായത്തുകളുടെ അധികാരം വർദ്ധിപ്പിക്കുക വഴി ജനങ്ങളിലേക്ക് അധികാരം പകർന്നു കൊടുത്തു എന്ന ബോധം അവരിൽ പുതിയ ഉണർവ്വും,ഉത്തരവാദിത്വവുമുണ്ടാക്കാൻ സഹായിക്കും.

നവഭാരത ശില്പിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രു രാജ്യത്തിന്റെ സ്വാതന്ത്ര്യവും, പരമാധികാരവും കാത്തു സൂക്ഷിച്ചുകൊണ്ട് ഒരു സ്വതന്ത്ര ഭാരതം സൃഷ്ടിക്കാൻ ശ്രമിച്ചയാളാണ്.കാർഷിക വ്യാവസായ മേഖലകളിൽ പുതിയ ദിശകരം തേടിയ അദ്ദേഹം പഞ്ചവത്സര പദ്ധതിയുടെ സമർത്ഥമായ ആവിഷ്ക്കാരം വഴി ഒരു പുതിയ ദേശീയ വികസന ശൈലി രൂപപ്പെടുത്തി. പൊതുമേഖലയെ പുഷ്ടിപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു ഇവയെല്ലാം. എങ്കിലും എട്ട് പദ്ധതികളിലൂടെ കടന്നു പോന്ന നമ്മുടെ രാജ്യത്തിന് ആശിച്ച പുരോഗതി കൈവരിക്കാനായില്ല. ആകെക്കൂടി നോക്കുമ്പോാം പദ്ധതി നടത്തിപ്പിലാണ് പ്രധാന വീഴ്ച എന്ന് മനസ്സിലാകും. ഉദ്യോഗസ്ഥന്മാർ രൂപപ്പെടുത്തി അവർ വഴി നടപ്പാക്കുന്ന പദ്ധതികളിൽ ജനകീയ പങ്കാളിത്തവും, ജനചൈതന്യവും ലോപി

യ്ക്കു മുകളിലാണെന്ന ധാരണ ബലപ്പെട്ടു.

അന്തരിച്ച നമ്മുടെ മുൻ പ്രധാന മന്ത്രി ശ്രീ. രാജീവ് ഗാന്ധി വേദനയോടെ ഇക്കാര്യം ഓർമ്മപ്പെടുത്തി. പദ്ധതികൾക്കായുള്ള മുതൽ മുടക്കിന്റെ 25-30 ശതമാനമേ ലക്ഷ്യത്തിൽ എത്തുന്നുള്ളു എന്ന്. അതിനുള്ള പരിഹാരമായി അദ്ദേഹം കണ്ടത് ഗാന്ധിയൻ ദർശനത്തിലുള്ള ഗ്രാമ സ്വരാജിന്റെ പുനരാവിഷ്ക്കാരവുമായിരുന്നു. ഭരണഘടനാ ഭേദഗതി വഴിയുണ്ടായ പുതിയ നിയമ നിർമ്മാണവും ത്രിതല പഞ്ചായത്തുകളുടെ ആവിർഭാവവും ഈ വഴിക്കുള്ള നിർണ്ണായക മാറ്റങ്ങളെ സൂചിപ്പിക്കുന്നു.

കേരളം ഏത് ഇൻഡ്യൻ സംസ്ഥാനത്തിൽ നിന്നും വ്യത്യസ്ഥമാണ്. നമ്മുടെ ആചാര മര്യാദകളും ,സംസ്ക്കാര സവിശേഷതകളും കൊണ്ടു മാത്രമല്ല,ആകെക്കൂടി മെച്ചപ്പെട്ട ജീവിത ഗുണനിലവാരം നില നിർത്തുന്നവരാണ് നമ്മൾ. എന്നിരുന്നാലും പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ , പോഷകാഹാര ഉപഭോഗ കാര്യത്തിൽ , ഉന്നത വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിലൊക്കെ നാം ദേശിയ ശരാശരിക്കു താഴെയാണു താനും.വിഭവ ദാരിദ്ര്യത്തിന്റെ കടുംകെട്ടുകൾ എന്നും നമ്മുടെ പ്രശ്നമായിരുന്നു .എങ്കിലും കഴിഞ്ഞ മൂന്ന് വ്യാഴ വട്ടങ്ങളിലൂടെ നമ്മുടെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലത്തിലുണ്ടായ മാറ്റങ്ങളും നേട്ടങ്ങളും മൂലം നാടിന്റെ മുഖശ്രീ മങ്ങാതെ നില നിർത്തുവാൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

കാർഷിക വ്യാവസായിക മേഖലകളിലെ ഉൽപാദനക്ഷമത ഇല്ലായ്മയും, ആരോഗ്യവിദ്യാഭ്യാസ രംഗങ്ങളിലെ ഗുണനിലവാരത്തകർച്ച, ദുർബ്ബല ജനവിഭാഗങ്ങളുടെ ദാരിദ്ര്യം, സ്ത്രീകളുടെ പിന്നോക്കാവസ്ഥ, പൊതുവിലുള്ള തൊഴിലില്ലായ്മ എന്നിവയൊക്കെ ഇന്നും നമ്മുടെ സജീവ പ്രശ്നങ്ങളായി തുടരുന്നു. ഇതിനൊക്കെ പാകപ്പെടുത്തിയ പരിഹാരമാർഗ്ഗങ്ങളൊന്നും നമ്മുടെ മുന്നിലില്ല.ആവശ്യങ്ങളുടെ ഉള്ളറിഞ്ഞ് ആസൂത്രണം നടപ്പിലാക്കുകയും വിഭവ സമ്പാദ്യങ്ങളുടെ പുതിയ മേഖലകൾ വെട്ടിപ്പിടിച്ച് ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുകയും ചെയ്യുമ്പോഴേ വികസന രംഗത്ത് പുതിയ ചലനം ഒരു വാസ്തവമാകും അപ്പോഴേ അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യം സ്വാർത്ഥകമാകൂ.

നമ്മുടെ ഗ്രാമ മനസ്സുകൾ ചെവിയോർത്തിരിക്കുന്ന പുതിയ വികസനപ്രയാണത്തിന്റെ കുളമ്പൊച്ച ഇതാ, ഇതിലെ അലയൊലിയുതിർത്തെത്തുന്നു. ആ നാട്ടു വഴിയിൽ കർമ്മകുശലതയോടെ പ്രവർത്തിക്കുന്ന പഞ്ചായത്ത് തല ആസൂത്രണ സമിതി പ്രത്യേകം ഓരോ റിസോഴ്സ് ഗ്രൂപ്പുകളായി തിരിഞ്ഞ് പഠനം നടത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സർവ്വേട്ടുമെന്റ് വിവരങ്ങൾ എന്നിവയെ ആധാരമാക്കിയുള്ള ഈ രേഖകളും ,നിഗമനങ്ങളും നൂറു ശതമാനം ശരിയാകണമെന്നില്ല. എങ്കിലും തെറ്റുണ്ടാവാതിരിക്കാൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്.

## പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

1.തണ്ണീർമുക്കം പ്രൊജക്റ്റ് ഓഫീസ്
2.തണ്ണീർമുക്കം വടക്ക് വില്ലേജ് ഓഫീസ്
3.തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് ഓഫീസ്
4.ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്(K.S.E.B)
5.എൻ.എസ്സ്.എസ്സ്.എൽ.പി സ്ക്കൂൾ
6.തണ്ണീർമുക്കം സർവ്വീസ് സഹകരണ സംഘം
7.തണ്ണീർമുക്കം റൂറൽ ഹൗസിംഗ് സംഘം
8.തണ്ണീർമുക്കം കയർ വ്യവസായ സഹകരണ സംഘം
9.പ്രൈമറി ഹെൽത്ത് സെന്റർ, തണ്ണീർമുക്കം
10.വെറ്റിനറി ഡിസ്പെൻസറി
11.നിർമ്മലാ പബ്ലിക്ക് സ്ക്കൂൾ
12.തണ്ണീർമുക്കം ഗവ:ഹൈസ്ക്കൂൾ
13.കണ്ണങ്കര സർവ്വീസ് സഹകരണ സംഘം
14.സെന്റ് മാത്യൂസ് ഹൈസ്ക്കൂൾ,കണ്ണങ്കര
15.വാരണം സർവ്വീസ് സഹകരണ ബാങ്ക്
16.പഞ്ചായത്ത് എൽ.പി.എസ്സ്
17.ശ്രീ കണ്ഠമംഗലം സർവ്വീസ് സഹകരണ സംഘം
18.ടാഗോർ മെമ്മോറിയൽ സ്ക്കൂൾ,മരുത്തോർവട്ടം
19.ഇന്ദിരാ ജനാർദ്ധനൻ പബ്ലിക്ക് സ്ക്കൂൾ
20.മരുത്തോർവട്ടം പട്ടികജാതി സഹകരണ സംഘം
21.മരുത്തോർവട്ടം ഗവ:എൽ.പി.എസ്സ്
22.മാക്ഡവൽ ആന്റ് എച്ച്.ആർ.ബ്രിവറീസ്,വാരനാട്
23.വാരനാട് വെൽഫെയർ സ്ക്കൂൾ
24.വെള്ളിയാകുളം ഗവ:യു.പി.സ്ക്കൂൾ
25.കൊക്കോതമംഗലം വില്ലേജ് ഓഫീസ്
26.കൃഷി ഭവൻ ,തണ്ണീർമുക്കം
27.സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ
28.വാരനാട് സർവ്വീസ് സഹകരണബാങ്ക്
29.ലോർഡ് കൃഷ്ണാ ബാങ്ക്,തണ്ണീർമുക്കം
30.തണ്ണീർമുക്കം,കണ്ണങ്കര,വാരണം,മുട്ടത്തിപ്പറമ്പ്, മരുത്തോർവട്ടം,വാരനാട്,കൊക്കോതമംഗലം പോസ്റ്റ് ഓഫീസുകൾ
31.18 അംഗനവാടികൾ
32.5 പബ്ലിക്ക് ലൈബ്രറികൾ
33.1 സിനിമാ തീയേറ്റർ
34.തണ്ണീർമുക്കം ടെലിഫോൺ എക്സ്ചേഞ്ച്
35.ഹോമിയോ ആശുപത്രി,വാരണം
36.ആയുർവ്വേദ ആശുപത്രി,വെള്ളിയാകുളം
37.ശ്രീ കണ്ഠമംഗലം എൻ.എസ്സ്.എസ്സ്.സ്ക്കൂൾ
38.ട്രാൻസ് ഓഷ്യാനിക്ക് ട്രേഡേഴ്സ്, മുട്ടത്തിപ്പറമ്പ്കവല
39.കല്ല്യാണസുന്ദരം ആന്റ് കമ്പനി,വാരണം
40.ടി.എം.എം.സി.മരുത്തോർവട്ടം

# നമ്മുടെ പഞ്ചായത്ത്

| | | |
|---|---|---|
| പേര് | : | തണ്ണീർമുക്കം പഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| വില്ലേജുകൾ | : | തണ്ണീർമുക്കം വടക്ക്<br>കൊക്കോതമംഗലം |
| ബ്ലോക്ക് | : | കഞ്ഞിക്കുഴി |
| ബ്ലോക്ക് ഡിവിഷനുകൾ | : | 2 $^1/_2$ |
| താലൂക്ക് | : | ചേർത്തല |
| ജില്ല | : | ആലപ്പുഴ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ഒന്ന് |
| അസംബ്ലി | : | മാരാരിക്കുളം |
| പാർലമെന്റ് | : | ആലപ്പുഴ |
| വിസ്തീർണ്ണം | : | 11.8 ച.മൈൽ |
| ജനസംഖ്യ (1991 സെൻസസ്) | : | 38937 |
| സ്ത്രീകൾ | : | 19964 |
| പുരുഷൻമാർ | : | 18973 |
| പഞ്ചായത്ത് ആസ്ഥാനം | : | തണ്ണീർമുക്കം ജെട്ടി |
| പ്രസിഡന്റ് | : | ഡോ.ബേബി കമലം |
| വൈസ് പ്രസിഡന്റ് | : | കെ.അനിരുദ്ധൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | വെള്ളിയാകുളം പരമേശ്വരൻ |

## അംഗങ്ങൾ

| | |
|---|---|
| തണ്ണീർമുക്കം പരമേശ്വരൻ നായർ | പി.എസ്.ജ്യോതിസ് |
| എസ്.പ്രകാശൻ | ഇന്ദിരാ മുകുന്ദൻ |
| ദീപാ റാണി ഭാസുരൻ | വി.രാജപ്പൻ |
| യു.ബി.സോമൻ | ഓമനാ കേശവൻ |
| സി.കെ.രാജമണി | സജി കുര്യാക്കോസ് |
| സ്വപ്നാ ശശീധരൻ | |

# ചരിത്രം



## തണ്ണീർമുക്കം ചാലി നാരായണപുരം ക്ഷേത്രം

വൈക്കം കായലിൽ ഓളപ്പാത്തികളുണ്ടാക്കുന്ന തെന്നി വടുതിക്കാറ്റിൽ തെങ്ങോലകളുടെ ഹരിത ചാമരം വീശി നില്ക്കുന്ന വേമ്പനാട്ടു കായൽ തീരത്തെ മനോഹരമായ ഒരു മുനമ്പായാണ് പണ്ടു മുതൽക്കെ തണ്ണീർമുക്കം അറിയപ്പെട്ടിരുന്നത്. വടക്കും, കിഴക്കും വേമ്പനാട്ടു കായലും തെക്ക് ഭാഗത്ത് തണ്ണീർമുക്കം തെക്ക് വില്ലേജും, കഞ്ഞിക്കുഴിയും പടിഞ്ഞാറ് കറുത്ത നീണ്ട നാഷണൽ ഹൈവേയും ചേർത്തല മുൻസിപ്പാലിറ്റിയും കൊണ്ട് അതിരിട്ടിരിക്കുന്ന ഈ ഗ്രാമത്തിന് എങ്ങിനെ തണ്ണീർമുക്കം എന്ന പേര് വന്നു എന്നതിന് കൃത്യമായ കേട്ടു കേൾവിയില്ല. വെള്ളത്താൽ ചുറ്റപ്പെട്ട മുക്കായതു കൊണ്ടോ, കായലിന്റെ മുഖം ആയതു കൊണ്ടോ ആകാം അർത്ഥപൂർണ്ണമായ ഈ സ്ഥലനാമം വന്നത്.

ഒരു കാലത്ത് തണ്ണീർമുക്കം ഉൾപ്പെട്ട കരപ്പുറം കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്നു. ഭരണം കൊച്ചി രാജാവിനും.1718 ൽ കരപ്പുറത്തെ കരനാഥൻമാരായ മാടമ്പിമാരുമായി കൊച്ചി രാജാവ് ഉണ്ടാക്കിയ ഒരു ഉടമ്പടിയിൽ "വൈക്കം ചാലിനു മേക്ക്, സമുദ്രത്തിനും കിഴക്ക്,അരൂർ ദേശത്തിനു തെക്ക് ആലപ്പുഴവാടയ്ക്കും,വടക്ക് നമ്മുടെ രാജ്യമായ കരപ്പുറം" എ ന്നു പറയാറുണ്ടു. ഇതിൽ നിന്നും കൊച്ചി രാജാവിന്റെ അധീനതയിലുള്ള ഒരു പ്രത്യേ ക രാജ്യമായിരുന്നു കരപ്പുറം എന്നു വ്യക്തം. ആലപ്പുഴയ്ക്ക് വടക്കുള്ള തുമ്പോളി കേന്ദ്രമാക്കിയും, ചേർത്തലയിലെ മുട്ടം കേന്ദ്രമാക്കിയും രണ്ടു നാടുവാഴികൾ രാജ്യഭരണം നടത്തിപ്പോന്നു.ചേലായ് മുത്തേടത്ത് -ഇളയേട് എന്നീ തറവാടുകളിലെ കൈമൾമാരായിരുന്നു പ്രധാന നാടുവാഴികൾ. അവർ സ്വതന്ത്ര നാടുവാഴികളായിരുന്നു.

പതിനാറാം നൂറ്റാണ്ടിൽ പറങ്കികളുടെ സഹായത്തോടെ കൊച്ചി രാജാവ് കരപ്പുറം ആക്രമിച്ചു.ഗത്യന്തരമില്ലാതെ നാടുവാഴി കൈമൾക്ക് കൊച്ചീ രാജാവിന്റെ മേൽക്കോയ്മ അംഗീകരിക്കേണ്ടി വന്നു.എങ്കിലും അസ്വസ്ഥതകളും, ഏറ്റുമുട്ടലുകളുമായി ആ ബന്ധം ഉലഞ്ഞുലഞ്ഞു നീങ്ങി. 1640 ൽ മൂത്തേടത്തു കൈമൾ അന്തരിച്ചപ്പോൾ രാജ്യാവകാശിയാകാൻ കുടുംബത്തിൽ ആളില്ലാതെ വന്നു.ഈ തക്കം നോക്കി കരപ്പുറത്തെ കൊച്ചീ രാജ്യത്തോടു സംയോജിപ്പിച്ചു.

എങ്കിലും കരപ്പുറത്തെ 72 മാടമ്പിമാരും ഏതാണ്ട് സ്വതന്ത്ര ഭരണാധികാരികളെപ്പോലെ ഭരണം തുടർന്നു പോന്നു. കൊച്ചി തമ്പുരാൻ വിദേശികളായ ലന്തക്കാരുടെ പ്രേരണയ്ക്കു വഴങ്ങി തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ തുടങ്ങിയ നാട്ടു രാജാക്കന്മാരെ പരോക്ഷമായി സഹായിക്കുവാൻ തുടങ്ങി. മാർത്താണ്ഡവർമ്മ മഹരാജാവിനെതിരായുള്ള ഒരു നീക്കത്തിന്റെ ഭാഗമായിരുന്നു ഇത്. പ്രസിദ്ധമായ പുറക്കാട്ടു യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം 1753 ൽ രാമയ്യൻ ദളവയുടെ ധീര നേതൃത്വത്തിൽ കരപ്പുറം ആക്രമിച്ചു, പിടിച്ചടക്കി.മാവേലിക്കരയിൽ വെച്ചുണ്ടായ ഉടമ്പടി അനുസരിച്ച് കൊച്ചീ രാജാവ് കരപ്പുറം തിരുവിതാംകൂറിന് വിട്ടു കൊടുത്തു.

മാവേലിക്കര ഉടമ്പടിയിലെ ഏതോ വ്യവസ്ഥ മൂലം തിരുവിതാംകൂർ രാജാവിന് ഒരു പ്രത്യേക കാലയളവുവരെ കരപ്പുറത്തു കാലുകുത്തുവാൻ കഴിയുമായിരുന്നില്ല. വേമ്പനാട്ടു കായലിലൂടെ പള്ളിയോടങ്ങളിൽ ക്ഷേത്ര ദർശനത്തിനു പോയിരുന്ന തിരുവിതാംകൂർ രാജാക്കന്മാർ തണ്ണീർമുക്കത്ത് വരുമ്പോൾ നടുക്കായലിൽ നിർത്തിയിട്ട നൗകയിൽ നിന്നുകൊണ്ട് തണ്ണീർമുക്കത്തെ ദേവനേ പ്രാർത്ഥിക്കുമായിരുന്നു.പൊന്നു തമ്പുരാനെ സ്വീകരിക്കാൻ കൊടിതോരണങ്ങളും,കുരുത്തോല കമാനങ്ങളുമൊരുക്കി നാട്ടുകാർ കാത്തു നില്ക്കുമെങ്കിലും അദ്ദേഹം കരയ്ക്കിറങ്ങി കരാർ ലംഘനം നടത്തിയിട്ടില്ല.

തണ്ണീർമുക്കത്തിന്റെ ചരിത്രത്തിൽ തണ്ണീർമുക്കം ചാലി നാരായണപുരം ക്ഷേത്ര ദേവസത്തിനുള്ള സ്ഥാനം അപ്രധാനമല്ല. തണ്ണീർമുക്കം, വാരണം, ചെറുവാരണം എന്നീ കരകളിലായി പരന്നു കിടക്കുന്ന ഭൂമിയിലേറെയും തണ്ണീർമുക്കം ദേവസ്വത്തിനേ്റതായിരുന്നു. പാഴൂർ പടുതോൾ മനയിലെ നമ്പൂതിരിമാരുടേതായിരുന്നു ക്ഷേത്രവും അതിരറ്റ ഭൂസ്വത്തുക്കളും. ഭൂ പരിഷ്ക്കരണ നിയമം വന്നതോടെ ദേവസ്വത്തിന് അധീശാവകാശം നഷ്ടപ്പെട്ട ഭൂമി നാനാജാതി മതസ്ഥരായ ആയിരങ്ങളുടെ വാസഭൂമിയാണിന്നും.

ക്ഷേത്രത്തിലെ ഉത്സവ ചടങ്ങുകളോടനുബന്ധിച്ചുള്ള കൊടി കയറ്റുന്നതിന് കൊടിക്കയർ കൊടുക്കാൻ ചെമ്പിലരയന്റെ ഗോത്ര പാരമ്പര്യമുള്ള അരയന്മാരെ തണ്ണീർമുക്കത്ത് കൊണ്ടുവന്ന് താമസിപ്പിച്ചതായി ഐതീഹ്യം.ഇന്നും ഉത്സവത്തിന് കൊടിക്കയർ കൊണ്ടു വരുന്നത് ഇവരുടെ പിൻമുറക്കാർ തന്നെ.ക്ഷേത്രാവശ്യങ്ങൾക്കുള്ള എണ്ണ തൊട്ടു ശുദ്ധമാക്കാനായി തണ്ണീർമുക്കത്ത് അന്യ കരയിൽ നിന്നും ക്രൈസ്തവരെ കൊണ്ടുവന്നു എന്നും പറയുന്നുണ്ട്."നസ്രാണി തൊട്ടാൽ ശുദ്ധം" എന്ന വിശ്വാസ നിവർത്തിക്കായി കൊണ്ടുവന്ന് ക്ഷേത്രത്തിനടുത്തുള്ള അമ്പലത്തിന്റെ പടനിലത്ത് ഇന്നു കാണുന്ന പട നിലത്തുകാരെ കുടിയിരുത്തി എന്നും പഴമക്കാർ പറയുന്നു.

തെക്കനപ്പനും(ശിവൻ),വടക്കനപ്പനും(വിഷ്ണു), കണ്ടം കുളങ്ങര ശ്രീ ഭഗവതിയും, അയ്യപ്പൻശ്ശേരി ശ്രീ ധർമ്മ ശാസ്താവും ചേർന്നതാണ് തണ്ണീർമുക്കം ക്ഷേത്ര സമുച്ചയം. വടക്കനപ്പൻ അച്ഛനും, കണ്ടം കുളങ്ങര ഭഗവതി അമ്മയും,അയ്യപ്പൻശ്ശേരി ഭഗവാൻ മകനുമാണെന്നാണ് വിശ്വാസ മതം. വടക്കനപ്പൻകാലാന്തരത്തിൽ വന്നു കയറിയ ആളായതു കൊണ്ട് തണ്ണീർമുക്കം വരവുകാർക്ക് നല്ല താവളമാണെന്ന് പറയുന്നവരുമുണ്ട്.

ഈ ഗ്രാമത്തിലെ ക്രൈസ്തവ സഹോദരന്മാർക്ക് ക്രിസ്ത്വാബ്ദം ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തീയ വിശ്വാസത്തിന്റെ മെഴുകുതിരി നാളം മനസ്സിലുണർത്തിയ ചിര സ്മരണാ കേന്ദ്രമാണ് കൊക്കോതമംഗലം സെന്റ് തോമസ്സ് പള്ളി. എ.ഡി.52 ൽ കൊടുങ്ങല്ലൂര തുറമുഖത്ത കപ്പലിറങ്ങിയ ക്രിസ്തു ശിഷ്യനും ഭാരതത്തിന്റെ ആദ്യ അപ്പസ്തലനുമായ മാർത്തോമാ ശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച 7 ക്രൈസ്തവ ദേവാലയങ്ങളിൽ പ്രധാനപ്പെട്ടതാണ് കൊക്കോതമംഗലം പള്ളി.

അന്ന് ഒരു വാണിജ്യ കേന്ദ്രവും ഹിന്ദു സങ്കേതവുമായിരുന്ന കൊക്കോതമംഗലത്ത് വേമ്പനാട്ടു കായൽ മാർഗ്ഗം എത്തിച്ചേർന്ന സെന്റ് തോമസ്സ് ഒരു വർഷക്കാലം ഇവിടെ താമസിച്ചു. ഇക്കാലത്ത് 1600 ലേറെ ആളുകളെ അദ്ദേഹം ജ്ഞാനസ്നാന പ്പെടുത്തി എന്നു ചരിത്രം പറയുന്നു.പഴയ റമ്പാൻ പാട്ടിലും പരാമർശമുണ്ട്.

ഃവടമേക്കായി നടകൊണ്ടു ഗോക്ക<br>
മംഗലം ഗ്രാമേതാൻ ചെന്നു<br>
പിഴയാതവിടെയുമൊരു വർഷത്തിട<br>
അറിയിച്ചു താൻ മാർഗ്ഗത്തെ<br>
ഒരായിരമോടറുനൂർ പേരെ<br>
മാമ്മോദീസാ മുക്കി<br>
ആരാധനാ മര്യാദകളോടെ<br>
സ്ഥാപിച്ചവിടെ സ്ലീവായുംഃ

Letter from Malabar" എന്ന ചരിത്ര ഗ്രന്ഥത്തിൽ കൊക്കോത മംഗലത്തെക്കുറിച്ചു പറയുന്നു. "In A.D 52 St.Thomas, the Apostle .... found a church a nd a christian community at Kokkamangalam"

ഇന്നു കാണുന്ന കോക്കമംഗലം പള്ളിയുടെ നിർമ്മാണം സംബന്ധിച്ച് ഒരു അത്ഭുത കഥയുണ്ട്.1897-ൽ കുടവെച്ചൂർ പള്ളി വികാരി ഫാ.ചാക്കോ കട്ടക്കയത്തിന്റെ സഹായി മത്തായിക്ക് ഒരു ദർശനമുണ്ടായി.കോക്കമംഗലത്ത് ഒരു തോമാശ്ലീഹായുടെ രൂപം സ്ഥാപിക്കണമെന്ന്. മാന്നാനത്തെ ഒരു സന്യാസി വൈദീകന്റെ പ്രാർത്ഥനാ പുസ്തകത്തിൽ നിന്നും മത്തായിയുടെ മനസ്സിനിണങ്ങിയ സെന്റ് തോമസ്സ് ചിത്രം കിട്ടി.അയാൾ അത് ചില്ലിട്ടുകൊണ്ട് മാന്നാനത്തു നിന്നും പുറപ്പെട്ടു. ഇന്നത്തെ പള്ളി ഇരിക്കുന്ന സ്ഥലത്ത് വന്നപ്പോൾ മത്തായിക്ക് പെട്ടെന്ന് മോഹാലസ്യം ഉണ്ടായി. ഓടിക്കൂടിയ വിശ്വാസികൾ അവിടെത്തന്നെ ഒരു കപ്പേള പണിത് ചിത്രം സ്ഥാപിച്ചു. പള്ളിക്കടവിൽ വള്ളം അടുപ്പിച്ച കേവു വള്ളക്കാർ കൈവശമുണ്ടായിരുന്ന അരിയും,തേങ്ങയും ഉപയോഗിച്ച് പാച്ചോർ ഉണ്ടാക്കി ആദ്യ വഴിപാടു നടത്തി എന്നാണ് കേൾവി.ഇന്നും പാച്ചോർ ഇവിടുത്തെ പ്രധാന വഴിപാടാണ്.

1900-ാം ആണ്ടിലാണ് ഇന്നു കാണുന്ന പള്ളി പണിതത്. തുടർന്ന് പള്ളിയുടെ വകയായുള്ള സെന്റ് ആന്റണീസ് സ്കൂളും.

90 വർഷങ്ങൾക്കപ്പുറത്ത് തണ്ണീർമുക്കം പ്രദേശത്ത് ഒരു മുസ്ലീം ദേവാലയമില്ലായിരുന്നു. ഇവിടെയുള്ള മുസ്ലീങ്ങൾ പ്രാർത്ഥനയക്ക് പോകുന്നതും,മരിച്ചാൽ മയ്യം മറവു ചെയ്യുന്നതും മുഹമ്മയിലെ പള്ളിയിലായിരുന്നു.ഈ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കിയത് ചെറുകരക്കാവിൽ സി.എം.കൊച്ചുണ്ണി സാഹിബ് ആയിരുന്നു. അദ്ദേഹം സംഭാവന നല്കിയ സ്ഥലത്ത് ഇന്ന് കാണുന്ന ദേവാലയ നിർമ്മാണം നടന്നു. ചുറ്റുമുണ്ടായിരുന്ന



മണൽക്കൂനകൾക്ക് നടുവിൽ പണിതുയർത്തിയതാണ് ഈ പള്ളി. പള്ളിയ്ക്ക് ചുറ്റും നിന്ന് മണ്ണ് തണ്ണീർമുക്കം ബണ്ടിന് എടുത്തു പോയപ്പോഴാണ് തറ നിരപ്പിൽ നിന്നും ഉയരത്തിൽ പള്ളി വന്നത്.പുതുതായി നിർമ്മിച്ച പള്ളിയോടനുബന്ധിച്ചുള്ള ശ്മശാനത്തിൽ ആദ്യമായി സംസ്കരിച്ച മൃതദേഹം ജനാബ് കൊച്ചുണ്ണി സാഹിബിന്റെ പിതാവ് മൈതീൻ കുഞ്ഞ് സാഹിബിന്റേതു തന്നെയായിരുന്നു.ഇന്നും തണ്ണീർമുക്കം പഞ്ചായത്ത് പ്രദേശത്ത് ഇതല്ലാതെ മറ്റൊരു മുസ്ലീം ദേവാലയം ഇല്ല.

വേദകാലത്തിലാരംഭിച്ച വർണ്ണ വർഗ്ഗ വ്യത്യാസങ്ങളുടെ കടുത്ത സ്വാധീനത രാജ്യത്തെങ്ങുമെന്നപോലെ ഈ ഗ്രാമത്തേയും കഠിനമായി ബാധിച്ചിരുന്നു. അവർണ്ണ വിഭാഗങ്ങൾക്ക് ക്ഷേത്രവും, വിഗ്രഹാരാധനയും അപ്രാപ്യമായിരുന്ന കാലത്താണ് തണ്ണീർമുക്കത്തുകാരായ ഉഴുതുമ്മേൽ കിട്ടൻ, പപ്പു ആശാൻ, ഗോവിന്ദൻ മാനേജർ, ഇടത്തിൽ വേലായുധൻ വൈദ്യർ എന്നിവരുടെ നേതൃത്വത്തിൽ വാരണത്ത് ഒരു ക്ഷേത്രം നിർമ്മിച്ച് അവിടെ സുബ്രഹ്മണ്യ പ്രതിഷ്ഠ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടത്തി. ഈ വിവരം മണത്തറിഞ്ഞ് ക്ഷേത്ര നിർമ്മാണം തടയാൻ ഒരുമ്പെട്ട ഒരു വിഭാഗം അക്രമത്തിനൊരുങ്ങുകയും ഒടുവിൽ വാരണത്തു നിന്നും വിഗ്രഹവുമായി പാലായനം ചെയ്ത് ചെറുവാരണത്തെ പണി പൂർത്തിയാകാത്ത ഒരു വീട് അമ്പലമാക്കി രൂപാന്തരപ്പെടുത്തുകയുമാണുണ്ടായത്. പുത്തനമ്പലം എന്നറിയപ്പെടുന്ന ശ്രീ നാരായണപുരം ക്ഷേത്രം ഇങ്ങനെ നിർമ്മിച്ചതിന്റെ പിന്നിൽ സാമൂഹ്യ പരിഷ്കർത്താക്കളായ ഒരു കൂട്ടം തണ്ണീർമുക്കത്തുകാരുടെ കരുത്തുറ്റ പരിശ്രമങ്ങളുണ്ടായിരുന്നു.

എറണാകുളം രൂപതയുടെ ആഭിമുഖ്യമുള്ള ചാലിപ്പള്ളി ഈ പഞ്ചായത്ത് 7-ാം വാർഡിലെ പ്രമുഖ ക്രൈസ്തവ ദേവാലയമാണ്. കട്ടച്ചിറയാറിന്റെ കൈവഴിയായ ചാലിന്റെ തീരത്ത് താരതമ്യേന വിജനമായ ഭൂ പ്രദേശത്ത് തദ്ദേശവാസികളായ ക്രിസ്ത്യാനികൾ ചേർന്ന് സ്ഥാപിച്ച ഈ ദേവാലയത്തിന് 101 വർഷത്തെ പഴക്കമുണ്ട്. തിരുഹൃദയത്തിന്റെ നാമധേയത്തിലുള്ള ഈ പള്ളി അസംഖ്യം ഭക്തരുടെ ആശ്വാസ കേന്ദ്രമാണ്.

വേമ്പനാട്ടു കായലിന്റെ പടിഞ്ഞാറെ തീരത്ത് കോട്ടയം ജില്ലയ്ക്ക് അഭിമുഖമായി നില്ക്കുന്ന കണ്ണങ്കര പള്ളി കരപ്പുറത്തെ പ്രഥമവും, പ്രബലവുമായ ക്നാനായ ക്രൈസ്തവ ദേവാലയമാണ്.ഉദ്ദേശം നാല് തലമുറകൾക്കപ്പുറം കോട്ടയത്തെ കടുത്തുരുത്തി എന്ന സ്ഥലത്തു നിന്നും കുറേ കുടുംബങ്ങൾ കണ്ണങ്കരയിൽ കുടിയേറി പാർത്തു. പ്രത്യേക സഭാ വിശ്വാസികളായ ഇവർ എത്തിപ്പെട്ടത് അമ്പലവും, മഠവും, കുളവുമുള്ള ഇന്നത്തെ കണ്ണങ്കര പ്രദേശത്തു തന്നെയായിരുന്നു. പ്രശസ്തമായ ഒരു ശ്രീ കൃഷ്ണ ക്ഷേത്രം ഇന്നത്തെ പള്ളി സിമിത്തേരി നില്ക്കുന്ന സ്ഥലത്തുണ്ടായിരുന്നു എന്നും കൊള്ളക്കാരുടെ അക്രമണത്തിനരയായ അമ്പലത്തിലെ കൃഷ്ണ വിഗ്രഹം ഒരു വാർപ്പിൽ വെച്ച് ആരോ കായലിലൂടെ ഒഴുക്കിയെന്നും, ആ വാർപ്പ് ഒഴുകി അടുത്തത് കോട്ടയത്തെ ഇന്നത്തെ തിരുവാർപ്പിലാണെന്നും ഐതീഹ്യം ഉണ്ട്.

1842 ൽ കണ്ണങ്കര പുരയിടത്തിൽ കൂപ്ലിക്കാട്ട് ചാക്കുണ്ണി പോറ്റിയുടെ നേതൃത്വത്തിൽ പള്ളി പണി നടന്നു.വിശുദ്ധ സെന്റ് സേവ്യറിനെ ദേവാലയ മദ്ധ്യസ്ഥനായി തിരഞ്ഞെടുത്തു.ഇടവക കാര്യങ്ങളിൽ തത്പ്പരനും,വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന മോൺ.മാത്യു കൂപ്ലിക്കാട്ട് പള്ളി മുറ്റത്ത് ആശാൻമാരെ വിളിച്ചിരുത്തി കണ്ണങ്കരയിലെ ആദ്യ പള്ളിക്കൂടം ആരംഭിച്ചു. തുടർന്ന് 1917 ൽ സെന്റ് സേവ്യേഴ്സ് പ്രൈമറി സ്ക്കൂളും,1924 ൽ സെന്റ് തെരേസാസ് ഗേൾസ് സ്ക്കൂളും സ്ഥാപിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രസക്തി കണക്കിലെടുത്ത് പള്ളി മാനേജ്മെന്റ് തന്നെ 1952 ൽ സെന്റ് മാത്യൂസ് ഹൈസ്ക്കൂളും സ്ഥാപിച്ചു.തണ്ണീർമുക്കം പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ ഇതാണ്.

ദേവ വൈദ്യനായ ശ്രീ ധന്വന്തരി മൂർത്തിയെ പ്രതിഷ്ഠിച്ചിരിക്കുന്ന കരപ്പുറത്തെ ഏക ദേവാലയമാണ് മരുത്തോർവട്ടം ശ്രീ ധന്വന്തരി ക്ഷേത്രം.വടക്കൻ ചേരി മനയിലെ തന്ത്രികളുടെ ഉടമസ്ഥതയിലുള്ളതാണത്. ഈ ക്ഷേത്രത്തിലാണ് കരപ്പുറത്തെ ഉത്സവകാലം സമാപി

ൽ വഴിപാടിൽപ്പെടും. മറ്റൊന്ന് പ്രസിദ്ധമായ താളു കറിയാണ്. എല്ലാ ഉദര രോഗ നിവാരണത്തിനും പ്രഖ്യാതമാണ് താളംക്കറി. കർക്കിടക വാവിന് പിതൃബലിക്കും, താളംക്കറിക്കുമായി പതിനായിരങ്ങൾ ഈ ക്ഷേത്ര സങ്കേതത്തിൽ എത്താറുണ്ട്.

പഞ്ചായത്ത് നാലാം വാർഡിലെ പ്രസക്തമായ ക്രൈസ്തവ ദേവാലയമാണ് വാരണം പാലൂത്തറ പള്ളി. വിശുദ്ധ ജെയിംസിന്റെ നാമധേയത്തിലുള്ള ഈ പള്ളി ഇടവക തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി പഞ്ചായത്തുകളിൽ വ്യാപിച്ചു കിടക്കുന്നു. 80 കളിൽ പുതുക്കി പണിത പുതിയ പള്ളിയും, നിർമ്മാണം പൂർത്തിയായ പള്ളി മേടയും ആകർഷകമാണ്.

കൊക്കോതമംഗലം ശാസ്താംങ്കൽ ക്ഷേത്രം പഴയ കാലത്തെ പ്രഗത്ഭമായ ഒരു കുടുംബ ക്ഷേത്രമായിരുന്നു. പിൽക്കാലത്ത് ഭക്ത്യാതിരേകത്താൽ വളർച്ച പ്രാപിച്ച ഈ ക്ഷേത്രം എൻ.എസ്സ്.എസ്സിന്റെ ഭരണത്തിൻ കീഴിലാണ്.

ശ്രാമ്പിക്കൽ കുടുംബ വകയായുള്ള ക്ഷേത്രമാണ് പഞ്ചായത്ത് മൂന്നാം വാർഡിലെ ഇലഞ്ഞാംകുളങ്ങര ഭഗവതീ ക്ഷേത്രം . ഭക്ത പ്രിയയും, അഭീഷ്ട ദായികയുമായ ഭഗവതിയാണ് ഇവിടുത്തെ പ്രതിഷ്ഠാ മൂർത്തി.

രണ്ടാം ലോക മഹായുദ്ധാനന്തരം തണ്ണീർമുക്കത്ത് കടുത്ത ക്ഷാമവും കോളറ തുടങ്ങിയ രോഗങ്ങളും പടർന്ന് പിടിച്ചു. അനവധി പേർ ചികിത്സ കിട്ടാതെ മരണപ്പെട്ടു. ഒരു നേരത്തെ ആഹാരത്തിനു വേണ്ടി കുഞ്ഞുങ്ങളും , മുതിർന്നവരും കൊതിക്കുന്ന വറുതിക്കാലം.പട്ടിണിയും, രോഗവും തങ്ങളുടെ പ്രിയപ്പെട്ടവരെ ഞെരിച്ചു കൊല്ലുന്നത് കണ്ട് ശേഷിച്ചവരുമായി കൈയ്യിൽ കിട്ടിയതൊക്കെ എടുത്തു കൊണ്ട് കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശത്തുള്ള വാകത്താനം, പാമ്പാടി, മുണ്ടക്കയം തുടങ്ങിയ സ്ഥലങ്ങളിലേക്ക് ജീവനും കൊണ്ട് പാലായനം ചെയ്തവരിൽ ചിലരുടെ എങ്കിലും പുതിയ തലമുറ തണ്ണീർമുക്കത്തു കാരെന്ന നിലയിൽ അറിയാനും, അറിയിക്കാനുമുള്ള താത്പര്യത്തോടെ അക്കരെ ചെമ്മണ്ണ് നിറഞ്ഞ കിഴക്കൻ ജില്ലകളിൽ ജീവിച്ചിരിപ്പുണ്ട്.

ജാതി മത ചിന്തകളുടെ യാഥാസ്ഥിതിക സങ്കേതങ്ങളിൽ ഒരു പുതിയ വിചാര മന്ത്രവുമായി കടന്നുവന്ന യുഗപ്രഭാവനായ ശ്രീ ന ാരായണ ഗുരുദേവൻ ഈ ഗ്രാമത്തിലെ പോയ തലമുറകൾക്ക് നേരിട്ടു പരിചിതനായിരുന്നു. ഈ നാട്ടിൻ പുറത്തെ ഗ്രാമ വീഥികൾ പലതും അദ്ദേഹം കാൽ നടയായി സഞ്ചരിച്ചിട്ടുണ്ട്. മൂക്കുചിറ, മണ്ണാന്തറ, ആനേക്കാട്ട്, ചക്കാല തുടങ്ങിയ ഭവനങ്ങളിൽ വിശ്രമിച്ചിട്ടുണ്ട്. ഉദാരമതിയും,വിനയാന്വിതനുമായ മൂക്കുചിറയിൽ ശ്രീ .അംങ്കനും അദ്ദേഹത്തിന്റെ സഹധർമ്മണിയും സ്വാമി തൃപ്പാദങ്ങൾക്ക് ആതി



കണ്ണങ്കര പള്ളി

ഥ്യമരുളുന്നതിൽ താത്പ്പര്യമുള്ളവരായിരുന്നു. മഹാകവി കുമാരനാശാൻ ഡോ.പല്പ്പു തുടങ്ങിയ ആളുകളും അന്ന് ഗുരു സ്വാമികളോടൊപ്പം മൂക്കുചിറയിൽ എത്തിയിട്ടുണ്ട്. ജലമാർഗ്ഗം യാത്ര ചെയ്യുന്ന ഇവർക്കൊക്കെ ഭക്ഷണത്തിനും,വിശ്രമത്തിനും എപ്പോഴും ഇവിടെ കരുതലുണ്ടായിരുന്നതിനാൽ യാത്രാ മദ്ധ്യേ എന്നും മൂക്കുചിറ ഒരിടത്താവളമായി മാറിയിട്ടുണ്ട്.

ഇക്കാലത്ത് ക്ഷേത്ര നിർമ്മിതിയും, വിദ്യാലയ സ്ഥാപനവും പ്രധാന പ്രവർത്തി മാർഗ്ഗമാക്കിയിരുന്ന ഗുരു സ്വാമികളുടെ നിർബ്ബന്ധത്തിനു വഴങ്ങി ഃമൂക്കുചിറ വാപ്പൻഃ എന്നറിയപ്പെടുന്ന ശ്രീ അംങ്കൻ തന്റെ പിറന്നാൾ സമ്മാനമായി പണി കഴിപ്പിച്ചു കൊടുത്തതാണ് ചേർത്തല ഗവ:ഹൈസ്ക്കൂൾ പ്രവർത്തിക്കുന്ന പ്രധാന കെട്ടിടം. അവിടെയാണ് ശ്രീ മുറിവേലി പാച്ചു പിള്ളയുടെ മുൻകൈയ്യോടെ ഗുരു സ്വാമികൾ ചേർത്തലയിലാദ്യമായി ഇംഗ്ലീഷ് സ്ക്കൂൾ തുടങ്ങിച്ചത്. സമൂഹ നന്മയ്ക്ക് ഉതകുന്നതും ,നവോത്ഥാന സന്ദേശങ്ങളുടെ പ്രേരണ തുടിക്കുന്നതുമായ എന്തെല്ലാം മാറ്റങ്ങളാണ് ശ്രീ നാരായണാഗമനത്തോടെ ഈ ഗ്രാമത്തിനുണ്ടായത്.

ഇന്നത്തെ തണ്ണീർമുക്കം ഗവ:ഹൈസ്ക്കൂളിന്റെ സ്ഥലത്ത് ഒരു നൂറു വർഷത്തിനപ്പുറം പന്നു വേലിൽ നാരായണൻ നായരാശാനും, തെക്കേ കുളങ്ങര കുട്ടൻ



വാദ്ധ്യാരും ചേർന്ന് നിർമ്മിച്ച കുടി പള്ളിക്കൂടമായിരിന്നിരിക്കണം ഈ ഗ്രാമത്തിലെ ആദ്യത്തെ സ്ക്കൂറം.അത് പടിപടിയായി വളർന്ന് ഇന്നത്തെ ഗവ:ഹൈസ്ക്കൂളായി.

തണ്ണീർമുക്കം ഒരു കാലത്ത് കരപ്പുറത്തിന്റെ പ്രധാന ഗതാഗത കേന്ദ്രമായിരുന്നു. എറണാകുളം, കോട്ടയം, കൊടുങ്ങല്ലൂർ, കൊല്ലം, ചങ്ങനാശ്ശേരി, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് ഇവിടെ നിന്നും നിരന്തരം ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു.പുഞ്ചിരി,സ്വരാജ്,പാദുവാ തുടങ്ങിയ സ്വകാര്യ ബോട്ട് സർവ്വീസുകളുടെ ബുക്കിംഗ് ഓഫീസും, എങ്ങോട്ടു പോകാനും തണ്ണീർമുക്കത്ത് വരണം.എപ്പോഴും തലങ്ങനേയും, വിലങ്ങനേയും ചരക്കും കയറ്റി കാറ്റുപായ് നിവർത്തി ഓടുന്ന വലിയ കെട്ടു വള്ളങ്ങറം, നിരന്തരം യാത്രക്കാരെ കയറ്റിയിറക്കുന്ന കടത്തു വള്ളങ്ങറം ,കൊച്ചിയിൽ നിന്നും എണ്ണ കയറ്റി പ്പോകുന്ന കൂറ്റൻ ബാർജ്ജുകറം , ബോട്ടുകറം കെട്ടി വലിച്ചു കൊണ്ടു പോകുന്ന ചരക്ക് കയറ്റിയ പത്തേമാരികറം,കോരു വലക്കാരും, ചൂണ്ട വള്ളങ്ങളും അവയ്ക്കിടയിലൂടെ ചെറു വഞ്ചികളിൽ അവിൽ പ്പൊതിയും ചുക്കു കാപ്പിയും വില്ക്കുന്നവർ, രാത്രിയും , പകലും തുറന്നിരിക്കുന്ന കട കമ്പോളങ്ങറം, ഇരുളിൽ ചരക്കു വള്ളങ്ങളിൽ നിന്നും സാധനങ്ങറം ചുളുവിൽ ശേഖരിച്ച് വില്ക്കുന്ന ബ്ലാക്ക് കച്ചവടക്കാർ.ആകെ രാപകലന്യേ സജീവമായ തണ്ണീർമുക്കം ചൗക്ക കടവ്.

എല്ലാ വി.ഐ.പി കളുടേയും പോക്കു വരവ് തണ്ണീർമുക്കം വഴിയാണ്. വരുന്നവരെയൊക്കെ താമസിപ്പിക്കാനും, അവർക്ക് സൗകര്യങ്ങളൊരുക്കാനും തണ്ണീർമുക്കം അംശാധിപനായ പാർവ്വത്യക്കാർ ബാദ്ധ്യസ്തനാണ് . അതു കൊണ്ടായിരിക്കാം ഃവരുന്നത് വരുന്നതൊക്കെ തണ്ണീർമുക്കം പാർവ്വത്യാരുടെ പിടലിക്ക്ഃ എന്നൊരു പഴയ ചൊല്ലുണ്ടായത്. ജലഗതാഗതത്തിന്റെ സുവർണ്ണ കാലഘട്ടത്തിൽ തണ്ണീർമുക്കത്തിനുണ്ടായിരുന്ന ഗതകാല പ്രൗഡി ചെറുതൊന്നുമായിരുന്നില്ല.വേമ്പനാട്ടു കായലും,കൈതപ്പുഴക്കായലും,ശാസ്താംകോട്ട കായലുമൊക്കെ ചേർന്ന ദേശീയ ജലപാത നടപ്പിലാവുമ്പോറം പഴയ പ്രതാപത്തിന്റെ ഒരു നുറുങ്ങെങ്കിലും വീണ്ടെടുക്കാനാവുമോ!.അക്കാലത്ത് ഏതോ തമിഷനറി സഭയുടെ ആഭിമുഖ്യത്തിൽ തണ്ണീർമുക്ക ം ഗവ:ഹൈസ്ക്കൂളിന് തെക്കുവശത്തുള്ള മഠത്തിൽ പുരയിടത്തിൽ ഒരു ദുരിത നിവാരണ കേന്ദ്രം പ്രവർത്തിച്ചിരുന്നു. പാവപ്പെട്ടവർക്ക് ഭക്ഷണവും,മരുന്നും,വസ്ത്രവും, വിദ്യാഭ്യാസവും തരപ്പെടുത്തിയിരുന്ന ഈ കേന്ദ്രത്തെ ആളുകറം ഃദുരിതംഃ എന്ന ചുരുക്കപ്പേരിലാണ് വിളിച്ചുപോന്ന ഗ്രാമത്തിൽ ആദ്യത്തെ സന്നദ്ധ സേവന കേന്ദ്രം ഇതു തന്നെയായിരിക്കും.

ക്വിറ്റ് ഇൻഡ്യാ സമരാഹ്വാനത്തിന് മുൻപ് തന്നെ ദേശീയ പ്രസ്ഥാനമായ കോൺഗ്രസ്സിന്റെ വേരുകറം തണ്ണീർമുക്കത്തിന്റെ മണ്ണിലും ഓടിത്തുടങ്ങിയിരുന്നു. പ്രകടമായ സംഘടനാരൂപം കൈക്കൊള്ളുന്നതിന് മുൻപ് തന്നെ സ്വതന്ത്ര ദാഹികളായ അസംഖ്യം ചെറുപ്പക്കാർക്ക് കോൺഗ്രസ്സ് ഒരു ലഹരിയായി മാറിയിരുന്നു.ഉത്തരവാദ ഭരണത്തിനായി നടത്തിയ പ്രക്ഷോഭങ്ങളിൽ ശ്രീമാന്മാർ കെ.ഇ.കേശവൻ(കളത്ര), കെ.ജെ.ഉലഹന്നാൻ കൊല്ലശ്ശേരിൽ, എം.കെ.ഗംഗാധരൻ മണ്ണാന്തറ, വെളിയമ്പ്ര നാരായണൻ മൂപ്പ്, വടാത്തല കേശവൻ, മെഡിക്കൽ കൃഷ്ണൻ, കണ്ണന്തറ പി.കെ.ശങ്കരൻ നായർ, പുത്തൻ വെളി കൃഷ്ണൻ എന്നിവരുടെ സംഘടിത പങ്കാളിത്തം ഉണ്ടായിരുന്നു.

ദേശീയവും,അന്തർദ്ദേശീയവുമായുണ്ടായ അനവധി സംഭവ പരമ്പരകറം ബ്രിട്ടീഷുകാരുടെ ഇൻഡ്യൻ മേൽക്കോയ്മയ്ക്കെതിരെയുള്ള ചരിത്രഗതിക്ക് ആക്കം വർ

ദ്ധിപ്പിച്ചു. സ്വാതന്ത്ര്യമായ അനുവധി നാട്ടുരാജ്യങ്ങളിൽ അധികാരം പങ്കിട്ടു നല്കി ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രം പാളിത്തുടങ്ങി. ജാലിയൻവാലിബാഗിൽ,പാഞ്ചാലം കുറിച്ചിയിൽ, കാശ്മീർ താഴ്വാരത്തിൽ, തെലുങ്കാനായിൽ എല്ലാം എരിഞ്ഞു പുകഞ്ഞ സമരാഗ്നിയിൽ നിന്നുമുയർന്ന തീക്കാറ്റ് നമ്മുടെ ജനസമൂഹത്തിലും പുതിയ പ്രചോദനമുളവാക്കി .സ്വാതന്ത്ര്യ സമര പോർനിലങ്ങളിൽ പെരുമ്പറമുഴങ്ങി. ഒരു മഹാസാഗരത്തിന്റെ പരിസമാപ്തി പോലെ സ്വാതന്ത്ര്യ സമരം അവസാനിച്ചു. ഇൻഡ്യ സ്വതന്ത്രയായി. ദൗർഭാഗ്യകരമെന്നു പറയട്ടെ ഈ ചരിത്ര സമര പോരാട്ടങ്ങളിലൊന്നും ആളും,അർത്ഥവും നല്കി സഹായിക്കാൻ നമ്മുടെ ഗ്രാമത്തിന് കഴിയാതെ പോയി. ഇന്നു സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള അടിത്തൂണുകളും, ആനുകൂല്യങ്ങളും പറ്റുന്ന പലർക്കും അന്ന് വ്യക്തിത്വമുള്ള സംഭാവന നല്കാൻ കഴിഞ്ഞിട്ടുമില്ല.

ക്കുന്നതിനും മുൻപേ മുഹമ്മ കേന്ദ്രീകരിച്ചുണ്ടായ കയർ തൊഴിലാളി സംഘടനകളിൽ നമ്മുടെ നാട്ടുകാർ അംഗങ്ങളായി. അംഗീകാരത്തിനും, അവകാശങ്ങൾക്കും വേണ്ടിയുള്ള വിലപേശലിന് ശബ്ദവും, ശക്തിയും കൈവന്നു.വയലാർ-പുന്നപ്ര സമരങ്ങളുടെ രണപടഹം ഈ ഗ്രാമസിരകളിലും പുതിയ ആവേശ പ്രവാഹമുണ്ടാക്കി.നാട്ടു മാടമ്പിമാരുടേയും , സർക്കാർ കിങ്കരന്മാരുടേയും മർദ്ദനങ്ങളും, പീഢനങ്ങളും സഹിച്ചു കൊണ്ട് തന്നെ അവർ ലക്ഷ്യത്തിലേക്കുള്ള മുള്ള് വിതച്ച വഴികൾ ചവിട്ടി കയറി. കപ്പു കാലിൽ കുഞ്ഞൻ, പെരുംകുളക്കട ചിന്നൻ, ഓലോത്തിപ്പാടത്ത് ശ്രീധരൻ, തെക്കേ കുളങ്ങര ശങ്കരദാസ്, കെ.കെ കൃഷ്ണൻകുട്ടി (കുട്ടി സഖാവ്), സി.കെ പുരുഷോത്തമൻ, കെ. വേലായുധൻ, കോതക്കുറിച്ചി കേശവൻ, ചാത്തൻ തറ കേശവൻ തുടങ്ങി ജീവിച്ചിരിക്കുന്നവരും, മരിച്ചവരുമായ എത്രപേർ അവരുടെ ത്യാഗത്തിന്റെ കഥകൾക്ക് ആവേശത്തിന്റേയും, അത്മാർത്ഥതയുടെയും പരിവേഷമുണ്ട്. അന്യനാടുകളിൽ താമസിച്ചുകൊണ്ട്



## വാരനാട്ട് ഭഗവതി ക്ഷേത്രം

സ്വതന്ത്ര തിരുവിതാം കൂറിനും, ദിവാൻ സർ.സി.പി.രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡലിനുമെതിരേ നമ്മുടെ ഗ്രാമത്തിലെ കയർ തൊഴിലാളികൾക്കിടയിൽ അസഹിഷ്ണുതയുടെ പുതിയ കാറ്റു വീശിത്തുടങ്ങി.കൈലി മുണ്ടുടുത്ത്,സ്റ്റീൽ മോതിരമണിഞ്ഞ്,കഴുത്തിൽ വർണ്ണത്തുവാല വളച്ച് നടന്ന ഈ ചെറുപ്പക്കാരെ സമൂഹം നിഷേധത്തിന്റെ പ്രതികങ്ങളായാണ് ദർശിച്ചത്.കരപ്പുറത്തെ കയർ തൊഴിലാളികൾ രാജ്യത്ത് ആദ്യമായി സംഘടിക്കാനും, വില പേശാനും തുടങ്ങി യ കാലം. രാജ്യഭരണക്കാർക്കെതിരേ കുഴലൂതാനും,കൊടി-കുന്തങ്ങളുയർത്താനും സന്നദ്ധരായ അവർക്കിടയിൽ ധാരാളം തണ്ണീർമുക്കത്ത് കാരുണ്ടായിരുന്നു. ആലപ്പുഴയിൽ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ ജനി

ഈ സമരങ്ങളിൽ പങ്കുണ്ടെന്ന സർട്ടിഫിക്കറ്റ് ഉണ്ടാക്കി ആനുകുല്യം പറ്റുന്ന ഃസേനാനിഃ കളാണ് അറിയപ്പെടുന്ന പലരുമെന്നതുകൊണ്ടു പട്ടിക ഇവിടെ നിർത്തട്ടേ.

തണ്ണീർമുക്കം പഞ്ചായത്തിലെ കരിക്കാടും,കട്ടച്ചിറയും ഒളിവു ജീവിതം നയിച്ച കേരളത്തിലെ അസംഖ്യം പൊതു പ്രവർത്തകർക്ക് മറയായിത്തീർന്നിട്ടുണ്ട്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവും ,മുൻ മന്ത്രിയുമായിരുന്ന ശ്രീ.പി.എസ്.ശ്രീനിവാസനും , ഒരുവേള കേരള മുഖ്യമന്ത്രി ശ്രീ.നായനാരും,പി. കൃഷ്ണപിള്ളയും എൻ.എസ്.പി പണിക്കരുമൊക്കെ ഈ ഗ്രാമത്തിൽ രാഷ്ട്രീയ വനവാസം നടത്തിയിട്ടുണ്ട്.

ദേശീയ പ്രസ്ഥാനമായിരുന്ന ഐ.എൻ.ഒ പോലുള്ള സുപ്രധാന പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്ന നാട്ടുകാർ ഏറെയാണ് പഞ്ചായത്ത് പത്താം വാർഡിലെ ചിറയിൽ രാമകൃഷ്ണൻ നായരെപ്പോലെ

ആചാര്യ വിനോബ ഭാവയുടെ നേതൃത്വത്തിലുള്ള ഭൂദാന പ്രസ്ഥാനത്തിന് ഈ പഞ്ചായത്തിലും വേരുകളുണ്ടായിരുന്നു. എട്ടാം വാർഡിലെ അന്തരിച്ച ശ്രീ .ജി. ആർ. പാനേഴം ഃഭൂദാനംഃ എന്ന പേരിൽ വിഖ്യാതിനായിരുന്നു. ശ്രീ .പറവയക്കൽ മണി ഭൂദാനപ്രസ്ഥാനത്തിന് മരുത്തോർവട്ടം ടാഗോർ കവലയിൽ കുറെ സ്ഥലം ദാനമായി നാംകി അവിടെയാണ് പിൽക്കാലത്ത് കസ്തൂർബ കേന്ദ്രവും ,ഗാന്ധി സ്മാരക നിധിയുടെ ശാഖയും (ഇന്നുകാണുന്ന ഇന്ദിരജനാർദ്ദനൻ സ്ക്കൂം പരിസരം) നിലവിൽ വന്നത്.

അന്തരിച്ച ശ്രീ കെ.സി.കുട്ടന്റെ നേതൃത്വത്തിലുള്ള ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായിട്ട് വാരനാട്ട് തെക്കേതെരുവിലെ പുറമ്പോക്കു ഭൂമിയിൽ പട്ടിക ജാതിക്കാരെയും പട്ടിക വർഗ്ഗക്കാരെയും കൂട്ടമായി താമസിപ്പിച്ചുകൊണ്ട് വാരനാട്ടു ശ്രീ ബുദ്ധപുരം കോളനി സ്ഥാപിതമായി . അവിടെ തന്നെ ഹരിജനങ്ങാംക്കായുള്ള ഒരു ഫയൽ സ്ക്കൂളും സ്ഥാപിച്ചു (ഇന്നത്തെ ഹരിജൻ വെൽഫെയർ സ ്ക്കൂം). മാക്ഡവൽ കമ്പനിയുടെ ആവിർഭാവത്തോടെ ഹരിജനങ്ങളിൽ നിന്നും ഭൂമി തട്ടിപ്പറിക്കാൻ തുടങ്ങി. ഇപ്പോം ശ്രീ ബുദ്ധപുരം ഒരു ഹരിജൻ കോളനി എന്നു വേണമെങ്കിൽ വിളിക്കാം.

പഞ്ചായത്തിലെ ആദ്യ റോഡ് ആലപ്പുഴ-തണ്ണീർമുക്കം റോഡ് തന്നെ.പഴയ നാട്ടു വഴികം രൂപാന്തരപ്പെട്ടുണ്ടായ രാജവീഥി മുട്ടത്തിപ്പറമ്പ്-മരുത്തോർവട്ടം, മണവേലി റോഡുകളൊക്കെ ദിവാൻ ഭരണത്തിന്റെ സംഭാവനയാണ്.വയലാർ സമരത്തോടനുബന്ധിച്ച് പട്ടാളമെത്തിക്കാൻ തിരക്കു കൂട്ടി വികസിപ്പിച്ചെടുത്ത റോഡുകം.

ആദ്യ പോസ്റ്റോഫീസ് തണ്ണീർമുക്കത്തെ പ്രോജക്ട് ക്വാർട്ടേഴ്സ് നില്ക്കുന്ന സ്ഥലത്ത് മാങ്കുഴിക്കരി പാപ്പച്ചന്റെ വീടിനോട് ചേർന്നുണ്ടായിരുന്ന അഞ്ചലാഫീസ് ആയിരുന്നു.ആദ്യത്തെ തപാൽ ഉദ്യോഗസ്ഥൻ കളത്തറ കേശവൻ ആയിരുന്നു.

പഞ്ചായത്തിലെ ഒന്നാമത്തെ ആതുര ശുശ്രൂഷാ കേന്ദ്രം മതിലകം ആശുപത്രിയെ കണ്ടത്തിലച്ഛന്റെ നേതൃത്വത്തിൽ പാവപ്പെട്ട കുഷ്ഠരോഗികാംക്കും,അശരണർക്കും വേണ്ടി ആരംഭിച്ച ഈ ആതുര ശുശ്രൂഷാ സ്ഥാപനം ഇന്ന് ഭേദപ്പെട്ട ആശുപത്രിയായി വളർന്നിട്ടുണ്ട്.

1957 ൽ കേന്ദ്ര പ്രതിരോധ മന്ത്രി ശ്രീ.വി.കെ.കൃഷ്ണമേനോൻ തണ്ണീർമുക്കം സാംട്ട് വാട്ടർ ബാരിയേജിന് തറക്കല്ലിട്ടു.ഒന്നരക്കോടി രൂപാ മുതൽമുടക്കി മൂന്നു വർഷം കൊണ്ട് പൂർത്തിയാക്കാമെന്ന് പ്രഖ്യാപിച്ച പ്രോജക്ട് 40 വർഷമായിട്ടും ഒരിടത്തും എത്താതെ നില്ക്കുന്നു. ഉപ്പുവെള്ളം നിരോധിച്ച് കുട്ടനാട്ടിൽ ഇരിപ്പൂ കൃഷി ഉണ്ടാക്കമെന്ന സ്വപ്നം ഇനിയും പൂവണിഞ്ഞിട്ടില്ല.ജലമലിനീകരണവും,മത്സ്യ രോഗവും,പരിസ്ഥിതി പ്രശ്നങ്ങളും പിൻമുറക്കാരായി ജനിക്കുകയും ചെയ്തു.നമ്മുടെ പ്ലാനിങ്ങിന്റെ വൈകല്യമാർന്ന മുഖത്തിന് ഇതിലും ചേർന്ന ഒരുദാഹരണം ഉണ്ടാവാനില്ല.

തണ്ണീർമുക്കത്തെ ആദ്യത്തെ സംഘടിത മഹിളാ പ്രസ്ഥാനം വെള്ളിയാകുളത്ത് സ്വന്തം ഓഫീസിൽ പ്രവർത്തിച്ചിരുന്ന തണ്ണീർമുക്കം വനിതാ സമാജമായിരുന്നു. താമരശ്ശേരിയിൽ വൈദേഹിയമ്മ പ്രസിഡന്റും. വാത്ത്യാട്ട് സുനന്ദ സെക്രട്ടറിയുമായിരുന്നു .പ്രസ്തുത സമാജം സ്ത്രീകളുടെതൊഴിൽ സാംസ്ക്കാരിക സാമൂഹ്യതലങ്ങളിൽ സ്വാധീനതയാർന്ന പ്രവർത്തനം കാഴ്ചവെച്ചിരുന്നു.

തണ്ണീർമുക്കത്ത് ജനിച്ചു മരിച്ച പ്രഗത്ഭമതികളുടെ മുൻ നിരയിൽ അഖിലേൻഡ്യാ കോൺഗ്രസ്സ് കമ്മറ്റിയുടെ ജനറൽ സെക്രട്ടറിയും രാജ്യസഭാംഗവുമായിരുന്ന ശ്രീ.കെ.വാസുദേവ പണിക്കർ (പൂത്തറ).എം.എൽ.സി ചെറുകരക്കാവിൽ സി.എം.കൊച്ചുണ്ണി സാഹിബ്,വാസ്തു ശില്പകാരനും, രചയിതാവുമായിരുന്ന ശ്രീ.തണ്ണീർമുക്കം വാസു ആചാരി,അനുഗ്രഹീത കാവ്യകാരനായിരുന്ന ശ്രീ.വാരനാട്ട് കെ.പി.ശാസ്ത്രികം. അഭിവന്ദ്യ മെത്രാൻ സെബാസ്റ്റ്യൻ മങ്കുഴിക്കരി, കവിയിത്രി മണ്ണാംന്തറ പാർവ്വതിയമ്മ,വാഗ്മിയും ഇ.എസ്സ്.ഐ അഡ്മിനിസ്റ്റേറ്റീവ് ഓഫീസറുമായിരുന്ന ശ്രീ.പി. എസ്സ്. രവീന്ദ്രൻ നായർ എന്നിവർ ചിര സ്മരണീയരായി നില്ക്കുന്നു.

പ്രശസ്ത മലയാള കവിയും, ആട്ടക്കഥാ രചയിതാവുമായിരുന്ന ഇരയിമ്മൻ തമ്പി (രവി വർമ്മൻ തമ്പി) തണ്ണീർമുക്കം പഞ്ചായത്ത് 12-ാം വാർഡിലെ നടുവിലെ

*നെഹ്റു മുതൽപ്പേരെല്ലാം മാറിയപ്പോഴും*
*ജനങ്ങളുടെ ലോകത്തു നിന്നും മാറാതെ നിന്ന ഒരാളുണ്ടായിരുന്നു - ഗാന്ധിജി.*
*ഇൻഡ്യയിലെ സോഷ്യലിസ്റ്റ്കാരും ,കമ്മ്യൂണിസ്റ്റ്കാരും*
*ഗാന്ധിജിയോട് ഭിന്നാഭിപ്രായം പുലർത്തിയപ്പോഴും*
*പാവങ്ങളുടെ ലോകത്തെ രാഷ്ട്രീയത്തിൽ വിഗണിക്കരുതെന്ന വാദത്തെ*
*പിൻതാങ്ങിയവരായിരുന്നു*
*--സുകുമാർ അഴീക്കോട്*

കോവിലകത്തെ വിദ്വാൻ തമ്പാൻ എന്നറിയപ്പെട്ടിരുന്ന കേളരു തമ്പാന്റെ പുത്രനായിരുന്നു.ഇരയിമ്മൻ തമ്പിയേ പോലെ പ്രസിദ്ധനല്ലെങ്കിലും മഹാപണ്ഡിതനുമായിരുന്നു വിദ്വാൻ തമ്പുരാൻ.

തണ്ണീർമുക്കം പഞ്ചായത്ത് നിലവിൽ വന്നത് 18/05/53 ൽ ആയിരുന്നു. തണ്ണീർമുക്കം ചാലി നാരായണപുരം ക്ഷേത്രത്തിന്റെ കിഴക്കു ഭാഗത്ത് ദേവസ്വം വക കെട്ടിടത്തിലായിരുന്നു ആഫീസ് പ്രവർത്തിച്ചിരുന്നത്.പുതിയ കെട്ടിടം ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ഉത്ഘാടനം ചെയ്തു.

ആദ്യ പഞ്ചായത്തു പ്രസിഡന്റ് ശ്രീ.യു.രാഘവനും, വൈ:പ്രസിഡന്റ് കറുകപ്പറമ്പിൽ കെ.എം.ചാണ്ടിയുമായിരുന്നു.കെ.കണ്ടമാനേജർ, എം.കെ.ഗംഗാധരൻ മണ്ണാന്തറ, കെ.എം.ചാണ്ടി കറുകപ്പറമ്പ്, റ്റി.പി. മുഹമ്മദ് വൈദ്യൻ, സി.കെ.പുരുഷോത്തമൻ, ഡി.രാമൻനായർ, കെ.കെ.കുമാരൻ, കെ.ഷൺമുഖൻ,പി.കുമാരൻ വൈദ്യൻ, കെ.പി.ശ്രീധരൻ നായർ എന്നിവർ അംഗങ്ങളായിരുന്നു.

രണ്ടാമത്തെ പഞ്ചായത്ത് കമ്മിറ്റി 17.02.63 ൽ തെരഞ്ഞെടുത്തു ചുമതലയേറ്റു .കെ.ഷണ്മുഖൻ പ്രസിഡന്റും,എൻ.രാമകൃഷ്ണൻ വൈസ് പ്രസിഡന്റുമായിരുന്നു. വി.കെ.ശങ്കു,കെ.കെ.ശ്രീധരൻ, എൻ.രാമകൃഷ്ണൻ, കെ.ജി.ബാഹുലേയൻ, സി.കെ.പുരുഷോത്തമൻ, ഡി.രാമൻ നായർ, എൻ.രാജപ്പൻ നായർ,യു.രാഘവൻ,കെ.ഷണ്മുഖൻ,പി.എ.കുമാരൻ,എൻ.രാമകൃഷ്ണപ്പണിക്കർ, പി.ശാരദാമ്മ(വനിതാ മെമ്പർ) എന്നിവർ അംഗങ്ങളായിരുന്നു.

മൂന്നാമത് പഞ്ചായത്തു കമ്മിറ്റി 01.10.79 ൽ ചുമതലയേറ്റു. തണ്ണീർമുക്കം പത്മനാഭൻ പ്രസിഡന്റും, കെ.കെ.ചെല്ലപ്പൻ വൈസ് പ്രസിഡന്റുമായിരുന്നു. എ.കെ.പുരുഷോത്തമൻ, സി.എസ്സ്.സുകുമാരപ്പണിക്കർ,റ്റി.പി.മധു സൂദനൻ, പി.ജെ.പവിത്രാമ്മ, കെ.വി.പത്മനാഭൻ, ഇ.എൻ.പുരുഷോത്തമൻ നായർ, എ.സി.തോമസ്സ്, സി.കെ.രാമൻകുട്ടി വൈദ്യർ, ഇ.തങ്കപ്പൻ നായർ, വി.എൻ.ശേഖരപ്പണിക്കർ എന്നിവർ അംഗങ്ങളുമായിരുന്നു.

നാലാമതു പഞ്ചായത്തു കമ്മിറ്റി ശ്രീ.കെ. കെ. ചെല്ലപ്പൻ പ്രസിഡന്റും,ശ്രീ.റ്റി.പി.അബ്ദുംലത്തീഫ് വൈസ് പ്രസിഡന്റുമായി 01.02.1988 ൽ ചുമതലയേറ്റു.സർവ്വ ശ്രീ.തണ്ണീർമുക്കം പരമേശ്വരൻ നായർ,വർഗ്ഗീസ് ജോസഫ്,പി.കെ.രാജപ്പൻ, തണ്ണീർമുക്കം പത്മനാഭൻ,രാജമ്മ പുരുഷോത്തമൻ, കെ.കെ.ജേക്കബ്, ലീലാ കൈമൾ, റ്റിപി.ശൈലേന്ദ്ര ബാബു, വി.എൻ.ശേഖരപ്പണിക്കർ, റ്റി.വി.നാണപ്പൻ,എൻ.കരുണാകരൻ എന്നിവർ അംഗങ്ങളായിരുന്നു.

പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ പഞ്ചായത്തിന്റെ ഘടനയിൽ മാറ്റമുണ്ടായി. ആകെ വാർഡുകളുടെ എണ്ണം 14 ആയി വർദ്ധിച്ചു.അവയിൽ അഞ്ച് സ്ഥാനങ്ങൾ വനിതാ സംവരണവും ഒന്ന് ഹരിജൻ സംവരണവുമായി പുനർ നിർണ്ണയം ചെയ്യപ്പെട്ടു.ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പിലാക്കികൊണ്ടുള്ള തെരഞ്ഞെടുപ്പിൽ ഗ്രാമ പഞ്ചായത്തിന്റെ പുതിയ ഭരണ സമിതി ചുമതലയേറ്റു.

ഡോ.ബേബി കമലം പ്രസിഡന്റും,ശ്രീ.അനിരുദ്ധൻ വൈസ് പ്രസിഡന്റുമായി ഭരണം തുടരുന്നു. സർവ്വ ശ്രീ.തണ്ണീർമുക്കം പരമേശ്വരൻ നായർ, എസ്സ്.പ്രകാശൻ, ദീപാറാണി ഭാസുരൻ, യു.ബി.സോമൻ, സി.കെ.രാജമണി,സ്വപ്നാ ശശീധരൻ, പി.എസ്സ് ജ്യോതിസ്സ്,ഇന്ദിരാ മുകുന്ദൻ, പി.രാജപ്പൻ, വെള്ളിയാകുളം പരമേശ്വരൻ,ഓമനാ കേശവൻ, സജി കുര്യാക്കോസ് എന്നിവർ അംഗങ്ങളുമാണ്.



*അധികാരം ജനങ്ങളിലേയ്ക്ക് പകരാനുള്ള വിപ്ലവത്തിന്റെ ആരംഭമേ ആയിട്ടുള്ളു. വോട്ടിംഗ് പ്രായം പതിനെട്ടാക്കുന്നതും പഞ്ചായത്ത് രാജ്-നഗര പാലിക ബില്ലുകൾ കൊണ്ടു വരുന്നതും ഇൻഡ്യയിലെ ഓരോ ഗ്രാമവും ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടെ അതിന്റെ സ്വന്തം ഭാവി തീരുമാനിക്കാനാണ്.*

*-രാജീവ് ഗാന്ധി*

# തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്

| | | |
|---|---|---|
| പാർലമെന്റ് അംഗം | : | ശ്രീ.വി.എം.സുധീരൻ |
| നിയമ സഭാംഗം | : | അഡ്വ.പി.ജെ.ഫ്രാൻസിസ് |
| ജില്ലാ പഞ്ചായത്തംഗം | : | ശ്രീ.റ്റി.കെ.പളനി |
| ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ | : | തണ്ണീർമുക്കം പത്മനാഭൻ<br>കെ.ജി.ശശിധരൻ<br>ആർ.നാസർ<br>(ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) |

ഗ്രാമ പഞ്ചായത്ത് ജീവനക്കാർ

| | |
|---|---|
| കെ.മുരളീധരൻ | (സെക്രട്ടറി) |
| ബി.ഉഷാ കുമാരി | (ജൂനിയർ സൂപ്രണ്ട്) |
| വി.കമലാധരൻ | (യു.ഡി.ക്ലാർക്ക്) |
| കെ.എൻ.രാജീവൻ നമ്പൂതിരി | '''''' |
| സി.പി.ശശിധരൻ | '''''' |
| ജി.ജവാഹർ | '''''' |
| വി.വി.ഐഷ | (എൽ.ഡി.ക്ലാർക്ക്) |
| എൻ.മന്മഥൻ | '''''' |
| എ.ജെ.തങ്കമണി | '''''' |
| എം.അരവിന്ദാക്ഷൻ നായർ | (പ്യൂൺ) |
| കെ.സോമൻ | '''''' |
| ഭവാനി | (ഫുൾ ടൈം സ്വീപ്പർ) |
| സെയ്തു മുഹമ്മദ് | '''''' |
| കെ.ലളിത | (പാർട്ട് ടൈം ലൈബ്രേറിയൻ) |

# ഭൂമി ജലം ജനം



തണ്ണീരിൽ മിഴി നട്ടു നില്ക്കുന്ന ഗ്രാമം.അതാണ് തണ്ണീർമുക്കം.കായലിലെ ഈ കണ്ണാടി നോട്ടവുമായി ബന്ധപ്പെട്ടു കൂടിയാകണം കരയ്ക്ക് തണ്ണീർമുക്കം എന്ന പേര് വീണത്. വേമ്പനാട്ടു കായലും അതിന്റെ ഉളംപിരിവുകളും ഈ ഗ്രാമത്തിന്റെ ഭൂപ്രകൃതിയിലും, ജനജീവിതത്തിലും,കൃഷി രീതികളിലും, തൊഴിലിലും വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.

ആലപ്പുഴ ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്തായാണ് തണ്ണീർമുക്കത്തിന്റെ സ്ഥാനം. ഉത്തര അക്ഷാംശം 9°37;10; നും 9°41;15;നും പൂർവ്വ രേഖാംശം 76° 22;50; നും 76° 25;45; നും ഇടയിലായാട്ടാണ് നമ്മുടെ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

കിഴക്കു വേമ്പനാട്ടു കായൽ, വടക്ക് വേമ്പനാട്ടു കായൽ,പടിഞ്ഞാറ് ചേർത്തല മുനിസിപ്പാലിറ്റിയും,നാഷണൽ ഹൈവേയും,തെക്ക് കഞ്ഞിക്കുഴി , മുഹമ്മ പഞ്ചായത്തുകൾ ഇവയാണ് പഞ്ചായത്തിന്റെ അതിരുകൾ.

അറബിക്കടലിനെ ലക്ഷ്യം വെച്ചു വടക്കോട്ടൊഴുകി വരുന്ന വേമ്പനാട്ടു കായൽ തണ്ണീർമുക്കത്തു വെച്ചു നേരേ പടിഞ്ഞാറോട്ടു തിരിയുകയും പഞ്ചായത്തവസാനിക്കുന്ന ചെങ്ങണ്ട പ്രദേശത്തുവച്ച് വീണ്ടും വടക്കോട്ടു തരിഞ്ഞ് യാത്ര തുടരുകയും ചെയ്യുന്നു. കന്യകുമാരി -സേലം നാഷണൽ ഹൈവേ - 47 പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിരിൽ കടന്നു പോകുന്നു.

### ഭൂമി

കഞ്ഞിക്കുഴി ബ്ലോക്കിലെ ഏറ്റവും വലിയ പഞ്ചായത്താണ് തണ്ണീർമുക്കം . പഞ്ചായത്തിന്റെ 1,2,3,4,12,13 വാർഡുകളിൽ കായൽ തീരത്തു സ്ഥിതിചെയ്യുന്നു. കട്ടച്ചിറയാറും അതിന്റെ കൈവഴികളും ഉള്ളിലേയ്ക്ക് വ്യാപിച്ചു കിടക്കുന്ന 1,6,7,9,10 വാർഡുകളിൽ പൊതുവേ കരി പ്രദേശങ്ങളും വെള്ളക്കെട്ടുള്ളവയുമാണ്തോടുകൾ കൂടുതൽ ഉള്ളതു കൊണ്ട് കരപ്പുരയിടങ്ങളിൽ കൂടുതലും വിസ്ത്രിതി കുറഞ്ഞ ചിറകളാണ്. ചെളി കുടുതലുള്ള മണലാണ് ഇവിടുത്തെപ്രത്യേകത . ഓരു ജല സാന്നിദ്ധ്യം തെങ്ങ് കൃഷി ഒഴികെ മറ്റു കൃഷികളൊന്നും ലാഭകരമായി ചെയ്യാൻ സഹായകരമല്ല. 5,8,11,14 വാർഡുകളിൽ പൊതുവേ മണൽ പ്രദേശങ്ങളാണ് അമ്പതു വർഷങ്ങൾക്കു മുൻപ് ജനവാസം വളരെ കുറഞ്ഞ വിശാലമായ മണൽപ്പരപ്പുകളും തകിടികളും ഇവിടെ ധാരളമായി ഉണ്ടായിരുന്നു . ജനസംഖ്യാ വർദ്ധനത്തിനൊപ്പം കൂട്ടു കുടുംബങ്ങളിലേയ്കുള്ള മാറ്റവും കൂടി ഉണ്ടായപ്പോൾ ഈ വിസ്ത്രതസമതലങ്ങളെല്ലാം ആവാസ കേന്ദ്രങ്ങളും കൃഷി ഭൂമികളുമായി മാറി നിമ്നോന്നത പ്രദേശങ്ങൾ പഞ്ചായത്തിൽ എവിടെയുമില്ല.

ഭൂപ്രകൃതയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ മൂന്നായി തിരിക്കാം.

1. തീരദേശ ഭൂമി
2. കരി പ്രദേശം
3. വെളിം പ്രദേശം

## പട്ടിക -1
## വിസ്തീർണ്ണം - ജനസംഖ്യ

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | വിസ്തൃതി $km^2$ | ജനസംഖ്യ | ജനസാന്ദ്രത |
|---|---|---|---|---|
| 1 | മാരാരിക്കുളം വടക്ക് | 16.97 | 26883 | 1584 |
| 2 | കഞ്ഞിക്കുഴി | 16.62 | 25296 | 1522 |
| 3 | മുഹമ്മ | 26.76 | 22128 | 827 |
| 4 | ചേർത്തല സൗത്ത് | 18.34 | 34884 | 1902 |
| 5 | തണ്ണീർമുക്കം | 31.44 | 38937 | 1238 |

## പട്ടിക - 2
## പൊതു കുളങ്ങൾ

| ക്രമ നമ്പർ | കുളത്തിന്റെ പേര് | വിസ്തൃതി (ഹെക്ടർ) | വാർഡ് |
|---|---|---|---|
| 1 | കണ്ടംകുളം | 2.4 | 1 |
| 2 | വലിയ കുളം | 0.53 | 6 |
| 3 | പെരുംകുളം | 0.88 | 3 |
| 4 | ആറാട്ടുകുളം | 0.25 | 5 |
| 5 | ബലിക്കുളം | 0.11 | 7 |
| 6 | പാട്ടുകുളം | 0.16 | 7 |
| 7 | കോതോത്തുകുളം | 0.14 | 13 |
| 8 | വെള്ളിയാകുളം | 0.80 | 13 |
| 9 | നക്കൻകുളം | 0.15 | 10 |

കം മേഖലകൾ ഉൾക്കൊള്ളുന്നവയാണ്. ചില സ്ഥലങ്ങളിൽ ഭൂമിയുടെ അടിത്തട്ട് ഏതാണ്ട് 7-8 മീറ്റർ താഴെയായി തവിട്ടു കലർന്ന കലശി മണ്ണാണ്.

പ്രധാന കൃഷി തെങ്ങാണ്, നെല്ല്, പച്ചക്കറി, വാഴ,കശുമാവ്,കൊക്കൊ,മാവ് തുടങ്ങിയവയും കൃഷി ചെയ്യുന്നു.

### ധാതു മണൽ

സിലിക്കാ മണലിന്റെ അക്ഷയ ഖനിയാണ് നമ്മുടെ പഞ്ചായത്ത്. ജീയോളജിക്കൽ സർവ്വേ യുടെ അടിസ്ഥാനത്തിൽ വാരനാടും സമീപ പ്രദേശങ്ങളിലും കേരളത്തിന്റെ വിഭവ ഭൂപടത്തിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റു പല വാർഡുകളിലും സിലിക്കാ മണൽ സുലഭമായി കാണുന്നുണ്ട്. ശുദ്ധമായ സിലിക്ക കൂടാതെ പല അപൂർവ്വ മൂലകങ്ങളും ഈ മണലിൽ അടങ്ങിയിട്ടുണ്ട്. വന വ്യാവസായിക സാദ്ധ്യതകളുള്ള ഈ അമൂല്യ നിധി നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്.പഞ്ചായത്തിലെ പല വാർഡികളിൽ നിന്നും നിയമ വിരുദ്ധമായും,അനധികൃതമായും, സിലിക്കാ മണൽ വൻ തോതിൽ കടത്തികൊണ്ടിരിക്കുന്നു. ഉടമസ്ഥർക്കു നിസ്സാര പ്രതിഫലം നല്കി കടത്തി കൊണ്ടു പോകുന്ന ഈ ധാതു മണൽ മുഴുവൻ അയൽ സംസ്ഥാനങ്ങളിലേക്കാണ് പ്രവഹിക്കുന്നത്. വിലപ്പെട്ട ധാതു സമ്പത്ത് നഷ്ടപ്പെടുന്നു എന്നു മാത്രമല്ല പാർശ്വഫലങ്ങളും,പരിസ്ഥിതി പ്രശ്നങ്ങളും ഇതുമൂലം ഉണ്ടാകുകയും ചെയ്യും.

### ജലം

വേമ്പനാട്ടു കായലിന്റെ ഏറ്റവും വീതി കുറഞ്ഞ ഭാഗമാണ് തണ്ണീർമുക്കം.അതു കൊണ്ടാണ് കുട്ടനാടൻ പാടശേഖരങ്ങളെ ഇരിപ്പൂ നിലങ്ങളാക്കാൻ വേണ്ടി തണ്ണീർമുക്കം ബണ്ട് ഇവിടെത്തന്നെ നിർമ്മിച്ചത്. വേനൽ ആരംഭത്തിൽ ഷട്ടറുകൾ താഴ്ത്തികഴിഞ്ഞാൽ കായലിന്റെ വടക്കു ഭാഗത്ത് ഉപ്പു വെള്ളവും,തെക്കു ഭാഗത്ത് ശുദ്ധജലവുമായി വേർ തിരിഞ്ഞു നില്ക്കുന്നു.ഈ വേർതിരിവ് തണ്ണീർമുക്കം പഞ്ചായത്ത് പ്രദേശങ്ങളിലും ദൃശ്യമാണ്. കട്ടച്ചിറ ആറും,ചെങ്ങണ്ട ആറും പതിക്കുന്നത്ഃവടക്കുപുറം കായലിൽഃ ആകയാൽ ഇവയുമായി ബന്ധപ്പെട്ടു കിടക്കുന്ന തോടുകളിലും, ചാലുകളിലും ഓരു വെള്ളം കയറുന്നു. പഞ്ചായത്തിന്റെ പകുതിയോളം ഭാഗം ഈ മേഖലയിൽ വരും. കുടിവെള്ള പ്രശ്നം ഈ മേഖലകളിൽ വളരെ രൂക്ഷമാണ്.

തോടുകൾ പോലെ തന്നെ ധാരാളം കുളങ്ങളും പഞ്ചായത്തിലുണ്ട്.മുൻ കാലങ്ങളിൽ ജലസേചനത്തിനും,കുടി വെള്ളത്തിനും,മറ്റാവശ്യങ്ങൾക്കും കുളങ്ങളെയാണ് ആശ്രയിച്ചിരുന്നത്.ഇന്ന് ഈ നിലയിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ പ്രധാന ഃശുദ്ധ ജലഃ സ്രോതസ്സ് കുളം തന്നെയാണ്. വിസ്തൃതമായ പൊതു കുളങ്ങൾ

> ഭരണം അവസാനത്തവനാണ്
> അഗതിയും,അശരണനും,നിർദ്ധനനും
> തൊഴിലില്ലാത്തവനും,അവഗണിതനും
> ആയ പാവത്തിന്
> അവനുവേണ്ടി.
> --ബൈബിൾ

ഇത്രയേറെയുള്ള പഞ്ചായത്തുകൾ വേറെ ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.അമ്പലകുളങ്ങൾഒഴിച്ചുള്ള പൊതു കുളങ്ങളുടെ പട്ടിക മുകളിൽ ചേർത്തിരിക്കുന്നു.

ഗുണ നിലവാരമുള്ള കുടി വെള്ളം പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ലഭ്യമല്ല.C.E.S.Sറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂഗർഭ ജല സാധ്യത സമ്പുഷ്ടമാണ്.

എടുത്തു പറയത്തക്ക കാലാവസ്ഥാ പ്രത്യേകതകൾ ഇല്ല. മിക്ക മാസങ്ങളിലും മഴ ലഭിക്കുന്നുണ്ട്. സംസ്ഥാന ശരാശരിയേക്കാൾ മഴ കുറവാണ്. ഒരു വർഷം ശരാശരി 2880 മി.മി. മഴ ലഭിക്കുന്നുണ്ട്.

### ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകളനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 38937 ആണ്.പുരുഷൻമാരേക്കാൾ സ്ത്രീകളാണ് കൂടുതൽ. ജന സാന്ദ്രത ച.കി.മീറ്ററിന് 1238 ആണ്. സംസ്ഥാന ശരാശരി $749/km^2$ ഉം ജില്ലാ ശരാശരി $1415/km^2$ ഉം ആണ്.

1996 ഡിസംബറിൽ പഞ്ചായത്തിൽ നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വേ അനുസരിച്ച് ജനസംഖ്യ 41430 ആയി വർദ്ധിച്ചിട്ടുണ്ട്.ജനസാന്ദ്രത $1318/km^2$ ഉം ആയി വർദ്ധിച്ചു.(പട്ടിക-3 നോക്കുക).

ജനസംഖ്യയിൽ 5482 പേർ(13.2%) അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളും,8880 പേർ(21.3%) വിദ്യാർത്ഥികളും,5389 പേർ(13%) 65 വയസ്സിനു മേൽ പ്രായമുള്ളവരുമാണ്.

കൃഷി,കയർ വയവസായം, മത്സ്യ ബന്ധനം എന്നീ മേഖലകളിലാണ് ഏറ്റവും കൂടുതൽ ആളുകൾ ജോലി ചെയ്യുന്നത്.ജനസംഖ്യയിൽ കുട്ടികളേയും,പ്രായം ചെന്നവരേയും ഒഴിച്ചു നിർത്തിയാൽ തൊഴിൽ ചെയ്യാൻ കഴിയുന്നവരുടെ സംഖ്യ 21679 ആണ്.ഇവരിൽ 60%(13022) തൊഴിലുള്ളവരും,40%(8857) തൊഴിലില്ലാത്തവരുമാണ്.കുട്ടികൾ ഒഴികെ മറ്റെല്ലാ വിഭാഗങ്ങളിലും ഒരു ചെറിയ ശതമാനം പേർ ഭാഗികമായി തൊഴിൽ ചെയ്യുന്നുണ്ട്. (പട്ടിക-4 നോക്കുക).

തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായ പ്രശ്നമാണ്. തൊഴിലുള്ളവരിൽ തന്നെ യോഗ്യതയനുസരിച്ച് തൊഴിൽ കിട്ടിയിട്ടില്ലാത്തവരുമ ധാരാളമുണ്ട്.

ഇപ്പോഴത്തെ വിദ്യാർത്ഥികളിൽപഠനം പൂർത്തിയാക്കി വരുന്നവർക്കും പുതുതായി തൊഴിൽ കണ്ടെത്തേണ്ടതുണ്ട്.

ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നല്കുന്ന മേഖല കയർ വ്യവസായമാണ്.തൊഴിലുള്ളവരിൽ 40% കയർ വ്യവസായത്തിലും, 13.5% ആളുകൾ കാർഷിക വൃത്തിയിലും ഏർപ്പെട്ടിരിക്കുന്നു.
(പട്ടിക-5,6 നോക്കുക).

## പട്ടിക - 3
## ജനസംഖ്യ

| വാർഡ് | ജനസംഖ്യ | | ആകെ ജനസംഖ്യ |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | |
| 1 | 1518 | 1525 | 3043 |
| 2 | 1316 | 1346 | 2662 |
| 3 | 1207 | 1323 | 2530 |
| 4 | 1224 | 1307 | 2531 |
| 5 | 1465 | 1539 | 3004 |
| 6 | 1820 | 1900 | 3720 |
| 7 | 1330 | 1492 | 2822 |
| 8 | 1154 | 1217 | 2371 |
| 9 | 1401 | 1465 | 2866 |
| 10 | 1567 | 1650 | 3217 |
| 11 | 1978 | 2020 | 3998 |
| 12 | 1620 | 1674 | 3294 |
| 13 | 1387 | 1431 | 2818 |
| 14 | 1285 | 1269 | 2554 |
| ആകെ | 20272 | 21158 | 41430 |

*അവലംബം : സോഷ്യോ ഇക്കണോമിക്ക് സർവ്വേ ഡിസംബർ - 96*

## പട്ടിക - 4
## തൊഴിൽ ഉള്ളവരും ഇല്ലാത്തവരും.

| വാർഡ് | തൊഴിൽ ഉള്ളവർ | തൊഴിൽ ഇല്ലാത്തവർ | ആകെ |
|---|---|---|---|
| 1 | 1152 | 449 | 1601 |
| 2 | 921 | 564 | 1485 |
| 3 | 507 | 504 | 1011 |
| 4 | 637 | 672 | 1309 |
| 5 | 877 | 682 | 1559 |
| 6 | 1431 | 733 | 2164 |
| 7 | 1123 | 429 | 1552 |
| 8 | 748 | 473 | 1221 |
| 9 | 739 | 836 | 1575 |
| 10 | 1033 | 803 | 1971 |
| 11 | 1354 | 808 | 2162 |
| 12 | 1033 | 938 | 1971 |
| 13 | 834 | 490 | 1324 |
| 14 | 633 | 476 | 1109 |
| ആകെ | 13022 | 8857 | 21879 |

## പട്ടിക - 5
## തൊഴിൽ മേഖലകൾ

| വാർഡ് | തൊഴിൽ മേഖലകൾ | | | | | ആകെ |
|---|---|---|---|---|---|---|
| | ഗവൺമെന്റ് | സ്വകാര്യ കമ്പനികൾ | സഹകരണം | വിദേശം | മറ്റുള്ളവർ | |
| 1 | 72 | 48 | 8 | 10 | 1014 | 1152 |
| 2 | 91 | 446 | 31 | 13 | 340 | 921 |
| 3 | 73 | 77 | 24 | 21 | 312 | 507 |
| 4 | 73 | 60 | 13 | 21 | 470 | 637 |
| 5 | 80 | 116 | 11 | 21 | 649 | 877 |
| 6 | 131 | 210 | 14 | 17 | 1059 | 1431 |
| 7 | 105 | 88 | 15 | 17 | 898 | 1123 |
| 8 | 60 | 44 | 6 | 15 | 628 | 748 |
| 9 | 39 | 132 | 6 | 46 | 516 | 739 |
| 10 | 59 | 98 | 121 | 16 | 739 | 1033 |
| 11 | 112 | 169 | 12 | 35 | 1026 | 1354 |
| 12 | 57 | 247 | 6 | 11 | 712 | 1033 |
| 13 | 51 | 450 | 20 | 9 | 304 | 834 |
| 14 | 112 | 95 | 48 | 8 | 370 | 633 |
| | 1115 | 2280 | 335 | 260 | 9032 | 13022 |

## പട്ടിക - 6
## തൊഴിൽ പങ്കാളിത്ത ശതമാനം

| ക്രമ നമ്പർ | തൊഴിൽ മേഖല | തൊഴിൽ ചെയ്യുന്നവരുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | കയർ തൊഴിൽ | 5156 | 40.00 |
| 2 | കാർഷിക മേഖല | 1761 | 13.50 |
| 3 | വ്യവസായ മേഖല | 1054 | 8.00 |
| 4 | കാലിവളർത്തൽ | 188 | 1.40 |
| 5 | കച്ചവടം | 503 | 3.8 |
| 6 | കെട്ടിട നിർമ്മാണം | 499 | 3.8 |
| 7 | മത്സ്യബന്ധനം | 731 | 5.60 |
| 8 | പ്രൊഫഷണൽസ് | 237 | 1.80 |
| 9 | വിദേശ ജോലി | 260 | 1.90 |
| 10 | മറ്റുള്ളവ | 2633 | 20.20 |
| | ആകെ | 13022 | 100.00 |

*അവലംബം : സാമൂഹ്യസാമ്പത്തിക സർവ്വേ ഡിസംബർ -96*

പട്ടിക -7

## തൊഴിൽ രഹിതർ - വിദ്യാഭ്യാസ യോഗ്യത

| വാർഡ് | S.S.LC ക്കു താഴെ | S.S.LC | പ്രീ - ഡിഗ്രി | ഡിഗ്രി | ബിരുദാനന്തര ബിരുദം | പി.എച്ച്.ഡി. | സങ്കേതിക ബിരുദം | ഡിപ്ലോമ | ഐ.ടി.സി. | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 132 | 192 | 57 | 27 | 10 | - | - | 1 | 3 | 27 | 449 |
| 2 | 108 | 231 | 71 | 25 | 11 | - | 1 | 4 | 14 | 70 | 564 |
| 3 | 204 | 142 | 63 | 31 | 7 | 1 | 1 | 7 | 8 | 40 | 504 |
| 4 | 274 | 167 | 82 | 51 | 19 | - | 10 | 27 | 23 | 18 | 672 |
| 5 | 383 | 159 | 70 | 40 | 7 | - | 2 | 6 | 15 | - | 682 |
| 6 | 298 | 239 | 95 | 54 | 12 | - | 3 | 6 | 19 | 7 | 733 |
| 7 | 137 | 135 | 47 | 50 | 2 | - | 7 | 8 | 16 | 27 | 429 |
| 8 | 234 | 154 | 42 | 23 | 2 | - | 4 | 2 | 19 | 3 | 473 |
| 9 | 526 | 113 | 78 | 37 | 2 | 1 | 3 | 17 | 12 | 47 | 836 |
| 10 | 403 | 204 | 99 | 62 | 10 | - | 1 | 7 | 17 | - | 803 |
| 11 | 369 | 236 | 77 | 39 | 4 | - | 1 | 10 | 16 | 56 | 808 |
| 12 | 577 | 240 | 44 | 32 |  | 1 | - | 3 | 4 | 38 | 938 |
| 13 | 253 | 134 | 44 | 36 | 10 | - | - | 1 | 7 | 4 | 490 |
| 14 | 76 | 197 | 52 | 59 | 23 | 1 | 5 | 12 | 17 | 34 | 476 |
| ആകെ | 3974 | 2543 | 921 | 596 | 119 | 4 | 38 | 111 | 180 | 371 | 8857 |

*അവലംബം : സോഷ്യോ ഇക്കണോമിക്സ് സർവ്വേ ഡിസംബർ - 96 .*

പട്ടിക - 8

വിദ്യാഭ്യാസ യോഗ്യത പൊതുവിൽ

| ക്രമ നമ്പർ | വിദ്യാഭ്യാസ യോഗ്യത | എണ്ണം |
|---|---|---|
| 1 | എസ്സ്.എസ്സ്.എൽ.സി. പാസ്സായവർ | 7188 |
| 2 | പ്രീഡിഗ്രിക്കാർ | 1677 |
| 3 | ബിരുദധാരികൾ | 1278 |
| 4 | ബിരുദനന്തര ബിരുദം | 308 |
| 5 | പി.എച്ച്.ഡി | 20 |
| 6 | സാങ്കേതിക ബിരുദം | 163 |
| 7 | ഡിപ്ലോമ | 238 |
| 8 | ഐ.ടി.സി | 363 |
| | ആകെ | 11235 |

# പട്ടിക - 9
## തൊഴിൽ വിവരം

| വാർഡ് | കൃഷി | കർഷക തൊഴിലാളി | തെങ്ങുകയറ്റം | കാലിവളർത്തൽ | മത്സ്യബന്ധനം | വ്യവസായം | വ്യവസായ തൊഴിലാളി | കച്ചവടം | കയർ തൊഴിൽ | കെട്ടിട നിർമ്മാണം | ഡോക്ടർ | എഞ്ചിനീയർ | അദ്ധ്യാപകൻ | വിദേശ ജോലി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 142 | 88 | 12 | 14 | 293 | 54 | 37 | 36 | 441 | 6 | - | 1 | 6 | 10 | 12 | 1162 |
| 2 | 32 | 117 | 8 | 17 | 113 | 32 | 77 | 30 | 323 | 16 | - | 1 | 13 | 13 | 129 | 921 |
| 3 | 33 | 54 | 13 | 9 | 46 | 21 | 16 | 25 | 221 | 34 | 1 | 1 | 12 | 21 | - | 507 |
| 4 | 27 | 23 | 1 | 17 | 66 | 14 | 28 | 41 | 229 | 9 | 3 | 1 | 11 | 21 | 146 | 637 |
| 5 | 28 | 62 | 10 | 14 | 28 | 20 | 27 | 36 | 380 | 27 | 1 | 2 | 14 | 21 | 207 | 877 |
| 6 | 57 | 99 | 12 | 15 | 11 | 25 | 45 | 65 | 805 | 19 | 7 | 3 | 23 | 17 | 228 | 1431 |
| 7 | 81 | 86 | 5 | 13 | 6 | 36 | 45 | 46 | 543 | 15 | 1 | 7 | 17 | 17 | 205 | 1123 |
| 8 | 21 | 57 | 17 | 4 | 6 | 14 | 29 | 18 | 287 | 31 | 3 | - | 10 | 15 | 236 | 748 |
| 9 | 31 | 90 | 9 | 17 | 4 | 22 | 47 | 16 | 319 | 3 | 1 | 1 | 3 | 46 | 130 | 739 |
| 10 | 51 | 162 | 18 | 18 | 12 | 33 | 43 | 41 | 418 | 55 | 2 | 2 | 12 | 16 | 150 | 1033 |
| 11 | 5 | 41 | 14 | 14 | 19 | 42 | 173 | 63 | 354 | 298 | 8 | 3 | 25 | 35 | 350 | 1354 |
| 12 | 14 | 43 | 8 | 13 | 81 | 18 | 91 | 32 | 301 | 25 | 1 | 2 | 9 | 11 | 384 | 1033 |
| 13 | 32 | 54 | 6 | 14 | 42 | 20 | 13 | 15 | 459 | 93 | 2 | 2 | 17 | 9 | 106 | 834 |
| 14 | 20 | 65 | 13 | 9 | 4 | 12 | 20 | 39 | 76 | 8 | - | 1 | 8 | 8 | 350 | 633 |
| ആകെ | 574 | 1041 | 146 | 188 | 731 | 363 | 691 | 503 | 5150 | 499 | 30 | 27 | 180 | 260 | 2633 | 13022 |

*അവലംബം : സോഷ്യോ ഇക്കണോമിക്ക് സർവ്വേ ഡിസംബർ - 96*

ശാരീരികവും, വിദ്യാഭ്യാസപരവുമായി യോഗ്യതയുള്ള 8857 പേർക്ക് തൊഴിലില്ല.ബിരുദവും,ബിരുദാനന്തര ബിരുദവും, ഗവേഷണ ബിരുദവും, സാങ്കേതിക ബിരുദവും ഉള്ളവരും, ഡിപ്ലോമാ, ഐ.റ്റി.സി. സർട്ടിഫിക്കറ്റുള്ളവരും പെടും. എസ്സ്.എസ്സ്.എൽ.സി പാസ്സായ 2543 പേരും, പ്രീഡിഗ്രി ജയിച്ച 921 പേരും തൊഴിലില്ലാത്തവരായുണ്ട്. ഇവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.തൊഴിൽ മേഖലകൾ പഞ്ചായത്തിലും, സംസ്ഥാനത്തുടനീളവും വികസിപ്പിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യത്തിലേയ്ക്ക് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നു.

## വിദ്യാഭ്യാസം

ജനങ്ങൾ പൊതുവേ വിദ്യാഭ്യാസം ഉള്ളവരാണ്. സമ്പൂർണ്ണ സാക്ഷരതയുള്ള പഞ്ചായത്താണ് നമ്മുടേത്. സാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിയതു കൊണ്ടാണ് ഈ നേട്ടം ഉണ്ടായത്.പുതുതായി സാക്ഷരത നേടിയവർക്ക് തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നില്ല.അതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതായുണ്ട്. ജനങ്ങളിൽ ഭൂരിഭാഗവും എസ്സ്.എൽ.സി യ്ക്ക താഴെയുള്ള ക്ലാസ്സുകളിൽ വിദ്യാഭ്യാസം അവസാനിപ്പിക്കുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം പൊതുവേ മെച്ചമാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ വേണ്ടത്രയുണ്ട്. മൂന്ന് കോളേജുകൾ ചേർത്തല താലൂക്കിൽ തന്നെ ഉള്ളതു കൊണ്ട് കോളേജു വിദ്യാഭ്യാസ സൗകര്യങ്ങളും ലഭ്യമാണ്.സർവ്വേയിൽ നിന്നു കിട്ടിയ വിവരങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള പട്ടിക ചേർക്കുന്നു.

ജനസംഖ്യയിൽ ഭൂരിഭാഗവും യുവാക്കളാണ്.ജനങ്ങൾ പൊതുവേ സഹകരണ മനോഭാവമുള്ളവരും, ഉത്സാഹശീലരുമാണ്. മെച്ചപ്പെട്ട സാഹചര്യങ്ങൾ ഒരുക്കി കൊടുത്താൽ ഈ ജനശക്തിയിൽ നിന്ന് അസൂയാവഹമായ നേട്ടങ്ങൾ കൊയ്തെടുക്കാം.

> ഇൻഡ്യയിൽ ഈ പുതിയ ശരീരശാസ്ത്രതത്വം ഭരണ രംഗത്ത് ആദ്യമായി നടപ്പിലാവുകയാണ് രക്ത പ്രവാഹമില്ലാതെ പക്ഷാഘാതമേറ്റ് നിശ്ചലമായ രാഷ്ട്രത്തിന്റെ അവയവങ്ങളെ വീണ്ടും ചലിപ്പിക്കാൻ ഈ നവ പരീക്ഷണത്തിനേ സാധിക്കൂ.
>
> — സുകുമാർ അഴീക്കോട്



തണ്ണീർമുക്കം ഗ്രാമ പഞ്ചായത്താഫീസ്



# കൃഷിയും ജലസേചനവും

കരപ്പുറത്തിന്റെ പൂർവ്വഭാഗത്ത് സ്ഥിതിചെയ്യുന്ന തണ്ണീർമുക്കം പഞ്ചായത്ത് കായലുകളുടെ റാണിയായ വേമ്പനാട്ടുകായലിന്റെ കരലാളനം ഹരിത ശോഭ പകർന്നേകിയ തീരം. ഉള്ളാകെ സിരാവിന്യാസം പോലെ പടർന്നു കിടക്കുന്ന ആറിന്റെയും തോടുകളുടെയും നീർച്ചാലുകൾ. അതിനുമപ്പുറം പഞ്ചസാര മണൽപ്പരപ്പുകൾ .ചെറുതും വലുതുമായി നൂറുകണക്കിനു കുളങ്ങൾ.അവയ്ക്കിടയിലായാകെ വ്യാപിച്ചു കിടക്കുന്ന നെൽ വയലുകളും, തെങ്ങിൻ തോപ്പുംകളും. ഇവയാണ് നമ്മുടെ ഗ്രാമത്തിന്റെ കൃഷിയിടങ്ങൾ.

കഴിഞ്ഞ അര നൂറ്റാണ്ട് കാലത്തെ ചരിത്രം പരിശോധിച്ചാൽ ഈ ഗ്രാമത്തിന്റെ കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാം . ഭൂമിയുടെ ഉടമസ്ഥാവകാശത്തിലും, ഭൂ വിനിയോഗത്തിലും,കൃഷി രീതികളിലും,ഉല്പാദനക്ഷമതയിലും, വിപണനത്തിലും, കാർഷിക സാങ്കേതിക വിദ്യാ വ്യാപനത്തിലും, കർഷക-കർഷകത്തൊഴിലാളി ബന്ധങ്ങളിലും എല്ലാം സമഗ്രമായ പരിണാമം ഉണ്ടായിട്ടുണ്ട്.

കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങളിൽ പ്രധാനം കൃഷി ഭൂമിയുടെ വിസ്തൃതിയിൽ വന്ന രൂപഭേദമാണ്. നെൽപ്പാടങ്ങളുടേയും,തോടുകളുടേയും, കുളങ്ങളുടേയും വിസ്തൃതി ഗണ്യമായി കുറഞ്ഞപ്പോൾ കര ഭൂമിയുടെ വിസ്തൃതി കൂടി. റവന്യൂ സെറ്റിൽമെന്റ് രേഖകളനുസരിച്ച് 463 ഹെക്ടർ നെൽ വയലുകളാണ് ഇവിടെ ഉണ്ടായിരുന്നത്. എന്നാൽ ഏറ്റവും ഒടുവിലത്തെ കൃഷി ഭവൻ രേഖകളനുസരിച്ച് 126 ഹെക്ടർ വയലുകളാണിവിടെ അവശേഷിച്ചിട്ടുള്ളത്.അതായത് മുൻപിവിടെ ഉണ്ടായിരുന്ന വയലുകളുടെ 73% ഇപ്പോൾ ഇല്ല എന്നർത്ഥം. നികത്തിപ്പോയ തോടുകളുടേയും,കുളങ്ങളുടേയും വിസ്തൃതി സംബന്ധിച്ച ശരിയായ പഠനം ഇവിടെ നടന്നിട്ടില്ല.ലഭ്യമായ വിവരങ്ങൾ വെച്ച് പരിശോധിച്ചാൽ മുമ്പുണ്ടായിരുന്ന തോടുകളില നല്ലൊരു ഭാഗം നികത്തികഴിഞ്ഞിരിക്കുന്നു എന്നും അവശേഷിക്കുന്നവ വംശനാശ ഭീഷണി നേരിടുകയാണെന്നും മനസ്സിലാക്കുവാൻ കഴിയും. കൊടിയ വേനലിന്റെ ആഘാതത്തിൽ നിന്നും, രൂക്ഷമായ പ്രളയക്കെടുതിയിൽ നിന്നും ഈ നാടിനെ സംരക്ഷിച്ച് നിലകൊണ്ടിരുന്ന ജലസ്രോതസ്സുകളുടെ തിരോധാനം ഒരു ദേശീയ വിപത്തായി തന്നെ കാണേണ്ടതുണ്ട്. ജൈവാവശ്യങ്ങളുടെ സമ്പന്നതയും, മണ്ണിന്റെ ആർദ്രതയും ഒരു പോലെ നഷ്ടമാക്കുന്നത് രൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു.വരൾച്ചയും, വെള്ളപൊക്കവും കൃത്യമായ ഇടവേളകളിൽ നമ്മെ തേടിയെത്തുന്നു.വർഷത്തിൽ 2964 വി.വി മഴ ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഇവ രണ്ടും ഉണ്ടാകാൻ പാടില്ലാത്തതാണ്. ഗതാഗതത്തിനും,പാർപ്പിടത്തിനും മറ്റു സുഖ സൗകര്യങ്ങൾക്കും വേണ്ടിയുള്ള അനിയന്ത്രിത ചൂഷണങ്ങൾക്കിടയിൽ വഴിയിൽ നഷ്ടപ്പെട്ടുപോകുന്ന നമ്മുടെ അമൂല്ല്യ സമ്പത്തുകളെക്കുറിച്ച് നാം ഓർക്കാറില്ല.

ജലാശയങ്ങളുടേയും, വയലുകളുടേയും വിസ്തൃതി കുറഞ്ഞപ്പോൾ കരപ്പുരയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചു. റവന്യൂ രേഖകളനുസരിച്ച് 1470 ഹെക്ടർ പുരയിടമാണ് പഞ്ചായത്തിലുള്ളത്. കൃഷി ഭവൻ രേഖകളനുസ

രിച്ച് 1470 ഹെക്ടർ പുരയിടമാണ് പഞ്ചായത്തിലു ള്ളത്. കൃഷി ഭവൻ രേഖകളനുസരിച്ച് ഇപ്പോഠം 2935 ഹെക്ടർ പുരയിടവും ഉണ്ട്. വർദ്ധ നവ് 1465 ഹെക്ടർ.വയലുകളുടെ വിസ്തൃതിയി ൽ വന്ന കുറവ് 337 ഹെക്ടർ കൂടാതെ 1128 ഹെക്ടർ കരഭൂമി ഇവിടെ രൂപ പരിണാമം സംഭ വിച്ചുണ്ടായിട്ടുണ്ട് എന്നു കാണുവാൻ കഴിയും. തണ്ണീർമുക്കം ബണ്ട് നിർമ്മാണത്തിനു വേണ്ടി നികത്തിയ വിസ്തൃതമായ കായൽ പരപ്പുകളും ഇതിൽ ഉഠംപ്പെടും.

ഇവന്റെ മുഖം ഏത് ഭരണനയം ആവിഷ്ക്കരിക്കുമ്പോ ഴും ഭരണ കർത്താവിന്റെ മനസ്സിൽ ഉണ്ടായിരിക്കണം
മഹാത്മാ ഗാന്ധി

പട്ടിക 1 - ഭൂവിസ്തൃതിമാനം

| | | ഭൂവിസ്തൃതി | | വിസ്തൃതിമാറ്റം | |
|---|---|---|---|---|---|
| ക്രമ നമ്പർ | ഭൂമിയുടെ ഇനം | റവന്യൂ രേഖ | കൃഷിഭവൻ രേഖ | കൂടുതൽ | കുറവ് |
| 1 | വയൽ | 463 ഹെ | 126 ഹെ | - | 337 ഹെ |
| 2 | പുരയിടം | 1470 ഹെ | 2935 ഹെ | 1465 ഹെ | - |
| 3 | തരിശ് | 9 ഹെ | 4 ഹെ | - | 5 ഹെ |

കാർഷിക രംഗത്തുണ്ടായ മറ്റൊരു പ്രധാന മാറ്റം കൃഷിരീതികളിലാണുണ്ടായത്. 1960 കളോ ടുകൂടി പരമ്പരാഗത രീതിയിൽ നിന്നും നൂതന കൃഷി രീതികളിലേക്കുള്ള മാറ്റം പ്രകടമായി തുട ങ്ങി. എഴുപതുകളിൽ ഈ മാറ്റത്തിന്റെ ആക്കം കൂടി. ഋതുഭേദങ്ങളുടെ മാറ്റത്തിനൊത്ത് മുണ്ടക നും , വിരിപ്പും കൃഷി ചെയ്തിരുന്ന നെൽ വയലു കളിൽ ഐ.ആർ.എട്ടും, തെയ്നാൻ മൂന്നും, ജയ യും, കാഞ്ചനും, ത്രിവേണിയുമൊക്കെ മാറി മാറി പ്രത്യക്ഷപ്പെട്ടു. കന്നിക്കൊയ്ത്തും, മകരക്കൊയ് ത്തും ക്രമേണ ഇല്ലാതെയായി. കൊത്തും, കിള യും, തടം മൂടലും, കുളം വെട്ടുമൊക്കെ നാളികേ ര കൃഷിയെ പോഷിപ്പിച്ചിരുന്നതിനും മാറ്റമുണ്ടാ യി. രാസ വളങ്ങളും, കീടനാശിനികളും അരങ്ങട ക്കി വാഴാൻ തുടങ്ങി. 1961-62 വർഷം 16973 ടൺ എൻ.പി.കെ വളമാണ് കേരളത്തിൽ ഉപയോഗിച്ച തെങ്കിൽ 1992-93 യിൽ അത് 202968 ടൺ ആയി വർദ്ധിച്ചു. കീട നാശിനികളുടെ അളവിലും, വിഷ വീര്യത്തിലും ആനുപാതികമായ വർദ്ധനവ് ഉണ്ടായി. കേരളത്തിലാകെയുണ്ടായ ഈ മാറ്റത്തി ന്റെ പ്രതിഫലനം നമ്മുടെ പഞ്ചായത്തിലും ഉണ്ടാ യിട്ടുണ്ട്.മണ്ണിന്റെ ഘടനയേയും,ജൈവ സന്തുല നത്തേയും ഇത് സാരമായി ബാധിച്ചിട്ടുണ്ട്.ഉത് പ്പാദന രംഗത്ത് തുടക്കത്തിൽ കിട്ടിയ ഉണർവ്വ് പിന്നിടില്ലാതെയായി. പരമ്പരാഗത കൃഷി സമ്പ്ര ദായങ്ങളും ഭൂമി സംരക്ഷണവും അനുവർത്തിച്ചി രുന്ന കാലത്ത് കിട്ടിയിരുന്നതിനേക്കാഠം ഉത്പ്പന്ന ങ്ങഠം വളരെയധികം കുറഞ്ഞിരിക്കുന്നു. ആയിരം തേങ്ങാ വീണിരുന്ന പറമ്പുകളിൽ നിന്നും നൂറ് പോലും കിട്ടാതെയായി.
(പട്ടിക-2,3 നോക്കുക)

ഭൂമിയുടെ ഉടമസ്ഥതയിലുണ്ടായ മാറ്റം ഉത്പ്പാദ നത്തെ കാര്യമായി ബാധിച്ചിട്ടില്ല. ഭൂ പരിഷ്ക്കരണ നിയമം നടപ്പാക്കിയപ്പോഠം കുടി കിടപ്പുകാർ ഭൂ ഉടമകളായി. കൃഷി ഭൂമി തുണ്ടവത്ക്കരിക്കപ്പെട്ടു വെങ്കിലും സ്വന്തം ഭൂമിയിലെ സ്വന്തം കൃഷി എന്ന ചിന്ത ഉത്പ്പാദന വർദ്ധനവിന് ഉഠംപ്രേരണയായിത്തീ രുകയാണുണ്ടായത്.ആദ്യം ഉണ്ടായ ഈ ഉണർവ്വ് നീണ്ടു നിന്നില്ല.

കൊയ്ത്തും, മെതിയും, വിളവെടുപ്പും,കൃഷിയിറ ക്കും എല്ലാം ഉത്സാവാവേശത്തോടുകൂടി ചെയ്തു പോന്നിരുന്ന കൃഷിപ്പണിക്ക് വേണ്ടുവോളം ആളെ കിട്ടിയിരുന്ന സ്ഥാനത്ത് ഇന്ന് ആരേയും കിട്ടാത്ത സ്ഥിതിയായി. മുതൽ മുടക്ക് കൂടി, ആദായം കുറഞ്ഞു. (പട്ടിക 4,5,6 നോക്കുക)

കേരളത്തെ, 13 കാർഷിക കാലാവസ്ഥ മേഖല (Agro Climatic Zones) കളായി തിരിച്ചിട്ടുള്ളതിൽ മണൽ മണ്ണ് (Sandry Soil) എന്ന വിഭാഗത്തിലാണ് ന മ്മുടെ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഫല പുഷ്ടി യും,ജലം പിടിച്ചു നിർത്താനുള്ള കഴിവും ഈ മേഖലയി ലെ മണ്ണിന് താരതമ്യേന കുറവാണ്. ഈ രണ്ടു വസ്തു തകളും, ഉത്പ്പാദനക്ഷമത കുറയ്ക്കുന്നതും; കാർഷിക അദ്ധ്വാനം കൂട്ടുന്നതുമായ ഘടകങ്ങളാണ്. പഞ്ചായ ത്തി ലെ 1,2,3,4,12,13 വാർഡുകഠം കായൽത്തീരം ഉള്ള വയും,6,7,9,10 വാർഡുകഠം കരി പ്രദേശങ്ങഠം ഉഠംക്കൊ ള്ളുന്നവയുമാണ്.ഓരു ജല സാന്നിദ്ധ്യം ഈ പ്രദേശങ്ങ ളിൽ തെങ്ങ് കൃഷി ഒഴികെ മറ്റ് പല കൃഷികളും ആദായ കരമായി ചെയ്യുന്നതിന് തടസ്സം നില്ക്കുന്നു. 5,8,11,14 വാർഡുകഠം പൊതുവേ മണൽ പ്രദേശങ്ങളാണ്. മണ്ണു പരിശോധന സാർവ്വത്രികമായി നടന്നിട്ടില്ല. പഞ്ചായ ത്തിന്റെ മിക്ക പ്രദേശങ്ങളും പൊതുവേ അമ്ലത്വം കൂടിയ മണ്ണ് ഉള്ളവയാണ്.

പട്ടിക -2

തെങ്ങുകൃഷിയും തെങ്ങുരോഗവും

| വാർഡ് നമ്പർ | കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗബാധിതം(എണ്ണം) | | | |
|---|---|---|---|---|---|---|---|---|
| | (ഹെക്ടർ) | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | വേരുചീയൽ | ഓല അഴുകൽ | കൂമ്പുചീയൽ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 195 | 8000 | 28000 | 36000 | 1800 | 2970 | 80 | 4850 |
| 2 | 180 | 6000 | 25000 | 31000 | 1800 | 2550 | 125 | 4475 |
| 3 | 190 | 5500 | 26500 | 32000 | 1750 | 2000 | 160 | 3910 |
| 4 | 210 | 5700 | 30000 | 35700 | 1300 | 2700 | 170 | 4170 |
| 5 | 185 | 4500 | 25000 | 29500 | 1200 | 2500 | 80 | 3780 |
| 6 | 200 | 4000 | 27000 | 31000 | 1900 | 2600 | 70 | 4570 |
| 7 | 205 | 4850 | 29000 | 43850 | 1800 | 3300 | 125 | 5255 |
| 8 | 198 | 3600 | 24000 | 27600 | 1500 | 3100 | 75 | 4675 |
| 9 | 220 | 4000 | 27000 | 31000 | 1500 | 2900 | 75 | 4475 |
| 10 | 199 | 4830 | 26000 | 30830 | 1600 | 2600 | 105 | 4305 |
| 11 | 205 | 4850 | 29000 | 33850 | 1500 | 1950 | 50 | 3500 |
| 12 | 188 | 3620 | 28000 | 31620 | 1500 | 1800 | 50 | 3350 |
| 13 | 240 | 6500 | 30500 | 37000 | 1800 | 2750 | 100 | 4650 |
| 14 | 180 | 3600 | 26000 | 29600 | 1200 | 2500 | 50 | 3750 |
| ആകെ | 2795 | 69550 | 381000 | 460550 | 22150 | 36220 | 1315 | 59685 |

(അവലംബം : അടിസ്ഥാന വിവര രജിസ്റ്റർ)

പട്ടിക - 3

വിള വിസ്തീർണ്ണവും ഉൽപ്പാദനവും

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉൽപ്പാദനം | ഉൽപ്പാദനക്ഷമത ഹെക്ടറിന് |
|---|---|---|---|---|
| 1 | നെല്ല് ഒന്നാംവിള | 8 | 9600 Kg | 1200 Kg |
| 2 | നെല്ല് രണ്ടാം വിള | 8 | 10000 Kg | 1250 Kg |
| 3 | നെല്ല് മൂന്നാം വിള | - | - | - |
| 4 | തെങ്ങ് | 2795 | 14254500 തേങ്ങ | 5100 തേങ്ങ |
| 5 | പയർ | 25 | 5000 Kg | 2000 Kg |
| 6 | പച്ചക്കറി | 40 | 100 ടൺ | 2500 Kg |
| 7 | വാഴ | 50 | 500 ടൺ | 10 ടൺ |
| 8 | മരച്ചീനി | 40 | 200 ടൺ | 5 ടൺ |
| 9 | കുരുമുളക് | 10 | 10 ടൺ | 1 ടൺ |
| 10 | കശുമാവ് | 20 | 160 ടൺ | 8 ടൺ |
| 11 | പ്ലാവ് | 10 | 160 ടൺ | 16 ടൺ |
| 12 | മാവ് | 15 | 600 ടൺ | 40 ടൺ |
| 13 | കവുങ്ങ് | 20 | 40 ടൺ | 2 ടൺ |

*(അവലംബം : അടിസ്ഥാന വിവര രജിസ്റ്റർ)*

പഞ്ചായത്തിലെ മുഖ്യ കൃഷി തെങ്ങാണ.തെങ്ങു കൃഷിക്ക് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയും,ഭൂ പ്രകൃതിയുമാണിവിടെ ഉള്ളത്.2795 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ചെയ്യുന്നുണ്ട്. ഹെക്ടറിന് 5100 തേങ്ങയാണ് വാർഷികാദായം. കേരളത്തിന്റെ വാർഷിക ശരാശരി, തെങ്ങൊന്നിന് 38 തേങ്ങയാണ്. സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ് പഞ്ചായത്തിലെ നാളികേര ഉത്പ്പാദനം.അമൃത കുംഭങ്ങളുടെ സമൃദ്ധിയിൽ തല താണിരുന്ന കല്പ വൃക്ഷങ്ങൾ ഇന്ന് പഴം കഥയായി.വ്യാപകമായ തെങ്ങ് രോഗവും, കീട ബാധയുമാണ് നാളികേര ഉത്പ്പാദനം ഗണ്യമായി കുറയ്ക്കുന്നത്. നാളി കേരത്തിന്റെ വില സ്ഥായിയല്ല. അതും വർദ്ധിച്ചു വരുന്ന കൃഷിച്ചെലവുകളും സ്ഥിതി ഏറെ ക്ലേശകരമാക്കുന്നു.

പഞ്ചായത്തിൽ ഏറ്റവും അധികം തൊഴിൽ നല്കുന്ന മേഖലയും തെങ്ങ് കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു.കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ 1701 പേരും കയർ മേഖലയിൽ പണിയെടുക്കുന്നവർ 5156 പേരും ഉണ്ട്.നാളികേര ഉത്പ്പാദനം വർദ്ധിപ്പിക്കേണ്ടത് ഏതു പ്രകാരത്തിൽ വീക്ഷിച്ചാലും അനിവാര്യതയാണ്.

### നെൽ കൃഷി

കഴിഞ്ഞ വർഷം സംസ്ഥാനത്ത് ഉപയോഗിച്ചത് 36 ലക്ഷം ടൺ അരിയാണ്.ഇവിടെ ഉത്പ്പാദിപ്പിച്ചത് 10 ലക്ഷം ടൺ അരിമാത്രമാണ്. നെൽ കൃഷി വികസനം ഗൗരവമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത മുകളിൽ സൂചിപ്പിച്ച കണക്കിൽ നിന്ന് ബോദ്ധ്യമാകുന്നതാണ്.കഴിഞ്ഞ വർഷം നമ്മുടെ പഞ്ചായത്തിൽ ആകെ ഉത്പ്പാദിപ്പിച്ചത് 20 ടൺ നെല്ല് മാത്രമാണ്. പഞ്ചായത്ത് ശരാശരി ഹെക്ടറിന് 1200 കി.ഗ്രാം. സംസ്ഥാന ശരാശരി 2018 കി.ഗ്രാം മാണ്. പഞ്ചായത്തുകളിലെ വയലുകളിൽ ഏറിയ പങ്കും വർഷങ്ങളായി തരിശിട്ടിരിക്കുകയാണ്.കാക്കത്തുരുത്തി,ചോതിമംഗലം,കുശവരത്തി,പുഞ്ചപ്പാടം എന്നീ നാല് ഏലപ്പാടങ്ങൾ കഴിഞ്ഞ പതിന്നാലു വർഷങ്ങളായി തരിശിട്ടിരിക്കുകയാണ്.

കരപ്പാടങ്ങളിൽ പലതും നെൽകൃഷിയിറക്കാതെ തരിശിടാറുണ്ട്. വിളവു കുറവും, വർദ്ധിച്ച കൃഷിച്ചെലവും ജല മാനേജുമെന്റിെ പോരായ്മകളും കാരണം നെൽ കൃഷി ആദായകരമല്ലാത്തതു കൊണ്ടാണ് കർഷകർ വിമുഖത കാട്ടുന്നത്. ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ രൂപികരിച്ച് കൂട്ടായ്മയിലൂടെ കൃഷിച്ചെലവ് കുറച്ചും, നെൽകൃഷിക്ക് ശേഷം പയർ, പച്ചക്കറി തുടങ്ങിയ വിളകൾ കൃഷിയിറക്കിയും കാർഷികാദായം വർദ്ധിപ്പിക്കാം.

### പച്ചക്കറി

പച്ചക്കറി ഉത്പ്പാദനം പഞ്ചായത്തിൽ പൊതുവേ കുറവാണ്.ഓരു വെള്ളം കയറാത്ത പ്രദേശങ്ങളിലെല്ലാം വളരെ ആദായകരമായി പച്ചക്കറി കൃഷി ചെയ്യാൻ പറ്റിയ കാലാവസ്ഥയാണ് പഞ്ചായത്തിലുള്ളത്. കുടുംബ പങ്കാളിത്തത്തോടെ വളരെ കുറഞ്ഞ സമയം കൊണ്ട് ഫലപ്രദമായി ചെയ്യാവുന്ന ഒന്നാണ പച്ചക്കറി കൃഷി.വീട്ടാവശ്യത്തിനും, വിപണനത്തിനും പറ്റിയ രീതിയിൽ കൃഷി ചെയ്യാവുന്നതാണ്.കേരളത്തിൽ ഒരു വർഷം 600 കോടി രൂപയുടെ പച്ചക്കറികൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വന്ന് വില്പന നടത്തുന്നുണ്ട്.വമ്പിച്ച വികസന സാദ്ധ്യതയാണ് ഈ മേഖലയ്ക്ക് ഉള്ളത്. വികസനത്തിന്റെ പ്രത്യക്ഷ ഫലം ഏറ്റവും ആദ്യം തരാൻ കഴിയുന്ന മേഖലകളിൽ ഒന്ന് പച്ചക്കറി കൃഷി ആയിരിക്കും.

### കശുമാവ്

കശുമാവ് കൃഷിക്ക് അനുയോജ്യമായ ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്.വലിയ പരിചരണം വേണ്ടാത്തതും നല്ല ആദായം തരുന്നതുമാണ് കശുമാവ് കൃഷി. കശുമാവ് കൃഷി സാദ്ധ്യത വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

### പഴ കൃഷി

വാഴ, കൈതച്ചക്ക, മാങ്ങ, പപ്പായ തുടങ്ങിയ പഴവർഗ്ഗ കൃഷികൾ ചെയ്യുന്നതിന് നല്ല സാദ്ധ്യതകൾ ഉണ്ട്. ആഭ്യന്തരവും, വൈദേശികവുമായ വിപണന സാദ്ധ്യതകൾ ഏറ്റവും ഉള്ളതാണ് പഴ കൃഷി.പുരയിടങ്ങളിൽ വിളയായും,വയൽ വരമ്പുകളിലും വാഴ കൃഷിക്ക് സാദ്ധ്യതകൾ ഏറെയാണ്.

### കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങ്,കാച്ചിൽ,ചേന,ചേമ്പ്, മരച്ചീനി തുടങ്ങിയവ തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്.മുൻ കാലങ്ങളിൽ ഇവ വ്യാപകമായി കൃഷി ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ ഈ വക കൃഷി താരതമ്യേന കുറവാണ്. (പട്ടിക 4,5 നോക്കുക).

### കമുക് കൃഷി

വലിയ പരിചരണം കൂടാതെ വളരെ ആദായകരമായി കൃഷി ചെയ്യാവുന്നതാണ് കമുക്.നമ്മുടെ കാലാവസ്ഥയ്ക്കും,ഭൂ പ്രകൃതിയ്ക്കും ഈ കൃഷി ഏറെ യോജിച്ചതാണ്.മംഗള,ശ്രീ മംഗള തുടങ്ങിയവ വളരെ കുറച്ച് വർഷങ്ങൾ കൊണ്ട് കായ്ക്കുന്നതും,അത്യുത്പ്പാദന ശേഷിയുള്ളതുമായ കമുകിൻ തൈകൾ ഇന്ന് സുലഭമാണ്.തെങ്ങിനു ചെയ്യേണ്ട പരിചരണം വേണ്ടാത്തത്ര ഈ കൃഷി വികസിപ്പിക്കേണ്ടതാണ്.

### എല്ലാ തെങ്ങിലും കുരുമുളക്

നല്ല സാദ്ധ്യതയുള്ള ഒരു നാണ്യ വിളയാണ് കുരുമുളക്. ഇൻഡ്യയുടെ ഉത്പ്പാദനത്തിന്റെ ഏതാണ്ടു 90% ൽ അധികം കുരുമുളക് ഉത്പ്പാദിപ്പിക്കുന്നത് കേരളത്തിലെ നാലഞ്ചു ജില്ലകളിലാണ്. വേനൽക്കാലത്തുള്ള ജലസേചന സൗകര്യം ഉള്ള എല്ലാ പറമ്പുകളിലും ഈ കൃഷി ആദായകരമായി ചെയ്യാം .എല്ലാ തെങ്ങിലും കുരുമുളക് ചെടി പടർത്തി കയറ്റിയാൽ നാളികേര ഉത്പ്പാദനത്തിലെ കുറവ് മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഗണ്യമായി കുറയ്ക്കുവാൻ കഴിയും.

### നൂതന കൃഷി രീതികൾ

ഔഷധ സസ്യങ്ങൾ,പൂ കൃഷി,അലങ്കാര സസ്യ കൃഷി, വെറ്റില കൃഷി തുടങ്ങിയവയ്ക്ക് കാർഷിക രംഗത്ത് അനന്ത സാദ്ധ്യതകളാണുള്ളത്.സാമ്പത്തികമായി വളരെ നേട്ടമാണ്ടാക്കാവുന്ന മേഖലയാണിത്.നമ്മുടെ പഞ്ചായത്തിൽ ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ ഇവയിൽ ചിലത് കൃഷി ചെയ്യുന്നുണ്ടെങ്കിലും വിപണന ലക്ഷ്യത്തോടെയുള്ള പുതിയ സംരംഭങ്ങൾ വികസന ലക്ഷ്യങ്ങളാണ്.

പട്ടിക-4 ഉടമസ്ഥതയിലെ മാനം(എണ്ണം)

| വില്ലേജ് | 1 മുതൽ 10 സെന്റുവരെ | 10-25 | 25-50 | 50-100 | 1 ഏക്കർ - 2ഏക്കർ വരെ | 2-5 | 5 ഏക്കറിൽ കൂടുതൽ |
|---|---|---|---|---|---|---|---|
| തണ്ണീർമുക്കം വടക്ക് | 4467 | 995 | 1419 | 591 | 123 | 79 | 5 |
| കൊക്കോതമംഗലം | 4219 | 2253 | 1500 | 958 | 212 | 135 | 6 |
| ആകെ | 8687 | 3248 | 2919 | 1549 | 335 | 214 | 11 |

(അവലംബം : റവന്യൂ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്)

## പട്ടിക - 5
## കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർ

| വാർഡ് | കൃഷി | കർഷക തൊഴിലാളി | ആകെ |
|---|---|---|---|
| 1 | 142 | 100 | 242 |
| 2 | 32 | 125 | 157 |
| 3 | 33 | 67 | 100 |
| 4 | 27 | 24 | 51 |
| 5 | 28 | 72 | 100 |
| 6 | 57 | 111 | 168 |
| 7 | 81 | 91 | 172 |
| 8 | 21 | 74 | 95 |
| 9 | 31 | 99 | 130 |
| 10 | 51 | 120 | 171 |
| 11 | 5 | 55 | 60 |
| 12 | 14 | 51 | 65 |
| 13 | 32 | 60 | 92 |
| 14 | 20 | 78 | 98 |
| ആകെ | 574 | 1127 | 1701 |

*(അവലംബം :സാമൂഹ്യ സാമ്പത്തിക സർവ്വേ - 96 )*

കുളങ്ങളും, തോടുകളും അണ് പ്രധാന ജല സ്രോതസ്സുകൾ. കുഴൽക്കിണറുകൾ പലയിടത്തും സ്ഥാപിച്ചിട്ടുണ്ടെങ്കിലും വ്യാപകമായിട്ടില്ല. മുൻ കാലങ്ങളിൽ തെങ്ങ് കൃഷിക്ക് പോലും ഒന്നുരാടം ദിവസങ്ങളിൽ നടത്തിയിരുന്ന കൈനന കൊണ്ടാണ് ജലസേചനം നടത്തിയിരുന്നത്. ഇലക്ട്രിക്ക് മോട്ടോറുകൾ സ ാർവ്വത്രികമായിട്ടുണ്ടെങ്കിലും വൈദ്യുതിക്ഷാമം അവയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ താഴ്ത്തി കഴിഞ്ഞാൽ പഞ്ചായത്തിന്റെ കരി പ്രദേശങ്ങളെല്ലാം ഒരു പുളിയുള്ള ജലമാണ് കിട്ടുന്നത്.ഇത് ജലസേചന സാദ്ധ്യത കുറയ്ക്കുന്നു.

നിലവിലുള്ള കുളങ്ങളും, ശുദ്ധജലത്തോടുകളും വെട്ടി സംരക്ഷിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.ഭൂഗർഭ ജലശേഖരം ഇവിടെ സമ്പന്നമായതിനാൽ ആ സാധ്യതകളേയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഗ്രൂപ്പ് ഇറിഗേഷനും,കമ്മ്യൂണിറ്റി ഇറിഗേഷനും വഴി ജലസേചന സാദ്ധ്യതകളെ കൂടുതൽ കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

വർഷകാലങ്ങളിൽ ജലം കെട്ടി നിന്ന് കൃഷി നശിച്ചു പോകാറുണ്ട്. മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന പരമ്പരാഗത ജല നിർഗ്ഗമന മാർഗ്ഗങ്ങൾ ഇല്ലാതായതാണ് കാരണം. നീരൊഴുക്കുള്ള തോടുകളുമായി ബന്ധിപ്പിച്ച് ജല നിർഗ്ഗമന മാർഗ്ഗങ്ങൾ പ്രാദേശികമായി നിർമ്മിക്കാനുള്ള സാദ്ധ്യതകൾ ആരായണം.

### പ്രശ്നങ്ങൾ

1.കൃഷി യോഗ്യമായ ഭൂമി മുഴുവൻ കൃഷി ചെയ്യാതെ തരിശായിട്ടിരിക്കുന്നു.
2.തെങ്ങ് രോഗം സാർവ്വത്രികമാണ്. അതിനാൽ നാളികേരോത്പ്പാദനം ഗണ്യമായി കുറയുന്നു.
3.വയലുകളും, തോടുകളും,കുളങ്ങളും വ്യാപകമായി നികത്തുന്നു.
4.നീർ വാർച്ച സൗകര്യം ഇല്ലാത്തതു കൊണ്ട് പല പ്രദേശങ്ങളിലും മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് കൃഷി നാശം ഉണ്ടാക്കുന്നു.
5.ജലസേചന സൗകര്യം വേണ്ടത്രയില്ല.
6.കർഷകത്തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
7.കൃഷി ച്ചെലവ് ഗണ്യമായി വർദ്ധിക്കുന്നു.
8.നല്ല നടീൽ വസ്തുക്കളും,വിത്തുകളും കിട്ടാനില്ല.
9.ഉത്പ്പന്നങ്ങൾക്ക് വേണ്ടത്ര വില കിട്ടുന്നില്ല.
10.ഉത്പ്പാദനക്ഷമത കുറയുന്നു.
11.മണ്ണു പരിശോധന നടക്കുന്നില്ല.
12.ജൈവ വളം ലഭിക്കാനുള്ള സാദ്ധ്യത കുറയുന്നു.
13.രാസവള വില താങ്ങാനാവുന്നില്ല.
14.ചില വാർഡുകളിൽ ഓരു കയറി കൃഷി നാശം ഉണ്ടാകുന്നു.
15.തേങ്ങയുടെ വില സ്ഥായിയായി കിട്ടുന്നില്ല. വിപണന സൗകര്യം കുറവാണ്.
16.ചില വാർഡുകളിൽ മണ്ണൊലിപ്പ് കാണുന്നു.
17.അനധികൃതമായി മണ്ണ് കടത്തി കൊണ്ടുപോകൽ മൂലം ഫലപുഷ്ടിയുള്ള മണ്ണ് മുഴുവനും നഷ്ടപ്പെടുന്നു.
18.കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമല്ല.
19.എലി ശല്ല്യം വളരെക്കൂടുതൽ.
20.കാർഷികോപദേശവും,ബോധവത്ക്കരണവും വ്യാപകമായി കിട്ടുന്നില്ല.
21.കാർഷിക വായ്പാ സൗകര്യം വേണ്ടത്രയില്ല.
22.വിള ഇൻഷ്വർ ചെയ്യാനുള്ള സംവിധാനം വേണം.
23.ചകിരിച്ചോറ് പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

### സാദ്ധ്യതകൾ

1.തരിശു ഭൂമികളിൽ കൃഷിയിറക്കുവാനുള്ള പദ്ധതികൾ.
2.ഗ്രൂപ്പ് ഫാമിംഗ്.
3.വയലുകൾ,തോടുകൾ,കുളങ്ങൾ ഇവ നികത്തുന്നതിനെതിരേ വ്യാപകമായ ബോധവത്ക്കരണവും കർശനമായ നിയമ നടപടികളും സാമൂഹ്യ സമ്മർദ്ദവും.
4.പഞ്ചായത്തുതല നേഴ്സറികൾ.
5.രോഗം ബാധിച്ച തെങ്ങുകൾ ഒരേ സമയം വെട്ടി മാറ്റി പുതിയ തൈകൾ വെച്ച് പിടിപ്പിക്കുന്നതിന് പഞ്ചായത്ത് തല പദ്ധതി.
6.കർഷകന് നഷ്ട പരിഹാരമായി തെങ്ങൊന്നിന് 500 രൂപാ നല്കുക.
7.രോഗബാധിത വൃക്ഷങ്ങൾ വെട്ടി മാറ്റി പകരം കൃഷി ചെയ്യുന്നതിന് പലിശയില്ലാത്തതും, 5 വർഷങ്ങൾക്ക് ശേഷം തിരിച്ചടവ് ആരംഭിക്കേണ്ടതുമായ കൃഷി വായ്പകൾ നല്കുക .
8.നാളികേര സംഭരണം, സംസ്കരണം, വിപണനം തുടങ്ങിയവക്ക് സഹകരണ മേഖലയിൽ സ്ഥാപനങ്ങൾ തുറക്കുക.
9.ഇന്നത്തെ സിന്തറ്റിക്ക് ശീതള പാനീയങ്ങൾക്കു പകരം ഇളനീർ ഉപയോഗം വ്യാപകമായി പ്രചരിപ്പിക്കുക.
10.ചകിരിച്ചോറ് അസംസ്കൃത വസ്തുവായി ഉപയോഗിച്ച് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
11.പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും ഒരേ സമയം പച്ചക്കറി കൃഷി തുടങ്ങുക.
12.പച്ചക്കറിയും, മറ്റ് കാർഷികോത്പ്പന്നങ്ങളും വിപണനം ചെയ്യുന്നതിന് പഞ്ചായത്തുതല സംഭരണ-വിപണന കേന്ദ്രങ്ങൾ തുടങ്ങുക.
13.ശാസ്ത്രീയമായി മണ്ണ് പരിശോധനക്ക് കർഷകർക്ക് പരിശീലനം നല്കുകയും, കാർഷിക സമിതികളുടെ നേതൃത്വത്തിൽ മണ്ണ് പരിശോധനാ കേന്ദ്രം തുറന്ന് പ്രവർത്തിക്കുകയും ചെയ്യുക.
14.നെൽ വയലുകളിൽ വിള പരിവർത്തനം നടപ്പിലാക്കിയാൽ കൃഷി ആദായകരമാക്കാം.
15.പച്ചില വള സ്രോതസ്സ് പുനരുജ്ജീവിപ്പിക്കുക.
16.ജൈവവള പ്രയോഗത്തിന് ഊന്നൽ നല്കി കൊണ്ടുള്ള വളപ്രയോഗ രീതികൾ കർഷകരുടെ സഹായത്തോടെ നടപ്പാക്കാം.
17.അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.
18.കാർഷിക യന്ത്രങ്ങൾ കൃഷി ഭവനിലൂടെ കർഷകർക്ക് വിതരണം ചെയ്യൽ.
19.കരിങ്കൽ പിച്ചിങ്ങ് കെട്ടി തോടുകൾ കെട്ടി സംരക്ഷിക്കൽ.
20.നൂതന കൃഷി രീതികൾ പ്രചരിപ്പിക്കുക.
(പട്ടിക 6,7,8 നോക്കുക)

പട്ടിക - 6

## വർഷപാതരേഖ ( മില്ലീ മീറ്ററിൽ )
(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് മഴ പെയ്ത ദിവസങ്ങളുടെ എണ്ണം)

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | അ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | 22.4 | 25.0 | 83.7 | 37.5 | 624.3 | 516.6 | 565.8 | 177.7 | 154.1 | 336.2 | 254.4 | 47.4 | 28 |
| | (2) | (1) | (2) | (2) | (22) | (23) | (24) | (16) | (9) | (17) | (7) | (1) | (1 |
| 1991 | 6 | ഇല്ല | 23.6 | 150.8 | 149.5 | 993.7 | 485.7 | 457.4 | 51.5 | 205.6 | 82.6 | 22 | 26 |
| | (1) | (0) | (64) | (15) | (14) | (26) | (23) | (18) | (6) | (17) | (5) | (2) | (1 |
| 1992 | ഇല്ല | 4.5 | ഇല്ല | 6.2 | 276.4 | 654.8 | 586.8 | 461 | 324.2 | 383 | 322.6 | 6.2 | 30 |
| | (0) | (1) | (0) | (2) | (13) | (24) | (26) | (22) | (12) | (18) | (18) | (2) | (1 |
| 1993 | ഇല്ല | 2 | 7 | 78.1 | 202.4 | 911.5 | 780.8 | 177 | 161.2 | 604.1 | 203.5 | 35.6 | 31 |
| | (0) | (1) | (1) | (8) | (18) | (26) | (26) | (14) | (10) | (18) | (12) | (2) | (1 |
| 1994 | 4.6 | 40.5 | 59 | 107 | 241.8 | 583 | 649 | 356 | 188.3 | 403.6 | 114 | 1.4 | 274 |
| | (1) | (3) | (3) | (7) | (12) | (23) | (23) | (19) | (12) | (23) | (6) | (1) | (13 |
| 1995 | 12.2 | ഇല്ല | 69.6 | 150.8 | 324.9 | 592.6 | 619 | 425.9 | 343.1 | 218.4 | 117.8 | ഇല്ല | 287 |
| | (2) | (0) | (5) | (15) | (19) | (23) | (24) | (19) | (18) | (15) | (10) | (0) | (13 |
| 1996 | 18.8 | ഇല്ല | ഇല്ല | 134.6 | 116.6 | 473.8 | 516.6 | 236.2 | - | - | - | - | 149 |
| | (2) | (0) | (0) | (1) | (9) | (20) | (25) | (22) | - | - | - | - | (79 |

പട്ടിക - 7
തരിശുനിലങ്ങൾ

| ക്രമ നമ്പർ | വയലിന്റെ പേര് | വിസ്തീർണ്ണം | ഉടമസ്ഥർ |
|---|---|---|---|
| 1 | കാക്കത്തുരുത്തി | 17.5 ഹെക്ടർ | 62 |
| 2 | പോതിമംഗലം | 18.5 ഹെക്ടർ | 100 |
| 3 | കുശവരത്തിൽ | 11 ഹെക്ടർ | 47 |
| 4 | പുഞ്ചപ്പാടം | 13.5 ഹെക്ടർ | 66 |
| | ആകെ | 60.5 ഹെക്ടർ | |

പട്ടിക - 8
ജലസേചന യന്ത്രങ്ങൾ

| വാർഡ് | ഇലക്ട്രിക്ക് മോട്ടർ | മണ്ണെണ്ണ മോട്ടർ | ആകെ |
|---|---|---|---|
| 1 | 117 | 10 | 117 |
| 2 | 92 | 7 | 99 |
| 3 | 131 | 1 | 131 |
| 4 | 183 | 15 | 198 |
| 5 | 189 | 6 | 195 |
| 6 | 192 | 3 | 195 |
| 7 | 120 | 8 | 128 |
| 8 | 186 | 4 | 190 |
| 9 | 66 | 1 | 67 |
| 10 | 142 | 4 | 146 |
| 11 | 432 | 6 | 438 |
| 12 | 178 | 2 | 180 |
| 13 | 113 | 8 | 121 |
| 14 | 178 | 3 | 181 |
| ആകെ | 2319 | 66 | 2385 |

*(അവലംബം സാമൂഹ്യ സാമ്പത്തിക സർവ്വേ-96)*

നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയിൽ ശാസ്ത്രീയമായ മൃഗസംരക്ഷണത്തിന് അതിപ്രധാനമായ ഒരു പങ്കാണ് നിർവ്വഹിക്കാനുള്ളത്. കൃഷിയും മൃഗ സംരക്ഷണവും ഊടും പാവും പോലെ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ടിന്റേയും കൂട്ടായ പ്രവർത്തനം പരസ്പരം സംപുഷ്ടമാക്കാനും തദ്വാരാ കർഷകന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനും ഉപകരിക്കുന്നു. മൃഗസംരക്ഷണം മനുഷ്യന്റെ ചരിത്രാതീത കാലം മുതലുള്ള സംസ്ക്കാരത്തിന്റെ ഒരു ഭാഗമായിരുന്നു. ഈ പാരമ്പര്യം നമ്മുടെ ഗ്രാമീണ കർഷകർ ഇന്നും നില നിർത്തിപ്പോരുന്നു. മാറ്റത്തിൽ മല വെള്ളപ്പാച്ചിലിൽ കട പുഴകി വീഴാതെ ആ സംസ്ക്കാരം ഇന്നും നില നിന്നു പോരുന്നു.

"മൃഗ സംരക്ഷണം". എന്ന സംജ്ഞ കൊണ്ടുദ്ദേശിക്കുന്നത് ആട്, മാട്, പന്നി, കോഴി, താറാവ് മുതലായവ ഉൾക്കൊള്ളുന്ന പക്ഷി മൃഗാദികളെ ശാസ്ത്രീയമായി പരിപാലിച്ച് അവയിൽ നിന്നും അതിന്റെ തനതായ ഉൽപ്പന്നങ്ങൾ ലാഭകരമായി പരമാവധി വർദ്ധിപ്പിച്ച് സാമ്പത്തിക നേട്ടം ഉണ്ടാക്കുക എന്നതാണ് പ്രധാനം. ഈ കാഴ്ചപ്പാടിലൂടെ ഈ വിഷയത്തെ നോക്കുമ്പോൾ നമ്മുടെ ഈ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള മൃഗ സമ്പത്ത് (പക്ഷി മൃഗാദികൾ), അവയുടെ എണ്ണത്തിലും വണ്ണത്തിലുമുള്ള വളർച്ചയും,ഉയർച്ചയും അവയെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രസ്ഥാനങ്ങളും, അവയുടെ പ്രവർത്തന നേട്ടങ്ങളും കോട്ടങ്ങളും എന്നിതിനെപ്പറ്റിയെല്ലാം ഒരു സാമാന്യാവലോകനം നടത്തേണ്ടതാവശ്യമാണ്.

ആദ്യമായി ഏതാനും ദിവസങ്ങൾക്ക് മുൻപ് തയ്യാറാക്കിയ സാമൂഹിക, സാമ്പത്തിക സർവ്വേ പ്രകാരം നമ്മുടെ ഗ്രാമ പഞ്ചായത്തിലുള്ള പക്ഷി മൃഗാദികളുടെ വാർഡു തിരിച്ചുള്ള വിവരം ചാർട്ട്-1 ൽ കാണുക.



# മൃഗസംരക്ഷണം
# മത്സ്യബന്ധനം

മൃഗ സംരക്ഷണ പ്രവർത്തനത്തിൽ നാം പരമ പ്രാധാന്യം കൊടുത്തു വരുന്നത് കാലി വളർത്തലിനാണ്. എരുമയെ വളർത്താൻ അനുയോജ്യമായ സാഹചര്യമാണ് നമ്മുടെ ഭൂപ്രകൃതിക്കുള്ളതെങ്കിലും എന്തു കൊണ്ടോ നമ്മുടെ കർഷകർ ഈ രംഗത്ത് താൽപ്പര്യം കാണിക്കുന്നില്ല. വർഗ്ഗോദ്ധാരണ പ്രക്രിയയിലൂടെ "വെച്ചൂർ" പശു മുതലായ നമ്മുടെ നാടൻ ഇനങ്ങളെ കഥാവശേഷമാക്കികൊണ്ട് വിദേശ ജനുസ്സിൽപ്പെട്ട അധികം പാൽ തരുന്ന ജർസി, സ്വിസ്സ് ബ്രൗൺ, ഹോൽസൈററൻ മുതലായ മുന്തിയ തരം പശുക്കൾ സാർവ്വത്രികമായി രംഗപ്രവേശം ചെയ്തിരിക്കുന്നു. രോഗ പ്രതിരോധ ശക്തിയുള്ളതും അളവിൽ കുറവെങ്കിലും ഗുണമേൻമയുള്ള പാൽ ചുരത്തുന്നതുമായ നമ്മുടെ നാടൻ പശുക്കൾക്ക് പകരം വന്ന അത്യുൽപാദന ശേഷിയുള്ള വിദേശിയിയാകട്ടെ സഹജമായ ഒട്ടേറെ പ്രശ്നങ്ങളുമുണ്ട്. "ധവള വിപ്ലവം" ഒരു യാഥാർത്ഥ്യമായി കൊണ്ടിരിക്കുന്നുവെങ്കിലും ക്ഷീര കർഷകർ ഇന്ന് ഒരു നിരാശയുടെ കരിനിഴലിലാണ് ജീവിക്കുന്നത് ജീവിത മാർഗ്ഗങ്ങൾ വഴിമുട്ടി നിന്ന ഒരു കാലഘട്ടത്തിൽ സർക്കാരിന്റെ പ്രലോഭന വാഗ്ദാനങ്ങളും സാമ്പത്തിക സ്ഥാപനങ്ങളുടെ വായ്പഅ സൗകര്യങ്ങളിലും ആകൃഷ്ടരായി ഒട്ടനേകം സാധുക്കൾ കന്നുകാലി വളർത്തൽ ഒരു തൊഴിലായും ഉപ തൊഴിലായും സ്വീകരിച്ചിട്ടുണ്ട്. ഭൂരിപക്ഷം കർഷകരും കടക്കെണിയിൽപ്പെട്ടുഴലുകയായിരുന്നു. പരാജയത്തിനു കാരണങ്ങൾ പലതാണെങ്കിലും പ്രധാനപ്പെട്ടവ ശാസ്ത്രീയാവബോധത്തിന്റെ പോരായ്മയും പാലിന്റെ വിപണന സൗകര്യത്തിലുള്ള അപര്യാപ്തതയുമായിരുന്നു മുഖ്യ പ്രശ്നം. ഇന്നു നമ്മുടെ ഈ ഗ്രാമ പഞ്ചായത്തിൽ മിൽമയുമായി ബന്ധപ്പെട്ട ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അനേകം സ്വകാര്യ വ്യക്തികളും പാൽ സംഭരണത്തിൽ ഏർപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പാലി

വിപണനം ഇന്നൊരു കാര്യമായ പ്രശ്നമായി അനുഭവപ്പെടുന്നില്ല. ഇന്ന് ക്ഷീര കർഷകരുടെ പരാതികളിൽ മ ുഖ്യമായത് ഉല്പാദന ചിലവും വരവും തമ്മിൽ പെരുത്തപ്പെടുന്നില്ല എന്നുള്ള താണ്.കർഷകരെ മദ്ധ്യവർത്തികളുടെ ചൂഷണ ത്തിൽ നിന്നും രക്ഷിക്കുന്നതിനാണ് ക്ഷീരസഹ കരണ സംഘങ്ങൾ അവതരിച്ചിട്ടുള്ളതെങ്കിലും കർഷകരിന്നും അസംതൃപ്തരാണ് . പാലിന് വില നിശ്ചയിക്കുന്ന മാനദണ്ഡം പ്രധാനമായും അതിലടങ്ങിയിരിക്കുന്ന കൊഴുപ്പിൻെറ തോതാ ണ്. കുടുതൽ പാൽ ചുരത്തുന്ന പശുക്കളുടെ പാലിൽ സ്വാഭാവികമായും താരതമ്യേന കൊഴു പ്പിന്റെ തോത് കുറവായിരിക്കും . അതിന്റെ ഫലമാ യി കർഷകന് ലഭിക്കുന്നതാകട്ടെ ഒരു ലിറ്റർ പാ ലിന് ലഭിക്കുന്നത് ശരാശരി ഏഴോ, എട്ടോ രൂപ മാത്രം. ക്ഷീര സഹകരണസംഘങ്ങളുടെ നേട്ട ങ്ങളുടെ വിഹിതം സംഘങ്ങളെ നിലനിർത്തുന്ന ഭൂരിപക്ഷം കർഷകർക്ക് ലഭിക്കുന്നില്ല എന്നതാ ണ് സത്യം . കാരണം അംഗത്വമുള്ള ക്ഷീര കർഷ കർക്കുമാത്രമേ സംഘത്തിൽ നിന്നുമുള്ള ആനു കുല്യങ്ങൾക്കെല്ലാം അർഹതയുള്ളു. പാലളക്കു ന്ന കർഷകരെ എല്ലാവരേയും സഹകരണ സംഘങ്ങളിൽ അംഗത്വം കൊടുക്കുന്നില്ല.സാങ്കേ തികതത്വത്തിന്റെ കാരണങ്ങൾ പറഞ്ഞ് ഭുരിപ ക്ഷം കർഷകർക്കും അംഗത്വം നിഷേധിച്ചിരിക്കു കയാണ്. സംഘത്തിന് സ്വന്തമായി സ്ഥലം , ആ സ്ഥാന മന്ദിരം മുതലായ ആസ്ഥികൾ കാട്ടി ഊ റ്റം കൊണ്ടതു കൊണ്ട് പാവപ്പെട്ട കർഷകന് എ ന്താണൊരുനേട്ടം. ഒരു ലിറ്റർ പാലളക്കുന്ന ഒരു കർഷകനു പോലും അതിന്റേതായ നേട്ടങ്ങൾ കിട്ടേണ്ടതാണ്. "മിൽമാ" പാലിന്റെ വില്പ്പന വിലയ്ക്കനുസൃതമായ വില കർഷകനും കിട്ട ണം. അതിനു വിഘാതമായിട്ടുള്ളവയെല്ലാം ഇല്ലാ താകണം .

കാലി വളർത്തൽ ലാഭകരമായ ഒരു തൊഴിലാ ണ് എന്ന തോന്നലിന് ആക്കം കുട്ടണമെങ്കിൽ പാലിന്റെ ആഭ്യന്തര ഉപയോഗം പതിന്മടങ്ങു വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു . പാലും പാലിന്റെ ഉത്പ്പന്നങ്ങളും നമ്മുടെ ദൈനം ദിന ഭക്ഷണ ക്രമത്തിൽ ശ്രേഷ്ടമായ ഒരു സ്ഥാനം നൽകണം . വിലയേറിയതുമോ ഗുണപ്രധാനവുമായ ഭക്ഷ്യവ സ്തുക്കളുടെ പിറകെ പരക്കം പായാതെ സാത്വി ക ഗുണ പ്രധാനമായ പാലും അതിൻെറ ഉപോ ത്പ്പന്നങ്ങളും സ്വാദിഷ്ടമായി കഴിക്കാൻ നാം ശീലിക്കണം . പറയത്തക്ക പോഷക മൂല്യങ്ങളൊ ന്നും ഇല്ലാത്തതും പാർശ്വഫലങ്ങളുള്ളവാക്കു ന്നവയുമായ ലഘുപാനീയങ്ങൾക്ക് ആവശ്യ ക്കാർ ഏറെ, അതിനാകട്ടെ വിലയും വളരെ കുടു തൽ കൊടുക്കണം . ശുദ്ധമായ പാൽ അതേ അള വിൽ (200 മില്ലി) കേവലം രണ്ടു രൂപയ്ക്ക് സുലഭമെങ്കിലും ജനങ്ങൾ പൊതുവേ ഇതിനോട് നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചു വരുന്നത്. ആരോഗ്യത്തിന് ഹാനികരവും സാമ്പത്തികമായും സാമൂഹികവുമായി മനുഷ്യ നെ അധപതിപ്പിക്കുകയും ചെയ്യുന്ന മദ്യം സേവിക്കാൻ കാണിക്കുന്ന വ്യഗ്രതയുടെ ഒരംശമെങ്കിലും ഒരല്പ്പം പാലു വാങ്ങികുടിക്കാൻ കാണിച്ചിരുന്നെങ്കിൽ ! .

കാലിത്തീററയുടെഅടിക്കടിയുള്ള വിലക്കയറ്റം ഭയാ നകമായി തുടരുകയാണ്. ഗുണനിലവാരമാകട്ടെ താഴോട്ടും. കാലീത്തീറ്റയുടെ നിർമ്മാണ രംഗത്ത് ഭാരത ത്തിലെ വൻകിട വ്യവസായ സ്ഥാപനങ്ങൾ പലതും പ്രവർത്തിക്കുന്നുണ്ട്. ടാറ്റാ, ഗോദ്റെജ് ,ഹിന്ദു ലിവർ മുതലായവർ ആ പട്ടികയിൽപ്പെടുന്നു. ലാഭം കൊയ്യാ വുന്ന ഒരു മേഖലയിലാണ് കാലിത്തീററ നിർമ്മാണം എന്നതിനു തെളിവാണിത്. സർക്കാരിന് ആഭിമുഖ്യമുള്ള ഒരു സഹകരണ പ്രസ്ഥാനവും ഈ രംഗത്ത് പ്രവർ ത്തിക്കുന്നുണ്ട്. എന്നാൽ കർഷകരുടെ ആവശ്യം നിറ വേറ്റാൻ അവരുടെ ഉത്പ്പന്നങ്ങൾക്ക് കഴിയുന്നി ല്ല. ഉൽപാദനവും, ഉപയോഗവും തമ്മിലുള്ള ഗണ്യമാ യ അന്തരം തന്നെ കാരണം. എന്നാൽ കാലിത്തീററയു ടെ വില വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അവർ സ്വകാര്യ സ്ഥാപനങ്ങളുമായി മത്സരത്തിലാണുതാനും .

ക്ഷീര കർഷകർ നേരിടുന്ന മറ്റൊരു മുഖ്യ പ്രശ്നം പ ച്ചപ്പുല്ലിന്റേയും വൈക്കോലിന്റേയും ദൗർല്ലഭ്യമാണ്. ജന സാന്ദ്രത വർദ്ധിച്ചു വരുന്നതോടുകൂടി കൃഷി ഭൂമിയുടെ വ്യാപ്തി കുറഞ്ഞു കൊണ്ടിരിക്കുന്ന നമ്മുടെ ഗ്രാമ ത്തിൽ ഐശ്വര്യമായി നിലനിന്നിരുന്ന വലുതും ചെറു തുമായ മേച്ചിൽ സ്ഥലങ്ങൾ ജനവാസകേന്ദ്രങ്ങളായി കഴിഞ്ഞു. ചെറുതും വലുതുമായ നെൽപ്പാടങ്ങൾ നെടു നാളായി തരിശിടുകയോ, മററു പലതുമായി രൂപാന്തരം പ്രാപിക്കുകയോ ചെയ്തു കഴിഞ്ഞു. കായലിനക്കരെ പുത്തൻ കായൽ മുതലായ പ്രദേശങ്ങളിൽ നിന്നും ശേഖരിച്ചു മാർക്കറ്റിൽ എത്തുന്ന പച്ചപ്പുല്ലാണ് ഒരു പരിധി വരെ പച്ചപ്പുൽ ക്ഷാമം പരിഹരിക്കുന്നത്. അവിടേയും ഭൂഉടമകൾ പുല്ലുചെത്തുന്നതിനും മറ്റും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരികയാണെന്നറിയു ന്നു. വൈക്കോലിൻെറ ആവശ്യം നിവവേറ്റുന്നത് പ്രധാന മായും കുട്ടനാടൻ വയലേലകളിൽ നിന്നും കൊണ്ടു വ രുന്ന കച്ചിയും താരതമ്യേന വില കൂടിയ പാലക്കാടൻ വൈക്കോലും ഉപയോഗിച്ചാണ്.

### ആട് വളർത്തൽ

ആട്, പാവപ്പെട്ടവന്റെ പശുവെന്ന ഖ്യാതി നേടി യ ഒരു വളർത്തു മൃഗമാണ് . അൽപ്പം ശ്രദ്ധ പതിപ്പി ച്ചാൽ വളരെ ലാഭകരമായി ചെയ്യാവുന്ന ഒരു തൊഴിലാ ണ് ആടു വളർത്തൽ . ആടു വളർത്തലിനു അനുകൂല മായ ഒരു ഭൂപ്രകൃതിയാണ് നമുക്കുള്ളത്. മാംസത്തിൻെ റ വിലയിൽ അഗ്രസ്ഥാനത്ത് നില കൊള്ളുന്നത് ഇന്നും ആട്ടിൻ മാംസം തന്നെ. പരമ്പരാഗതമായ നാടൻ ഇന ങ്ങളാണ് നമുക്ക് ഉള്ളത്. ഇതിനെ പൊതുവെ "മല ബാറി" ആടെന്നും പറയാറുണ്ട്.പാലിനും മാംസത്തിനും പുകഴ്പെറ്റ "ജമുനാപാരി" മുതലായ മുന്തിയതരം ആടുകളെ ഉപയോഗിച്ച് വർഗ്ഗോദ്ധാരണം നടത്തി നമ്മുടെ ആടിന്റെ പാലുല്പ്പാദനം വർദ്ധിപ്പിക്കാവുന്ന താണ്. ശാസ്ത്രീയമായ കൂടു നിർമ്മാണത്തിലും ആരോഗ്യ പരിപാലനത്തിലും നാം ഏറെ ശ്രദ്ധിക്കേണ്ടി യിരിക്കുന്നു.

### പന്നി വളർത്തൽ

നമ്മുടെ ഗ്രാമീണർ പ്രവേശിക്കാൻ ഇന്നും അറച്ചു നിൽക്കുന്ന ഒരു മേഖലയാണ് പന്നിവളർത്തൽ. പന്നി മാംസത്തിനോട് കൂടുതൽ ആഭിമുഖ്യമുള്ളവരാണ് മാംസഭുക്കുകളിൽ ഭൂരിപക്ഷമെങ്കിലും പല കാരണത്താൽ പന്നിവളർത്തൽ നമുക്കിന്നും ഒരു ബാലി കേറാമലയാണ്. അൽപ്പം സാഹസികതയും ശാസ്ത്രീയ ബോധവും കെമുതലായിട്ടുണ്ടെങ്കിൽ വളരെ ലാഭകരമായി നടത്താൻ കഴിയുന്ന ഒരു തോഴിലോ , ഉപതോഴിലോ ആണ് പന്നി വളർത്തൽ . പരിസര ശുദ്ധിക്ക് ഭീഷണിയായിക്കൊണ്ടിരിക്കുന്ന ഉച്ഛിഷ്ട വസ്തുക്കാം പലതും പന്നികളുടെ പഥ്യാഹാരമാണ്. ഹോട്ടൽ , മത്സ്യ മാർക്കറ്റ് ,ഇറച്ചി മാർക്കറ്റ്, പച്ചക്കറിക്കട എന്നിടങ്ങളിൽ നിന്നും ശേഖരിക്കുന്ന വർജ്ജ്യവസ്തുക്കാം ശേഖരിച്ച് പന്നികാംക്ക് നൽകി സ്വാദിഷ്ടവും ഗുണമേൻമയുള്ളതുമായ മാംസം ഉൽപാദിപ്പിക്കുവാൻ കഴിയും. പന്നിവളർത്തലിൽ നാം എത്രത്തോളം പിന്നിലാണെന്ന് സ്ഥിതിവ ിവരകണക്കിലെ പന്നികളുടെ എണ്ണം സൂചിപ്പിക്കുന്നുണ്ടല്ലൊ.

### മുയൽ

മാംസഭുക്കുകാംക്ക് വളരെ പ്രിയങ്കരമായ മാംസമാണ് മുയലിന്റേത്. ഒട്ടേറെ സവിശേഷതകളുള്ള മാംസമാണ് മുയലിന്റേത്. മുയൽ മാംസം വാണിജ്യാടിസ്ഥാത്തിൽത്തന്നെ ഉൽപാദിപ്പിക്കുവാനുള്ള സാദ്ധ്യതകാം നമ്മുടെ ഗ്രാമത്തിനുണ്ട്. കേവലം കൗതുകത്തിന് വേണ്ടി മാത്രമേ നമ്മുടെ കർഷകർ മുയലിനെ വളർത്തുന്നുള്ളു . വിദേശ ജനുസ്സിൽപ്പെട്ട ഗുണ മേൻമയുള്ള മുയലുകളെ ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത കൂടുകളിൽ ശാസ്ത്രീയമായി വളർത്തിയാൽ ലാഭം കൊയ്യാവുന്ന ഒരു മേഖലയാണ്.

### കോഴി, താറാവ്

മനുഷ്യന്റെ ആരോഗ്യ സംരക്ഷണത്തിൽ മുട്ടയുടെ ഉപയോഗത്തിന് ഗണ്യമായ സ്ഥാനമുണ്ട്.മുട്ട ഒരു ആഡംബര വസ്തുവായിട്ടാണ് ഗ്രാമീണർ ഭൂരിഭാഗവും കരുതുന്നത്. അൽപ്പം ശ്രദ്ധപതിപ്പിച്ചാൽ ഒരു തൊഴിലായോ ഉപതോഴിലായോ ഏവർക്കും സ്വീകരിക്കാവുന്ന ഒന്നാണ് കോഴി വളർത്തൽ . ഇറച്ചികോഴി വളർത്തലിനും സാദ്ധ്യതകാം ഏറെയാണ് . ചുരുങ്ങിയ കാലയളവിൽ വിളവെടുക്കാവുന്ന ഒന്നാണ് "ഇറച്ചി കോഴികൃഷി". മുട്ടയുല്പ്പാദനത്തിനും ഇറച്ചിയുൽപ്പാദനത്തിനും പുകഴ് പെററ ഇനങ്ങളെ നാം ഇനിയും കുടുതൽ സ്വായത്തമാക്കേണ്ടതുണ്ട്.ചെറുതും വലുതുമായ കോഴിവളർത്തൽ കേന്ദ്രങ്ങാം വ്യക്തികാംക്കോ സഹകരണാടിസ്ഥാനത്തിലോ തുടങ്ങാവുന്നതാണ് . ജൈവവളത്തിൻെറ ഉപഭോഗത്തിന് പ്രസക്തി ഏറിവരുന്ന ഈ കാലഘട്ടത്തിൽ കോഴി വളം ഒന്നാം തരം ജൈവ വളമായി ഉപയോഗിക്കാവുന്നതാണ്. കോഴി വളർത്തലിൽ

> *ചങ്ങലക്കിട്ട കൈയോടുകൂടിയ*
> *തൊഴിലാളിക്കു വേണ്ടിയാണ് ഭരണം.*
> *---- കാറൽ മാർക്സ്.*

പരിശിലനം നൽകുന്ന സർക്കാർ സ്ഥാപനങ്ങളു സാമ്പത്തിക സഹായം ചെയ്യുന്ന ധനകാര്യ സ്ഥാപന ങ്ങളും സുലഭമാണ്. ഇവരുടെ സേവനം പരമാവധി ചൂഷണം ചെയ്യണം .

ജലാശയങ്ങളുടെ ബാഹുല്യം കൊണ്ടനുഗ്രഹീതമാ ണ് നമ്മുടെ ഗ്രാമമെങ്കിലും താറാവു വളർത്തൽ രംഗ ത്ത് നാം ഇന്നും പിന്നോക്കാവസ്ഥയിലാണ്. ഗാർഹി കാവശ്യത്തിനായി മാത്രം മൂന്നോ നാലോ താറാവുകളെ ശേഖരിച്ച് ശാസ്ത്രീയ വീക്ഷണത്തോടുകൂടി ഈ മേഖ ല പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു .

ഔഷധ ഗുണംകൂടി അവകാശപ്പെടുന്നഒരു നവാഗത നാണ് കാടക്കോഴിയും അതിൻെറ മുട്ടയും . നമ്മുടെ ഗ്രാമത്തിൽ ഇനിയും പ്രചാരം സിദ്ധിച്ചിട്ടില്ലാത്ത കാട ക്കോഴി വളർത്തലിന് വികസന സാദ്ധ്യതകളേറെയാണ്

### മൃഗ ചികിത്സാ സൗകര്യങ്ങാം

ഒരു വെറ്റിനറി സർജൻ അടങ്ങുന്ന ഒരു വെറ്റിനറി ഡിസ്പെൻസറിയും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെ ക്ടർ മാത്രം ഉള്ള ഐ.സി.ഡി.പ്പി സബ് സെന്ററും ഈ രംഗത്ത് പ്രവർത്തിക്കുന്നു.

ചേർത്തല വെറ്റിനറി പോളിയോ ക്ലിനിക്കിന്റേയും മുഹമ്മ പഞ്ചായത്തിൽ കായിപ്പുറത്തു പ്രവർത്തിക്കുന്ന വെറ്റിനറി ഡിസ്പെൻസറിയുടേയും സേവനം നമ്മുടെ കർഷകർ പ്രയോജനപ്പെടുത്താറുണ്ട്. കൂടാതെ ക്ഷീര സഹകരണ സംഘങ്ങാം മുഖാന്തരം മിൽമയുടെ മൃഗ ഡോക്ടർമാരും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട് ( സഹകരണ സംഘാംഗങ്ങാംക്കുമാത്രം). ഇത്രയും സാഹചര്യം നിലവിലുണ്ടെങ്കിലും ക്ഷീര കർഷകർ ഇന്നും സംതൃപ്തരല്ല. പലപ്പോഴും വിദഗ്ദ്ധ ചികിത്സ കരുടെ അഭാവം അത്യാവശ്യ മരുന്നുകളുടെ ദൗർല്ലഭ്യ വും ഈ രംഗത്ത് പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നു. രോഗത്തിനു ചികിത്സ, പൂർണ്ണമായ രോഗപ്രതിരോധ കുത്തിവെപ്പുകാം ,കന്നുകാലികളിൽ പ്രജനനം, കർഷ കരിൽ ശാസ്ത്രീയാവബോധം ഉളവാക്കൽ മുതലായ വയാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങാം കൊണ്ട് ഉദ്ദേശി ക്കുന്നതെങ്കിലും അപര്യാപ്തമായ പ്രവർത്തനശൈലി കർഷകരിൽ അസംതൃപ്തി ഉളവാക്കുന്നു.

വിത്തു കാളകളുടെ നിർമ്മാർജ്ജനത്തോടുകൂടി കന്നുകാലികളുടെ പ്രജനനത്തിനായി നാം അവലംബി ക്കുന്നത് കൃത്രിമ ബീജധാനത്തേയാണ്. ഇതിനുള്ള സൗകര്യങ്ങാം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കു ന്ന രണ്ടു സ്ഥാപനങ്ങളിലും കുടാതെ സമീപ പ്രദേശ ത്തെ സമാനസ്ഥാപനങ്ങളിലും ഉണ്ട്. ജഴ്സി, സ്വിസ്സ് ബ്രൗൺ , ഹോാം സ്റ്റയിൽ മുതലായ വിദേശ ജനുസ്സി ൽപ്പെട്ട കാളകളുടെ ബീജമാണു പ്രജനനത്തിന് ഉപ യോഗിക്കുന്നത് ." പ്രീമിയം ബുാംസെമൺ". ഉപയോ ഗിച്ചുള്ള ബീജധാരണം നമ്മുടെ പഞ്ചായത്തിൽ നില വിൽ വന്നിട്ടില്ല. ആവശ്യക്കാർ ഇന്നും ചേർത്തല വെറ്റി

ന്നി പോളി ക്ലിനിക്കിനേ സമീപിക്കേണ്ടിയിരിക്കുന്നു. യുക്തമായ സമയത്തു തന്നെ പശുക്കാം ഗർഭധാരണം നടത്തുന്നില്ല എങ്കിൽ കർഷകർക്ക് ഉണ്ടാവുന്ന നഷ്ടം കനത്തതായിക്കും. ലാഭകരമായ കാലി വളർത്തലിന്റെ ഒരു മുഖ്യ ഘടകം ഒരു പശുവിന്റെ രണ്ട് പ്രസവങ്ങാം തമ്മിലുള്ള ഇടവേള കുറയ്ക്കുക എന്നതാണ്. പശുവിൽ നിന്നും പാൽ ലഭിക്കാത്ത അഥവാ "ഡൈപീരിയഡ്" രണ്ടു മാസമായി പരിമിതപ്പെടുത്തണം.

> പരമമായ അധികാരം
> പരമമായി ദുഷിപ്പിക്കും
> --- ആക്റ്റൺ പ്രഭു

കന്നുകാലി സമ്പത്തിന് കനത്ത നാശനഷ്ടം വരുത്തുന്ന ഒരു വിപത്താണ് സാംക്രമിക രോഗങ്ങാം. കുളമ്പു രോഗം, അടപ്പൻ, കൊരലടപ്പൻ, കാലി പ്ലേഗ് മുതലായവ സാംക്രമിക രോഗങ്ങളാണെങ്കിലും നമ്മുടെ നാട്ടിൽ പലതവണ രംഗപ്രവേശനം ചെയ്തിട്ടുള്ളത് കുളമ്പുദീനം (Foot & Mouse Disese) മാത്രമാണ്. അടപ്പൻ എന്ന മാരക രോഗം ചില ഒറ്റപ്പെട്ട സംഭവങ്ങളായും ഉണ്ടായിട്ടുണ്ട്. മേൽ പ്രസ്താവിച്ച സാംക്രമിക രോഗങ്ങളെ ചെറുക്കുന്നതിന് ഫലപ്രദമായ കുത്തിവെപ്പ് നിലവിലുണ്ട്. എങ്കിലും സാർവ്വത്രികമായി ചെയ്തു വരുന്നത് കുളമ്പു രോഗത്തിനെതിരേയുള്ള കുത്തി വെപ്പാണ്. മൃഗ സംരക്ഷണ വകുപ്പും,"മിൽമ"യും ഈ ജോലി ഏറ്റെടുത്തു വരുന്നുണ്ട്. അശാസ്ത്രീയമായി ചെയ്യുന്നത് മൂലം പാർശ്വഫലങ്ങാം ഉണ്ടായ സംഭവങ്ങാം ഈ പഞ്ചായത്ത് പ്രദേശത്ത് നിരവധിയാണ്. പ്രതിരോധ കുത്തി വെപ്പുകാം രണ്ടു മേഖലയിൽ നിന്നും ചെയ്യുന്നുണ്ടെങ്കിലും രോഗം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തിട്ടില്ലെന്ന് വീണ്ടും, വീണ്ടും പൊട്ടി പുറപ്പെടുന്ന രോഗം ഒരു തെളിവ് മാത്രമാണ്.

കറവമാടുകളുടെ ഉത്പാദനക്ഷമത തകരാറിലാക്കുന്ന ഒരു രോഗമാണ് അകിടു വീക്കം. പോഷക കമ്മി രോഗങ്ങളും കന്നു കാലികളിൽ സാർവ്വത്രികമായി കാണുന്നു.വിപണിയിൽ നിന്നും ലഭിക്കുന്ന കാലി തീറ്റയുടെ മാറി മാറിയുള്ള ഉപയോഗം ഉദര രോഗത്തിന് ഒരു കാരണമായി ചൂണ്ടികാണിക്കപ്പെടുന്നു. കിടാക്കളുടെ ആരോഗ്യത്തേയും, വളർച്ചയേയും സാരമായി ബാധിക്കുന്ന ഒന്നാണ് വിര ശല്ല്യം.ഇതിന് ഫലപ്രദമായ ഔഷധങ്ങാം കൊടുക്കാവുന്നതാണെങ്കിലും പല കർഷകരും കിടാങ്ങാംക്ക് വിര മരുന്ന് യഥാസമയം കൊടുക്കുന്നില്ല. അതു പോലെ തന്നെ കർഷകരെ അലട്ടുന്ന മറ്റൊരു പ്രധാന പ്രശ്നം ആണ് കാലികളിൽ കാണുന്ന വന്ധ്യത. കിടാരികാം പ്രായപൂർത്തിയായിട്ടും മദിയുടെ ലക്ഷണം കാണിക്കായ്ക, കറവ മാടുകളിൽ തന്നെ യഥാസമയം മദി ലക്ഷണം ഉണ്ടാകാതിരിക്കുക തുടങ്ങിയവയാണ് പ്രത്യക്ഷത്തിൽ കാണുന്ന വന്ധ്യതയുടെ ലക്ഷണങ്ങാം.ഇതിന് നിദാനമായ പല കാരണങ്ങാം ഉണ്ടെങ്കിലും പോഷകാഹാര കമ്മിയാണ് അതിൽ സുപ്രധാനം.ശൈശവാവസ്ഥയിലുള്ള കിടാവിന് അതിന്റെ ആരോഗ്യ കരമായ വളർച്ചയ്ക്ക് ആവശ്യമായ പാല് നല്കുകയും യഥാസമയം വിര മരുന്ന് കൊടുത്തും ധാതു ലവണങ്ങളാൽ സമ്പുഷ്ടമായ പോഷകാഹാരവും പച്ചപ്പുല്ലും അവസരത്തിനൊത്ത് നല്കിയും വേണം കിടാക്കളെ പരിപാലിക്കാൻ. ജനനേന്ദ്രിയങ്ങളുടെ വളർച്ചയ്ക്ക് ധാതു ലവണ മിശ്രിതം ആവശ്യഘടകമാണ്.

കോഴി വളർത്തൽ മേഖലയെ തളർത്തുന്ന പല പകർച്ചവ്യാധികളും നമ്മുടെ നാട്ടിൽ ഇന്നും നിലനില്ക്കുന്നു. അവയിൽ ഏറ്റവും മാരകമായത് "കോഴി വസന്ത" യാകുന്നു. രോഗം വരാതെ സൂക്ഷിക്കുന്നതിന് ഫലപ്രദമായ കുത്തി വെപ്പുണ്ട്.രോഗം വന്നാൽ ചികിത്സ നിഷ്ഫലവും.കോഴി വസൂരി മുതലായവ രോഗങ്ങളും കോഴിയെ ബാധിക്കുന്നുണ്ടെങ്കിലും കോഴി വസന്ത പോലെ കനത്ത നഷ്ടം വരുത്താറില്ല.താറാവുകളെ കൂട്ടത്തോടെ നശിപ്പിക്കുന്ന സാംക്രമിക രോഗമാണ് താറാവ് വസന്ത അഥവാ (Duck Plauge). ഈ രോഗത്തിനെതിരായി ഫലപ്രദമായ കുത്തി വെപ്പുണ്ട്.

### കാലിത്തൊഴുത്ത്

കന്നുകാലികളുടെ ആരോഗ്യ പരിപാലനത്തിന് ശാസ്ത്രീയമായ തൊഴുത്ത് ഒരാവശ്യ ഘടകമാണ്.അമൂല്ല്യമായ കാലി വളം നഷ്ടപ്പെടുത്താതെ സൂക്ഷിച്ച് ശേഖരിക്കുന്നതിന് മാതൃകാ തൊഴുത്തുകാം സാർവ്വത്രികമായി വേണ്ടതാണ്.

### ഗോബർ ഗ്യാസ് പ്ലാന്റ്

പാചകത്തിനും,വെളിച്ചെത്തിനുമുള്ള ഇന്ധനക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുന്ന ഇക്കാലത്ത് പ്രതീക്ഷയുടെ വെള്ളി വെളിച്ചം നല്കുന്ന ഒന്നാണ് ബയോഗ്യാസ്. ഒന്നിലധികം കന്നുകാലികളെ വളർത്തുന്നവർക്ക് അല്പം മുതൽമുടക്കിയിൽ അനായാസേന ചെയ്യാവുന്ന ഒന്നാണ് ഗോബർ ഗ്യാസ് പ്ലാന്റ്.ഇതിന്റെ ഉപയോഗം തികച്ചും അപകട രഹിതം കൂടിയതാണ്.പ്ലാന്റിൽ നിന്നുള്ള ഉച്ഛിഷ്ടം വിലയേറിയ ജൈവവളമായും ഉപയോഗിക്കാം.

### കശാപ്പുശാലകാം

മാംസാവശ്യത്തിന് മൃഗങ്ങളെ അതിക്രൂരമായി തെരുവിലിട്ട് കശാപ്പ് ചെയ്ത് വൃത്തിഹീനമായ സാഹചര്യങ്ങളിൽ മാംസം വിറ്റഴിക്കുകയാണ് ഇന്നത്തെ പതിവ്. തികച്ചും അനധികൃത കശാപ്പാണ് ഇന്ന് നടക്കുന്നതിൽ സിംഹഭാഗവും. ഭക്ഷണത്തിന് ആവശ്യമായി കൊല്ലുന്ന മൃഗങ്ങളുടെ ആരോഗ്യ സ്ഥിതി, രോഗാവസ്ഥ ഇതൊന്നും പരിശോധിക്കാനുള്ള സംവിധാനം നിലവിലില്ല.

### പാൽ വിതരണം

ആഭ്യന്തര ഉപയോഗത്തിന് പല ഏജൻസികളും വിതരണം ചെയ്യുന്ന പാലും മറ്റുത്പ്പന്നങ്ങളും മായം ചേർന്നതാണെന്ന് പരക്കെ ആക്ഷേപമുണ്ട്. അതുകൊണ്ട് കർഷകൻ ഉത്പ്പാദിപ്പിക്കുന്ന ശുദ്ധമായ പാൽ വരെ സംശയ ദൃഷ്ടിയോടെയാണ് ഉപഭോക്താക്കാം കാണുന്ന

ത്.പാൽ വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പല ഏജൻസികളും പുറം നാട്ടിൽ നിന്നും ഇറക്കു മതി ചെയ്യപ്പെടുന്ന പാലാണ് വിതരണത്തിനായി ഉപയാഗിക്കുന്നത്. പാലിന്റെ പരിശുദ്ധി നിർണ്ണയിക്കാനുള്ള യാതൊരു പരിശോധനാ സമ്പ്രദായങ്ങളും നിലവിലില്ല.മേൽ വിവരിച്ച കാര്യങ്ങൾ തണ്ണീർമുക്കം പഞ്ചായത്ത് പ്രദേശത്തെ മൃഗസംരക്ഷണവും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളുടേയും ഒരു സാമാന്യ അവലോകനം മാത്രമാണ്. പോരായ്മകൾ പരിഹരിച്ച് കരുതലോടെ മൃഗ സംരക്ഷണ മേഖല വികസിപ്പിച്ചാൽ ഗ്രാമീണ സമ്പദ്ഘടനയിൽ അത്ഭുതകരമായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കും.

**നിർദ്ദേശങ്ങൾ**

1.മൃഗ സംരക്ഷണ മേഖലയിലേക്ക് പദമൂന്നുന്നവർ ബഹു ഭൂരിപക്ഷവും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരായിരിക്കും. മറ്റ് വ്യാപാര വ്യവസായ ആവശ്യത്തിന് അനുവദിക്കുന്നത് പോലെ തന്നെ സാമ്പത്തിക സഹായം ഈ മേഖലക്കും ഉറപ്പ് വരുത്തണം.

2.ഏതാണ്ട് എല്ലാം വിഭാഗം തൊഴിലാളികൾക്കും ഇന്ന് പെൻഷനും, ക്ഷേമനിധിയും നടപ്പിൽ വരുത്തി കൊണ്ടിരിക്കുകയാണ്. ഗ്രാമീണ സമ്പത്ത് വ്യവസ്ഥയിൽ ഗണ്യമായ പങ്ക് വഹിക്കുന്ന ക്ഷീര കർഷകർക്ക് ക്ഷേമനിധിയും, പെൻഷനും ഏർപ്പെടുത്തുക.

3.പാലിന് വില നിശ്ചയിക്കുന്നതിന് ഫലപ്രദമായ മാനദണ്ഡങ്ങൾ അവലംബിക്കുക.മിൽമയുടെ സംഭരണ വിലയും വിതരണ വിലയും തമ്മിൽ നിലവിലുള്ള അന്തരം കർഷകർക്ക് ഗുണമായി കുറയ്ക്കണം.ക്ഷീര സഹകരണ സംഘങ്ങളുടെ വളർച്ചയുടെ അളവ് കോൽ അവിടെ പാലളക്കുന്ന കർഷകരുടെ നേട്ടങ്ങളെ ആസ്പദമാക്കിയായിരിക്കണം. അളക്കുന്ന ഓരോ ലിറ്റർ പാലിനും ലാഭത്തിന്റെ വിഹിതം കർഷകന് ലഭിക്കുമെന്ന് ഉറപ്പ് വരുത്തണം.

4.ക്രമാതീതമായ കാലിത്തീറ്റ വില വർദ്ധനവ് നിയന്ത്രിക്കുക, കാലിത്തീറ്റ റേഷനിംഗ് അനുവദിക്കുക,മിൽമായുടെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറികളുടെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുക, കാലിത്തീറ്റയുടെ വിലയെ ബാധിക്കുന്ന അനാവശ്യ ചിലവ് കുറക്കുക .വിപണിയിൽ സുലഭമായ സ്വകാര്യ സ്ഥാപനങ്ങളുടെ ഗുണ നിലവാരം കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുക. കന്നു കാലികളുടെ ആരോഗ്യത്തിന് ഹാനികരമായ മായം ചേർക്കുന്ന കാലിത്തീറ്റകളുടെ ഉത്പാദകരേയും, വിതരണക്കാരേയും ശിക്ഷണ നടപടികൾക്ക് വിധേയമാക്കണം.നമ്മുടെ പഞ്ചായത്തിൽ തന്നെ സഹകരണാടിസ്ഥാനത്തിലോ അല്ലാതയോ കാലിത്തീറ്റ, കോഴിത്തീറ്റ മുതലായവ ഉത്പ്പാദിപ്പിക്കാനുള്ള യൂണിറ്റോ, യൂണിറ്റുകളോ സ്ഥാപിക്കാനുള്ള സാദ്ധ്യതകളാരായണം.

5.പച്ച പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ലഭ്യമായതും, അനുയോജ്യമായതുമായ എല്ലാ സ്ഥലത്തും മെച്ചപ്പെട്ട പുല്ലിനങ്ങൾ കൃഷി ചെയ്യണം. ആവശ്യമായ സാങ്കേതികവും,സാമ്പത്തികവുമായ സഹായം ബന്ധപ്പെട്ട വകുപ്പുകൾ ചെയ്യണം.

പുല്ലു സമൃദ്ധിയായി ലഭിക്കുന്ന സമയത്ത് ഗിനി നേപ്പിയർ, ഹൈബ്രിഡ് നേപ്പിയർ, ചോളം മുതലായ മികച്ചയിനം കാലിത്തീറ്റ പുല്ല്, സൈലേജായി സംസ്കരിച്ച് ദീർഘകാലം വരും കാലങ്ങളിൽ ഉപയോഗിക്കാനുള്ള പരിശീലനം കർഷകർക്ക് നല്കണം. തരിശായി കിടക്കുന്ന നെൽ വയലുകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ നെൽ കൃഷിയിറക്കണം.വൈക്കോലിന്റെ ക്ഷാമം പരിഹരിക്കാൻ ഒരളവുവരെയിതു സഹായിക്കും. കുട്ടനാടൻ മേഖലകളിൽ കതിർ മാത്രമടങ്ങുന്ന ഭാഗം കൊയ്തെടുക്കുന്ന ഇന്നത്തെ കൊയത്ത് രീതി പരിഷ്ക്കരിക്കണം. ആകാവുന്നിടത്തോളം താഴ്ത്തി കൊയ്ത് പരമാവധി വൈക്കോൽ ശേഖരിക്കാവുന്നതാണ്.അതിനുള്ള പ്രചരണവും, പ്രേരണയും ബന്ധപ്പെട്ട എല്ലാ ഭാഗത്തു നിന്നും ഉണ്ടാവണം.

6.പാലിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാനുള്ള ബോധവത്ക്കരണം ഫലപ്രദമായി നടപ്പിലാക്കണം. അംഗൻവാടി, ബാലവാടി എന്നിവടങ്ങളിലെ ശിശുക്കൾക്ക് നിലവിൽ കൊടുത്തു കൊണ്ടിരിക്കുന്ന ഭക്ഷണത്തോടൊപ്പം പാലും വിതരണം ചെയ്യണം.പാലിന്റെ സ്വാദിഷ്ടമായ,വൈവിധ്യമാർന്ന ഉത്പ്പന്നങ്ങൾ ഉണ്ടാക്കി കൃത്രിമ പാനീയങ്ങളും, മധുര പലഹാരങ്ങളും കൈയ്യടക്കിയിരിക്കുന്ന വിപണിയിൽ ആധിപത്യം പുലർത്തണം.അഭ്യസ്ഥവിദ്യരും. തൊഴിൽരഹിതരുമായ വനിതകൾക്കും മറ്റും ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കാവുന്നതാണ്.

7.നല്ലയിനം ആട്,കോഴി, താറാവ്,പന്നി,മുയൽ മുതലായവയുടെ കുഞ്ഞുങ്ങളെ ബന്ധപ്പെട്ട വകുപ്പ് മുഖാന്തരം നല്ലവരായ കർഷകർക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യണം. അവയെ വളർത്താനുള്ള ശാസ്ത്രീയ വിജ്ഞാനം പകർന്ന് കൊടുക്കുകയും വേണം. ആവശ്യമായ കോഴിക്കുഞ്ഞുങ്ങളേയും, താറാവിൻ കുഞ്ഞുങ്ങളേയും വിരിയിച്ചെടുക്കാവുന്ന "ഹാച്ചറികൾ" പഞ്ചായത്തു തലത്തിൽ സ്ഥാപിക്കണം.

വർഗ്ഗോദ്ധാരണത്തിനായി നല്ലയിനം മുട്ടനാടുകളെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി വളർത്താൻ ഏർപ്പാടു ചെയ്യണം. അതിനാവശ്യമായ സാമ്പത്തിക സഹായം നിബന്ധനകൾക്ക് വിധേയമായി നല്കുകയും വേണം.

8.നിലവില്ലുള്ള മൃഗചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം , അത്യാവശ്യ മരുന്നുകളും , വാക്സിനുകളും എല്ലാ മൃഗാശുപത്രികളിലും സുലഭമായിരിക്കണം. കർഷകർക്ക് ഏറെ ദ്രോഹം ചെയ്യുന്ന ഇന്നത്തെ മൃഗാശുപത്രികളുടെ പ്രവർത്തനസമയം പഴയപടി പുന:സ്ഥാപിക്കണം . പുതുക്കിയ നിയമം അനുസരിച്ച് അശുപത്രികളുടെ പ്രവർത്തനസമയം രാവിലെ 8.30 മുതൽ 2 മണി വരെ മാത്രം. രണ്ടു മണിയോടെ ആഫീസ് പൂട്ടി ജീവനക്കാർ തങ്ങളുടെ വാസസ്ഥലം പൂകുന്നു. അകസ്മികമായി ഉണ്ടാവുന്ന ഗുരുതരസ്വഭാവമുള്ള രോഗങ്ങൾക്ക് ഫലത്തിൽ വിദഗ്ദ്ധ ചികിത്സകരെ കിട്ടാതെ കർഷകർ

പട്ടിക -1

മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും

| വാർഡ് നമ്പർ<br>1 | പശു<br>2 | എരുമ<br>3 | ആട്<br>4 | പന്നി<br>5 | കോഴി<br>6 | താറാവ്<br>7 |
|---|---|---|---|---|---|---|
| 1 | 70 | - | 75 | - | 832 | 100 |
| 2 | 113 | - | 107 | - | 766 | 85 |
| 3 | 131 | - | 84 | - | 438 | 88 |
| 4 | 83 | - | 120 | - | 519 | 98 |
| 5 | 143 | - | 207 | 3 | 583 | 94 |
| 6 | 185 | - | 167 | 2 | 674 | 176 |
| 7 | 74 | - | 122 | 2 | 481 | 51 |
| 8 | 54 | - | 58 | 1 | 52 | 4 |
| 9 | 73 | - | 65 | - | 117 | 97 |
| 10 | 94 | - | 82 | - | 864 | 115 |
| 11 | 138 | - | 130 | 8 | 785 | 207 |
| 12 | 123 | - | 77 | - | 617 | 235 |
| 13 | 56 | - | 63 | 4 | 525 | 168 |
| 14 | 73 | - | 44 | - | 103 | 8 |
| ആകെ | 1410 | 3 | 1401 | 20 | 6956 | 2326 |

നെട്ടോട്ടമോടുന്ന ഒരു സ്ഥിതി വിശേഷമാണിന്നുള്ളത്. അതുകൊണ്ട് കർഷകർക്ക് 24 മണിക്കൂറും അടിയന്തിര ഘട്ടങ്ങളിൽ വൈദ്യ സഹായം ലഭിക്കാനുള്ള ക്രമീകരണങ്ങൾ ഫലവത്തായി ഉണ്ടാവണം.

രോഗ പ്രതിരോധ രംഗത്ത് ഇന്നു നടമാടുന്ന കുത്തഴിഞ്ഞതും ആസൂത്രിത രഹിതവും ആയ സമ്പ്രദായത്തിന് അറുതി വരുത്തണം. മൃഗ സംരക്ഷണ വകുപ്പും.മിൽമയും ഇപ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും വ്യത്യസ്തമായ ശൈലിയാണ് രണ്ടു കൂട്ടരും അവലംബിച്ചിരിക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും സമയ ബന്ധിത പരിപാടിക്കനുസരിച്ച് കുത്തി വെപ്പിന് വിധേയമാക്കുകയും അവ യഥാസമയം ആവർത്തിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. രോഗ ചികിത്സ, പ്രതിരോധ കുത്തിവെപ്പ് മുതലായവയ്ക്ക് വിധേയമാവുന്നതിനേക്കുറിച്ചും മറ്റുമുള്ള രേഖകൾ അടങ്ങുന്ന കാർഡുകൾ ഓരോ കന്നു കാലിയുടേയും പേരിൽ കർഷകർ സൂക്ഷിക്കുന്നത് നന്നായിരിക്കും.

കോഴി,താറാവ് മുതലായവയ്ക്ക്കനത്ത നാശ നഷ്ടങ്ങൾ വരുത്തി വെക്കുന്ന സാംക്രമിക രോഗങ്ങൾക്കെതിരായ കുത്തിവെപ്പ് ഫലപ്രദമായി നടപ്പിലാക്കണം .വാക്സിനേഷൻ പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുകയും പൊതുജന പ്രതിനിധികൾക്കുകൂടി ബോധ്യപ്പെടും വിധം നടപ്പിലാക്കുകയും വേണം.

9.കന്നുകുട്ടി പരിപാലനത്തിന് ഇന്ന് നിലവിലുള്ള (Cattle Feeds Subsidiary Scheme) വ്യാപകമാക്കണം.അർഹിക്കുന്ന എല്ലാ കർഷകർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കണം.

10.കർഷകരുടെ വിലപിടിപ്പുള്ള ഉരുക്കളെ സൗജന്യ നിരക്കിൽ ഇൻഷ്വർസിന് വിധേയമാക്കണം. ഇൻഷ്വർ ചെയ്ത് കിട്ടുന്നതിന് ഇന്നനുഭവിക്കപ്പേടേണ്ടി വരുന്ന ബുദ്ധിമുട്ടുകളും,സാമ്പത്തിക നഷ്ടവും ലഘൂകരിക്കുക.

11.മാംസാവശ്യത്തിനായി തെരുവിലിട്ട് അതിക്രൂരമായി കശാപ്പ് ചെയ്യുന്ന ഇന്നത്തെ പ്രാകൃത രീതി വിട്ട് ശാസ്ത്രീയമായി നിർമ്മിച്ച കശാപ്പു ശാലകളിൽ മാത്രം ആധുനിക രീതികൾ ഉപയോഗിച്ച് കശാപ്പ് ചെയ്ത് ഗുണ നിലവാരം ഉറപ്പ് വരുത്തിയതിനു ശേഷം മാംസ വില്പ്പന നടത്തുക. പുത്തനങ്ങാടിയിലെ നിർദ്ദിഷ്ട കശാപ്പുശാല പണി തീർത്ത് കേന്ദ്രീകൃത കശാപ്പു സൗകര്യം ഏർപ്പെടുത്തുക.

12.കശാപ്പ് ശാലയിൽ നിന്നും ഉപയോഗമില്ലാതെ തള്ളപ്പെടുന്ന ഉച്ഛിഷ്ടങ്ങൾ പന്നിക്ക് ആഹാരമായി കൊടുക്കാവുന്നതാണ്.

13.തെരുവ് നായ്ക്കളെ ശാസ്ത്രീയമായി നശിപ്പിക്കുക. എല്ലാ വളർത്തു നായ്ക്കൾക്കും പേയ് വിഷബാധയ്ക്കെതിരായ കുത്തി വെപ്പ് നടത്തുക.പട്ടി വളർത്തുന്നതിന് ലൈസൻസിംഗ് സമ്പ്രദായം കർക്കശമാക്കണം. പ്രതിരോധത്തിനും, ചികിത്സക്കും ആവശ്യമായ വാക്സിനുകൾ ആവശ്യാനുസരണം വിതരണ ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുകൾ സദാ സന്നദ്ധമായിരിക്കണം.

14.കൃഷി,മൃഗ സംരക്ഷണം,മത്സ്യ ബന്ധനം തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന ശുദ്ധമായ ഉത്പ്പന്നങ്ങളുടെ ഒരു വിപണന കേന്ദ്രം പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യണം.

*നമ്മുടെ ഗ്രാമീണർ പ്രവർത്തനങ്ങളിൽക്കൂടി പുതിയ കണ്ടു പിടുത്തങ്ങളുടെ വക്താക്കളാകണം ഗ്രാമാധിപത്യത്തിൽക്കൂടി സാമൂഹ്യ വികസനം നമുക്ക് യോജിച്ച് പ്രവർത്തിച്ചാൽ നേടുവാൻ കഴിയും ഇതായിരിക്കണം നമ്മുടെ നവീന വിജ്ഞാപനം. മനുഷ്യ നന്മയ്ക്കു വേണ്ടി കൊള്ള ലാഭത്തിനും, കോഴയ്ക്കുമെതിരേ ജനങ്ങളെ അണി നിരത്തുവാൻ കഴിയുന്നതായിരിക്കണം ജനകീയ മാനിഫെസ്റ്റോ.*

*--ജസ്റ്റിസ്.വി.ആർ.കൃഷ്ണയ്യർ*

## മത്സ്യ ബന്ധനം

പേരിനെ അന്വർത്ഥമാക്കും വിധം വൈവിദ്ധ്യമാർന്ന ജലാശയങ്ങൾ കൊണ്ടു സമ്പന്നമാണ് തണ്ണീർമുക്കം പഞ്ചായത്ത്. പഞ്ചായത്തിന്റെ തെക്കു കിഴക്കേ അറ്റമായ പുളിക്കൽ ചിറ മുതൽ വടക്കെ അറ്റമായ ചെങ്ങണ്ട വരെ കയറിയിറങ്ങി വേമ്പനാട്ടു കായൽ നമ്മുടെ ഗ്രാമത്തെ പുണർന്നു കിടക്കുന്നു. കായലിന്റെ കൈവഴികളായ കട്ടച്ചിറയാറും ,ചെങ്ങണ്ടയാറും ,വലുതും ചെറുതുമായ നിരവധി തോടുകളും കൈത്തോടുകളുമായി പെരുകി ഈ ഗ്രാമത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ശരത്തിലെ സിരാവ്യൂഹമെന്ന പോലെ വ്യാപിച്ച് നമ്മുടെ പഞ്ചായത്തിനെ ഫലഭൂയിഷ്ഠമാക്കുന്നു. കായലും , ആറുകളും , തോടുകളും കൂടാതെ നിരവധി ചാലുകളും ചതുപ്പുനിലങ്ങളും, വർഷങ്ങളായി കൃഷിയിറക്കാതെ തരിശായി കിടക്കുന്ന ചെറുതും വലുതുമായ നെൽപ്പാടങ്ങളും ,തെങ്ങിന്റെ ജലസേചനത്തിനായി പുരയിടങ്ങളിൽ സുലഭമായുള്ള കുളങ്ങളും നമ്മുടെ ജലാശയ ശ്രേണികളിൽപ്പെടുന്നു. കായലോരങ്ങളിൽ താമസിക്കുന്ന ഒരു ജനതയുടെ പാരമ്പര്യ തെഴിലും ജീവനോപാധിയും മത്സ്യ ബന്ധനവും ,വിപണനവുമാണ്. കായലിൽ നിന്നും വ്യാവസായികാവിശ്യത്തിനായി വെള്ളക്കയും ഇറച്ചിയാവശ്യത്തിനായി കറുത്തകക്കായും ശേഖരിക്കുന്ന ഒരു വിഭാഗം ജനങ്ങൾ വേറേയും.

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു ഭൂപ്രദേശമാണ് നമ്മുടെതെങ്കിലും മത്സ്യമേഖല ഇന്ന് ഒരു പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ശുദ്ധ ജലത്തിലും ഓരു ജലത്തിലും വളരാൻ കഴിവുള്ള കരിമീൻ; കണമ്പ്, അഥവാ തിരുത , കാളാഞ്ചി,പൂമീൻ മുതലായ മേൽത്തരം മത്സ്യങ്ങൾ നാശോന്മുഖമായി കൊണ്ടിരിക്കുകയാണ്. പുകഴ്പെറ്റ അറ്റുകൊഞ്ചു കൂടി ഉൾപ്പെട്ട ചെമ്മീൻ വർഗ്ഗങ്ങൾ എല്ലാം തന്നെ വർഗ്ഗനാശത്തിന്റെ പടിവാ

തുക്കൾ എത്തിനിൽക്കുകയാണ് (?) ...

കായൽ മത്സ്യ ബന്ധനത്തിലും വിപണനത്തിലും പണ്ടു മുതലേ ഖ്യാതി നേടിയ ഒരു ഗ്രാമമാണ്. ഇവിടെ സുലഭമായിരുന്ന കരീമിൻ ഗുണത്തിലും രുചിയിലും മുൻപന്തിയിലായിരുന്നു.

മത്സ്യ മേഖലയെ ഈ പതനത്തിലേക്കു നയിച്ച കാരണങ്ങളെപ്പറ്റി ഇത്തരുണത്തിൽ ഗാഢമായി ചിന്തിക്കേണ്ടതുണ്ട്. പരിഹരമാർഗ്ഗങ്ങൾ സത്വരം നടപ്പിലാക്കേണ്ടതുമുണ്ട്. മത്സ്യങ്ങൾക്ക് ആരോഗ്യകരമായി വളരാൻ അനുയോജ്യമായ ജലാശയങ്ങളുടെ വ്യാപ്തി ക്രമേണ കുറഞ്ഞ് വരുന്നു. അതിൽ മുഖ്യമായും കായലു തന്നെ. മറ്റു ജലാശയങ്ങളും ഇതിനൊരപവാദമല്ല. നമ്മുടെ ഗ്രാമത്തിൽ അങ്ങിങ്ങായി ഉണ്ടായിരുന്ന പൊതു കുളങ്ങൾ ഇല്ലാതാവുകയോ വ്യാപ്തിലോപിക്കുകയോ ചെയ്തിട്ടുണ്ട്. കിണറും, കുഴൽക്കിണറും, കുഴൽ ജലവും ജനങ്ങളുടെ ദൈനം ദിന ആവിശ്യത്തിനുള്ള ജല സ്രോതസ്സായിമാറിക്കഴിഞ്ഞു.

തത്വദീഷയില്ലാത്ത മത്സ്യബന്ധനോപാധികളും മത്സ്യത്തിന്റെ വംശനാശത്തിന് വഴിയൊരുക്കുന്നു.ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലം മത്സ്യ ബന്ധനത്തിൽ മാത്രമേ നാം അവലംബിക്കുന്നുള്ളൂ. മത്സ്യ സംരക്ഷണത്തിനുള്ള ശാസ്ത്രീയ വീക്ഷണത്തോടുകൂടി ഊന്നൽ കൊടുക്കണം . മുൻ കാലങ്ങളിൽ പ്രാദേശികാവിശ്യം നിറവേറ്റാൻ നമ്മുടെ നാടൻ മത്സ്യങ്ങൾ തന്നെ ഒരു പരിധിവരെ പര്യാപ്തമായിരുന്നു. പോരാത്തതിന് സുലഭമായി രുന്ന കടൽ മത്സ്യങ്ങളും . മേൻമയേറിയ മത്സ്യങ്ങൾക്ക് വദേശക്കമ്പോളത്തിൽ പ്രിയം വർദ്ധിക്കുകയും നമ്മുടെ കയറ്റുമതി സജീവമാകുകയും ചെയ്തു. വിദൂരദേശങ്ങളിലേക്ക് മത്സ്യം വിതരണം ചെയ്യാനുള്ള സംവിധാനം ഇന്നു നിലവിലുള്ളതുകൊണ്ട് നമ്മുടെ പ്രാദേശിക കമ്പോളത്തിൽ മത്സ്യം ആവിശ്യത്തിന് കിട്ടാതെ വരികയും ഉള്ളതിനുതന്നെ കൂടുതൽ വിലയും കൊടുക്കേണ്ടിവരികയു ം ചെയ്യുന്നു. ഗ്രാമീണരുടെ പ്രത്യേകിച്ച് തൊഴിലാളി വർഗ്ഗത്തിന് അവരുടെ കഠിനാദ്ധ്വാനത്തിന് കായശക്തി പ്രദാനം ചെയ്തിരുന്നത് നമ്മുടെ നാട്ടിൽ സുലഭമായിരുന്ന കപ്പയും മത്സ്യവുമായിരുന്നു. ഇതു രണ്ടും സാധാരണക്കാർക്ക് അപ്രാപ്യമായ വസ്തുക്കളായി മാറിക്കഴിഞ്ഞു.

ജലമലിനീകരണ കാരണം ശാസ്ത്രീയ മാർഗ്ഗമവലംബിച്ച് തടയണം .തൊണ്ട് ,ചകിരി മില്ലുകളുടെ ബാഹുല്യത്തോടുകൂടി ജലാശയങ്ങൾ മലീമസമായിക്കൊണ്ടിരിക്കുന്നു.മത്സ്യങ്ങൾക്കല്ല മറ്റു ജീവികൾക്കുപോലും നിലനിൽക്കാനവാത്ത വിധം വിഷലിപ്തമായിക്കൊണ്ടിരിക്കുന്നു. പായൽ വർഗ്ഗങ്ങളുടെ ആധിക്കവും മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു. സ്വാർത്ഥമതികളായ ചിലരുടെ മത്സ്യ ബന്ധനോപധികൾ മത്സ്യങ്ങളെ കൂട്ടത്തോട മാത്രമല്ല ഇതര ജലജീവികളെക്കൂടി നശിപ്പിക്കുന്നു. പൊതുവായ വെള്ളത്തിൽ ഃനഞ്ചുഃ കലക്കിയും ഃ തോട്ടഃ പൊട്ടിച്ചും വൈദ്യുതി ഉപയോഗിച്ച് ഷോക്ക് ഏൽപ്പിച്ചും മത്സ്യ ബന്ധനം നടത്താറുണ്ട്. ഇതു നിരുൽസാഹപ്പെടുത്തേണ്ടതാണ്. പൊൻമുട്ടയിടുന്ന താറാവിന്റെ വയറു കീറിയ ദുരാഗ്രഹിയുടെ പതനത്തിലെക്ക് നാം എത്തി നിൽക്കുകയാണ്.

നമ്മുടെ പഞ്ചായത്തിനെ ഒരു ഃ മത്സ്യ ഗ്രാമ ഃ മായി പ്രഖ്യാപിച്ചിരിക്കുന്നത് ഏറെ സന്തോഷത്തിനു വക നൾകുന്നു. ലഭ്യമായ ജലാശയങ്ങളെല്ലാം തന്നെ മത്സ്യ കൃഷിക്കായി പ്രയോജനപ്പെടുത്തുന്ന ഒരു തീവ്രയത്ന പരിപാടിയാണിത്. മത്സ്യ കൃഷിയോടൊപ്പം അനുബന്ധ വ്യവസയങ്ങളും വികസിപ്പിച്ചെടുക്കാവുന്ന ഒരു തൊഴിലായും ഉപ തൊഴിലായും പ്രായലിംഗ ഭേദമില്ലാതെ കടന്നു ചെല്ലാവുന്ന ഒരു മേഖലയാണ് മത്സ്യ കൃഷിയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും.

മത്സ്യ ബന്ധനവും മറ്റ് അനുബന്ധ പ്രവർത്തനവും മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടു ള്ളവരുടെ വാർഡ് തിരിച്ചുള്ള സ്ഥിതി വിവരക്കണക്ക് നോക്കുക. (ചാർട്ട്-2).

ലഭ്യമായ ഈ കണക്കിൽപ്പെടാത്ത വളരെ കൂടുതൽ ഗ്രാമീണർ ഉപതൊഴിലായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട് . ഇതിൽ നിന്നു തന്നെ നമ്മുടെ ഗ്രാമീണ സമ്പത്ത്ഘടനയിൽ മത്സ്യ കൃഷിക്കുള്ള പ്രാധാന്യം വ്യക്തമാകുന്നു.

മത്സ്യ സമ്പത്തിൽ നമ്മുടെ പ്രതാപം വീണ്ടെടുക്കണം. അധുനിക ശാസ്ത്ര സാങ്കേതിക മാർഗ്ഗങ്ങളവലംബിച്ച് നമ്മുടെ ജലാശയങ്ങളെ മത്സ്യ കൃഷിക്കായി പരമാവധി വിനിയോഗിക്കണം ജൈവസാങ്കേതിക വിദ്യകളാസ്പദമാക്കിയുള്ള ഒരു കാർഷികവൃത്തിയാണ് ഃജലകൃഷിഃ കൃഷിയുടെ പ രിപൂർണ്ണ വിജയത്തിന് സാങ്കേതിക , സാമ്പത്തികവശങ്ങളെക്കുറിച്ച് കൃഷിക്കാർ ബോധവൻമാരായിരിക്കണം. സങ്കേതിക വിദഗ്ധർ, കൃഷി വികസന ഏജൻസികൾ, അനുഭവസമ്പന്നരായ കൃഷിക്കാർ എന്നിവരുമായുള്ള സമ്പർക്കവും ചർച്ചയും ഈ രംഗത്ത് പ്രവേശിക്കുന്നവർക്ക് ആത്മവിശ്വാസം പകരും . ജല സാങ്കേതിക വിദ്യകളിൽ പരീശീലനം നൾകുന്ന സർക്കാർ ഏജൻസികളും സ്ഥാപനങ്ങളും കേരളത്തിൽ നിലവിലുണ്ട്. ശുദ്ധ ജല കൃഷി പദ്ധതികളിൽ കർഷകരെ സഹായിക്കുന്നതിനായി 14 മത്സ്യ കർഷക വികസന എജൻസികൾ ( എഫ്.എഫ്.ഡി.എ) , ഓരു ജല മത്സ്യകൃഷിയെ സഹായിക്കുന്ന 6 ഓരു ജല മത്സ്യകൃഷി വികസന ഏജൻസി (ബി.എഫ്.എഫ്.ഡി.എ), ജല കൃഷി പദ്ധതികൾക്ക് കേരളമാകമാനം പ്രവർത്തന പരിധിയുള്ള കേരള ജല കൃഷി വികസന ഏജൻസി (എ.ഡി.എ.കെ) എന്നിവയാണ് കർഷകർക്ക് ആശ്രയിക്കാവുന്ന സർക്കാർ ഏജൻസികൾ കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ സമുദ്രോല്പന്ന കയറ്റുമതി വികസന അതോറിറ്റി മുതലായ സ്ഥാപനങ്ങളും കർഷകർക്ക് സാങ്കേതിക സാമ്പത്തിക സഹായവും പരിശീലനവും നൾകുന്നുണ്ട്.

| വാർഡു നമ്പർ | മത്സ്യത്തൊഴിലാളികളുടെ എണ്ണം |
|---|---|
| 1 | 293 |
| 2 | 113 |
| 3 | 46 |
| 4 | 66 |
| 5 | 28 |
| 6 | 11 |
| 7 | 6 |
| 8 | 6 |
| 9 | 4 |
| 10 | 12 |
| 12 | 19 |
| 12 | 81 |
| 13 | 42 |
| 14 | 4 |
| ആകെ | 731 |

| കുളത്തിന്റെ പേര് |
|---|
| കണ്ടംകുളം |
| വലിയ കുളം |
| പെരുംകുളം |
| ആറാട്ടുകുളം |
| ബലിക്കുളം |
| പാട്ടുകുളം |
| കോതോത്തുകുളം |
| വെള്ളിയാകുളം |
| നക്കൻകുളം |

നമ്മുടെ വൈവിധ്യമാർന്ന ജലാശയങ്ങൾ എങ്ങനെ മത്സ്യ കൃഷിക്ക് പരുവപ്പെടുത്താമെന്നും ഏതു തരത്തിലുള്ള ജല കൃഷിയെയാണ് നാം അവലംബിക്കേണ്ടതെന്നും മറ്റുള്ള കാര്യങ്ങളെക്കുറിച്ച് വിദഗ്ദ്ധഭിപ്രായം തേടേണ്ടതുണ്ട്. മത്സ്യങ്ങളുടെ ആരോഗ്യകരമായ വളർച്ചക്കനുയോജ്യമായ രീതീയിൽ ജലാശയങ്ങൾ സജ്ജമാക്കണം. ജല മലീനീകരണത്തിൽ ഉറവിടങ്ങൾ കണ്ടെത്തി അവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ കർശനമായി നടപ്പിൽ വരുത്തണം .

**കായൽകൃഷി**

ജലാശയങ്ങളെല്ലാം തന്നെ മത്സ്യ കൃഷിക്ക് അനുയോജ്യമെങ്കിലും നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിസ്തീർണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് കായൽതന്നെ.പരമ്പരാഗതമായ മത്സ്യ ഇനങ്ങളുടെ വർഗ്ഗനാശത്തിനറുതി വരുത്തിക്കൊണ്ട് നവീനമായ പല കൃഷിമാർഗ്ഗളും അവലംബിക്കേണ്ടതുണ്ട്.

കായൽ കയറിക്കിടക്കുന്ന പലഭാഗങ്ങളും നമ്മുടെ ഈ പഞ്ചായത്തിലുണ്ട്. അവയിൽ ആഴം കുറഞ്ഞ ഭാഗങ്ങൾ കണ്ടെത്തി നീരൊഴുക്കും,ഗതാഗതവും തടയത്തക്ക വണ്ണം:വേലികെട്ടി: വേർതിരിച്ച് കരിമീൻ മുതലായ മത്സ്യങ്ങൾ സഹകരണിടിസ്ഥാനത്തിൽ വിജയകരമായി കൃഷി ചെയ്യാവുന്നതാണ്.

കായലിലും, ആറുകളിലും മത്സ്യക്കൂടുകൾ (cage culture) സ്ഥാപിച്ച് മത്സ്യ കൃഷി വിജയകരമായി പരീക്ഷിക്കാവുന്നതാണ്. നമ്മുടെ ജലാശയങ്ങളിൽ ഇന്നും പ്രചാരത്തിൽ വന്നിട്ടില്ലാത്ത ഈ സമ്പ്രദായം ഏറെ പ്രാധാന്യം അർഹിക്കുന്നു. അതുകൊണ്ടുതന്നെ പ്രോത്സാഹനാർഹവുമാണ്.

**കൊഞ്ചു കൃഷി**

കയറ്റുമതി കമ്പോളങ്ങളിൽ ഏറെ അറിയപ്പെടുന്ന നമ്മുടെ അറ്റു കൊഞ്ച് :ഏകവർഗ്ഗതുടർകൃഷി: സംഘകൃഷി മുതലായ രീതികളിൽചെയ്യാവുന്നതാണ്. നമ്മുടെ കായലും മറ്റു ജലാശയങ്ങളും ഇതിന്റെ വിളനിലമായി ഉപയോഗിക്കാം .വിലയേറിയ ഈ കയറ്റുമതി വിഭവം മറ്റേതു മത്സ്യ കൃഷിയെക്കാളും കൃഷിക്കാർക്ക് സാമ്പത്തിക മേൻമയുണ്ടാക്കുന്നതാണ്

**കായൽ ചിപ്പി കൃഷി**

നമ്മുടെ കായലിൽ വാണിജ്യാടിസ്ഥാനത്തിൽ ചെയ്യാവുന്ന ഒരു കൃഷിയാണ് ചിപ്പി അഥവാ :മുരിങ്ങ: .പലതരം ക കൃഷി സാങ്കേതിക വിദ്യകൾ ഈ രംഗത്ത് നമുക്ക് പരിചിതമായുണ്ട് അനുയോജ്യമായ തു കണ്ടെത്തി പ്രദേശികമായി വികസിപ്പിച്ചെടുക്കാവുന്നതാണ്. വടക്കൻ ജില്ലകളിൽ കല്ലുമ്മേ കായ് വളരുന്നതു പോലെ പ്രത്യേക ജല സങ്കേതങ്ങളിൽ കയറിൽ കെട്ടി വളർത്താവുന്നതാണ്.

**ഞണ്ടു കൃഷി**

വിദേശക്കമ്പോളത്തിന് ഇഷ്ട വിഭവമായ ഒന്നാണ് ഇവിടെ സുലഭമായ :പച്ചഞണ്ട്: ഞണ്ടു കൃഷിക്കുള്ള ലളിത സങ്കേതിക വിദ്യ ഉപയോഗിച്ച് ഈ കൃഷി വളരെ ലാഭകരമായി ചെയ്യാവുന്നതാണ് ഇപ്പോൾ ഞണ്ടിന് അഭ്യന്തര വിപണിയിലും നല്ല ഡിമാന്റുള്ളതുകൊണ്ട് വില്പന പ്രശ്നമാകുന്നില്ല.

**ചെമ്മീൻ കൃഷി**

നമ്മുടെ കായലുകളിലും മറ്റും സുലഭമായ പരമ്പരാഗത ചെമ്മീൻ ഇനങ്ങളെക്കൂടാതെ കയറ്റുമതി പ്രധാന്യമുള്ള :കാര: : താരൻ: എന്നീ ഇനങ്ങൾ കൃഷി ഫാമുകൾ ഉണ്ടാക്കി വിശാലമായി കൃഷി ചെയ്യാൻ കഴിയും . കൃഷിക്കുപയുക്തമല്ലാത്ത ആഴമുള്ള പാടങ്ങൾ രൂപാന്തരപ്പെടുത്താൻ സാധിക്കും . പാടശേഖരങ്ങൾ സജ്ജമാക്കി നെല്ലും ചെമ്മീനും മാറി മാറി കൃഷി ചെയ്യുന്ന സമ്പ്രദായം പരീക്ഷിക്കാവുന്നതാണ് വർഷങ്ങമായി തരിശിട്ടിരിക്കുന്ന പുഞ്ചപ്പാടം,കുശവരത്തി,കാക്കത്തുരുത്തി, ഏലാപ്പാടങ്ങളിൽ ചെമ്മീൻ കൃഷിക്കു നല്ല സാദ്ധതയുണ്ട്.

**കക്ക**

നമ്മുടെ കായലുകളിലും ആറുകളിലും സുലഭമായിരുന്ന ഒന്നാണ് കക്ക.പോഷക സംപുഷ്ടമായ ഇറച്ചിയും വ്യവസായിക പ്രാധാന്യമുള്ള അതിന്റെ പുറം തോടും ഈ കൃഷിയുടെ പ്രാധാന്യത്തിലേയ്ക്കു വിരൽ ചൂണ്ടുന്നു. കക്കയുടെ അക്ഷയ ഖനിയെന്നു വിശേഷിപ്പിച്ചിരുന്നു വേമ്പനാട്ടു കായൽ . അശാസ്ത്രീയമായ ചൂഷണം ഇതിന്റെ വംശ നാശത്തിന്റെ പടിവാതുക്കൽ വരെ എത്തിച്ചിരുക്കുകയാണ് ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള വൻകിട വ്യാപരികളുടെ കക്കാ സംഭരണ മാർഗ്ഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയം തിരുത്തണം. സഹകരണ സംഘങ്ങൾ കക്കാ സംഭരണവും വിൽപ്പനയും പോലെ തന്നെ കക്കായുടെ തുടർവിളവും ശ്രദ്ധിക്കണം. അതു കൊണ്ട് സാങ്കേതിക വിദഗ്ധരുടെ അഭിപ്രയത്തിനു വിധേയമായി കക്കായ്ക് ഒരു സംരക്ഷിത മേഖല തന്നെ തുറക്കേണ്ടിയിരിക്കുന്നു.

**നെൽ-ചെമ്മീൻ പാടങ്ങൾ**

നമ്മുടെ തരിശയായിക്കിടക്കുന്ന പാടങ്ങൾ പ്രത്യേകിച്ചും ആഴമുള്ള പാടശേഖരങ്ങൾ പരുവപ്പെടുത്തിയാൽ : ഇരിപ്പൂ: ചെമ്മീൻ കൃഷി നിലങ്ങളായി മാറ്റാവുന്നതാണ്. നെൽകൃഷിയും വിളവെടുപ്പിനുശേഷം ചെമ്മീൻ കൃഷിയും നമ്മുടെ പ്രിദേശിക ചുറ്റുപാടുകളിൽ ലാഭകരമായ ചെമ്മീൻ :വിത്തു: കൾ സംഭരിച്ച് വിജയകരമായി ഈ കൃഷി സമ്പ്രദായം നടപ്പിലാക്കാവുന്നതാണ്.

**മത്സ്യകൃഷി -പൊതുകുളങ്ങളിൽ**

മത്സ്യ സമ്പത്തു വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഉപയോഗത്തിലിരിക്കുന്നതും ഉപയോഗ ശൂന്യവുമായ പെതുകുളങ്ങൾ പരുവപ്പെടുത്തി അനുയോജ്യമായ മത്സ്യ ഇനങ്ങൾ സഹകരണടിസ്ഥാനത്തിലോ ജനകീയ ക്ലബു കളുടെ അഭിമുഖ്യത്തിലോ കൃഷി വിജയകരമായി നടത്താവുന്നതാണ്. നമ്മുടെ പരമ്പരാഗതമായ മത്സ്യ ഇനമായ കരിമീൻ,കാളാഞ്ചി മുതലായവയോ , മറ്റു ശുദ്ധജല മത്സ്യങ്ങളായ കറ്റല, രോഹിത, മൃഗല, പുൽമീൻ വെള്ളിമീൻ, സപ്രീന മുതലായവയുടെ സമ്മിശ്ര കൃഷിയോ വിജയകരമായി നടപ്പിലാക്കാവുന്നതാണ്.

> വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ് ജനങ്ങൾ
> ഉത്തരവാദിത്വത്തോടെ അധികാരം ഏറ്റെടുക്കണം എന്നുള്ളത്.
> അതിപ്പോൾ സംഭവിച്ചേക്കുമെന്നറിയുന്നതിൽ വളരെ ആഹ്ലാദം തോന്നുന്നു
> ഡിപ്പാർട്ട്മെന്റലിസം തീരണമെങ്കിൽ രാജ്യവാസികളുടേയും,വകുപ്പുകളുടേയുമിടയിൽ
> പടുത്തുയർത്തിയിട്ടുള്ള ബ്യൂറോക്രസിയുടെ ജീർണ്ണിച്ച കോട്ടകൾ തകരണം.
> ഇപ്പോഴും ജന നന്മയ്ക്കായി സർക്കാർ ഓഫീസുകളിൽ ചെല്ലുന്നവർ ഓച്ഛാനിച്ചു നിന്നു
> അധികാരികളോട് യാചന ചെയ്യുന്ന രീതി തീരെ മാറണം.
> താൻ കൂടിയാണ് 'സർക്കാർ' എന്ന് ഓരോ പൗരനും വിശ്വാസം വരണം.
> വരണം എന്ന് പറയുന്നതു കൊണ്ട് മാത്രം വരികയില്ല...
>
> -- ഗുരു നിത്യചൈതന്യയതി

### വീട്ടു വളപ്പിൽ മത്സ്യ കൃഷി

കൃഷി വികസനത്തിന്റെ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി നഗരങ്ങളിൽപ്പോലും ചെടിച്ചട്ടികളിലും ,ടെറസ്സിലും പച്ചക്കറി വിജയകരമായി പരീക്ഷിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വീട്ടാവശ്യത്തിന് ചെറുതും വലുതുമായ കുളങ്ങളിലും ,ടാങ്കുകളിലും മത്സ്യകൃഷി ചെയ്യാവുന്നതാണ്. ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധരുടെ സഹായ സഹകരണത്തോടു കൂടി തെരഞ്ഞെടുക്കപ്പെട്ട മത്സ്യങ്ങളെ വളർത്തി ഒരു പരിധി വരെ ആവശ്യം പരിഹരിക്കാവുന്നതാണ്.

### അലങ്കാര മത്സ്യ കൃഷി

വളരെ അധികം വകസന സാദ്ധ്യതകളുള്ള ഒരു മേഖലയാണ്, അലങ്കാര മത്സ്യങ്ങളുടെ ശാസ്ത്രീയ കൃഷി . തൊഴിൽ രഹിതരായ വനിതകൾക്കും ,വീട്ടമ്മമാർക്കും ഒര ു വരുമാന മാർഗ്ഗമായി ഈ തൊഴിൽ വികസിപ്പിച്ചെടുക്കാവുന്നവയാണ്. അലങ്കാര മത്സ്യങ്ങളിൽ സാധാരണയായി കണ്ടുവരുന്ന ഗോൾഡ് ഫിഷ്, എഞ്ചൽ , മോളി , ഗൌരാമി,മിനോടെട്രാ, അക്കാര , ശപ്പി, സീബ്രാ, പ്ലാറ്റി തുടങ്ങിയ വരവിനങ്ങൾ കുടാതെ നമ്മുടെ ഗ്രാമീണ ജലാശയങ്ങളിൽ കാണുന്ന അപൂർവ്വം ചില വർണ്ണഭംഗിയുള്ള ചെറുമത്സ്യങ്ങളെ ശേഖരിച്ച് വളർത്തി ഈ ശാഖ പരിപോഷിപ്പിക്കാവുന്നതാണ്.

സമഗ്രമായ മത്സ്യ വികസനം കൃഷി വികസനത്തോടു കൂടി വർദ്ധിക്കുന്ന മത്സ്യ സമ്പത്ത് വിപണനം ചെയ്യുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു പൊതു കമ്പോളം ഉണ്ടാവണം ഉപഭോക്താക്കൾക്ക്
ആവിശ്യാനുസരണം ഃഫ്രെഷ് ഃ ആയിട്ടുള്ള മത്സ്യങ്ങൾ ന്യയമായ വിലയ്ക്ക് കൊടുക്കാവുന്ന സംവിധാനം സഹകരണടിസ്ഥാനത്തിലും, സ്വകാര്യ മേഖലയിലും ഫലപ്രദമായി ഉണ്ടാവണം . മത്സ്യങ്ങൾ ,വിശിഷ്യ ചെമ്മീൻ ,വർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള അച്ചാർ മുതലായ വിഭവങ്ങൾ തയ്യാറാക്കുന്ന കുടിൽ വ്യവസായങ്ങൾ വനിതാ സ്മാജം മുഖേന നടപ്പിൽ വരുത്താവുന്നതാണ്.

മത്സ്യ ബന്ധന മേഖല കക്കാവാരു മേഖല ഈ പഞ്ചായത്തു പരിധിയിലെ വളരെ പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണെങ്കിലും തൊഴിലാളി കൾക്ക് ക്ഷേമകരമായിട്ടുള്ള സംഘങ്ങളോ പ്രസ്ഥാനങ്ങളോ ഇവിടെയില്ല. ആകെയുള്ളത് ഒരു മത്സ്യ തൊഴിലാളി സഹകരണ സംഘം മാത്രം. ഇതുമാറി മത്സ്യ ഫെഡിന്റെ ആനുകൂങ്ങൾ ലഭ്യമാകുന്ന മത്സ്യതൊഴിലാളി ക്ഷേമസംഘങ്ങൾഇവിടെയും രൂപികരിക്കണം.ഇന്ന് തണ്ണീർമുക്കത്ത് സ്ഥാപിച്ചിട്ടുള്ള മത്സ്യ തൊഴിലാളിക്കായുള്ള സർവ്വീസ് സഹകരണ സംഘം കൂടുതൽ പേർക്ക് അംഗത്വവും കൂടുതൽ ആനുകൂല്യം നൽകാൻ കഴിയും വിധം വിപുലപ്പെടുത്തണം.

വെളിയമ്പ്ര വളവിലും ,കട്ടച്ചിറ വളവിലും ഭൂമിശാസ്ത്രപരമായ സൗകര്യം പ്രയോജനപ്പെടുത്തി തണ്ണീർമുക്കത്തിന്റെ പ്രശസ്തിയുള്ള കരീമീനുകൾ മാത്രം വളർത്താൻ പോന്ന രണ്ടു കരീമീൻ ഫാമുകൾ സ്ഥാപിക്കണം.

ഫീഷറീസ് ഡിപ്പാർട്ടുമെന്റിന്റെ അഭിമുഖ്യത്തിൽ എല്ലാ മാസങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളും, വിത്തുകളും വിൽക്കുന്ന ഒരു നേഴ്സറി തണ്ണീർമുക്കത്തു സ്ഥാപിക്കുക.

തൊണ്ടു തല്ലു മില്ലുകളിൽ നിന്നും ജലശയങ്ങലേളിലേക്കു തള്ളുന്ന ചകിരിച്ചോറും , വ്യവസായ. ശാലകളിലെ മലിന ജലവും നിയന്ത്രിച്ച് മത്സ്യ സമ്പത്തിന്റെ വംശ നാശം തടയുക.

തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ കൃഷിക്ക് ദോഷമുണ്ടാക്കതെയും മത്സ്യ ബന്ധനത്തിന് ദ്രേഹമാകാതെയും ഉയർത്തുകയും,താഴ്ത്തുകയും ചെയ്യുന്ന ശാസ്ത്രീയ സംവിധാനം ക്രമപ്പെടുത്തുക.

മത്സ്യ ഫെഡ് ,മത്സ്യ തൊഴിലാളി സഹകരണസംഘം, മത്സ്യ തൊഴിലാളി ക്ഷേമനിധി ,ഫീഷറീസ് ഇൻസ്പെക്റ്റർ എന്നിവരുടെ കാര്യാലയങ്ങൾ ചേർന്നു ഒരു ഫീഷറീസ് കോംപ്ലക്സ് തണ്ണീർമുക്കത്ത് സ്ഥാപിക്കുക.

കക്കാവ്യവസയ തൊഴിലാളികൾക്ക് അംഗത്വമുള്ള സംഘങ്ങളുടെ അഭാവത്തിൽ ഇന്ന് വെച്ചൂർ, മുഹമ്മ, എന്നീ സംഘങ്ങൾ ഈ പഞ്ചായത്തിലെ വിഭവം ചൂഷണം ചെയ്യുന്നു. ഇതൊഴിവാക്കി ഈ പഞ്ചായത്ത് പ്രദേശം പ്രവർത്തന മേഖലയാക്കി ഒരു കക്കാ വ്യവസായ സഹകരണ സംഘം രൂപികരിക്കുക .

കക്കായും, മത്സ്യവും അടിസ്ഥാനപ്പെടുത്തിയുള്ള പുതിയ വ്യവസായങ്ങളും യന്ത്രവൽകൃത നൈലോൺ വല നിർമ്മാണ യൂണിറ്റും സംഘടിപ്പിക്കുക.

# വ്യവസായം



കയർ വ്യവസായ രംഗത്ത് പുതിയ ഫാക്ടറികൾ സ്ഥാപിച്ചു കൊണ്ട് ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ബ്രിട്ടീഷുകാർ രംഗ പ്രവേശം ചെയ്തതോടെയാണ് നമ്മുടെ നാട്ടിൽ വ്യവസായത്തിന് പുതിയൊരു മുഖമുണ്ടായത്. വാരനാട്ടെ ഡി.സി.എം കമ്പനിയും, തണ്ണീർമുക്കത്തെ മുരുകാണ്ടിപ്പിള്ളയുടെ കമേർഷ്യൽ എമ്പോറിയവും (ഇന്നത്തെ ന്യൂ ലേബർ) വാടപ്പുറം ഫാക്ടറിയും, വാലേച്ചിറ ഫാക്ടറിയും, കറുകപ്പറമ്പിൽ ഫാക്ടറിയും, തോട്ടാപ്പള്ളി, ഉള്ളാടമ്പറമ്പ്, കൊച്ചുകരി ഫാക്ടറികളും ഒരു കാലത്ത് കയർ ഉൽപ്പന്ന മേഖലയിൽ നിർണ്ണായകമായ നിർമ്മിതി നടത്തിക്കൊണ്ടിരുന്ന കേന്ദ്രങ്ങളാണ്. അന്ന് ഇത്രയെറെ ചെറുകിട ഫാക്ടറികൾ നിലവിലുണ്ടായിരുന്നില്ല. അന്നും ഇന്നും ഈ ഗ്രാമത്തിൽ പ്രധാന വ്യവസായ ശാഖ കയർ വ്യവസായം തന്നെയാണ്.

എന്നാൽ ഡി.സി.മില്ലിന്റെ തകർച്ചയും വൻകിട കയർ ഫാക്ടറികളെ നിയന്ത്രിച്ചുകൊണ്ടിരുന്ന വെള്ളക്കാരുടെ ഈ രംഗത്ത് നിന്നുള്ള തിരോധാനവും കയർ വ്യവസായ തൊഴിലാളികളെ അസംഖ്യം ചെറു ചാപ്രാകളിലാക്കി വികേന്ദ്രീകരിക്കുവാൻ സഹായിച്ചു. കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ ബാലപാഠം പഠിപ്പിച്ചത് അന്നത്തെ കയർ തൊഴിലാളി രംഗത്തു നിന്നായിരുന്നെങ്കിലും ഇന്ന് ഈ രംഗത്ത് കയറ്റുമതിക്കാരുടെ പരോക്ഷമായ സ്വാധീനവും നിയന്ത്രണവുമാണ് പ്രധാനം. പഞ്ചായത്തിൽ ആകെ ആയിരത്തിലേറെ റാട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഏറെയും തൊഴിലാളികളുടെ ജീവനോപാധി ഇപ്പോഴും ഈ ചെറുകിട ഫാക്ടറികൾ തന്നെയാണ്.

വാരനാട്ടെ മാക് ഡവ്വൽ അൻഡ് ഹൈറേഞ്ച് ബ്രൂവറിസ് എന്ന സ്ഥാപനമൊഴികെ ആധുനികവും വിപുലവുമായ മറ്റൊരു വ്യവസായശാലയും ഇല്ല. അവിടെ 396 ജീവനക്കാർ ജോലി ചെയ്യുന്നു. അടുത്തയിടയായി ഈ കമ്പനിയിലും വികസനം വഴിമുട്ടി നിൽക്കുകയാണ്. പൊതു മേഖലയിലോ, സഹകരണ മേഖലയിലോ കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുന്ന വ്യവസായ സ്ഥാപനങ്ങളൊന്നും നിലവിലില്ല.

ഈ പഞ്ചായത്തിൽ സുലഭമായിരുന്നസിലിക്കാമണൽ ഏറിയ പങ്കും സംസ്ക്കരിക്കാതെ അന്യ സംസംസ്ഥാനലേക്കു കയറ്റിപ്പോയി . ഒരു കാലത്തെ മണൽക്കൂനയായിരുന്ന വാരനാട് ഇന്ന് മണ്ണിന് ദാരിദ്രമുള്ള ദേശമായി മാറി. മീനാസിലിക്കേറ്റ് കമ്പനി എന്ന സ്ഥാപനം ഒരു വിധം പ്രവർത്തിക്കുന്നതൊഴികെ മണലധിഷ്ഠിത വ്യവസായങ്ങളൊന്നും ഇവിടെയുണ്ടായിട്ടില്ല. അടുത്ത പഞ്ചായത്തുകളിൽ മണലിന് നിയന്ത്രണവും നിരോധനവും വന്നതോടെ തണ്ണീർമുക്കം കള്ളമണ്ണു കയറ്റുകാരുടെ ഒരു കേന്ദ്രമായി മാറിയിരിക്കുന്നു.

മറ്റൊരു വിഭവം വേമ്പനാട്ടു കായലിൽ നിന്നും സുലഭമായി ലഭിച്ചു വരുന്ന വെള്ളകാക്കയാണ്. കായലിന്റെ അഗാധതലങ്ങളിൽ തലമുറകളായി ചത്തടിഞ്ഞു കിടക്കുന്ന കക്കായുടെ തൊണ്ട് ഏറെ ക്കാലമായി ഇവിടെ നിന്നും വള്ളത്തിലും, വണ്ടിയിലുമായി പുറത്തേയ്ക്കു പോയിക്കൊണ്ടിരിക്കുന്നു. 836 തൊഴിലാളികൾ കക്കാവാരുന്നുണ്ട്. ഒരു കിലോ കക്കാക്ക് 10 രൂപ വരുന്ന ഈ ഖനന ഉല്പന്നം ഉല്പാദിപ്പിച്ചു സംഭരിക്കുന്ന തണ്ണീരമുക്കം പഞ്ചായത്തിന് ഇതുവഴിയൊരു പ്രയോജനവുമുണ്ടാകുന്നില്ല.

അധിക ഭാരം കയറ്റുന്ന ലോറികൾ നിരന്തരം ഓടുന്നതുമൂലം നമ്മുടെ കായൽ തീര റോഡുകൾ തകർന്നു താറുമാറാകുന്നതല്ലാതെ മറ്റൊരു ഗുണം. അവയുടെ

മുള്ള ചില സഹകരണ സംഘങ്ങൾ അനുഭവിക്കുന്നു.ഒരു പ്രവർത്തനക്ഷമമായ കുമ്മായ ചൂള പോലും ഈ പഞ്ചായത്തിൽ നിലവിലില്ല. കൺസൽട്ട് കെമിക്കൽസെന്ന വാരനാട്ടെ സ്ഥാപനം എന്നേ അടച്ചുപൂട്ടി.

ചെറുകിട വ്യവസായ സ്ഥാപനങ്ങളും , സ്വയം തൊഴിൽ കണ്ടെത്തിയവരുടെ വ്യവസായിക സ്ഥാപനങ്ങളും കണക്കുകൊണ്ട് ഏറെയാണ് (പട്ടിക അന്യത്ര ചേർത്തിരിക്കുന്നു) എന്നാൽ ഇവയിൽ പലതും ഇന്ന് പ്രവർത്തിക്കുന്നില്ല. ഐ.ആർ.ഡി.പി വായ്പകൾ കൊണ്ടുള്ള വ്യവസായ സംരഭങ്ങളുടെ സ്ഥിതിയും മറിച്ചല്ല താഴെപ്പറയുന്ന വ്യവസായ സഹകരണ സംഘങ്ങൾ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അംഗങ്ങൾക്ക് ജീവിക്കാൻ പര്യാപ്തമായ തൊഴിൽ അവസരം ഉറപ്പു വരുത്തുന്ന കാര്യത്തിൽ ഇവ പരാജയങ്ങസളാണ്

പട്ടിക -1

**കയർ വ്യവസയ സഹകരണ സംഘങ്ങൾ.**

1. തണ്ണീർമുക്കം കയർ വ്യവസായ സഹകരണ സംഘം നമ്പർ : 484
2. തണ്ണീർമുക്കം കയർ വ്യവസായ സഹകരണ സംഘം നമ്പർ : 88
3. ചെങ്ങണ്ട കയർ വ്യവസായ സഹകരണ സംഘം നമ്പർ : 555
4. കട്ടച്ചിറ കയർ വ്യവസായ സഹകരണ സംഘം നമ്പർ : 731
5. കൊക്കോതമംഗലം കയർ വ്യവസായ സഹകരണ സംഘം നമ്പർ : എ.731
6. വാരണം കയർ വ്യവസായ സഹകരണ സംഘം നമ്പർ : 182
7. മണവേലി കയർ വ്യവസായ സഹകരണ സംഘം നമ്പർ : 836
8. പ്രിയദർശിനി വനിതാ കയർ വ്യവസായ സഹകരണ സംഘം നമ്പർ : 837
9. ചേർത്തല താലൂക്ക് ഹരിജൻ കയർ വ്യവസായ സഹകരണ സംഘം നമ്പർ:എ. 935

(മാറ്റസ് മാറ്റിംഗ് സംഘങ്ങളില്ല ) എ 955

പഞ്ചാത്ത് പ്രദേശത്തെ വ്യാപാരമായ വ്യവസായം ഇന്നും കയർ വ്യവസായം തന്നെയാണ്.എല്ലാ വാർഡുകളിലും ഈ വ്യവസായം ഉണ്ട്. ട്രാവൻകൂർ മാറ്റ്സ് അൻഡ് മാറ്റിംഗ്സ് , ന്യൂ ലേബർ കയർ വർക്ക്സ്, കല്യാണസുന്ദരം കമ്പനി, ട്രൻസ് ഓഷ്യാനിക്ക് എന്നീ വൻകിട കയർ വ്യവസായ സ്ഥാപനങ്ങളും , 350 ചെറുകിട കയർ ഫാക്ടറികളും പ്രവർത്തിക്കുന്നു . ഇവയിൽ എല്ലാം കൂടി ഏകദേശം 1450 തറികളും, ഇതു കൂടാതെ ഉല്പാദനം നാമ മാത്രമായി നടത്തുന്ന ചിലകയറ്റു മതിക്കാരുമുണ്ട്.

പഞ്ചായത്തിന്റെ 1,6,7,9,10,11,12,13 വാർഡുകളിലെ തൊഴിൽ കയർ പിരിയാണ്. ഇവരിൽ 90% വും സ്ത്രീ തൊഴിലാളികളുമാണ്. ഈ മേഖ ഡി.എ. അടക്കം 60 രൂപയാണെങ്കിലും ശരാശരി 23 രൂപയാണ് നിലവിൽ ലഭിച്ചു വരുന്നത്. കയർ തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയാണ് കയർ വ്യവസായ സഹകരണ സംഘങ്ങളുണ്ടാക്കിയിട്ടുള്ളത്. താഴെപ്പറയുന്ന സംഘങ്ങളിലായി 5800 ലധികം അംഗങ്ങൾക്ക് പ്രാതിനിധ്യമുണ്ട്.പക്ഷെ പകുതിയാളുകൾക്കു പോലും തൊഴിൽ നൽകാൻ സംഘം ശക്തമല്ല. ഈ സംഘങ്ങളൊക്കെ പ്രവർത്തന നഷ്ടം കൊണ്ട് നാശത്തിലേക്ക് നീങ്ങുകയാണ് .

കയർ പിരിക്കുന്നതിന് ഗുണമേൻമയുള്ള ചകിരി ലഭ്യമല്ലാതായതോടെ കയറിന്റെ നിലവാരവും തകർന്നു. പച്ചതൊണ്ടിൽ നിന്നെടുക്കുന്ന ചകിരിയാണ് ഇന്ന് പരക്കെ ഉപയോഗിക്കുന്നത്. കെട്ടുകളായി പുറത്തുനിന്നും വരുന്ന ഈ ചകിരി വെള്ളത്തിലിട്ടു കറ കളഞ്ഞു പിരിക്കുന്നു. ഈ കയറിന്റെ നിലവാരം മികച്ചതല്ല.

ഇന്റഗ്രേറ്റഡ് കയർ വികസന പദ്ധതി പ്രകാരം യന്ത്രറാട്ട് സ്ഥാപിക്കുന്നതിന് സംഘം ഒന്നിന് 20 ലക്ഷം രൂപ വീതം ഈ പഞ്ചായത്തിലെ നാലു സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. കുറഞ്ഞ അദ്ധ്വാനത്തിൽ കൂടുതൽ ഉല്പാദനം ഉണ്ടാക്കാനുള്ള യന്ത്രവൽകൃത റാട്ടുകൾ 100 % പ്രയോജനകരമാണെന്നു പ റയാറായിട്ടില്ല. എങ്കിലും കയർ ഉൽപ്പാദനം പൊതുവിൽ വർദ്ധിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 18 തൊണ്ടുതല്ലു യന്ത്രങ്ങളും 10 ചകിരി അലിക്കുന്ന യന്ത്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഒരിക്കൽ തൊണ്ടു മേഖലയിലെ യന്ത്രവൽക്കരണം ഗ്രാമന്തരീക്ഷത്തിൽ സംഘർഷം വിതച്ചിരുന്നു. ഇപ്പോഴതുമാറി . യന്ത്രസഹായം ഒഴിവാക്കാൻ പറ്റാത്ത സ്ഥിതിയായി . കഴിഞ്ഞ പഞ്ചവത്സരക്കാലം പൊതുവിൽ കയറിന്റെ സുവർണ്ണകാലമായിരുന്നു. ചെത്ത്,കൃഷി തുടങ്ങിയ മേഖലകളിൽ ചേക്കേറിയിരുന്ന തൊഴിലാളികൾ തിരിച്ചു വന്നു. എങ്കിലും അടുത്തയിടയായി ഈ രംഗത്ത് വ്യവസായിക മാന്ദ്യം നിലനിൽക്കുന്നു.

അടിക്കടിയുള്ള കൂലി- വിലത്തർക്കങ്ങളും അവ വിതയ്ക്കുന്ന പണിമുടക്കുകളും ആസുഖങ്ങൾ സൃഷ്ടിക്കുന്നു. ഉൽപാദനചെലവിന്റെ അടിസ്ഥാനത്തിൽ കയർ വില കൊടുക്കാത്തതാണ് സംഘങ്ങളുടെ പതനത്തിന് കാരണം . ഒരിക്കൽ പ്രഖ്യാപിച്ച വിലയിൽ നിന്നും പിറകോട്ടു പോയ കയർ ഫെഡ് ഇക്കാര്യത്തിൽ ഉത്തരവാദികളാണ്.



നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങളുടെ 70 % ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ വിറ്റു പോകുന്നു. 30 % ആണ് കയറ്റുമതി.എന്നാൽ അന്യ സംസ്ഥാനത്ത് കയർ വ്യവസായം പ്രബലപ്പെട്ടു വരുന്നതോടെ ഇൻഡ്യൻ മാർക്കറ്റിൽ നമുക്ക് കടുത്ത മത്സരം നേരിടേണ്ടി വരുന്നു. കയറിന്റെ വിലക്കുറവും, ഗുണക്കുറവും കുത്തകക്കാരുണ്ടാക്കുന്ന ക്രത്രിമ ക്ഷാമവും, ചെറുകിടക്കാരുടെ ആനാരോഗ്യ കരമായ വ്യവസായ സ്വഭാവവും, അടിക്കടിയുള്ള സമരങ്ങളും ഈ വ്യവസായത്തിന് സംസ്ഥാനങ്ങളിൽ കൂടുതൽ സൗകര്യമുണ്ടാക്കാൻ സഹായിച്ചേക്കും. അങ്ങിനെ വന്നാൽ നമ്മുടെ വ്യവസായം ചിത്രം എത്രക്കിരുണ്ടുപോകും.

വൈദ്യുതിയുടെ ദാരിദ്ര്യവും ഭൂമിയുടെ ദൗർലഭ്യവും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യം ഇവിടെ നഷ്ടമാക്കുന്നു. ദൈനംദിനം പട്ടണത്തിൽ നിന്നും കുടിയേറുന്നയാളുകളും വിദേശ പണക്കാരും ഇവിടുത്തെ ഭൂമിക്ക് വില കയറ്റുന്നു. ഈ പഞ്ചായത്തിൽ ഒരിടത്തുപോലും ഒരു വൻകിട വ്യവസായത്തിനുള്ള സ്ഥല സൗകര്യം ഇപ്പോഴില്ല.

എങ്കിലും നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ചെറിയ വ്യവസായസംരഭങ്ങൾ വ്യവസായ സഹകരണ സംഘങ്ങൾ വഴിയും അല്ലാതെയും ചെയ്യുന്നതിന് നീക്കളുണ്ടാകണം .

**വ്യവസായ സഹകരണ സംഘങ്ങൾ**

1.മരുത്തോർവട്ടം പവർലൂം വർക്കേഴ്സ് സഹകരണ സംഘം

2.തണ്ണീർമുക്കം പ്ലാസ്റ്റിക്ക് വ്യവസായ സഹകരണ സംഘം

3.സ്കിൽടെക് വ്യവസായ സഹകരണ സംഘം-വാരണം

4.കൺസ്ട്രക്ഷൻ കമ്പോണന്റ് ഇൻഡസ്ട്രയൽ സൊസൈറ്റി-തണ്ണീർമുക്കം

5.അംബേദ്കർ ഹാന്റിക്രാഫ്റ്റ്സ് വ്യവസായ സഹകരണ സംഘം-തണ്ണീർമുക്കം

കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഈ സംഘങ്ങൾക്കുണ്ടെന്നു കരുതാൻ വയ്യ. ഈ ന്യൂനതകൾ കൂടി പരിഗണിച്ച് പഞ്ചായത്ത് തലത്തിൽ ഒരു വ്യവസായ മാർഗ്ഗ രേഖയുണ്ടാക്കി പുതിയ സംഘങ്ങളും വ്യവസായങ്ങളും ഉണ്ടാകണം .

പ്രവർത്തിക്കാത്ത കയർ, കൈത്തറിസംഘങ്ങൾ പ്രവർത്തനക്ഷമമാക്കുകയോ , അല്ലാത്തപക്ഷം ലിക്വിഡേറ്റ് ചെയ്തു പകരം പുതിയവ സംഘടിപ്പിക്കുകയോ ചെയ്യുക.

ടൂറിസം ഒരു വ്യവസായമായി കണ്ട് , ടൂറിസ്റ്റ് പ്രമോഷൻ സൊസൈറ്റി രൂപീകരിച്ച് തണ്ണീർമുക്കത്ത് ടൂറിസ്റ്റുകളെ ആകർഷിക്കുക..

കക്കാ അധിഷ്ടിതമായ പുതിയ വ്യവസായ സംരഭങ്ങൾ ആവിഷ്കരിക്കുക . തണ്ണീർമുക്കം പ്രവർത്തന മേഖലയാക്കി ഒരു കക്കാ വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.

തെങ്ങിൽ നിന്നുണ്ടാകുന്ന കയർ,ചിരട്ട, ഓല, ചകിരി തുടങ്ങിയ ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള പുതിയ വ്യവസായ ങ്ങൾ രൂപപ്പെടുത്തുക.

വനിതകളുടെ കറി പൗഡർ, പാൽ ഉൽപ്പന്നങ്ങൾ, റെഡിമേഡ് വസ്ത്രങ്ങൾ , ചെറുകിട ഇലക്ട്രോണിക്ക് വ്യവസായങ്ങൾ ഉണ്ടാക്കുക.

ചെരുപ്പ് , കുട, ബുക്ക്, മെഴുകുതിരികൾ ,തീപ്പെട്ടി, കാലിത്തീറ്റ , കോഴിത്തീറ്റ , ഇലക്ട്രോണിക്ക് ചോക്ക്, എമർജൻസി വിളക്ക് എന്നിവ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

തൊണ്ടു തല്ലു മില്ലുകളിൽ നിന്നും പുറത്തുകളയുന്ന ചകിരിച്ചോറുപയോഗിച്ച് വളം, ഫോം, തുടങ്ങിയവ നിർമ്മിക്കാനുള്ള വ്യവസായ സംരഭങ്ങൾ ആരംഭിക്കുക.

തൊണ്ടഴുക്കൽ, കക്കാനീറ്റ്, മാക്ക്ഡവ്വൽ കമ്പനിയിൽ നിന്നും പുറപ്പെടുന്ന മലീനീകരണം എന്നിവയുയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

പഞ്ചായത്ത് നേതൃത്വത്തിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.

..പ്ലാനിംഗ് വസ്തു നിഷ്ഠവും,
നിഷ്പക്ഷവുമായിരിക്കണം
കക്ഷി രാഷ്ട്രീയത്തിനതീതമായി
കാര്യങ്ങൾ നടക്കുന്ന സ്ഥിതിയുണ്ടാവണം
ഗാന്ധിജി പറഞ്ഞിരുന്നു രാഷ്ട്രത്തിന്റെ കരുത്ത്
ജനങ്ങൾ തമ്മിലുള്ള ബന്ധമാണ് എന്ന്
ജനബന്ധങ്ങൾ തകരുകയും സ്വാർത്ഥ താത്പര്യം മൂലം
നേതാക്കൻമാർ അഴിമതിയിൽ മുങ്ങുകയും ചെയ്യുമ്പോൾ
ജനാധിപത്യമാണ് തകരുന്നത്
--പി.പി.ഉമ്മർകോയ



വിദ്യാഭ്യാസ മേഖല വിപുലമായ ഒന്നത്രെ. മൂന്ന് ഹൈസ്ക്കൂളുകളും, രണ്ട് യു.പി.സ്ക്കൂളുകളും, ഏഴ് എൽ.പി.സ്ക്കൂളുകളും ഉൾപ്പെടെ പന്ത്രണ്ട് വിദ്യാലയങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ എണ്ണം 5080 ആണ്. ഇവരിൽ ആൺ കുട്ടികൾ 2631 ഉം, പെൺ കുട്ടികൾ 2449 ഉം, അദ്ധ്യാപകരുടെ എണ്ണം 194 ഉം ആകുന്നു.

പൊതു വിദ്യാഭ്യാസ ധാരയിൽ നിന്നും വിട്ടു നില്ക്കുന്ന ഒരു അനംഗീകൃത ഇംഗ്ലീഷ് മീഡിയം എൽ.പി.സ്ക്കൂളും ഉണ്ട്. കൂടാതെ 7 ട്യൂട്ടോറിയൽ കോളേജുകളും, 16 ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

**ചരിത്ര പശ്ചാത്തലം**

പഞ്ചായത്തിൽ ഇന്നുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവത്തിന് മുൻപ് 2 ആശാൻ കളരികൾ ആണ് കുട്ടികൾക്ക് വിദ്യാഭ്യാസം നല്കി കൊണ്ടിരുന്നത്. വിദ്യാഭ്യാസത്തിനു നിയന്ത്രിതമായ അതിർത്തി വരമ്പുകൾ ഉണ്ടായിരുന്ന അക്കാലത്ത് സ്ഥാപിക്കപ്പെട്ട ഈ കളരികളിൽ വിദ്യാർത്ഥികളുടെ പ്രവേശനം നിയന്ത്രിക്കപ്പെട്ടിരുന്നു. ഇന്ന് തണ്ണീർമുക്കം ഗവ:ഹൈസ്ക്കൂൾ പ്രവർത്തിക്കുന്നിടത്താണ് ആദ്യത്തെ കളരി രൂപം കൊണ്ടത്. ബഹുമാന്യരായ വലിയകുളങ്ങര കുട്ടൻ വാദ്ധ്യാർ, പന്നുവേലി നാരായണനാശാൻ എന്നിവരാണ് ഈ കളരി സ്ഥാപിച്ചതും ബോധനം നടത്തിയിരുന്നതും.

നവോത്ഥാന പ്രസ്ഥാനങ്ങളുടേയും, സാമൂഹ്യ പരിഷ്കർത്താക്കളുടേയും സ്വാധീനം മൂലം സാധാരണക്കാരിൽ വിദ്യാഭ്യാസത്തിനുള്ള താത്പര്യം വർദ്ധിച്ചു വന്നു. അധികാര വർഗ്ഗത്തിന്റെ കൈകളിൽ ശക്തമായ ആയുധമായിരുന്നു വിദ്യാഭ്യാസം, തങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് ബോധം ശക്തമായിത്തുടങ്ങി. ഇതിന്റെയെല്ലാം ഫലമായി തണ്ണീർമുക്കത്തെ ആശാൻ കളരി എൽ.പി.സ്ക്കൂൾ ആയി രൂപാന്തരപ്പെട്ടു. കാലാന്തരത്തിൽ ഈ സ്ഥാപനം ഇംഗ്ലീഷ് മീഡിയം സ്ക്കൂളായി മാറി. വളർച്ചയുടെ കാലഘട്ടത്തിൽ പെൺ കുട്ടികൾക്ക് ഈ സ്ഥാപനത്തിൽ പ്രവേശനം നല്കിയിരുന്നില്ല. ഇക്കാര്യം ശ്രീമൂലം പ്രജാസഭയിൽ മഹാകവി കുമാരനാശാൻ ശക്തമായി ഉന്നയിച്ചതായി പഴയ രേഖകളിൽ കാണുന്നു. പിൽക്കാലത്ത് പെൺകുട്ടികൾക്ക് കൂടി പ്രവേശനം നല്കുകയുണ്ടായി. ഈ സ്ഥാപനം ആണ് തണ്ണീർമുക്കം ഗവ:ഹൈസ്ക്കൂൾ.

തണ്ണീർമുക്കം എൽ.പി. സ്ക്കൂൾ സ്ഥിതി ചെയ്യുന്നിടത്താണ് രണ്ടാമത്തെ ആശാൻ കളരി സ്ഥാപിക്കപ്പെട്ടത്. ഇതിന് നേതൃത്വം നല്കിയത് കണ്ണന്തറ ആശാൻ എന്നറിയപ്പെട്ടിരുന്ന മാന്യദേഹം ആണ്. ഈ കളരിയാണ് കാലാന്തരത്തിൽ എൽ.പി.സ്ക്കൂളായി മാറിയത്. തുടർന്ന് സമൂഹവും, സർക്കാരും വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം നല്കുകയുണ്ടായി. തത്ഫലമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 12 വിദ്യാലയങ്ങൾ സ്ഥാപിതമായി. എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുവാൻ കഴിയത്തക്കവിധത്തിൽ പൊതു വിദ്യാഭ്യാസ മേഖല ഇന്ന് സമ്പുഷ്ടവും, ശക്തവുമാണ്.

## വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

പഞ്ചായത്തിലാകെ 5080 വിദ്യാർത്ഥികളാണുള്ളത്. ഇവരിൽ പെൺ കുട്ടികൾ 2449 പേരാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട 266 വിദ്യാർത്ഥികളാണുള്ളത് . ഇത് വ്യക്തമാക്കുന്ന ഒരു വസ്തുത സ്ത്രീ വിദ്യാഭ്യാസത്തിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിയുമെന്നതാണ്. അതുപോലെ തന്നെ സാമൂഹ്യമായും, സാമ്പത്തികമായും പിന്നോക്കം നില്ക്കുന്ന പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിലും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെട്ടു കഴിഞ്ഞു എന്നുള്ളതാണ്.

പട്ടിക-1 പരിശോധിക്കുമ്പോൾ ആകെ കുട്ടികളുടെ 8% തോറ്റു പഠിക്കുന്നവരാണെന്ന് കാണാം. എന്നാൽ പട്ടികജാതി,പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികളെ സംബന്ധിച്ച് ഇത് 11% ആണ്. ഒരു ക്ലാസ്സിൽ ഒന്നിൽ കൂടുതൽ വർഷം പഠിക്കുന്ന കുട്ടികളുടെ നിരക്ക് പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളിൽ കൂടുതലാണ്.

പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ നിരക്ക് താരതമ്യേന കുറവാണ്. ആകെ കുട്ടികളുടെ 2% ന് താഴെയാണിത്. എന്നാൽ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ കൊഴിഞ്ഞു പോക്കിന്റെ നിരക്ക് 10% മാണെന്നത് പ്രത്യേകം പരിഗണിക്കപ്പെടേണ്ട പ്രശ്നമാണ്.

### ഭൗതീക സാഹചര്യം

നിലവിലുള്ള സ്ക്കൂളുകളിൽ കുട്ടികൾക്ക് സൗകര്യപൂർവ്വം ഇരുന്ന് പഠിക്കുവാനുള്ള ഏറ്റവും കുറഞ്ഞ സാഹചര്യം സൃഷ്ടിക്കുന്നതിൽ സർക്കാരും, രക്ഷകർത്താക്കളും വളരെയധികം ശ്രദ്ധിച്ചു കാണുന്നില്ല. കാലം കടന്നു പോകുമ്പോൾ അവഗണനാ വിധേയമായ വിദ്യാലയം പഠനത്തിനു പറ്റാത്തതായി മാറുന്നു. അനാകർഷകമായ പശ്ചാത്തല സൗകര്യങ്ങൾ കുട്ടിയുടെ പഠനത്തെ ഒരു പരിധിവരെ സ്വാധീനിക്കുന്നുണ്ട്.

പഞ്ചായത്തിലെ സ്ക്കൂളുകളിൽ 8 എണ്ണം എയ്ഡഡ് സ്ക്കൂളുകളാണ്. ഗവ:സ്ക്കൂൾ 4 എണ്ണം മാത്രമാണ്. കെട്ടിടം, ക്ലാസ്സ് മുറി, ചുറ്റു മതിൽ കളിസ്ഥലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ വിദ്യാലയങ്ങളിൽ തീരെ കുറവാണ്. പട്ടിക-3 പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

കുടിവെള്ളം എല്ലാ വിദ്യാലയങ്ങളിലും ലഭ്യമായിട്ടുണ്ട്.കിണർ, പൈപ്പ് എന്നിവ മുഖേനയാണ് വെള്ളം ലഭിക്കുന്നത്.കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ മൂത്രപ്പുരകളും, കക്കൂസും സെന്റ് മാത്യൂസ് ഹൈസ്ക്കൂളിലും, സെന്റ് ആന്റണീസ് ഹൈസ്ക്കൂളിലും മാത്രമാണുള്ളത്. 461 പെൺകുട്ടികളും, 449 ആൺകുട്ടികളും, 48 അദ്ധ്യാപക-അനദ്ധ്യാപകരുമുള്ള തണ്ണീർമുക്കം ഗവ:ഹൈസ്ക്കൂളിലെ രണ്ട് ചെറിയ മൂത്രപ്പുര മാത്രമാണുള്ളത്, സെന്റ് സേവ്യേഴ്സ് എൽ.പി സ്ക്കൂളിൽ മൂത്രപ്പുരയേ ഇല്ല എന്നത് ഗൗരവപൂർവ്വം പരിഗണിക്കപ്പെടേണ്ട പ്രശ്നമാണ്.(പട്ടിക-3 കാണുക)

### അക്കാദമിക്ക് സൗകര്യങ്ങൾ

പഞ്ചായത്തിലെ 3 ഹൈസ്ക്കൂളുകളിലും, 2 യു.പി സ്ക്കൂളുകളിലും ലൈബ്രറിയില്ല .എന്നാൽ പുസ്തകങ്ങൾ വേണ്ട രീതിയിൽ വിതരണം ചെയ്യാറില്ല. പരിമിതമായി വിതരണം ചെയ്യപ്പെടുന്ന പുസ്തകങ്ങൾ കുട്ടികൾ വായിക്കാറുണ്ടോ എന്ന് പരിശോധിക്കാറുമില്ല. മിക്ക സ്ക്കൂളുകളിലും റീഡിംഗ് റൂം ഇല്ല. ഇതിന്റെയൊക്കെ ഫലമായിട്ട് വായിച്ചു വളരുവാനുള്ള പ്രചോദനം ലഭിക്കാതെയാണ് കുട്ടികൾ വിദ്യാലയങ്ങൾ വിട്ടു പോകുന്നത്.

ലബോറട്ടറികൾ അത്യാവശ്യത്തിനുണ്ട്.ഉപകരണങ്ങളും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.ഇവയുടെ ഗുണം കുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിൽ ലഭിക്കുന്നില്ല. പരീക്ഷണങ്ങൾ നിരീക്ഷിക്കുന്നതിനും, ചെയ്ത് നോക്കുന്നതിനും കുട്ടികൾക്ക് അവസരം നല്കാത്ത ശാസ്ത്രാഭ്യസം വിരസമാകുന്നതിൽ അതിശയിക്കാനില്ല.

പഠനം രസകരവും, സമ്പൂർണ്ണവുമാക്കാൻ ആധുനിക ശാസ്ത്ര-സാങ്കേതിക ഉപകരണങ്ങൾക്ക് വഹിക്കാനുള്ളതും നല്ല പങ്കാണ്. ഇക്കാര്യത്തിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും തികച്ചും പിൻനിരയിലാണ്. (പട്ടിക-4 കാണുക).

കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അമ്മമാരുടെ പങ്ക് വളരെ വലുതാണ്. അവരെ ബോധവത്ക്കരിക്കുന്നതിനും, കർമ്മോത്സുകരാക്കുന്നതിനും വേണ്ടി നടത്തുന്ന "മാതൃ സംഗമം" എല്ലാ വിദ്യാലയങ്ങളിലും സജീവമാണെന്നുള്ളത് എടുത്തു പറയത്തക്ക നേട്ടമാണ്.

### അക്കാദമിക്ക് നിലവാരം

പൊതു വിദ്യാഭ്യാസ ം പഞ്ചായത്തിൽ സാർവ്വത്രികവും, സജീവവുമാണ്. മിക്കവാറും എല്ലാ കുട്ടികൾക്കും പ്രയാസം കൂടാതെ എത്തിച്ചേരാൻ കഴിയത്തക്ക അകലത്തിൽ വേണ്ടത്ര വിദ്യാലയങ്ങളുമുണ്ട്.അതായത് വിദ്യാഭ്യാസ രംഗത്ത് സംഖ്യാ പരമായി മെച്ചപ്പെട്ട വളർച്ച കൈവരിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടെന്നാണ് അർത്ഥം.

വിദ്യാഭ്യാസം ബോധപൂർവ്വം ആസൂത്രണം ചെയ്യേണ്ട ഒരു വികസന പരിപാടിയാണ്.ഇത് പഠിതാവിന്റെ വികസനത്തിന് സഹായകമാകണം. മാത്രമല്ല പഠിച്ച വ്യക്തിക്ക് കൈവരുന്ന വികസനം രാഷ്ട്രത്തിന്റെ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ക്ഷമതകളുടെ സ്രോതസ്സായി വർത്തിക്കുകയും വേണം.വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ഈ ലക്ഷ്യം മുൻനിർത്തി നോക്കുമ്പോൾ നമ്മുടെ വിദ്യാലയങ്ങളിൽ സ്വന്തം കുട്ടികൾക്ക് പകർന്നു കിട്ടേണ്ട വിദ്യാഭ്യാസം ഗുണപ്രദമല്ലെന്ന് തീർത്തും പറയാം .4-ാം സ്റ്റാൻഡേർഡ് പഠനം പൂർത്തിയാക്കുന്ന കുട്ടികളിൽ 30% ലേറെ അക്ഷര പരിജ്ഞാനമില്ലാത്തവരാണെന്ന് ജില്ലാടിസ്ഥാനത്തിൽ നടത്തിയ പഠനം വ്യക്തമാക്കി. ഇന്നത്തെ വിദ്യാഭ്യാസത്തിൽ പോരായ്മകൾ ഉണ്ടെന്ന് പഠിക്കുന്ന കുട്ടിയും,പഠിപ്പിക്കുന്ന അദ്ധ്യാപകനും, രക്ഷകർത്താവും ഒരേ അഭിപ്രായക്കാരാണ്.

## പട്ടിക - 1
## തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്
## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്ക്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | ST/SC കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ — ST/SC കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ — മറ്റുള്ളവർ | | | പഠനം നിർത്തിയവർ — ST/SC കുട്ടികൾ | | | പഠനം നിർത്തിയവർ — മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| ഗവ:H.S. തണ്ണീർമുക്കം | 449 | 461 | 910 | 16 | 16 | 32 | 3 | 4 | 7 | 12 | 18 | 30 | 6 | 5 | 11 | 20 | 12 | 32 | 43 |
| സെന്റ് മാത്യൂസ്.H.S. | 464 | 427 | 891 | 22 | 17 | 39 | 6 | 2 | 8 | 98 | 39 | 137 | 2 | - | 2 | 6 | - | 6 | 8 |
| സെന്റ് ആന്റണീസ് . H.S. | 664 | 567 | 1231 | 6 | 8 | 14 | - | 1 | 1 | 95 | 38 | 133 | 3 | 4 | 7 | - | - | - | 7 |
| ഗവ:U.P.S. .വെള്ളിയാകുളം. | 297 | 271 | 568 | 19 | 10 | 29 | 5 | 1 | 6 | 11 | 11 | 22 | - | 2 | 2 | 20 | 9 | 29 | 31 |
| റ്റി.എം. U.P.S. . മരുത്തോർവട്ടം. | 191 | 128 | 319 | 18 | 10 | 28 | - | - | - | - | - | - | - | - | - | - | - | - | - |
| ഗവ:L.P.S മരുത്തോർവട്ടം. | 72 | 97 | 169 | 7 | 6 | 13 | - | 1 | 1 | 6 | 3 | 9 | - | - | - | - | - | - | - |
| എച്ച്. ഡബ്ല്യൂ.L.P.S വാരനാട്. | 67 | 54 | 121 | 23 | 12 | 35 | - | - | - | 3 | 2 | 5 | - | - | - | - | - | - | - |
| പഞ്ചാ:L.P.S തണ്ണീർമുക്കം | 105 | 77 | 182 | 5 | 7 | 12 | - | - | - | 6 | 1 | 7 | - | - | - | 3 | 2 | 5 | 5 |
| N.S.S.L.P.S ശ്രീകണ്ഠമംഗലം. | 71 | 56 | 127 | 72 | 1 | 73 | - | - | 1 | 3 | 1 | 4 | - | - | - | - | - | - | - |
| സെന്റ് സേവ്യേഴ്സ് L.P.S | 187 | - | 187 | 7 | - | 7 | - | - | - | 9 | - | 9 | - | - | - | 1 | - | 1 | 1 |
| സെന്റ് തെരസാസ്.L.P.S | - | 219 | 219 | - | 8 | 8 | - | - | 1 | - | 15 | 15 | - | - | - | - | - | - | - |
| ആകെ | 2631 | 2449 | 5080 | 127 | 99 | 226 | 14 | 11 | 25 | 246 | 132 | 378 | 11 | 11 | 22 | 52 | 23 | 75 | 97 |

പട്ടിക - 2

# തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്

## സ്ക്കൂളുകളുടെ പൊതു വിവരം

| സ്ക്കൂളിന്റെ പേര് | H.S. U.P.S. L.P.S പ്രീ-പ്രൈമറി | സ്ക്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘ കാല ലീവിലുള്ളവർ | സ്ക്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം | ചുറ്റുമതിൽ, അറ്റകുറ്റപ്പണി പൂർത്തീകരിച്ച് റിപ്പയർ സംരക്ഷിച്ച് |
| ഗവ:H.S. തണ്ണീർമുക്കം | H.S | ✓ | | | | 449 | 461 | 910 | 40 | 42 | | | 1.61 | - | | ചുറ്റുമതിൽ അപൂർണ്ണം |
| സെന്റ് മാത്യൂസ്.H.S. | H.S | | ✓ | | | 464 | 427 | 891 | 34 | 34 | | | 5.00 | 3.00 | | |
| സെന്റ് ആന്റണീസ് . H.S. | H.S | | ✓ | | | 664 | 567 | 1231 | 48 | 47 | | 1 | 3.17 | 1.00 | | |
| ഗവ:U.P.S. .വെള്ളിയാകുളം. | U.P.S | ✓ | | | | 297 | 271 | 568 | 20 | 20 | | | 0.58 | - | | |
| റ്റി.എം. U.P.S. . മരുത്തോർവട്ടം. | U.P.S | | ✓ | | | 191 | 128 | 319 | 12 | 12 | | | 1.50 | 1.00 | | |
| ഗവ:L.P.S മരുത്തോർവട്ടം. | L.P.S | ✓ | | | | 72 | 97 | 169 | 7 | 7 | | | 0.48 | - | | അപൂർണ്ണം |
| H.W.L.P.S വാരനാട് | L.P.S | ✓ | | | | 67 | 54 | 121 | 5 | 5 | | | 0.57 | - | | |
| പഞ്ചാ:L.P.S തണ്ണീർമുക്കം | L.P.S | | ✓ | | | 105 | 77 | 182 | 6 | 6 | | | 1.00 | 0.50 | | അപൂർണ്ണം |
| L.P.S തണ്ണീർമുക്കം. | L.P.S | | ✓ | | | 64 | 92 | 156 | 4 | 4 | | | 1.40 | 1.00 | | |
| N.S.S.L.P.S ശ്രീകണ്ഠമംഗലം. | L.P.S | | ✓ | | | 71 | 56 | 127 | 4 | 4 | | | 0.50 | - | | |
| സെന്റ് സേവ്യേഴ്സ് L.P.S | L.P.S | | ✓ | | | 187 | - | 187 | 5 | 5 | | | 3.85 | 1.00 | | അപൂർണ്ണം |
| സെന്റ് തെരസാസ്.L.P.S | L.P.S | | ✓ | | | | 219 | 219 | 8 | 8 | | | 1.56 | 0.56 | | |
| ആകെ | | | | | | 2631 | 2449 | 5080 | 193 | 194 | - | 1 | 21.22 | 8.06 | | |

പട്ടിക - 3

തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്.

സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച വിവരം

| സ്ക്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടം (എണ്ണം) | | | മുറികൾ (എണ്ണം) | | | ഇനി വേണ്ട കെട്ടിടം നിർമ്മിക്കാൻ ഭൂമി ഉണ്ട്/ഇല്ല. | നിലവിലുള്ള മൂത്രപ്പുരകൾ | മൂത്രപ്പുര ഒരേ സമയം എത്ര കുട്ടികൾ ഉപയോഗിക്കുന്നുണ്ട് | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗ ശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള വിതരണം ഉണ്ട്/ഇല്ല. കിണർ/പൈപ്പ് | നിലവിലുള്ള ഫർണീച്ചർ മതിയാകും/ഇല്ല | ഇനി അവിശ്യമുള്ളവ. | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | ഡസ്ക്. | ബെഞ്ച്. | മേശ. | കസേര. | വൈദ്യുതി |
| ഗവ:H.S. തണ്ണീർമുക്കം | 26 | 3 | 1 | 2 | 10 | 6 | 7 | ഉണ്ട്. | 2 | 3 | 1 | | ഉണ്ട് | ഇല്ല. | 60 | 60 | 10 | 15 | ഉണ്ട് |
| സെന്റ് മാത്യൂസ്.H.S. | 23 | 4 | - | - | 30 | - | - | ഉണ്ട്. | 2 | 70 | 2 | | ഉണ്ട് | മതി | | | | | ഉണ്ട് |
| സെന്റ് ആന്റണീസ് . H.S. | 31 | 4 | - | - | 24 | 14 | - | ഇല്ല. | 6 | 80 | 4 | | ഉണ്ട് | മതി | | | | | ഉണ്ട് |
| ഗവ:U.P.S. .വെള്ളിയാകുളം. | 16 | 3 | 1 | - | 16 | 4 | - | ഇല്ല. | 2 | 20 | 2 | | ഉണ്ട് | ഇല്ല. | 5 | 40 | 5 | 16 | ഉണ്ട് |
| റ്റി.എം. U.P.S. . മരുത്തോർവട്ടം. | 9 | 2 | - | - | 9 | - | - | ഉണ്ട്. | 2 | 8 | - | 1 | ഉണ്ട് | ഇല്ല. | 15 | 15 | 3 | 4 | ഉണ്ട് |
| ഗവ:L.P.S മരുത്തോർവട്ടം. | 5 | 1 | - | - | ഹാൾ | | | ഇല്ല. | 2 | 10 | 2 | | ഉണ്ട് | ഇല്ല. | | | 1 | 4 | ഉണ്ട് |
| H.W.L.P.S വാരനാട് | 4 | 2 | - | - | 5 | - | - | ഇല്ല. | 1 | 1 | 1 | | ഉണ്ട് | ഇല്ല. | | | | | ഉണ്ട് |
| പഞ്ചാ:L.P.S തണ്ണീർമുക്കം | 6 | 1 | 1 | - | 6 | 3 | - | ഇല്ല. | 1 | 100 | - | | ഉണ്ട് | ഇല്ല. | 30 | 10 | 2 | 6 | ഉണ്ട് |
| L.P.S തണ്ണീർമുക്കം. | 4 | 1 | 1 | - | 5 | 3 | - | ഇല്ല. | 1 | 3 | 1 | | ഉണ്ട് | ഇല്ല. | | 3 | | 3 | ഉണ്ട് |
| N.S.S.L.P.S ശ്രീകണ്ഠമംഗലം. | 4 | 2 | - | - | 8 | - | - | ഇല്ല. | 1 | 5 | - | | ഉണ്ട് | മതി | 12 | | | | ഉണ്ട് |
| സെന്റ് സേവ്യേഴ്സ് L.P.S | 6 | 1 | - | - | 6 | - | - | ഉണ്ട്. | ഇല്ല. | - | - | 1 | ഉണ്ട് | ഇല്ല. | | | | 2 | ഇല്ല. |
| സെന്റ് തെരസാസ്.L.P.S | 8 | 2 | - | - | 8 | - | - | ഉണ്ട്. | 1 | 10 | 1 | | ഉണ്ട് | മതി | | | | | ഇല്ല. |

# പട്ടിക -4

## തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്.

## അക്കാദമിക്ക് സൗകര്യങ്ങൾ.

| സ്ക്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല. | ലബോറട്ടറി ഉണ്ട് / ഇല്ല. | പഠനോപകരണങ്ങൾ വേണ്ടത്ര ഉണ്ട്/ഇല്ല. | ദൃശ്യ - ശ്രാവ്യഉപകരണങ്ങൾ - എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96 - ൽ ലഭിച്ച അദ്ധ്യയന ദിവസം. | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ. | പ്രകൃതി ക്ഷോഭം മൂലം നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ. | മാതൃ സംഗമം സജീവം/അല്ല. | ക്ലസ്റ്റർ/പി.ടി.എ. പ്രവർത്തിക്കുന്നു/ഇല്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ. | ടേപ്പ് റിക്കോർഡർ. | ടി.വി.സെറ്റ് | വി.സി.ആർ/വി.സി.പി. | സിനിമ പ്രൊജക്ടർ. | സ്ലൈഡ് പ്രൊജക്ടർ. | ഓവർ ഹെഡ് പ്രൊജക്ടർ | കംപ്യൂട്ടർ. | ആവശ്യമുള്ളത്. | ആവശ്യമുള്ളതിലുള്ളത്. | | | | | |
| ഗവ:എച്ച്.എസ്സ്. തണ്ണീർമുക്കം | ഉണ്ട്. | ഉണ്ട്. | ഇല്ല. | ഉണ്ട്. | ഇല്ല. | ഇല്ല | ഇല്ല. | ഉണ്ട്. | ഇല്ല. | ഇല്ല. | ഇല്ല. | 26 | 19 | 192 | - | 5 | സജീവം | ഉണ്ട് |
| സെന്റ് മാത്യൂസ്.എച്ച്.എസ്സ്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഇല്ല | ഇല്ല, | ഇല്ല, | ഇല്ല, | ഇല്ല, | ഇല്ല, | 23 | 23 | 190 | - | - | സജീവം | ഉണ്ട് |
| സെന്റ് ആന്റണീസ് എച്ച്.എസ്സ്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 34 | 34 | 144 | - | 4 | സജീവം | ഉണ്ട് |
| ഗവ:യു.പി.എസ്സ്. വെള്ളിയാംകുളം. | ഉണ്ട്. | ഉണ്ട്. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 16 | 16 | 194 | - | 3 | സജീവം | ഉണ്ട് |
| റ്റി.എം. യു.പി.എസ്സ് . മരുത്തോർവട്ടം. | ഉണ്ട്. | ഇല്ല. | ഉണ്ട്. | ഇല്ല. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 10 | 10 | 188 | 1 | 5 | സജീവം | ഉണ്ട് |
| ഗവ: എൽ.പി.എസ്സ്. മരുത്തോർവട്ടം. | ഇല്ല. | ഇല്ല. | ഇല്ല. | ഉണ്ട്. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 5 | 5 | 194 | - | - | സജീവം | ഉണ്ട് |
| എച്ച്. ഡബ്യൂ.എൽ,പി.എസ്സ്. വരനാട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഉണ്ട്. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 4 | 4 | 194 | - | 13 | സജീവം | ഉണ്ട് |
| പഞ്ചാ: എൽ.പി.എസ്സ്. തണ്ണീർമുക്കം. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 6 | 4 | 194 | - | 2 | സജീവം | ഉണ്ട് |
| എൽ.പി.എസ്സ്. തണ്ണീർമുക്കം. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 4 | 3 | 193 | - | 2 | സജീവം | ഉണ്ട് |
| എൻ.എസ്സ്.എസ്സ്. എൽ.പി.എസ്സ്. ശ്രീകണ്ഠമംഗലം. | ഉണ്ട്. | ഇല്ല. | ഉണ്ട്, | ഇല്ല. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 4 | 4 | 194 | - | - | സജീവം | ഉണ്ട് |
| സെന്റ് സേവ്യേഴ്സ് എൽ.പി.എസ്സ്. | ഉണ്ട്. | ഉണ്ട്. | ഇല്ല. | ഉണ്ട്. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 6 | 6 | 190 | - | - | സജീവം | ഉണ്ട് |
| സെന്റ് തെരസസ്.എൽ.പി.എസ്സ്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഇല്ല. | ഇല്ല. | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 8 | 8 | 192 | - | - | സജീവം | ഉണ്ട് |

പട്ടിക-4 പ്രകാരം 3 മുതൽ 10 വരെ സ്റ്റാൻഡാർഡുകളിൽ പഠിക്കുന്ന ആകെ കുട്ടികൾ 4092 ആണ്.ഇവരിൽ 805 കുട്ടികൾ പരീക്ഷകളിൽ 10% ൽ ക്കുറവ് മാർക്ക് ലഭിച്ചവരാണ്. അതായത് ആകെ കുട്ടികളുടെ 20% തീരെ നിലവാരമില്ലാത്തവരാണ്. സമർത്ഥരായ കുട്ടികളാവട്ടെ കേവലം 11% മാത്രമാണ്.

എസ്സ്.എസ്സ്.എൽ.സി പരീക്ഷയുടെ വിജയശതമാനം സെന്റ് മാത്യൂസ് ഹൈസ്ക്കൂളിലും, സെന്റ് ആന്റണീസ് ഹൈസ്കൂളിലും മോശമല്ല. എന്നാൽ തണ്ണീർമുക്കം ഗവ:ഹൈസ്ക്കൂൾ മെച്ചപ്പെട്ട നിലവാരത്തിലേ് ഉയർന്നിട്ടില്ല.

പഞ്ചായത്തിലാകെ 11 കുട്ടികൾക്കാണ് എൽ.എസ്സ്.എസ്സ്, യു.എസ്സ്.എസ്സ് മെരിറ്റ് സ്ക്കോളർഷിപ്പ് ലഭിക്കുന്നത്.(പട്ടിക-7 കാണുക) മത്സര പരീക്ഷകളിൽ നമ്മുടെ കുട്ടികൾ കൂട്ടത്തോടെ പിൻതള്ളപ്പെട്ടു പോകുന്ന ദയനീയ ചിത്രമാണ് ഇത് സൂചിപ്പിക്കുന്നത്.

### പാഠ്യേതര പ്രവർത്തനങ്ങൾ

പഠന നിലവാരത്തിലെന്നതു പോലെ പാഠ്യേതര പ്രവർത്തനങ്ങളിലും നമ്മുടെ കുട്ടികൾ പിന്നോക്കാവസ്ഥയിലാണ്. കായിക രംഗത്ത് കേവലം 3 കുട്ടികൾ മാത്രമാണ് മികവ് പ്രകടിപ്പിച്ചിട്ടുള്ളത്. ഹൈസ്ക്കൂളിലും, യു.പി സ്ക്കൂളിലും പരിശീലനം നല്കുന്നതിന് കായികാദ്ധ്യാപകർ ഉണ്ടായിട്ടു പോലുമിത്രയും ദയനീയമായ സ്ഥിതി നിലനില്ക്കുന്നതിന്റെ കാരണം സൂക്ഷ്മമായി പരിശോധിക്കപ്പെടേണ്ടതാണ്.

കലാ രംഗത്തും നിലവാരം ഒട്ടും മെച്ചമല്ല. ശാസ്ത്ര രംഗത്താകട്ടെ ഇത് അതീവ ദാരുണമാണ്. ജില്ലാ തലങ്ങളിൽ പോലും വിജയം കൈവരിക്കാൻ ആർക്കും കഴിയുന്നില്ല.ഇതിന്റെ പിന്നിലെ യഥാർത്ഥ കാരണം (പട്ടിക-6) കാണുക.

### അംഗൻവാടികൾ

ശിശു എന്നത് പ്രകൃതിയിലെ ഏറ്റവും നിഗൂഢവും, ഗാഭീര്യവും അതേ സമയം ലളിതവും,കോമളവുമായ ഒരു വസ്തുവാണ്. ആ ശിശുവിനെക്കുറിച്ച് നമുക്കറിയാവുന്നതിലേറെക്കാര്യങ്ങൾ അറിയാതെ കിടപ്പുണ്ട്. അതു കൊണ്ട് തന്നെ ശിശു വിദ്യാഭ്യാസം വളരെ ശ്രദ്ധയോടെ വേണം കൈകാര്യം ചെയ്യാൻ. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ മൂന്നോടിയാണ് പ്രീ പ്രൈമറി വിദ്യാഭ്യാസം.

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ ഒന്നും നിലവിലില്ല. എന്നാൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമ അംഗൻവാടി ഉണ്ട്. ആകെ 24 അംഗൻവാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നു. പലതിലും അവശ്യം വേണ്ട സൗകര്യങ്ങൾ ഇല്ലെന്നുള്ളത് പ്രത്യേകം പരിഗണിക്കപ്പെടേണ്ടതാണ്.




### ഉപസംഹാരം

ഃഭാരതത്തിന്റെ ഭാവി ക്ലാസ്സ് മുറികളിൽ വിരിയുന്നുഃ എന്നാണ് തത്വ ചിന്തകർ പ്രതിപാദിക്കുന്നത്.ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളിൽ സ്വയം പര്യാപ്തമായ ഒരു രാഷ്ട്രമാണ്. അത് കെട്ടിപ്പെടുക്കുന്നതിന് സാമൂഹ്യ ഉത്തരവാദിത്വമുള്ള പൗരൻമാരെയാണ് നമുക്കാവശ്യം. ഇത്തരം പൗരൻമാരാക്കി മാറ്റാൻ കെല്പ്പുള്ളതല്ല ഇന്നത്തെ വിദ്യാഭ്യാസം. അതിനാൽ ഇന്നത്തെ വിദ്യാഭ്യാസത്തിലെ പോരായ്മകൾ എന്തൊക്കെയാണന്ന് വസ്തുനിഷ്ടമായി പരിശോധിക്കുകയും,പരിഹാരം കണ്ടെത്തുകയമാണ് അടിയന്തരമായി ചെയ്യേണ്ടത്.അതിലേക്കുള്ള ഒരു ശ്രമമത്രേ താഴെ വിവരിക്കുന്ന പ്രശ്നങ്ങളും, സാദ്ധ്യതകളും.

### പ്രശ്നങ്ങൾ

1.വിദ്യാഭ്യാസ മേഖലയുടെ അതീവ കേന്ദ്രീകൃതമായ സംവിധാനം.
2.വിദ്യാഭ്യാസവും.ജീവിതവും തമ്മിലുള്ള അകൽച്ച.
3.വിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ്.
4.പഠനോപകരണങ്ങളുടെ അപര്യാപ്തത.
5.ലക്ഷ്യാധിഷ്ഠിതവും, ആധുനികവത്ക്കരണങ്ങൾ ഉൾക്കൊള്ളുന്നതും,ചലനാത്മകവുമായ പഠനബോധന പ്രക്രിയയുടെ അഭാവം.
6.മോണിറ്ററിംഗിന്റെ കാര്യക്ഷമത ഇല്ലായ്മ.
7.അദ്ധ്യാപകരും, വിദ്യാർത്ഥികളും തമ്മിലുള്ള ഉയർന്ന അനുപാതം.
8.പരീക്ഷയെ ലക്ഷ്യം വെച്ചുള്ള പഠനബോധന രീതി.
9.രക്ഷകർത്താക്കളുടെ സാമൂഹികവും, സാമ്പത്തികവുമായ പിന്നോക്കാവസ്ഥ.
10.വീടുകളിലെ പഠന സാഹചര്യങ്ങളിലുള്ള പരിമിതികൾ.
11.വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിൽ തങ്ങളുടെ പങ്കിനെക്കുറിച്ച് രക്ഷകർത്താക്കളുടെ ബോധമില്ലായ്മ.
12.പാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
13.പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ അഭാവം.
14. വിദ്യാർത്ഥികൾക്ക് വേണ്ടത്ര യാത്രാ സൗകര്യം ഇല്ലാത്തത്.
15.അദ്ധ്യാപക - രക്ഷകർത്ത സമിതിയുടെ പ്രവർത്തനങ്ങളിലെ പോരായ്മകൾ.
16.വിദ്യുത്ച്ഛക്തി, കൃഷി, വ്യവസായം, ഗതാഗതം തുടങ്ങിയ മേഖലകൾക്ക് ആവശ്യം ഉള്ള വിഹിതം അനുവദിച്ച ശേഷം മിച്ചം വരുന്നതിൽ നിന്ന ്വിദ്യാഭ്യാസത്തിന് തുക മാറ്റുന്ന അശാസ്ത്രീയമായ സർക്കാരിന്റെ നയം.

തങ്ങളുടെ ചുറ്റുപാടുമുള്ള ഭൗതികവും,
സാമൂഹികവുമായ യാഥാർത്ഥ്യങ്ങളെ
തിരിച്ചറിയാനും,വ്യാഖ്യാനിക്കാനും
അങ്ങനെ സ്വന്തം ഭാവിയെ സംബന്ധിക്കുന്ന
തീരുമാനങ്ങൾ സ്വയം കൈക്കൊള്ളാനും
മനുഷ്യന് സാധിക്കണം.
സ്വന്തം കഴിവുകളും,നൈപുണ്യങ്ങളും ഉപയോഗച്ച്
സ്വന്തം പ്രദേശത്തിന്റേയും,നാടിന്റേയും വികസന
പ്രക്രിയയിൽ ഫലപ്രദമായി പങ്കെടുക്കാനുള്ള
കഴിവും,കാഴ്ചപ്പാടും അവന് ഉണ്ടായിരിക്കണം.
--- പാലൊളി മുഹമ്മദ് കുട്ടി

### സാദ്ധ്യതകൾ/പരിഹാരങ്ങൾ

ഭരണഘടനയുടെ 73,74 ഭേദഗതി പ്രകാരം പ്രൈമറി സ്ക്കൂളുകളുടെ നടത്തിപ്പിന് ജില്ലാ പഞ്ചായത്തുകൾക്കും അധികാരം നല്കിയിരിക്കുന്നു.വികേന്ദ്രീകൃതമായ ആസൂത്രണത്തിനും, നടത്തിപ്പിനും കൈവന്ന ഒരവസരമാണിത്. രക്ഷാകർത്താക്കളുടേയും, നാട്ടുകാരുടേയും സഹായ സഹകരണങ്ങളോടുകൂടി വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.ഇതിനായി പഞ്ചായത്ത് തലത്തിൽ സമഗ്രമായ ഒരു വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കുകയും ശ്രദ്ധയോടുകൂടി നടപ്പിലാക്കുകയും വേണം.ശ്രമകരമായ ഈ സംരംഭത്തിന് സഹായകമാകാവുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1.വിദ്യാലയസംഘാത സമ്പ്രദായം പ്രാവർത്തികമാക്കുക.(സ്ക്കൂൾ കോപ്ലക്സ് പ്രോഗ്രാം)

ഒരു ഹൈസ്ക്കൂൾ കേന്ദ്രമാക്കി ചുറ്റുമുള്ള പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുക.എന്നതാണ് ഈ സമ്പ്രദായത്തിന്റെ കാതലായ തത്ത്വം. സൂര്യന് ചുറ്റും വർത്തിച്ചു കൊണ്ട് മറ്റ് ഗ്രഹങ്ങൾ ശക്തിയാർജ്ജിക്കുന്നത് പോലെ ഹൈസ്ക്കൂളിനെ കേന്ദ്രീകരിച്ച് പ്രവർത്തിച്ച് പ്രൈമറി വിദ്യാലയങ്ങൾ ശക്തിയും,ഊർജ്ജവും ആർജ്ജിക്കുന്ന സമ്മോഹനമായ അവസ്ഥാ വിശേഷമാണ് വിഭാവന ചെയ്യപ്പെടേണ്ടി ഇരിക്കുന്നത്.

ഈ സമ്പ്രദായത്തിന്റെ നേട്ടങ്ങളിൽ വിദ്യാലയങ്ങൾ തമ്മിലുള്ള വിടവ് ഇല്ലാതാക്കുമെന്നുള്ളതാണ്.മാനുഷികവും,ഭൗതീകവുമായ വിഭവങ്ങൾ പരസ്പരം പങ്കുവെച്ച് പോരായ്മകൾ ഒട്ടാകെ പരിഹരിക്കുന്നതിന് ഈ സമ്പ്രദായത്തിലുൾപ്പെട്ട വിദ്യാലയങ്ങൾക്ക് കഴിയുന്നതാണ്. മറ്റൊരു പ്രധാന നേട്ടം ഒറ്റപ്പെടൽ ഒഴിവാക്കി കൂട്ടായിനും, പരീക്ഷണങ്ങളും, ഗവേഷണങ്ങളും നടത്തുന്നതിനുമുള്ള അവസരം ലഭിക്കുമെന്നതത്രേ. സർവ്വോപരി അധികാരവികേന്ദ്രീകരണം സാധിക്കുന്നതിന്റെ മേൻമകൾ കൈവരിക്കാൻ കഴിയുകയും ചെയ്യുന്നു.

സ്ക്കൂൾ കോപ്ലക്സിൽ പഞ്ചായത്ത് ഭരണാധികാരികൾ,അദ്ധ്യാപകർ,പഞ്ചായത്തിൽ ലഭ്യമായ വിദ്യാഭ്യാസ വിദഗ്ധർ,രക്ഷാകർത്താക്കളുടെ പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കണം.

സ്ക്കൂൾ കോപ്ലക്സില ലീഡ് സ്ക്കൂളിൽ വെച്ച് അദ്ധ്യാപകർക്ക് വിഷയങ്ങളുടെ ഉള്ളടക്കത്തിലും, ബോധന രീതിയിലും പുന പരിശീലനം നല്കേണ്ടതാണ്.

2.ക്ലാസ്സ് മുറികളിൽ നിപുണ പഠനം (Mastery of Learning) ഉറപ്പു വരുത്തുക.

അദ്ധ്യാപകർ വർഷങ്ങളായി സ്വീകരിച്ചു വരുന്ന പഴഞ്ചൻ ബോധന രീതി ഉപേക്ഷിക്കണം. കുട്ടികൾ നേരത്തേ പഠിച്ചിട്ടുള്ള കാര്യങ്ങളിൽ ആവശ്യമായവ ആവർത്തിച്ചും,അവരെ ആകർഷകമായ പഠന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചും നൂതനങ്ങളായ പഠനാനുഭവങ്ങൾ പകർന്നു കൊടുത്തും പഠനം രസകരവും എന്നാൽ നിപുണവും ആക്കാൻ കഴിയണം.

4.നൂതന ബോധന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.

ഏതു ബോധന രീതിയുടേയും ആത്യന്തികമായ ലക്ഷ്യം സ്വയം പഠനശൈലിയായിരിക്കണം. അതിന് പല ബോധന തന്ത്രങ്ങളും പ്രയോഗിക്കാം.അവയിൽ പ്രധാനപ്പെട്ടവ ഇനി പറയുന്നവയാണ്.

1.ഗ്രൂപ്പ് ചർച്ചാ രീതി.4.നൂതന ബോധന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.

ഏതു ബോധന രീതിയുടേയും ആത്യന്തികമായ ലക്ഷ്യം സ്വയം പഠനശൈലിയായിരിക്കണം.അതിന് പല ബോധന തന്ത്രങ്ങളും പ്രയോഗിക്കാം.അവയിൽ പ്രധാനപ്പെട്ടവ ഇനി പറയുന്നവയാണ്.

1.ഗ്രൂപ്പ് ചർച്ചാ രീതി.2.പിയർ ഗ്രൂപ്പ് അദ്ധ്യായനം.

3.സ്വയം പഠനതന്ത്രം.

5.മോണിറ്ററിംഗ് കാര്യക്ഷമമാക്കുക.

എ.ഇ.ഒ,ഡി.ഇ.ഒ, ഡി.ഡി.ഇ തുടങ്ങിയ വിദ്യാഭ്യാസ മേലധികാരികളുടെ അദ്ധ്യാപനത്തെ സംബന്ധിച്ച വിലയിരുത്തലുകൾ കാര്യക്ഷമമല്ല.ഈ സംവിധാനം ശക്തമാക്കുകയും കൂടാതെ പിയർ മോണിറ്ററിംഗ്,ജനകീയ മോണിറ്ററിംഗ് എന്നീ രീതികളും ഉപയോഗിക്കാവുന്നതാണ്.

6.10-ാം സ്റ്റാൻഡാർഡിലെ റിസൾട്ട് മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പ്രവർത്തന രീതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

7.പാഠാ അക്കാഡമിക്ക് പ്രവർത്തനം കാര്യക്ഷമമാക്കുക.

അക്കാഡമിക്ക് പ്രവർത്തനം പോലെ തന്നെ പ്രധാനപ്പെട്ടവയാണ് പാഠ്യേതര പ്രവർത്തനം.ഇന്ന് ഇത് വളരെ ദുർബ്ബലമാണ്.പരിഹാരമെന്നവണ്ണം താഴെപ്പറയുന്നവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

1.സാഹിത്യ സമാജം രൂപീകരിച്ച് പ്രവർത്തിക്കുക.

2.സയൻസ് ക്ലബ്,സയൻസ് കോർണ്ണർ പ്രവർത്തനങ്ങള കാര്യക്ഷമമാക്കുക.

3.പ്രതിദിന മോർണ്ണിംഗ് അസംബ്ലിയും,ആഴ്ചയിൽ ഒരിക്കൽ മാസ്സ് ഡ്രില്ലും സംഘടിപ്പിക്കുക.

4.കുട്ടികളെ വിവിധ ഹൗസുകളായി തിരിച്ച് കായിക മത്സരങ്ങൾ നടത്തുക.
5.വിശേഷ ദിനങ്ങളോടനുബന്ധിച്ച് പ്രത്യേക പ്രവർത്തനങ്ങൾ (അത്തപ്പൂവിടൽ പോലുള്ളവ) സംഘടിപ്പിക്കുക.
6.സ്ക്കൂൾ തലത്തിൽ കലോത്സവം,പ്രദർശനം, വാർഷികാഘോഷം, പഠന യാത്രാ തുടങ്ങിയവ നടത്തുക.
7.സ്ക്കൂൾ ലൈബ്രറിയുടെ പ്രവർത്തനം വിപുലപ്പെടുത്തുക.
8.സ്ക്കൂളുകളും,പരിസരവും ആകർഷകമാക്കുക.
9.സ്ക്കൂൾ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ആവുന്നത്ര ലഭ്യമാക്കുക.
10.മാതൃ സംഗമം നടത്തുക.

*അടിത്തട്ടിൽ നിന്നും ഉദിച്ചുയരുന്ന സ്വാതന്ത്ര്യം മാത്രമേ സാർത്ഥകവും,സമ്പൂർണ്ണവുമാകാകയുള്ളു ഓരോ ഗ്രാമവും അഭ്യന്തര കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്ക് ആയിരിക്കണം.എന്നാൽ പരസ്പര സഹകരണത്തിലും,സഹവർത്തിത്വത്തിലും,സാഹോദര്യത്തിലും അധിഷ്ഠിതമായിരിക്കണം വിവിധ ഗ്രാമങ്ങൾ തമ്മിലുള്ള ബന്ധം.*
*ഓരോ വ്യക്തിയും സമൂഹത്തിനുവേണ്ടി ആത്മസമർപ്പണം ചെയ്യുവാൻ തയ്യാറുള്ളവനായിരിക്കണം. വ്യക്തികളുടെ താത്പ്പര്യങ്ങളെ കണ്ണിലെ കൃഷ്ണ മണി പോലെ കാത്തു സംരക്ഷിക്കുവാൻ സമൂഹവും തയ്യാറാവണം.*

*-- ഗാന്ധിജി*

പട്ടിക -5

തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് .

അക്കാഡമിക്ക് നിലവാരം (സ്റ്റാന്റാർഡ് 3 മുതൽ 10 വരെ).

| സ്ക്കൂളിന്റെ പേര് | | പൊതുനിലവാരം - പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ | | | | | എസ്സ്.എസ്സ്.എൽ.സി . വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ആകെ കുട്ടികൾ | 10 % ത്തിനുതാഴെ | 30-40 % | 40-50 % | 50-60 % | 60 % ത്തിൽ കൂടുതൽ | 91-92 വർഷം | 92-93 വർഷം | 93-94 വർഷം | 94-95 വർഷം | 95-96 വർഷം |
| ഗവ:H.S. തണ്ണീർമുക്കം | 778 | 116 | 346 | 144 | 75 | 97 | 56 | 58 | 61 | 58 | 57 |
| സെന്റ് മാത്യൂസ്.H.S. | 891 | 255 | 322 | 141 | 115 | 58 | 172 | 73 | 76 | 74 | 78 |
| സെന്റ് ആന്റണീസ് . H.S. | 1083 | 214 | 313 | 292 | 181 | 83 | 1 | 61 | 60 | 65 | 75 |
| ഗവ:U.P.S. .വെള്ളിയാകുളം. | 442 | 42 | 158 | 125 | 85 | 32 | - | - | - | - | - |
| റ്റി.എം. U.P.S. . മരുത്തോർവട്ടം. | 319 | 76 | 75 | 55 | 113 | - | - | - | - | - | - |
| ഗവ:L.P.S മരുത്തോർവട്ടം. | 83 | 18 | 11 | 14 | 10 | 30 | - | - | - | - | - |
| H.W.L.P.S വാരനാട് | 52 | 9 | 5 | 10 | 11 | 17 | - | - | - | - | - |
| പഞ്ചാ:L.P.S തണ്ണീർമുക്കം | 88 | 26 | 15 | 25 | 11 | 11 | - | - | - | - | - |
| L.P.S തണ്ണീർമുക്കം. | 73 | 4 | 14 | 14 | 11 | 30 | - | - | - | - | - |
| N.S.S.L.P.S ശ്രീകണ്ഠമംഗലം. | 64 | 2 | 10 | 7 | 15 | 30 | - | - | - | - | - |
| സെന്റ് സേവ്യേഴ്സ് L.P.S | 105 | 22 | 19 | 20 | 16 | 28 | - | - | - | - | - |
| സെന്റ് തെരസാസ്.L.P.S | 114 | 21 | 10 | 28 | 19 | 36 | - | - | - | - | - |
| ആകെ | 4092 | 805 | | | | 452 | | | | | |

പട്ടിക - 6

തണ്ണീർമുക്കം ഗ്രമപഞ്ചായത്ത് .

കുട്ടികാംക്ക് ലഭിച്ചിട്ടുള്ള അവർഡുകളെ സംബന്ധിക്കുന്ന വിവരം

| | കായികരംഗം | | | കലരംഗം | | | ശാസ്ത്രരംഗം | | | പ്രവർത്തിപരിചയം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സ്ക്കൂളിന്റെ പേര് | ജില്ലാ തലം | സംസ്ഥാന തലം | ദേശീയ തലം | ജില്ലാ തലം | സംസ്ഥാന തലം | ദേശീയ തലം | ജില്ലാ തലം | സംസ്ഥാന തലം | ദേശീയ തലം | ജില്ലാ തലം | സംസ്ഥാന തലം | ദേശീയ തലം |
| ഗവ:H.S. തണ്ണീർമുക്കം | | | | | | | | | | 1 | | |
| സെന്റ് മാത്യൂസ് .H.S. | | | 2 | | | | | | | | | |
| സെന്റ് ആന്റണീസ് . H.S. | | | | 1 | | | | | | | | |
| ഗവ:U.P.S. .വെള്ളിയാകുളം. | | | | 1 | | | | | | | | |
| റ്റി.എം. U.P.S. . മരുത്തോർവട്ടം. | | | | | | | | | | | | |
| ഗവ:L.P.S മരുത്തോർവട്ടം. | | | | | | | | | | | | |
| എച്ച്. ഡബ്യൂ.L.P.S വാരനാട്. | | | | | | | | | | | | |
| പഞ്ചാ:L.P.S തണ്ണീർമുക്ക | 1 | | | 1 | | | | | | | | |
| L.P.S തണ്ണീർമുക്കം. | | | | | | | | | | | | |
| N.S.S.L.P.S ശ്രീകണ്ഠമംഗലം. | | | | | | | | | | | | |
| സെന്റ് സേവ്യേഴ്സ് L.P.S | | | | | | | | | | | | |
| സെന്റ് തെരസാസ് .L.P.S | | | | | | | | | | 5 | | |

പട്ടിക - 7

തണ്ണീർ മുക്കം ഗ്രാമ പഞ്ചായത്ത്

സാമ്പത്തികാനുകൂല്യം ലഭിക്കുന്ന കുട്ടികളുടെ വിവരം

| സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യ തൊഴിലാളി സ്കോളർഷിപ്പ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| ഗവ:H.S. തണ്ണീർമുക്കം | 4 | 85 | - | 3 | 1 | | | |
| സെന്റ് മാത്യൂസ്.H.S. | - | 100 | 9 | 3 | | | | |
| സെന്റ് ആന്റണീസ് . H.S. | 24 | 82 | - | 2 | | | 14 | |
| ഗവ:U.P.S. .വെള്ളിയാകുളം. | 2 | 29 | - | | | | | |
| റ്റി.എം. U.P.S. . മരുത്തോർവട്ടം. | 1 | 27 | 1 | | | | | |
| ഗവ:L.P.S മരുത്തോർവട്ടം. | | 13 | | | | | | |
| H.W.L.P.S വാരനാട് | | 35 | | | | | | |
| പഞ്ചാ:L.P.S തണ്ണീർമുക്കം | | 12 | | | | | | |
| L.P.S തണ്ണീർമുക്കം. | | 43 | | | | | 1 | |
| N.S.S.L.P.S ശ്രീകണ്ഠമംഗലം. | | 3 | | | 1 | | | |
| സെന്റ് സേവ്യേഴ്സ് L.P.S | | 30 | | | | | | |
| സെന്റ് തെരസാസ്.L.P.S | | 34 | | | | | | |



# കുടിവെള്ളം - പൊതുജനാരോഗ്യം

തണ്ണീർമുക്കം പഞ്ചായത്തിന്റെ മൂന്നിൽ ഒരു ഭാഗം ഓരു കയറുന്ന പ്രദേശമാണ്. കുടിവെള്ള ക്ഷാമം രൂക്ഷമായി നിലനില്ക്കുന്നു. ജനങ്ങളിൽ ഭൂരിഭാഗവും കുടിവെള്ളത്തിനായി കിണറുകളേയും, കുളങ്ങളേയും ആശ്രയിക്കുന്നു കുടിവെള്ള സൗകര്യം ഇല്ലാത്ത 5274 കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സ് കുളങ്ങളാണ്. 3044 വീടുകളിലാണ് കിണറുകൾ ഉള്ളത്. കുടി വെള്ള ക്ഷാമം ഓരു കയറുന്ന പ്രദേശത്തും, കരി പ്രദേശത്തും രൂക്ഷമായി തുടരുന്നു. കൂടാതെ തൊണ്ടഴുക്കിൽ നിന്നുള്ള മാലിനീകരണവും കുടി വെള്ള ക്ഷാമത്തിന് കാരണമായിട്ടുണ്ട്. പൊതു കിണറുകൾ. പൊതു കുളങ്ങൾ അണു വിമുക്തമാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ ഓരു കയറുന്ന പ്രദേശങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം. കോളനി പ്രദേശങ്ങളിലും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കണം. പഞ്ചായത്തിലെ ജല ദൗർല്ലഭ്യമുള്ള വീടുകളിൽ ശുദ്ധജലം ലഭ്യമാക്കണം.

പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കണം. മൂവാറ്റുപുഴ ശുദ്ധ ജല പദ്ധതിയിൽ തണ്ണീർമുക്കവും ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം. കാളികുളം ബോർവെൽ പദ്ധതി പോലെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോർവെൽ സ്ഥാപിച്ചും കുടിവെള്ള ക്ഷാമം പരിഹരിക്കണം. റോഡരികിലുള്ള പൈപ്പുകളുടെ അറ്റകുറ്റ പണികൾ നടത്തി വെള്ളം നഷ്ടപ്പെടുന്നതൊഴിവാക്കണം. പുതിയ ടാപ്പുകൾ ഇടുക തൊണ്ടഴുക്കൽ മൂലമുള്ള മലിനീകരണം . തടയുക വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മലിനീകരണ തടയുക. പൊതു വിതരണത്തിനുള്ള വെള്ളം അണു വിമുക്തമാക്കുക. തണ്ണീർമുക്കത്ത് ടാപ്പുകളിൽ നിന്ന് കിട്ടുന്ന വെള്ളം ഉപ്പു രസം കലർന്നതാണ്. ജല വിതരണം വാട്ടർ അതോറിറ്റിയിൽ നിന്ന് മാറ്റി പഞ്ചായത്തുകളെ ഏല്പിക്കണം. പഞ്ചായത്തിൽ പൊതു കിണറുകളും, പൊതു സംഭരണികളും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം. ഇലഞ്ഞാം കുളങ്ങര വാട്ടർ സപ്ലൈ സ്കീം ശുദ്ധജലം കിട്ടത്തക്ക രീതിയിൽ പുന സംവിധാനം ചെയ്യണം.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും കരി പ്രദേശങ്ങൾക്ക് മുൻഗണന നല്കി കുടിവെള്ള പദ്ധതി നടപ്പിലാക്കണം. ഓരോ വാർഡിലും അയൽപക്ക വീടുകളെ കൂട്ടിയിണക്കി ചെറുകിട കുടി വെള്ള വിതരണ പദ്ധതികൾ ആവിഷ്ക്കരിക്കാം. ബോർവെൽ, മോട്ടർ ടാങ്ക്, വിതരണ ശൃംഖല തുടങ്ങിയവയ്ക്കുള്ള മുതൽ മുടക്കിൽ ഒരു ഭാഗം ഉപഭോക്താക്കളിൽ നിന്നും കണ്ടെത്താം

### ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1.തണ്ണീർമുക്കം പഞ്ചായത്തിന്റെ 1/3 ഭാഗ ം ഓരു കേറുന്ന പ്രദേശമാകയാൽ ശുദ്ധമായ കുടിവെള്ള സ്ഥിരമായി എത്തിക്കുവാൻ സൗകര്യം ഉണ്ടാക്കണം.

2.തണ്ണീർമുക്കം പ്രൊജക്ടിന്റെ ഷട്ടറുകൾ ഇടുമ്പോൾ പഞ്ചായത്തിന്റെ 1,2,5,6,7,9,10,12 എന്നീ വാർഡുകളിൽ വേലിയേറ്റത്തിന്റെ തള്ളലനുഭവപ്പെടുന്നു. തോടുകളിലും, കിണറുകളിലും വെള്ളത്തിന് ഉപ്പു സ്വാദ് അനുഭവപ്പെടുന്നു.

3.എല്ലാ വീടുകളിലും പൈപ്പ് വെള്ളം കിട്ടാൻ നടപടികൾ സ്വീകരിക്കണം.

4.തൊണ്ടഴുക്കൽ കാരണം കിണറുകൾ,കുളങ്ങൾ എന്നി

വയിലെ വെള്ളം മലിനീകരിക്കുന്നത് തടയാൻ നടപടികൾ സ്വീകരിക്കണം.

5.റോഡരുകിലുള്ള പൈപ്പുകളുടെ തകരാറു കാരണം ശുദ്ധ ജലം നഷ്ടപ്പെടുന്നത് തടയാൻ പുതിയ ടാപ്പുകൾ തുടങ്ങണം.

6.അടുത്തുള്ള വീടുകൾ ഒന്നിച്ചു ചേർന്ന് കമ്മ്യൂണിറ്റി ഡ്രിങ്കിംഗ് വാട്ടർ സ്കീം ആവിഷ്ക്കരിക്കുക. ഗുണഭോക്താക്കളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ ഒരു ഭാഗം കണ്ടെത്താവുന്നതാണ്.

# പൊതുജനാരോഗ്യം

ആരോഗ്യമുള്ള ഒരു ജനതയും,സമൂഹവും ഒരു പ്രദേശത്തിന്റെ മുതൽക്കൂട്ടാണ്. രോഗമില്ലാത്ത അവസ്ഥ എത്രയോ വിലപ്പെട്ടതാണ്.പൊതുജനാരോഗ്യ രംഗത്ത് ലോകത്തുള്ള സമ്പന്ന രാഷ്ട്രങ്ങളുടെ എല്ലാം മുന്നിലാണ് ഇന്ത്യ.കേരളത്തിന് ഇൻഡ്യയിൽ ഒന്നാം സ്ഥാനവും,ഏറ്റവും കുറഞ്ഞ ശിശു മരണ നിരക്ക്, മാതൃ മരണ നിരക്ക്,കൂടുതൽ ആയുർദൈർഘ്യം ഇതെല്ലാം നമ്മുടെ സംസ്ഥാനത്തിന് ആരോഗ്യ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളാണ്. അതിന്റെ പ്രതിഫലനം നമ്മുടെ പഞ്ചായത്തിലും ഏറെ കുറെ പ്രകടമാണ്.എങ്കിൽപ്പോലും ആരോഗ്യരംഗത്ത് പോരായ്മകൾ വളരെയുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ഏതാണ്ട് 1970 കാലഘട്ടം വരെ പാരമ്പര്യ ആയുർവ്വേദ കുടുംബങ്ങളും കുറേ അലോപ്പതിക്ക് ഡിസ്പെൻസറികളുമാണ് പഞ്ചായത്തിലെ ജനങ്ങളുടെ ചികിത്സാവശ്യങ്ങൾ നിവവേറ്റിപോന്നത്. ഹോമിയോപ്പതി സമ്പ്രദായം ഈ കാലയളവിൽ വളരെ വിരളമായിരുന്നു.ജനങ്ങളും ഇക്കാര്യത്തിൽ വേണ്ടത്ര ബോധവാൻമാരായിരുന്നില്ല.

1976 മുതൽ പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ തണ്ണീർമുക്കം ബണ്ടിന് സമീപം ഒരു അലോപ്പതി ഡിസ്പെൻസറി പ്രവർത്തിച്ചു തുടങ്ങി.ജീവനക്കാരുടെ അഭാവവും,മരുന്നിന്റെ ക്ഷാമവും പലപ്പോഴും ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. 1990-ൽ മാത്രമാണ് ഈ ഡിസ്പെൻസറി പി.എച്ച് സെന്ററായി ഉയർത്തപ്പെട്ടത്. രണ്ടു ഡോക്ടർമാരും, നേഴ്സുകളും ഉൾപ്പെടുന്ന കിടക്കകളോടു കൂടിയ സംവിധാനം നിലവിൽ വന്നു. 1990-ൽ തന്നെ ഒരു ഹോമിയോ ഡിസ്പെൻസറിയും 3-ാം വാർഡിൽ പ്രവർത്തിച്ചു തുടങ്ങി. വളരെ അടുത്ത കാലത്ത് 12-ാം വാർഡിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും നിലവിൽ വന്നു.ജീവനക്കാരുടെ എണ്ണത്തിലും,മരുന്നിന്റെ ലഭ്യതയിലുള്ള കുറവും ചികിത്സാ രംഗത്ത് പഞ്ചായത്തിലെ ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. വിവിധ വാർഡുകളിലായി 7 മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്.

പഞ്ചായത്തിന്റെ 14-ാം വാർഡിൽ സേക്രട്ട് ഹാർട്ട് ജനറൽ ആശുപത്രി എന്ന അലോപ്പതി ആശുപത്രിയും, 11-ാം വാർഡിൽ ഒരു ആയുർവ്വേദ ആശുപത്രിയും സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ പ്രദേശത്തായി അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതിക്ക് ഡിസ്പെൻസറികൾ സ്വകാര്യമായി പ്രവർത്തിച്ചു വരുന്നു.

മലേറിയാ, ഛർദ്ദി, വയറിളക്കം, വാത രോഗങ്ങൾ, തൊണ്ട രോഗങ്ങൾ, ആസ്തമാ, ചെങ്കണ്ണ്,ത്വക്ക് രോഗങ്ങൾ മുതലായവയാണ് പഞ്ചായത്തിലെ ജനങ്ങളിൽ കണ്ടു വരുന്ന രോഗങ്ങൾ.

ചേർത്തല ഗവ:ആശുപത്രിയിലേക്കാണ് മെച്ചപ്പെട്ട ചികിത്സയ്ക്കായി പഞ്ചായത്തിലെ ജനങ്ങൾ പോകുന്നത്.ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ പലപ്പോഴും ഈ ആശുപത്രിയിൽ ലഭിക്കാതെ വരുമ്പോൾ ജനങ്ങൾ സ്വാഭാവികമായും സ്വകാര്യ ആശുപത്രികളെ സമീപിക്കാൻ നിർബ്ബദ്ധിതരാകുന്നു. ശ്രീ നാരായണാ മെഡിക്കൽ മിഷൻ, കെ.വി.എം. ആശുപത്രി, സേക്രട്ട് ഹാർട്ട് ആശുപത്രി (മതിലകം) എന്നിവയാണ് പഞ്ചായത്തിലും തൊട്ടടുത്തുമായി സ്ഥിതി ചെയ്യുന്ന ആശുപത്രികൾ. സാധാരണക്കാരന് താങ്ങാനാവാത്ത ഭാരിച്ച ചിലവുകളാണ് സ്വകാര്യ ആശുപത്രികൾ വാങ്ങുന്നത്.ആതുര സേവനം വ്യവസായവത്ക്കരിക്കപ്പെട്ടിരിക്കുകയാണ്.

വ്യക്തി ശുചിത്വത്തിലും, പരിസര ശുചിത്വത്തിലും ജനങ്ങൾ നല്ല നിലവാരം പുലർത്തിപ്പോരുന്നു.

ഒട്ടേറേ സാമൂഹ്യ പ്രശ്നങ്ങളും, ആരോഗ്യ പ്രശ്നങ്ങളും ക്ഷണിച്ചു വരുത്തുന്നതാണ് ഒരു വിഭാഗം ജനങ്ങളിൽ കണ്ടു വരുന്ന വർദ്ധിച്ചു വരുന്ന മദ്യപാനശീലം.പല കുടുംബങ്ങളും മദ്യപാനത്തിന്റെ പിടിയിലമർന്ന് നശിച്ചിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളിലേയും, ആഹാര പദാർത്ഥങ്ങളിലേയും മായം ചേർക്കലാണ് മറ്റൊരു സാമൂഹ്യ വിപത്ത്. മാരകമായ രോഗങ്ങളെ വിളിച്ചു വരുത്തുന്ന ഈ രൂപത്തിലുള്ള സാമൂഹ്യ ദ്രോഹ നടപടികളെ അർഹിക്കുന്ന ഗൗരവത്തോടെ നേരിടേണ്ടതാണ്.

പരിസര മലനീകരണം ആരോഗ്യ രംഗത്തെ സ്ഥിതി കൂടുതൽ ദുരിത പൂർണ്ണമാക്കുന്നു.പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും കുളങ്ങളിലും, തോടുകളിലുമുള്ള പായൽ നിക്ഷേപം കൊതുക് ശല്ല്യവും,ജല മലിനീകരണവും വർദ്ധിപ്പിക്കുന്നു. കിണറുകളിലേയും,കുളങ്ങളിലേയും വെള്ളം ശുദ്ധീകരിക്കുന്നതിൽ ആരോഗ്യ വകുപ്പു ജീവനക്കാരുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.തൊണ്ട് അഴുകുന്നതും,ചകിരിച്ചോറ് തോടുകളിൽ നിക്ഷേപിക്കുന്നതു മൂലം പഞ്ചായത്തിന്റെ 1,2,4,6,7,9,10,13 വാർഡുകളിൽ രൂക്ഷമായ ജലമലിനീകരണം അനുഭവപ്പെടുന്നുണ്ട്. 4-ാം വാർഡിൽ പുത്തനങ്ങാടിതോട്ടിൽ അറവുശാലയിൽ നിന്നും അവശിഷ്ടങ്ങൾ സ്ഥാപിക്കുന്നതും 14-ാം വാർഡിൽ കെ.വി.എം ആശുപത്രിലും, ഫാക്ടറിയിലും നിന്നുമുള്ള അവശിഷ്ട വസ്തുക്കളും നിക്ഷേപിക്കുന്നതും വൻതോതിലുള്ള മലിനീകരണത്തിന് കാരണമാകുന്നു. ഇത് സംബന്ധിച്ചുള്ള പരാതികളെല്ലാം പരിഹരിക്കണം.

1-ാം വാർഡിലെ കുമ്മായ ചൂള,4-ാം വാർഡിലെ ബാലാഷിയറിംഗ് ഫാക്ടറിപോലുള്ള ഇതര വ്യവസായ സ്ഥാപനങ്ങളുടേയും നടത്തിപ്പിനോട് ബന്ധപ്പെട്ടുണ്ടാകുന്ന പരിസര മലിനീകരണ [illegible]

പട്ടിക-1

| ക്രമ നമ്പർ | വാർഡ് നമ്പർ | ആകെ വീടുകൾ | കക്കൂസ് ഉള്ളവ | | കക്കൂസ് ഇല്ലാത്തവ |
|---|---|---|---|---|---|
| | | | സെപ്റ്റിക്ക് ടാങ്ക് | ഇ.എസ്സ്.പി ടൈപ്പ് | |
| 1 | 1 | 624 | 21 | 295 | 308 |
| 2 | 2 | 515 | 125 | 267 | 123 |
| 3 | 3 | 463 | 28 | 270 | 165 |
| 4 | 4 | 487 | 57 | 303 | 127 |
| 5 | 5 | 636 | 60 | 451 | 125 |
| 6 | 6 | 732 | 105 | 362 | 265 |
| 7 | 7 | 552 | 34 | 346 | 172 |
| 8 | 8 | 477 | 75 | 336 | 66 |
| 9 | 9 | 745 | 85 | 275 | 385 |
| 10 | 10 | 643 | 70 | 310 | 263 |
| 11 | 11 | 770 | 60 | 579 | 131 |
| 12 | 12 | 640 | 177 | 215 | 248 |
| 13 | 13 | 586 | 128 | 146 | 312 |
| 14 | 14 | 448 | 97 | 302 | 49 |
| ആകെ | | 8318 | 1122 | 4457 | 2739 |

(അവലംബം-സാമൂഹ്യ സാമ്പത്തിക സർവ്വേ)

ആറാം ക്ലാസ്സും, ശ്വാസകോശ രോഗങ്ങളും ഒഴിവാക്കുന്നതിന് നിശ്ചിത രൂപത്തിലുള്ള ക്രമീകരണങ്ങൾ വ്യവസായ ഉടമകൾ ഏർപ്പെടുത്തിയിട്ടില്ലാ എന്നുള്ള ഗ്രാമസഭയുടെ ആക്ഷേപങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

11-ാം വാർഡിലെ മാക്ഡവൽ കമ്പനിയിൽ നിന്നും ഒഴുക്കി വിടുന്ന മലിന ജലവും, മീനാ സിലിക്കേറ്റു ഫാക്ടറിയിൽ നിന്നു പുറം തള്ളുന്ന അവശിഷ്ടങ്ങളും ആ പ്രദേശത്തേ ബാധിച്ചിരിക്കുന്നു ഒട്ടേറെ പരാതികൾ ഇത് സംബന്ധിച്ച് പലതവണ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നത് പരിഗണിക്കപ്പെട്ടിട്ടില്ലന്നുള്ള ശക്തിയായ ആക്ഷേപങ്ങൾ ഗ്രാമസഭയിൽ വന്നിട്ടുള്ളത് പരിശോധിച്ച് നടനടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യ സംരക്ഷണത്തിന് ശുചിത്വം ഒരു പ്രധാന ഘടകമാണ്. മെച്ചപ്പെട്ട കക്കൂസ് സംവിധാനമില്ലാത്ത പ്രദേശത്തെ പരിസര ശുചിത്വം അപകടത്തിലാക്കും. പഞ്ചായത്തിലെ 8318 വീടുകളിൽ 1122 വീടുകളിൽ മാത്രമേ കക്കൂസ് സംവിധാനമുള്ളു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. വിശദവിവരങ്ങൾ പട്ടിക-1ൽചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ ജനസംഖ്യാ വർദ്ധനവ് കണക്കിലെടുത്ത് ഏറ്റവും കുറഞ്ഞത് 5 കേന്ദ്രങ്ങളിലായി ഓരോ പൊതു ശ്മശാനങ്ങൾ സ്ഥാപിക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

1.പി.എച്ച്. സെന്ററിൽ ആവശ്യമായ ജീവനക്കാരും, മരുന്നും ഇല്ല.

2.കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ആവശ്യമായ മരുന്നില്ല. ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സുമാരുടെ സേവനം മെച്ചപ്പെടുത്തണം.

3.കുട്ടികൾക്ക് പ്രതിരോധ കുത്തി വെയ്പും, വിറ്റാമിൻ മരുന്ന് വിതരണവും നടത്തുന്നില്ല.

4.ആധുനിക സജ്ജീകരണങ്ങളുടേയും, വിദഗ്ധ ഡോക്ടർമാരുടേയും അഭാവം.

5.മലമ്പനിയും, മന്തു രോഗവും പരത്തുന്ന കൊതുകുകളെ നശിപ്പിക്കുന്നില്ല.

6.കുളങ്ങളിലേയും, കിണറുകളിലേയും വെള്ളം ശുദ്ധീകരിക്കുന്നില്ല.

7.32% വീടുകളിൽ കക്കൂസ് ഇല്ല.

8.മിക്കവാറും എല്ലാ ഭക്ഷ്യ വസ്തുക്കളിലും മായം ചേർക്കുന്നു.

### പരിഹാര സാദ്ധ്യതകൾ

1.തണ്ണീർമുക്കം പി,എച്ച്.സെന്ററിന്റെ പ്രവർത്തന സംവിധാനം വിപുലീകരിക്കുക. പ്രൊജക്ട് ഡിവിഷന്റെ വക ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ ഏറ്റെടുത്ത് പുതിയ വാർഡുകൾ സ്ഥാപിക്കുകയും, ലേഡി ഡോക്ടർ ഉൾപ്പെടെ കൂടുതൽ ഡോക്ടർമാരേയും , ജീവനക്കാരേയും നിയമിക്കുകയും , ആവശ്യമായ ഉപകരണങ്ങളും, മരുന്നും സപ്ലൈ ചെയ്ത് ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

2.ആയുർവ്വേദ ആശുപത്രിയുടേയും, ഹോമിയോപ്പതി ആശുപത്രിയുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും, കിടക്കകളോടു കൂടിയ ആശുപത്രിയായി ഉയർത്തുകയും ചെയ്യുക.

3.എല്ലാ വാർഡുകളിലും ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങൾ എന്ന കണക്കിന് പ്രവർത്തനം ആരംഭിക്കുക.

5.രോഗപ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തുക.

6.ഃഎല്ലാ വീടുകൾക്കും കക്കൂസ്ഃ എന്ന പരിപാടി നടപ്പാക്കുക. സാമ്പത്തിക സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ ഇവയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുക.

7.ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

8.പഞ്ചായത്ത് പ്രദേശത്ത് 5 കേന്ദ്രങ്ങളിലായി ഓരോ പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുക.

9.എല്ലാ പരിപാടികളും ഊർജ്ജജിതമായി നടപ്പാക്കുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു ജനകീയ സമിതി രൂപീകരിക്കുക.



## അധികാരം ജനങ്ങളിലേയ്ക്ക്




ചരിത്ര സ്മരണങ്ങരം ഉറങ്ങുന്ന ഃതണ്ണീർമുക്കംഃ ഒരു കാലത്ത് ജലഗതാതഗത രംഗത്ത് സുപ്രധാന സ്ഥാനം വഹിച്ചിരുന്നു.േ ബോട്ടുകരം-കെട്ടു വള്ള ങ്ങരം-കെട്ടു വള്ളങ്ങരം -കടത്തു വള്ളങ്ങരം-ഭക്ഷ്യ വസ്തുക്കരം, പച്ചക്കറികരം കയറ്റിയ കേവു വള്ള ങ്ങളും തണ്ണീമുക്കത്ത് നങ്കൂരമിട്ടതിനു ശേഷമേ കടന്നു പോവാറുണ്ടായിരുന്നുള്ളു. കച്ചവടത്തിനും ഈ പ്രദേശം പ്രാധാന്യമർഹിച്ചിരുന്നു. എറണാകു ളം-വൈക്കം-കോട്ടയം-ചങ്ങനാശ്ശേരി-ചെങ്ങന്നൂർ -കൊല്ലം എന്നീ മേഖലകളെ കൂട്ടിയിണക്കുന്ന ജലഗതാഗത ശൃഖലയുടെ സിരാ കേന്ദ്രമായിരു ന്നു ഇവിടെ.ഇന്ന് എല്ലാം നിലച്ച അവസ്ഥയാണ്.

തണ്ണീർമുക്കം പഞ്ചായത്തിന് ഗതാഗത രംഗ ത്ത് ഒരു സുപ്രധാനമായ ഒരു സ്ഥാനം ഭാവിയിൽ ഉണ്ടാവാൻ പോവുകയാണ്.ദേശീയ ജലപാത കട ന്നു പോകുന്നതും, ചേർത്തല-ആലപ്പുഴ-കുമളി എന്നീ സ്റ്റേറ്റ് ഹൈവേകരം കടന്നു പോകുന്നതും തണ്ണീർമുക്കത്തൂടെയാണ്.

തണ്ണീർമുക്കം പഞ്ചായത്തിൽ സാമാന്യം മെച്ച പ്പെട്ട ഒരു റോഡ് ശൃഖലയുണ്ട്.പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 78.56 കി.മീറ്ററാണ്. പഞ്ചായത്തിൽ 56 കി.മീറ്റർ റോഡു കൂടി ആവശ്യ മാണ്.പഞ്ചായത്തിലെ ഏറ്റവും പഴയ റോഡ് തണ്ണീർമു ക്കം-ആലപ്പുഴ റോഡാണ്. ഭൂരിപക്ഷം റോഡും ടാർ ചെയ്തിട്ടില്ല. റോഡിന്റെ സ്ഥിതി മോശമാണ്. മിക്ക റോഡുകരംക്കും വീതിയില്ല,ഓവു ചാലുകളില്ല.മഴക്കാല ത്ത് ഗതാതയോഗ്യമല്ല.പഞ്ചായത്തിലെ എല്ലാ വാർഡു കളിൽ നിന്നും റോഡുകളുടേയും,പാലങ്ങളുടേയും ആവ ശ്യങ്ങരം ഉയർന്നു വന്നിട്ടുണ്ട്. തണ്ണീർമുക്കം ബസ്സ് റ്റാൻഡും, ജെട്ടിയും മുൻഗണന നല്കി വികസിപ്പിക്കണം. കേരളത്തിന്റെ കിഴക്കും,പടിഞ്ഞാറും മേഖലകരം ബന്ധി പ്പിച്ച് വളർന്നു വരുന്ന പുതിയ ഗതാഗത ആവശ്യങ്ങളു ടെ പൂർത്തികരണതത്തിന് ഇതാവശ്യമാണ്. ആല പ്പുഴ-കോട്ടയം-എറണാകുളം ജില്ലകളെ ബന്ധപ്പെടുത്തി നവീന ഗതാഗത മാർഗ്ഗങ്ങരം തുറന്നു വരികയാണ്. കല്ലറ-തുടയാഴം-പി.എച്ച്.സെന്റർ-പഴിയച്ചൻ റോഡ് പണി പുരോഗതിയിലാണ്. ചേർത്തല-ആലപ്പുഴ മേഖ ലകളിർ നിന്നും അതിരമ്പുഴ-ഗാന്ധി യൂണിവേഴ്സിറ്റി-കോട്ടയം മെഡിക്കൽ കോളേജും തമ്മിൽ ബന്ധപ്പെടു ത്തി കോട്ടയത്തേയ്ക്കുള്ള ഏറ്റവും ദൂരം കുറഞ്ഞ പുതി യ ഗതാഗത മാർഗ്ഗം ഇതു മൂലം തുറന്നു കിട്ടുന്നുണ്ട്. ചീപ്പുങ്കൽ-കൈപ്പുഴ പാലത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. തന്മൂലം കോട്ടയത്തു നിന്നും-ചേർത്തലയി ലേയ്ക്കുള്ള ദൂരം 31 കി.മീറ്ററായും,ആലപ്പുഴയിലേയ്ക്ക്

...ഞ്ഞ്റോയും ക്കുറയുന്നതാണ്. കൂടാതെ ചേർ ...ു വഴി ദേശീയ പാതയിലൂടെ എറണാകുളം ...പ്പത്തിലെത്തിച്ചേരാൻ കഴിയുന്നതാണ്.

...ർത്തല - മധുര - ആലപ്പുഴ - കുമളി എന്നീ ...റ്റ് ഹൈവേകൾ രൂപം കൊള്ളുന്നതും തണ്ണീർ ...ത്തു കൂടിയാണ്.തന്മൂലം ഈ ഗതാഗത മാർ ...ങ്ങളുടെ ഒരു ഇടത്താവളായി തണ്ണീർമുക്കം ...ർന്നു വരേണ്ടതാണ്. ഗതാഗതത്തിന്റെ ആവ ...ങ്ങളും, വാഹനങ്ങളുടെ വൻ തിരക്കും കണ്ടു ...ണ്ട് തണ്ണീർമുക്കത്ത് ഒരു വിപുലമായ ബസ് ...റ്റാൻഡ് സ്ഥാപിക്കേണ്ടതാണ്. ദേശീയ പാത കടന്നു വരുന്നത് തണ്ണീർമുക്കം വഴി ...യതിനാൽ ഈ പദ്ധതിയിൽ ഒരു തുറമുഖ ജെട്ടി ...ം കൊള്ളേണ്ടതും തണ്ണീർമുക്കത്താണ്.തീരദേ ...റെയിൽവേ,ദേശീയ ജലപാത എന്നീ പ്രധാന ...ഗതാഗത മാർഗ്ഗങ്ങളെ ദേശീയ ജലപാതയുമായി ...ന്ധിപ്പിക്കേണ്ടതും തണ്ണീർമുക്കം കനാൽ ജെട്ടി ...യൂടെയാണ്.ഈ സാഹചര്യത്തിൽ തണ്ണീർമുക്കം ...മുഖം ജെട്ടിക്ക് രൂപം നല്കുകയും, ...സ്സ്റ്റാൻഡ് നിർമ്മിക്കുകയും വേണം.

ചേർത്തല പട്ടണവും പ്രമുഖ കച്ചവട കേന്ദ്ര ...മായി ബന്ധിപ്പിക്കുന്ന തണ്ണീർമുക്കം സ്ക്കൂൾ ...വല-ചാലിപ്പള്ളി റോഡിന്റെ പണി പൂർത്തിക ...ച്ച് ടാർ ചെയ്യണം. ചാലിപ്പള്ളി പാലം-കോല ...ത്താൻ തുരുത്ത് പാലം എന്നിവയുടെ പണി അടി ...യന്തിരമായി നടത്തണം. സ്ക്കൂൾ കവല-ചിറയ് ...ൽ-നെല്ലാത്തോടിന്റെ പണി പൂർത്തിയാക്കി ...ർ ചെയ്യണം.കണ്ടുങ്കൽ പാലം പണിയണം.

പഞ്ചായത്തിലെ പ്രധാന ജലഗതാഗത മാർഗ്ഗ ...ങ്ങൾ അനധികൃത കയ്യേറ്റം മൂലം ഗതാഗത തട ...സ്സം നേരിടുന്നു. പുറം പോക്ക് തോടുകളിൽ ചകി ...ച്ചോറ് കുമിഞ്ഞു കൂടിയിരിക്കുന്നു.നെല്ലാത്തോ ...ട്, കട്ടച്ചിറ ആറ്, മുട്ടത്തിപ്പറ് തോട്,ചാലിപ്പള്ളി ...ആറ്, പുത്തനങ്ങാടി തോട്,വാരനാട്ടു തോട് ഇവ ...ഗതാഗത യോഗ്യമാക്കണം.റോഡുകളും,പുറമ്പോ ...ക്ക് വഴികളും അനധികൃത കയ്യേറ്റം തടയാൻ നടപ ...ടി സ്വീകരിക്കണം. നിലവിലുള്ള പാലങ്ങളുടെ ...അറ്റകുറ്റ പണികൾ നടത്തേണ്ടതാണ്.ആവശ്യമാ ...യ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മി ...ക്കണം.

തണ്ണീർമുക്കം ചാമി നാരായണപുരം ക്ഷേത്ര ...ത്തിന് മുൻവശത്തായി ഇപ്പോൾ കാറുകൾ പാർ ...ക്കു ചെയ്യുന്ന സ്ഥലം ടാക്സി സ്റ്റാൻഡായി വിപുലീകരിക്കുക. കാറുകളും, ഓട്ടോ റിക്ഷകളും പാർക്ക് ചെയ്യുന്നതിന് ഒരുമിച്ച് സ്റ്റാൻഡും നിർ ...മ്മിക്കുക.തണ്ണീർമുക്കം ഹൈസ്ക്കൂൾ കവലയിൽ ഓട്ടോറിക്ഷാ സ്റ്റാൻഡും, വെയിറ്റിംഗ് ഷെഡും സ്ഥാപിക്കുക. 1996-ൽ തുടങ്ങിയ സാമൂഹ്യ-സാമ്പത്തിക സർവ്വേ പ്രകാരമുള്ള തണ്ണീർമുക്കം പഞ്ചായത്തിലെ വാഹനങ്ങളുടെ പട്ടിക ഇതോ ...ടൊപ്പം ചേർത്തിരിക്കുന്നു. കൂടാതെ പുതിയ റോഡുകൾ, പൂർത്തികരിക്കേണ്ട റോഡുകൾ, പാലങ്ങൾ എന്നിവയുടെ ലിസ്റ്റും അനുബന്ധമായി ചേർത്തിരിക്കുന്നു.

റോഡിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുക.

### ഗ്രാമ സഭ നിർദ്ദേശങ്ങൾ

1.പഞ്ചായത്തിലെ എല്ലാ വാർഡുകളിലും റോഡുകൾ, പാലങ്ങൾ എന്നിവ പണിയുവാൻ നിർദ്ദേശിക്കുന്നു. (നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

2.പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ ചാലിപ്പള്ളി പാലം-പാലത്തുങ്കൽ പാലം - കോലത്താൻ തുരുത്ത് പാലം പണിയണം

3.പഞ്ചായത്തിലെ പ്രധാനപ്പെട്ട പുറംപോക്ക് തോടുകളും, റോഡുകളും കയ്യേറ്റമൂലം ഗതാഗത തടസ്സം നേരിടുന്നു. കൈയ്യേറ്റം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കണം.

4.ടാർ ചെയ്യാത്ത റോഡുകൾ ടാർ ചെയ്യണം.

5.നിലവിലുള്ള പാലങ്ങളുടെ അറ്റകുറ്റ പണികൾ നടത്തണം.

6.തണ്ണീർമുക്കം ഒന്നാം വാർഡിൽ ബസ് സ്റ്റാൻഡും, കംഫർട്ട് സ്റ്റേഷനും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം.

7.ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ ഗതാഗത യോഗ്യമാക്കണം.

8.മാർക്കറ്റുകൾ ഇല്ലാത്ത എല്ലാ വാർഡുകളിലും ചന്തകൾ സ്താപിക്കുന്നതിന് നടപടി സ്വീകരിക്കുക.

9.തണ്ണീർമുക്കത്തു നിന്നും മുട്ടത്തിപ്പറമ്പു വഴി ചേർത്തലയ്ക്കുള്ള യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

## മാർക്കറ്റ്

ഗ്രാമ റോഡുകളുടെ നിർമ്മിതിയോടെ പട്ടണങ്ങളും പ്രധാന ചന്തകളുമായും ഉൾപ്രദേശങ്ങൾക്കുള്ള അകലം കുറഞ്ഞു തുടങ്ങി. എന്തു സാധനങ്ങളും കഴിയുമെങ്കിൽ പട്ടണത്തിൽ പോയി വാങ്ങണമെന്ന താത്പ്പര്യം വർദ്ധിച്ചു. എന്നാൽ റോഡുമുക്കുകളിലെല്ലാം പുതിയ അപ്രഖ്യാപിത അന്തിച്ചന്തകളും ഇതോടൊപ്പം ഉണ്ടായി. ഒരു കാലത്ത് കോലു കപ്പയും,കപ്പക്കോലും, ഉണക്കമീനും, മൺ പാത്രങ്ങളും വാങ്ങാൻ ഈ പഞ്ചായത്തു പ്രദേശത്തുള്ള ആളുകളൊക്കെ എത്തിയിരുന്നത് വാരണം പുത്തനങ്ങാടിയിലായിരുന്നു.എന്നാൽ പുതിയ കവലകളുടെ വരവോടെ പുത്തനങ്ങാടിയുടെ പ്രാധാന്യം കുറഞ്ഞു. ആദ്യത്തെ ചന്ത കുറുക്കനങ്ങാടി എന്നറിഞ്ഞിരുന്ന പുത്തനങ്ങാടി തന്നെ മുട്ടത്തിപ്പറമ്പ് ചന്തയും,തണ്ണീർമുക്കം മാർക്കറ്റും പിന്നീടുണ്ടായതാണ്.

കൊക്കോത മംഗലം,മരുത്തോർ വട്ടം പ്രദേശങ്ങളിൽ പൊതു ചന്തകള ഇനിയുമുണ്ടായിട്ടില്ല. പഞ്ചായത്തിന്റെ ധനാഗമന മാർഗ്ഗങ്ങളിലൊന്നായ ചന്തകൾ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇന്നും ഫലപ്രദമായി തീരുന്നില്ല. ചന്തകളിലെ കടമുറികളുടെ വരുമാനമല്ലാതെ മാർക്കറ്റ് ലേലത്തുക കാര്യമായി ലഭിക്കുന്നില്ല.പലപ്പോഴും ഈ ചന്തകൾപഞ്ചായത്തിന് പ്രശ്നങ്ങളുണ്ടാ

പട്ടിക-1
പഞ്ചായത്തിലെ വാഹന വിവര പട്ടിക

| വാർഡ് നമ്പർ | സൈക്കിൾ | സ്ക്കൂട്ടർ ബൈക്ക് | ഓട്ടോ | കാർ | മിനി ടെമ്പോ | ബസ്സ് ലോറി | വള്ളം | ബോട്ട് |
|---|---|---|---|---|---|---|---|---|
| 1 | 148 | 33 | 20 | 4 | 1 | - | 75 | - |
| 2 | 138 | 36 | 4 | 3 | 3 | 4 | 24 | - |
| 3 | 113 | 45 | 6 | 2 | 4 | 1 | 1 | - |
| 4 | 179 | 48 | 7 | 6 | 2 | - | 35 | - |
| 5 | 344 | 42 | 7 | 8 | 4 | 1 | - | - |
| 6 | 374 | 66 | 6 | 8 | 3 | 6 | 35 | - |
| 7 | 269 | 49 | 11 | 3 | 9 | 4 | 55 | - |
| 8 | 202 | 53 | 13 | 2 | 6 | 1 | - | - |
| 9 | 296 | 28 | 9 | 6 | 2 | - | 21 | 1 |
| 10 | 305 | 39 | 12 | 11 | - | 2 | 37 | - |
| 11 | 475 | 79 | 28 | 8 | 5 | 2 | 3 | - |
| 12 | 208 | 35 | 16 | 3 | 2 | 5 | 20 | 2 |
| 13 | 241 | 53 | 11 | 6 | 6 | 1 | 35 | - |
| 14 | 203 | 76 | 4 | - | - | - | - | - |
| ആകെ | 3495 | 682 | 154 | 70 | 47 | 27 | 341 | 3 |

*ആധാരം 1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ട്.*

ക്കാറുണ്ട്. മത്സ്യ മാർക്കറ്റിൽ നിന്നും ഉള്ള വരുമാനമല്ലാതെ ഇറച്ചി മാർക്കറ്റുകൾ ലേലം ചെയ്തിട്ടു തന്നെ നാളേറെയായി. മതിയായ അറവുശാല ഇല്ലാതിരുന്നത് മൂലമാണ് ലേലം നിലച്ചു പോയത്. എങ്കിലും പഞ്ചായത്തിന്റെ എല്ലാ വാർഡിലും മൊബൈൽ ഇറച്ചിക്കടകൾ ധാരാളമുണ്ട്.തോന്നിയതിനെ വെട്ടി തോന്നിയിടത്തിട്ട് തോന്നിയപോലെ വില്ക്കുന്ന ഇറച്ചിക്കടകൾ.ഇതിനേ നിയന്ത്രിക്കേണ്ടതുണ്ട്.

## പുത്തനങ്ങാടി

ഇന്നത്തെ പുത്തനങ്ങാടി മാർക്കറ്റ് ചെറുകരക്കാവിൽ സി.എം.കൊച്ചുണ്ണി സാഹിബിന്റെ സംഭാവനയാണ്. മുട്ടേൽ തോടു മുതൽ-തകിടി വെളി വരെയുള്ള സ്ഥലങ്ങളുടെ ഉടമസ്ഥനായിരുന്ന അദ്ദേഹം എം.എൽ.സി എന്ന നിലയിൽ തനിക്കുള്ള രാജ സ്വാധീനം പ്രയോജനപ്പെടുത്തിയാണ് പുത്തനങ്ങാടിയിൽ മാർക്കറ്റ് സ്ഥാപിച്ചത്. അദ്ദേഹം സംഭാവന ചെയ്ത 26 സെന്റ് സ്ഥലത്ത് ഒരു സ്വകാര്യ മാർക്കറ്റുണ്ടാക്കാനാണ് അന്നത്തെ കൊല്ലം കളക്ടർ നിർദ്ദേശിച്ചതെങ്കിലും തന്റെ പിൻ തലമുറക്കാർ മീൻ കച്ചവടക്കാരോട് ചുങ്കം പിരിക്കരുതെന്ന് പറഞ്ഞ് അദ്ദേഹം പൊതു മാർക്കറ്റാക്കുകയായിരുന്നു. വള്ളം മാർഗ്ഗം കായലിൽ വരുന്ന ചരക്കുകൾ തലച്ചുമടയായി ചന്തയിൽ കൊണ്ടു വരേണ്ടിയിരുന്നു, ആ ബുദ്ധിമുട്ട് പരിഹരിക്കാൻ അദ്ദേഹം അന്നത്തെ ദിവാനെ സ്വാധീനിച്ച് പുത്തനങ്ങാടി തോടു നിർമ്മാണത്തിന് അനുമതി വാങ്ങി.തോട് കുഴിപ്പിച്ചു.തോടു കാണാൻ തിരുവനന്തപുരത്തു നിന്നും ദിവാൻ നേരിട്ടു സ്ഥലത്തു വന്നു .കുമരകത്തെ ബേക്കർ സാഹിബിന്റെ കുതിരപ്പുറത്ത് ഓടി നടന്ന ദിവാനെ കരക്കാർ കൺകുളിർക്കെ കണ്ടു. കൊച്ചുണ്ണി സാഹിബിന്റെ സേവനത്തെ പുരസ്ക്കരിച്ച് രാജാവ് ഃറാവു ബഹദൂർഃ സ്ഥാനം നല്കി.

സാഹിബ്ബിന്റെ അടുത്ത ആളായിരുന്നു കുമരകത്തെ കരിയിൽ സായ്പ് എന്നറിഞ്ഞിരുന്ന ബേക്കർ. ബേക്കർ സായിപ്പും, കൊച്ചുണ്ണി സാഹിബ്ബും ചേർന്നു സ്ഥാപിച്ച ബേക്കർ ആന്റ് സി.എം.കൊച്ചുണ്ണി ആന്റ് കോ. ആണ് കരപ്പുറത്തു നിന്ന് കയർ കയറ്റുമതിക്കുണ്ടായ ആദ്യകാല കമ്പനി.

## മുട്ടത്തിപ്പറമ്പ്

തലമുറകൾക്കപ്പുറത്തുന്നെ മുട്ടത്തുപ്പറമ്പു ചന്തക്കടവും, പൊതു മാർക്കറ്റുമുണ്ടായിരുന്നു. എന്നാൽ ആരുടേയോ പ്രേരണ പ്രകാരം പിന്നീട് മാർക്കറ്റ് ഇപ്പോഴത്തെ സെന്റ്.ആന്റണീസ് ചർച്ച് നില്ക്കുന്ന കപ്പേള വെളിയിലേയ്ക്ക് മാറ്റി.അതോടെ രണ്ടു വിഭാഗം ആളുകൾതമ്മിൽ വിവാദത്തിനിടവന്നു. ഇക്കാലത്ത് പാടികാട്ട് പരേതനായ ശ്രീ.ശങ്കരൻ പിള്ള സംഭാവന ചെയ്ത സ്ഥലത്ത് ഇന്നു കാണുന്ന മാർക്കറ്റ് സ്ഥാപിച്ച് തർക്കം തീർത്തു. തുടർന്ന് പാടികാടനും, കോവിലകത്തുകാരുമായി നടന്നു വന്ന വ്യവഹാരത്തെ തുടർന്ന് മാർക്കറ്റൊഴികെയുള്ള കടകൾ നില്ക്കുന്ന സ്ഥലമെല്ലാം പാടികാടന്റെ അടുപ്പക്കാരനായിരുന്ന നെയ്യാരപ്പള്ളിൽ പാപ്പച്ചനു വില്ക്കുകയുമായിരുന്നു. ചന്തക്കടവ് കാലാന്തരത്തിൽ ആളുകൾ കയ്യേറിയെടുത്തു വഴിപോലുമില്ലാത്തവിധം അവസാനിച്ചു.

## തണ്ണീർമുക്കം

ശ്രീ.കെ.ഷണ്മുഖൻ പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പൊഴാണ് തണ്ണീർമുക്കം പബ്ലിക്ക് മാർക്കറ്റ് ആരംഭിച്ചത്. പഞ്ചായത്തിന്റെ മുതൽമുടക്കിൽ വ്യവസ്ഥാപിതമായി സ്ഥാപിച്ച ഈ മാർക്കറ്റിന്റെ സ്ഥല പരിമിതി ഒഴിവാക്കാൻ ശ്രീ.തണ്ണീർമുക്കം പത്മനാഭൻ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ പോലീസ് ഔട്ട് പോസ്റ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തെക്കു ഭാഗത്തു നിന്നും വിലയ്ക്കു വാങ്ങി വികസിപ്പിപ്പിച്ചു.
ശ്രീ.കെ.കെ.ചെല്ലപ്പന്റെ കാലത്താണ് ഇന്നു കാണുന്ന ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിക്കപ്പെട്ടത്.

തണ്ണീർമുക്കം പഞ്ചായത്തിൽ നിലവിൽ മാർക്കറ്റില്ലാത്ത എല്ലാ വാർഡുകളിലും മാർക്കറ്റുകൾ സ്ഥാപിക്കാൻ നിർദേശം ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷയാളുകളും മാർക്കറ്റുകളുടെ ദൗർലഭ്യം മൂലം നിത്യോപയോഗ വാങ്ങുന്നതിന് ബുദ്ധിമുട്ടുന്നു. പ്രധാനമായി ജനങ്ങൾ ആശ്രയിക്കുന്ന കച്ചകച്ചവട കേന്ദ്രം ചേർത്തലയാണ്. പഞ്ചായത്തിലെ ജനങ്ങളുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വറ്റഴിയ്ക്കുന്നതിന് ഉപഭോഗവസ്തുക്കൾ ക്ക് ന്യായമായ വിലയും ലഭ്യമാകുന്നതിന് ചന്തകൾ അനിവാര്യമാണ് പഞ്ചായത്തിലെ അറവുശാലകൾ പല ഭാഗങ്ങളായി ചിതറിക്കിടക്കുന്നു. അറവു ശാലകളുടെ അവശിഷ്ഠങ്ങൾ കുളങ്ങളിലും തോടുകളിലും നിക്ഷേപിക്കുന്നതു മൂലം കുടിവെള്ളത്തിൽ മലീനീകരണം ഉണ്ടാവും തണ്ണീർമുക്കം ബണ്ടിനോടു ചേർന്ന് എല്ലു ചിയീച്ച് കഴുകുന്ന ഏർപ്പാട് അവസാനിപ്പിക്കണം. അറവുശാലകൾ , കോഴി, താറാവ് ഇവയുടെ വിൽപ്പനകൾ എല്ലാം ചന്തകളിലാക്കിയാൽ മലീനീകരണം തടയുവാനും പഞ്ചായത്തിന് പുതയ വരുമാന മാർഗ്ഗവും ആകുന്നതാണ് പുതിയ മാർക്കറ്റുകളുടെ സ്ഥാപനം പഞ്ചായത്തിലെ ജനങ്ങൾക്ക് പല തരത്തിലും പ്രയോജനപ്രദവും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും പബ്ലിക് മാർക്കറ്റുകളിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കണം.

## പട്ടിക-2
## തണ്ണീർമുക്കം പഞ്ചായത്ത് നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ടാർ ചെയ്തത് | പൂഴി |
|---|---|---|---|---|---|---|
| I | 1 | ഇട്ടേകാട്ട് - വെളിയമ്പ്ര റോഡ് | 1500 M | 3 M | - | ✓ |
| | 2 | സരിൺ ടാക്കീസ് - ആൽത്തറ റോഡ് (വാസുദേവപ്പണിക്കർ റോഡ്) | 2100 M | 5 M | 200 M - | ✓ |
| | 3 | പള്ളിപ്പാട്ടു കുണ്ടുവഴി റോഡ് | 200 M | 5 M | - | ✓ |
| | 4 | തണ്ണീർമുക്കം ക്ഷേത്രം - പമ്പുഹൗസ് റോഡ് | 700 M | 3 M | - | ✓ |
| | 5 | ചോനപ്പള്ളി - ചിറേപ്പറമ്പ് റോഡ് | 150 M | 3 M | - | ✓ |
| II | 1 | പുളിച്ചുവട് - കേളോത്ത് റോഡ് | 400 M | 3 M | - | ✓ |
| | 2 | അഞ്ചിലിച്ചുവട്(ചിങ്ങാരത്ത്) മാക്കീത്തോട് റോഡ് | 1400 M | 3M | - | ✓ |
| | 3 | വെളിയമ്പ്ര കായൽതീരം റോഡ് | 200 M | 3M | - | ✓ |
| | 4 | മേത്തം പറമ്പു റോഡ് | 105 M | 3M | - | ✓ |
| | 5 | ഇട്ടേകാട്ട് - വെളിയമ്പ്ര റോഡ് | 305 M | 3 M | | ✓ |

# തണ്ണീർമുക്കം പഞ്ചായത്ത് നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ടാർ ചെയ്തത് | പൂഴി |
|---|---|---|---|---|---|---|
| III | 1 | വെറുങ്ങിൽ ചുവട് - മാക്കീതോട്ട് റോഡ് | 1200 M | 3 M | | ✓ |
| | 2 | ഇലഞ്ഞാം കുളങ്ങര - കണ്ണങ്കര കോളനി റോഡ് | 500 M | 3 M | | ✓ |
| | 3 | ഔവർ കോളേജ് - കായൽത്തീരം റോഡ് | 1500 M | 4 M | | ✓ |
| | 4 | കണ്ണങ്കര കവല - കായൽ തീരം റോഡ് | 1300 M | 4 M | | ✓ |
| | 5 | മാക്കീത്തോട് - കണ്ണങ്കര റോഡ് | 1000 M | 4 M | | ✓ |
| | 6 | കണ്ണങ്കര - സിമിത്തേരി ,തയ്യിൽ റോഡ് | 1200 M | 3 M | | ✓ |
| IV | 1 | കണ്ണങ്കര പുളിച്ചിറ - റോഡ് | 1100 M | 4 M | | ✓ |
| | 2 | പുത്തനങ്ങാടി - പുളിക്കിച്ചിറ റോഡ് | 1100 M | 4 M | | ✓ |
| | 3 | ടെലിഫോൺ എക്സ്ചേഞ്ച് ഞർക്കൂർ റോഡ് | 348 M | 3 M | | ✓ |
| | 4 | മുസ്ലീംപള്ളി - അട്ടിയിൽ നടവഴി | 450 M | 3 M | | ✓ |
| | 5 | പനങ്ങാട്ടു വെളി - പള്ളിവെളി റോഡ് | 100 M | 3 M. | | ✓ |

# തണ്ണീർമുക്കം പഞ്ചായത്ത് നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ടാർ ചെയ്തത് | പൂഴി |
|---|---|---|---|---|---|---|
| V | 1 | പാലൂത്തറപള്ളി - തകിടിവെളി റോഡ് | 600 M | 3 M | - | ✓ |
| | 2 | പുത്തനങ്ങാടി - മുട്ടത്തിപ്പറമ്പ് (പഞ്ചായത്ത് സ്കൗരം വഴി) | 2200 M | 6 M | ✓ | - |
| | 3 | ശ്രീ കുമാർ ടാക്കീസ് - കേളോത്തു പാലം | 500 M | 4 M | - | ✓ |
| | 4 | കണ്ണങ്കര - അംബദ്കർ കോളനി റോഡ് | 90 M | 3 M | - | ✓ |
| | 5 | മീനപ്പള്ളി - കല്ലാപ്പുറം റോഡ് | 280 M | 4 M | - | ✓ |
| | 6 | ടി . രണ്ടാം ഘട്ടം | 176 M | 4 M | - | ✓ |
| VI | 1 | മുട്ടത്തിപ്പറമ്പ് - ഗവ : ഹൈസ്ക്കൂൾ കവല റോഡ് | 2700 M | 4 M | ✓ | - |
| | 2 | ആൽത്തറ - പാലത്തുങ്കൽ റോഡ് | 1000 M | 4 M | - | ✓ |
| | 3 | ആൽത്തറ - ചിറയ്ക്കൽ റോഡ് | 580 M | 4 M | - | ✓ |
| VII | 1 | മുട്ടത്തിപ്പറമ്പ് ഷാപ്പുകവല - കോലത്താം തുരുത്തു റോഡ് | 2100 M | 6 M | 2100 M | - |
| | 2 | അയ്യപ്പൻഞ്ചേരി കവല - കുളങ്ങം വഴി റോഡ് | 400 M | 4 M | - | ✓ |
| | 3 | സെന്റ് ആന്റണീസ് ചർച്ച് റോഡ് | 365 M | 4 M | - | ✓ |
| | 4 | അയ്യപ്പഞ്ചേരി കവല - മുണ്ടകം വെളി റോഡ് | 110 M | 3 M | - | ✓ |
| | 5 | ഇല്ലത്തുകവല - കോലത്താൽ തുരുത്ത് റോഡ് | 100 M | 3 M | - | ✓ |
| | 6 | അയ്യപ്പഞ്ചേരി കോളനി റോഡ് | 170 M | 3 M | | ✓ |

## തണ്ണീർമുക്കം പഞ്ചായത്ത് നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ടാർ ചെയ്തത് | പൂഴി |
|---|---|---|---|---|---|---|
| IIX | 1 | പോറ്റിക്കവല കാളികുളംറോഡ് | 3500 M | 5 M | ✓ | - |
| | 2 | മരുത്തോർവട്ടം കവല-കെ.വി.എം റോഡ് | 1700 M | 5 M | ✓ | - |
| | 3 | മരുത്തോർവട്ടം കോളനി-കുടുമ്മേപ്പള്ളിറോഡ് | 1000 M | 5 M | - | ✓ |
| | 4 | മരുത്തോരവ്വട്ടംക്ഷേത്രം - മുനിസിപ്പൽ അതൃത്തി | 400 M | 4 M | - | ✓ |
| | 5 | മരുത്തോർവ്വട്ടം-ടിഎംഎംസിറോഡ് | 400 M | 4 M | - | ✓ |
| | 6 | കുട്ടുമ്മേപ്പള്ളി-ഭജനമഠം റോഡ് | 2100 M | 6 M | - | ✓ |
| | 7 | കണ്ണനമ്പ ള്ളി -പള്ളിക്കവല റോഡ് | 150 M | 3 M | - | ✓ |
| | 8 | ആറാട്ടുകുളം-പറവയ് ക്കൽ വെളിറോഡ് | 350 M | 3 M | - | ✓ |
| | 9 | ടാഗോർ-പുളിത്താനത്ത് കോളനി റോഡ് | 150 M | 3 M | - | ✓ |
| | 10 | നെടുഞ്ചിറ -കോമത്തുവെളി റോഡ് | 800 M | 4 M | - | ✓ |
| IX | 1 | നല്ലെണ്ണ കവല-പട്ടുപറമ്പുറോഡ് | 800 M | | - | ✓ |
| X | 1 | കട്ടച്ചിറപാലം-എലുക്കുളത്തുചിററോഡ് | 1000 M | 3 M | - | ✓ |
| | 2 | പഞ്ചായത്തുകവല-കോലത്താൻതുരുത്തുറോഡ് | 1000 M | 3 M | - | ✓ |
| | 3 | മണവേലി - കോലത്താൽ തുരുത്തു റോഡ് | 1000 M | 3 M | - | ✓ |
| | 4 | ചാത്തമംഗലം-മാച്ചാണ്ടറോഡ് | 207 M | 3 M | - | ✓ |

# തണ്ണീർമുക്കം പഞ്ചായത്ത് നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ടാർ ചെയ്തത് | പൂഴി |
|---|---|---|---|---|---|---|
| XI | 1 | കാളിക്കുളം കവല - ചെങ്ങണ്ട റോഡ് | 3400 M | 3 M | - | ✓ |
| | 2 | വാരനാട്ടു കവല - ചെങ്ങണ്ട റോഡ് | 2300 M | 4 M | ✓ | - |
| | 3 | കാളിക്കുളം - ചെങ്ങണ്ട റോഡ് | 1500 M | 5 M | ✓ | - |
| | 4 | മഹാത്മാഗാന്ധി റോഡ് | 190 M | 4 M | - | ✓ |
| | 5 | മാനവമൈത്രി റോഡ് | 100 M | 3 M | - | ✓ |
| XII | 1 | വാരനാട്ടു ക്ഷേത്രം - ചെങ്ങണ്ട റോഡ് | 1000 M | 5 M | ✓ | - |
| | 2 | ഹരിജൻ വെൽഫെയർ സ്ക്കൂൾ - വാരനാട്ട് ജെട്ടി റോഡ് | 200 M | 4 M | - | ✓ |
| | 3 | ചെങ്ങണ്ട - കല്യാണി കവല റോഡ് | 300 M | 3 M | - | ✓ |
| | 4 | ടി. രണ്ടാം ഘട്ടം | 400 M | - | - | ✓ |
| | 5 | പോസ്റ്റ് ആഫീസ് കായൽ തീര റോഡ് | 104 M | 3 M | - | ✓ |
| | 6 | ടി. രണ്ടാം ഘട്ടം | 200 M | - | - | ✓ |
| XIII | 1 | വെള്ളിയാകുളം - കായൽ തീരം റോഡ് | 1250 M | 4 M | - | ✓ |
| | 2 | വെള്ളിയാകുളം - ലൈബ്രറി റോഡ് | 100 M | 4 M | - | ✓ |
| | 3 | സെന്റ് ആന്റണീസ് കായൽ തീരം റോഡ് | 1200 M | 3 M | - | ✓ |
| | 4 | മാത്തിവെളി -കയൽതീരം റോഡ് | 400 M | 3 M | - | ✓ |
| | 5 | ടി. രണ്ടാം ഘട്ടം | 110 M | 3 M | - | ✓ |
| | 6 | മരോട്ടിച്ചുവട് - റാട്ടം വീട് റോഡ് | 280 M | 4 M | - | ✓ |
| XIV | 1 | കുട്ടുമ്മേപ്പള്ളി- മതിലകം റോഡ് | 50 M | 4 M | - | ✓ |
| | 2 | ഭജന മഠം - മാക്കീകവല റോഡ് | 1500 M | 5 M | - | |
| | 3 | കെ.വി.എം ഭഗവതി ക്ഷേത്രം റോഡ് | 500 M | 3 M | - | ✓ |
| | 4 | റ്റി.എം.സി - കോലുതറ റോഡ് | 300 M | 3 M | - | ✓ |

# പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡുകളുടെ പേര് |
|---|---|
| 1 | ചിറയ്ക്കൽ ദേവസ്വം കരി റോഡ് |
| 2. | കുശവരത്തിൽ - നെല്ലാത്തോട് റോഡ് |
| 3. | കൈപ്പള്ളി - അറയ്ക്കൽ റോഡ് |
| 4. | പുതുക്കേരി - പതാപറമ്പ് റോഡ്( നടപ്പാത ) |
| 5. | തീരദേശ റോഡും - മുഹമ്മ വരെ നീട്ടുക |
| 6 | മാന്തി - കായലോര റോഡ് |
| 7. | വെറുങ്ങും ചുവട് - മാക്കീത്തോട് റോഡ് |
| 8. | കോട്ടുമൂത റോഡ് - കോളനി റോഡുമായി ബന്ധിപ്പിക്കുക |
| 9 | മുസ്ലീം പള്ളി - മൂർത്തിക്കാവ് (അട്ടിയിൽ വഴി ) റോഡും |
| 10. | വെട്ടിയ്ക്കാവെളിയിൽ നിന്നും കിഴക്കോട്ട് ഉള്ള റോഡ് |
| 11. | ചിറയ്ക്കൽ നിന്നും - ചെട്ടിച്ചാ വീട് വഴി തീയറ്റർ റോഡ് |
| 12. | കേളവത്ത് റോഡും - കൊല്ലമ്പറമ്പ് റോഡമായി ബന്ധിപ്പിക്കുക. |
| 13. | മുട്ടത്തിപ്പറമ്പ് സ്ക്കൂരം കവല പാരലൽ റോഡ് നിർമ്മിക്കുക .<br>( പുഞ്ചപ്പാടത്തിന് കിഴക്ക് വശത്തായി ) |
| 14. | വെറുങ്ങും ചുവടിൽ നിന്ന് ലക്ഷം വീട് കോളനി റോഡ് |
| 15. | അയ്യപ്പൻഞ്ചേരി - മുണ്ടകൻ വെളി കോളനി റോഡ് |
| 16. | നെടുംചിറ കോമത്ത് വെളി റോഡ് നിർമ്മിക്കണം. |
| 17. | പുളിക്കകവല സമാജം റോഡ് നിർമ്മിക്കണം. |
| 18. | പുളിന്താനം റോഡ് നിർമ്മിക്കണം. |
| 19. | മണ്ണുകുഴി - ജംഗ്ഷനിൽ നിന്ന് കുരിശടി മണവേലി റോഡും |
| 20. | കട്ടച്ചിറപ്പാലം തച്ചേക്കാടുകര - പാറേക്കാട്ടു റോഡ് നിർമ്മിക്കണം |
| 21. | മാവല്ലൂർ വെളി - ഇണ്ടിക്കുഴിച്ചിറ റോഡ് നിർമ്മിക്കണം |

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡുകളുടെ പേര് |
|---|---|
| 22. | വെള്ളിയാകുളം - പുലയൻ കരി റോഡു നിർമ്മിക്കണം<br>- കുന്തറ - റോഡ് |
| 23 | ലിസ്യു നഗർ ചർച്ച് തെക്ക് പടിഞ്ഞാറ് റോഡു നിർമ്മിക്കണം. |
| 24. | വാരനാട് സഹകരണ ബാങ്ക് - മാനവ സഹായ സമിതിയുമായി ബന്ധിപ്പിക്കണം |
| 25. | ചെങ്ങണ്ടയിൽ നിന്നും വാരനാട്ടു വരെ റോഡും (തീര ദേശം) |
| 26. | മാക്ക്ഡവൽ കമ്പനിയുടെ മുൻവശത്ത് പടിഞ്ഞാട്ടുള്ള റോഡും |
| 27. | മഠത്തിൽ - കലവാണി റോഡ് നിർമ്മിക്കുക |
| 28. | പൈനിൻക്കൂട്ടം - കലവാണി റോഡ് നിമ്മിക്കണം |
| 29. | മാക്കികവലയിൽ നിന്നും വടക്കോട്ട് പുതിയ റോഡ് നിർമ്മിക്കുക. |
| 30. | നാമക്കാട്ട് കോളനിയിൽ പുതിയ റോഡ് നിർമ്മിക്കുക. |
| 31. | ആനതറ ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രം റോഡ് നിർമ്മിക്കുക. |
| 32. | തറേപറമ്പ് കേളോത്ത് റോഡ് |
| 33. | ശ്രീ കുമാർ തിയേറ്റർ - ചിറയ്ക്കൽ റോഡ് |
| 34. | തൈവെളി ക്ഷേത്രം, കല്യാണി കമ്പനിമുക്ക് |
| 35. | കോമത്താം തുരുത്ത് - മണിത്തറ റോഡ് |
| 36. | ചക്കാല - ചിറപ്പുറത്തു റോഡ് |
| 37. | വെളിയംമ്പ്ര - ഇട്ടേകാട്ടു റോഡ് |
| 38. | ചെങ്ങണ്ട - ഭജന മഠം റോഡ് |
| 39. | കല്യാണി കവല - കായൽ തീരം |
| 40. | വാരനാട്ടു ക്ഷേത്രം - പടിഞ്ഞാറു വശം |
| 41. | ഖാതൊട്ടു - മണവേലി റോഡ് |
| 42. | കോതമുക്ക് - പോതി മംഗലം |

## പണിപൂർത്തിയാക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡുകളുടെ പേര് |
|---|---|
| 1. | കൊല്ലശ്ശേരി - പമ്പ് ഹൗസും റോഡ് |
| 2. | ചിറയ്ക്കൽ റോഡ് പൂർത്തിയാക്കുക. |
| 3. | കോട്ടു മത റോഡ് പൂർത്തിയാക്കുക. |
| 4. | ഇലഞ്ഞാം കുളങ്ങര ലക്ഷം വീട് കോളനി റോഡ് |
| 5. | 2ാം വാർഡിലെ കോട്ടുമൂത റോഡും -സെമിത്തേരി റോഡും |
| 6. | മുസ്ലീം പള്ളിഅട്ടിയിൽ റോഡ് പൂർത്തികരിക്കുക. |
| 7. | കല്യാണി കമ്പനിയുടെ വടക്കു വശത്തു കൂടി നടപ്പാത തീർക്കുക. |
| 8. | കണ്ടനാട്ട് - തകിടിവെളി റോഡ് പൂർത്തിയാക്കുക. |
| 9, | നെല്ലിശ്ശേരി പഞ്ചായത്ത് സ്ക്കൂൾ റോഡും |
| 10. | സ്ക്കൂൾകവല -ചാലിപ്പള്ളി റോഡ് പൂർത്തികരിക്കുക. |
| 11. | സ്ക്കൂൾ കവല ചിറയ്ക്കൽ റോഡ് (പന്നുവേലി വഴി) പൂർത്തികരിക്കുമ. |
| 12. | ഷാപ്പു കവല- കോലത്താം തുരുത്ത് റോഡ് പൂർത്തികരിക്കുക. |
| 13. | മുട്ടത്തിപറമ്പ് പള്ളിയിൽ നിന്നും വടക്കോട്ടുള്ള റോഡ് തീർക്കുക. |
| 14. | ഷാപ്പുകവലയിൽ നിന്നും പടിഞ്ഞാറൊട്ടുള്ള വഴി പൂർത്തിയാക്കുക. |
| 15. | ആറാട്ടുകുളം പറവയ്ക്കൽ റോഡ് പൂർത്തികരിക്കുക. |
| 16. | പുളിന്താനം റോഡ് പൂർത്തിയാക്കുക. |
| 17. | വെള്ളിയാകുളം - ഓതാവെളി റോഡും പൂർത്തിയാക്കുക. |
| 18. | മക്രക്കാട്ട്- ഓതറവെളി റോഡും ,മണ്ടുവേലിക വല -വാരനാട്ടു കവല ,ചാന്നോത്ത് -മാച്ചാങ്ങ, നല്ലെണ്ണകവല-പട്ടു പറമ്പ് , മണവേലി -സ്ക്കൂൾ കവല റോഡുകൾ പൂർത്തിയാക്കുക. |

## പണിപൂർത്തിയാക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡുകളുടെ പേര് |
|---|---|
| 19. | കട്ടച്ചിറ പ്പാലത്തിന് തെക്കോട്ടുള്ള റോഡ് പൂർത്തിയാക്കുക. |
| 20. | കോലത്താം തുരുത്ത് മണത്തറ റോഡ് പൂർത്തിയാക്കുക. |
| 21. | വാരനാട് മണവേലി റോഡ് പൂർത്തിയാക്കുക.. |
| 22. | വെള്ളിയാകുളം - കുന്തച്ചോല് റോഡ് പൂർത്തിയാക്കുക. |
| 23. | ലിസ്യൂ നഗർ റോഡ് ,കണ്ണൂർ പള്ളി റോഡ് , വെള്ളിയകുളം കായൽ റോഡ് പൂർത്തിയാക്കുക. |
| 24. | വാരനാട് അമ്പലത്തിന് കിഴക്കുവശം - അമ്പലക്കടവ് റോഡ് പൂർത്തിയാക്കുക. |
| 25. | ചെങ്ങണ്ട - വേട്ടയെക്കാരു മകൻ ക്ഷേത്രത്തിന്റേ മുൻ വശത്തുകൂടിയുള്ള റോഡ് പൂർത്തിയാക്കുക. |
| 26. | മാത്തിൽ - കലവാണി റോഡ് പൂർത്തിയാക്കുക. |
| 27. | മരുത്തോർ വട്ടം ആമ്പലത്തിന് തെക്കുവശത്തുള്ള റോഡ് പൂർത്തിയാക്കുക. |
| 28. | വാരനാട് അമ്പലത്തിന് വടക്കു ഭാഗത്ത് - പടിഞ്ഞാറോട്ടുള്ള പൊതു വഴി പൂർത്തിയാക്കുക. |
| 29. | ശ്രീ കണ്ഠ മംഗലം , കോലത്താം തുരുത്ത് വഴി പഞ്ചായത്ത് കവലയിൽ എത്തിച്ചേരുന്ന റോഡ് പൂർത്തിയാക്കുക. |
| 30. | വെള്ളിയാകുളം പുലയൻ കരി റോഡ് നിർമ്മിക്കുക. |
| 31. | കട്ടച്ചിറ - തപ്പേകാട്ടു കറി റോഡ് നിർമ്മിക്കണം. |
| 32. | ചെങ്ങണ്ട- ഭജനമഠം റോഡ് നിർമ്മിക്കുക. |

## ടാറിംഗ് ചെയ്യേണ്ട റോഡുകകളുടെ ലിസ്റ്റ്.

| ക്രമ നമ്പർ | റോഡുകളുടെ പേര് |
|---|---|
| 1. | തണ്ണീർമുക്കം ജെട്ടി - ബണ്ട് റോഡ് ടാർ ചെയ്യുക. |
| 2. | മണ്ണേൽ റോഡ് ടാർ ചെയ്യുക. |
| 3. | അഞ്ഞിലിച്ചോട് -വെളിയമ്പ്ര റോഡ് ടാർ ചെയ്യുക. |
| 4. | പുത്തനാങ്ങാടി - പുളിക്കച്ചിറ വഴി കണ്ണങ്കര റോഡ് ടാർ ചെയ്യുക. |
| 5. | പുത്തനങ്ങാടി - അഴീക്കോടൻ കവല റോഡ് ടാർ ചെയ്യുക. |
| 6. | ശ്രീകുമാർ തിയേറ്റർ - കോളേജ് റോഡ് ടാർ ചെയ്യുക. |
| 7. | ആൽത്തറ - ചിറയക്കൽ റോഡ്, അൽത്തറ പാലത്തിങ്കൽ റോഡ് ടാർ ചെയ്യുക. |
| 8. | ചാലിപ്പള്ളി - പാലത്തുങ്കൽ റോഡ് ടാർ ചെയ്യുക. |
| 9. | 8 ാം വാർഡിലെ എല്ലാ പൂഴി റോഡുകളും ടാർ ചെയ്യണം . |
| 10. | മണവേലി - വാരനാട്ടു കവല റോഡ് ടാർ ചെയ്യണം. |
| 11. | വാരനാട് - മാക്ക്ഡവ്വൽ റോഡ് ടാർ ചെയ്യണം. |

## ടാറിംഗ് ചെയ്യേണ്ട റോഡുകകളുടെ ലിസ്റ്റ്.

| ക്രമ നമ്പർ | റോഡുകളുടെ പേര് |
|---|---|
| 12. | നെടുങ്ങാട് റോഡ് ടാർ ചെയ്യണം. |
| 13. | 12 -ാം വാർഡിലെ കോളനി റോഡുകൾ ടാർ ചെയ്യണം. |
| 14. | മാക്കിക്കവല - ഭജനമഠം റോഡ് ടാർ ചെയ്യണം. |
| 15. | ടി.എം. എം.സി. - മരുത്തോർവട്ടം ഭഗവതി ക്ഷേത്രം റോഡ് വീതി കൂട്ടി ടാർ ചെയ്യണം |
| 16. | മതിലകം ആശുപത്രിക്ക് തെക്കു വശം കിഴക്കോട്ടുള്ള റോഡ് ടാർ ചെയ്യണം. |
| 17. | ചോനപ്പള്ളി - പമ്പ് ഹൗസ് റോഡ് . |
| 18. | സ്ക്കൂൾ കവല- ചിറയ്ക്കൽ റോഡ് ( പന്നുവേലി വഴി ) |
| 19. | ഇലഞ്ഞാം കുളങ്ങര പോഴിയം പറമ്പ് |
| 20 | കണ്ണങ്കര സിമിത്തേരി റോഡ് |
| 21 | സ്ക്കൂൾ കവല - മറ്റത്തിൽ- ചിറയ്ക്കൽ റോഡ് |
| 22. | ടി.എം.എം.സി -ൽ നിന്നും തെക്കോട്ടുള്ള റോഡ് ടാർ ചെയ്യണം. |

## പാലങ്ങൾ നിർമ്മിക്കേണ്ടവ

| ക്രമ നമ്പർ | |
|---|---|
| 1. | കുണ്ടുറോഡിൽ പാലം നിർമ്മിക്കണം. |
| 2. | ചിറയ്ക്കൽ പാലം നിർമ്മിക്കണം |
| 3. | തൂരീത്ര - കണ്ടത്തി പറമ്പ് സ്ലാബ് പാലം നിർമ്മിക്കണം |
| 4. | കൊല്ലശ്ശേരിലും - വളവൻ ചിറയിലും , കേളോത്തും (2-ാം) പാലങ്ങൾ നിർമ്മിക്കണം |
| 5. | കയറ്റോടത്ത് സ്ലാബ് പാലം നിർമ്മിക്കണം . |
| 6. | പുത്തനങ്ങാടി തോടിന്റേ മദ്ധ്യഭാഗത്ത് പാലം പണിയണം. |
| 7. | 5-ാം വാർഡിന്റെ പടിഞ്ഞാറെ അറ്റത്തുള്ള കളാത്ത് പാലം |
| 8. | ഉണ്ണേച്ചിത്തറ, മങ്ങാടം കരി , തുരുത്തേൽ വരെയുള്ള സ്ഥലങ്ങളിൽ പാലങ്ങൾ നിർമ്മിക്കണം. |
| 9. | കോലത്താം തുരുത്ത് പാലം പണിത് ഗതാഗതയോഗ്യമാക്കണം |
| 10. | ആറാട്ടുകുളം- പറവയ്ക്കൽ റോഡ് പാലം |
| 11. | ചാലിപ്പള്ളിപ്പാലം , തട്ടാശ്ശേരിപ്പാലം, മേനാക്കരി പാലം ഇവ നിർമ്മിക്കണം. |
| 12. | 9-ാം വാർഡിലെ തടിപ്പാലങ്ങൾ മാറ്റി സ്ലാബ് പാലം നിർമ്മിക്കണം. |
| 13. | കുന്തെപ്പാലം ,തുണ്ടത്തിൽപ്പാലവും, ഇല്ലിച്ചിറപ്പാലവും തീർക്കണം. |
| 14. | കോലത്താം തുരുത്ത് പാലം പണിയണം. |
| 15. | കോതകാട് ക്ഷേത്രത്തിന് തെക്കു വശം പാലം പണിയണം. |
| 16. | ചെങ്ങണ്ട മുതൽ വാരനാട് വരെയുള്ള സ്ഥലങ്ങളിൽ ആവശ്യമായ പാലങ്ങൾ പണിയണം. |
| 17. | ചൂരപ്പുഴ, പുന്നക്കടവിൽ ,കാളാത്ത് എന്നിവിടങ്ങളിൽ പാലം പണിയണം. |
| 18. | കോതക്കാട്ടു പാലം- ഇണ്ടിക്കുഴിച്ചിറപ്പാലം - ചിറത്തറ - തെക്കും തറ - അറക്കക്കരി പാലം - മണിത്തറ- പള്ളിപ്പറമ്പ് |

## ഊർജ്ജാസൂത്രണം

ഊർജ്ജപ്രതിസന്ധി ഇന്നൊരു മഹാവിപത്തായി മാറിയിരിക്കുന്നു . വൈദ്യുതി രംഗത്ത് പ്രത്യേകിച്ചും. വൈദ്യുതിയും വൈദ്യുതേതര ഊർജ്ജ സ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, പാചകവാതകം, എണ്ണയുൽപ്പന്നങ്ങൾ, കൽക്കരി ഇവയെല്ലാം അടിസ്ഥാനമാക്കിയുള്ളതാണ് സമഗ്രമായ ഊർജ്ജാസൂത്രണം. കേന്ദ്ര- സംസ്ഥാന പരിധിയിൽപ്പെടുന്നയാണ് വൻകിട പദ്ധതികൾ എല്ലാം തന്നെ. വിറക് ഉൽപ്പന്നങ്ങൾ, കാർഷികാവശിഷ്ടങ്ങൾ , ജൈവ വസ്തുക്കൾ , ഖനിജ ഇന്ധനങ്ങളുടെ വിതരണം ഇവയിൽ ഊന്നി നിൽക്കുന്നതാണ് പഞ്ചായത്ത് പരിധിയിൽ വരുന്ന ഊർജ്ജാസൂ ത്രണവും , ഊർജ്ജസംരക്ഷണവും.

പഞ്ചായത്തിലെ പ്രധാന ഊർജ്ജാവശ്യം പാചകത്തിനും വെളിച്ചത്തിനും വേണ്ടിയുള്ളതാണ്. 8318 കുടുംബങ്ങളിൽ 5004 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.. വൈദ്യുതിയും മണ്ണെണ്ണയും പാചകവാതകവും വളരെ കുറച്ച് വീടുകളിൽ മാത്രമേ പാചകത്തിനായി ഉപയോഗിക്കുന്നുള്ളൂ. മഹാഭൂരിപക്ഷം വീടുകളിലും വിറകും , വിറകു ഉൽപ്പന്നങ്ങളുമാണ് പാചകത്തിനുപയോഗിക്കുന്നത്. ഈ വീടുകളുടെ എല്ലാം കുടുംബ വരുമാനവും വളരെ പിന്നിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പൂർണ്ണമായി വില കൊടുത്ത് വിറക് വാങ്ങുന്ന കുടുംബങ്ങൾക്ക് വിറകിന്റെ ക്ഷാമവും അമിതമായ വില വർദ്ധനയും ഒരു ഭീഷണിയായി നില കൊള്ളുന്നു.അതു കൊണ്ട് വിറകിനു പുറമേ കേരോല്പന്നങ്ങളായ മടൽ,ചിരട്ട,കൊതുമ്പ്, ഓല തുടങ്ങിയ വസ്തുക്കളും പാചക ഇന്ധനമായി പഞ്ചായത്തിലെ ഒരു നല്ല വിഭാഗം കുടുംബങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്. ഈ സാഹചര്യത്തിൽ വിറകിന്റെ ഉപഭോഗം പരമാവധി കുറച്ചു കൊണ്ടുവരുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്.

നമ്മുടെ ഭൂരിപക്ഷം കുടുംബങ്ങളിലും ഉപയോഗിക്കുന്ന മൂന്നു കല്ലടുപ്പുകളും പ്രയോജനക്ഷമത കുറഞ്ഞ മറ്റു അടുപ്പുകളും ഒഴിവാക്കേണ്ടതാണ് .ക്ഷമത കൂടിയ പുകയില്ലാത്ത അടുപ്പുകളും പഞ്ചായത്തിലെ ആവിശ്യമുള്ള എല്ലാ വീടുകളിലും വിതരണം ചെയ്യുന്നതിനുള്ള പരിപാടി വളരെ പെട്ടെന്ന് നടപ്പാക്കാക്കാൻ കഴിയും അനർട്ടിൻെറയും പരിഷത്തിന്റെയും ഇന്ധനക്ഷമത ഏറെയുള്ള വിറകടുപ്പുകളുടെ വ്യപനമാണ് ഇക്കാര്യത്തിൽ അഭിലഷണിയമായിട്ടുള്ളത്. പകുതിയിലേറെ വിറക് ലാഭിക്കാൻ കഴിയും എന്നുമാത്രമല്ല; പഞ്ചായത്തിലെ വീട്ടമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യത്തെ കുറച്ചുകൂടി സൂക്ഷിക്കാനാകും. പഞ്ചായത്ത് അതിർത്തിയിലുള്ള റേഷൻ കട ലഭ്യതയും വിതരണവും കുറെക്കൂടി കാര്യക്ഷമമാക്കുന്നതിനുള്ള കർശന നടപടി എടുക്കുന്നത് നന്നായിരിക്കും ഇന്ധനം ലാഭിക്കാൻ കഴിയുന്ന വേറൊരു മേഖലയാണ് പ്രഷർകുക്കറിന്റെയും കച്ചിപ്പെട്ടിയുടെയും ഉപയോഗം. പ്രഷർകുക്കർ പ്രാരംഭചിലവ് അല്പം കൂടുതലാണെങ്കിലും, സമയലാഭത്തിലും ഇന്ധനക്ഷമതയിലും ഉയർന്ന നിലവാരം പുലർത്തുന്നതുകൊണ്ട് വിറകിന്റെ വിലയുമായി തട്ടിച്ചുനോക്കുമ്പോൾ സാമ്പത്തിക ലാഭം വളരെ കൂടുതലാണെന്ന് കാണാം. ചെറിയ ഒരു പരിശീലനം നേടിയാൽ വളരെ ചിലവ് കുറഞ്ഞ രീതിയിൽ രൂപപ്പെടുത്താനും,ആദായകരമായി പാചകം നടത്താനും സാധിക്കും .ഈ സംവിധാനങ്ങളൊക്കെ ചിട്ടപ്പെടുത്തി പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തു മുൻകൈയെടുക്കേണ്ടതുണ്ട്. വിറകിനു തീപിടിച്ച വിലയുള്ള ഇക്കാലത്ത് ഈ വഴിക്കുള്ള പ്രവർത്തനങ്ങൾ വലിയ വികസനനേട്ടങ്ങൾ തന്നെയായിരിക്കും.

### വൈദ്യുതി മേഖല

വ്യവസായങ്ങളുടെ വ്യവസായമായ വൈദ്യുതി മേഖല കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലമായി അതിരൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണ്.നിലവിലുള്ള നമ്മുടെ വൈദ്യുതി പദ്ധതികളെല്ലാം മഴയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.എന്നാൽ കുറേക്കാലമായി മഴ ലഭിച്ചാലും, വൈദ്യുതി കട്ടും, ലോഡ്ഷെഡ്ഡിംഗും അനിവാര്യതയാണെന്ന് കാണുന്നു. ഇതിന്റെ ഫലമായി നമ്മുടെ പഞ്ചായ് പ്രദേശത്ത് പവർ കട്ടിംഗും, ലോഡ് ഷെഡ്ഡിംഗും ഉണ്ടായി കൊണ്ടിരിക്കുന്നു. അപ്രഖ്യാപിത കട്ടും, കറണ്ടു പോക്കും വേറെയും .ഇടി വെട്ടേറ്റവനെ പാമ്പു കടിച്ചെന്ന പോലെ വോൾട്ടേജ് ക്ഷാമം പഞ്ചായത്തിന്റെ സമസ്ത മേഖലകളിലും വ്യാപിച്ചു കിടക്കുന്നു. പഞ്ചായത്തിലെ ചെറുതും, വലുതുമായ വ്യവസായ പ്രതിസന്ധി അനുദിനം വർദ്ധിക്കുന്നു. കൃഷിയേയും, കാർഷികോത്പ്പാദനത്തേയും പ്രതികൂലമായി ബാധിക്കുന്നു. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തെ തകർക്കുന്നു. സർവ്വോപരി ജനജീവിതത്തെ കാർന്നു നശിപ്പിക്കുന്ന ഈ ദുസ്ഥിതിയ്ക്കും, ക്ലേശങ്ങൾക്കും അറുതി വരണം. അത്യാവശ്യം വേണ്ട ലൈനിലെ അറ്റകുറ്റ പണികളുടെ അഭാവം, ഗുണ നിലവാരമില്ലാത്ത ഉപകരണ സാമഗ്രികളുടെ വിനിയോഗം.പ്രയോഗ രംഗത്തെ കെടുകാര്യസ്ഥത ഇവയെല്ലാം വൈദ്യുതി തകർച്ചയ്ക്ക് കാരണമാകുന്നു.പ്രസരണ നഷ്ടവും, വിതരണ നഷ്ടവും ഈ രംഗത്തെ നില കൂടുതൽ വഷളാക്കാൻ കാരണമാകുന്നു എന്നാണ് പഠനങ്ങൾ ചൂണ്ടി കാണിക്കുന്നത്. ചുരുക്കത്തിൽ പഞ്ചായത്തിന്റെ എല്ലാ രംഗത്തുമുള്ള വികസന പ്രവർത്തനങ്ങളേയും, ഉത്പ്പാദന ക്ഷമതയേയും തകർക്കുന്നു എന്നു മാത്രമല്ല പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിലില്ലായ്മയെ ദാരിദ്ര്യവും കൂടി വർദ്ധിക്കുന്നു എന്നുള്ളതാണ് വൈദ്യുതി പ്രതിസന്ധിയുടെ വേലിയേറ്റം വരുത്തി വെക്കുന്ന മഹാ വിപത്ത്.അർഹിക്കുന്ന ഗൗരവത്തോടെ ഇതിന് പരിഹാരം തേടേണ്ടതാണ്.

ലൈനിന്റെ ടച്ചിംഗ് വെട്ടി മാറ്റിയാൽ നില കുറച്ച് മെച്ചപ്പെടും. പ്രാദേശിക സന്നദ്ധ പ്രവർത്തനങ്ങൾ വഴി എന്ത് നടത്തുവാൻ കഴിയും. ലൈനിലുള്ള പവർ മെച്ചപ്പെടുത്തുകയും, പവർ കപ്പാസിറ്ററുകൾ സ്ഥാപിച്ച്

[illegible] അതുപോലെ തന്നെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള വഴി പെട്ടന്ന് മെച്ചപ്പെടുത്തുവാൻ കഴിയും. അതുപോലെ തന്നെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള വഴി വിളക്കുകളിൽ 20%-ൽ താഴെ മാത്രമേ കത്തുന്നുള്ളു എന്നു പരക്കെയുള്ള ആക്ഷേപങ്ങൾ വർഷങ്ങളായി നിലനില്ക്കുന്നു. ഇവിടെയും കുറേ സന്നദ്ധ പ്രവർത്തനങ്ങൾ ബോർഡിലെ ഉദ്ദ്യോഗസ്ഥന്മാരുടെ സഹകരണത്തോടെ നിറവേറ്റാൻ കഴിയും.

പഞ്ചായത്ത് പ്രദേശത്ത് ഒറ്റപുന്ന 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നുള്ള 2,11 കെ.വി ലൈനുകളാണ് വൈദ്യുതി എത്തിക്കുന്നത്.ഒന്ന് ,വാരനാട്ടു നിന്നും തണ്ണീർമുക്കം വഴി പുത്തനങ്ങാടി വരേയും, രണ്ട് 11-ാം മൈലിൽ നിന്നും പോറ്റിക്കവല വഴി മുട്ടത്തിപ്പറമ്പു വരേയും ഉള്ള ലൈനുകൾ ഈ ലൈനുകളിൽ വിവിധ സ്ഥലങ്ങളിലായി 22 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചാണ് പഞ്ചായ് മേഖലകളിൽ വിതരണം നിർവ്വഹിക്കുന്നത്.വിശദ വിവരങ്ങൾ പട്ടിക-1 ൽ കൊടുത്തിട്ടുണ്ട്.

മേൽപ്പറയപ്പെട്ട 2 ലൈനുകളും,ട്രാൻസ്ഫോർമറുകളും ഏതാണ്ട് 50% ൽ ഏറെ അധിക ഭാരം വഹിക്കുന്നു എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.ഔദ്യോഗിക കണക്കിനേക്കാൾ എത്രയോ കൂടുതലാണ് യഥാർത്ഥത്തിലുള്ള കണക്ടഡ് ലോഡ്. വസ്തു നിഷ്ഠവും, ഗൗരവ പൂർണ്ണവുമായ ഒരു ഊർജ്ജ സർവ്വേ നടത്തി അതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ഒരു പരിഹാര പദ്ധതി പ്രവർത്തനത്തിലൂടെ മാത്രമേ പഞ്ചായത്തിലെ വൈദ്യുതി പ്രതിസന്ധിയ്ക്ക് മോചനമുള്ളു.പുതിയ ലൈൻ വലിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും പഴയലൈനുകളുടേയും ട്രൻസ് ഫോർമ്റുകളുടെയുംസ്ഥാപിത ശേഷി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതായി വരും. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഊർജ്ജ നഷ്ടം ഒഴിവാക്കുന്നതിനും ഈ സംവിധാനം കൂടിയേതീരു.

പഞ്ചായത്തിലെ വൈദ്യുതി ഉപയോഗം കൂടുതലും ഗാർഹിക മേഖലയിലാണ്. കാർഷിക മേഖലയിൽ വളരെ കുറച്ചു മാത്രമേ വരുന്നുള്ളു; പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് മാക്ഡവൽ കമ്പനിയാണ്. വിശദവിവരങ്ങൾ പട്ടിക 2 ൽ ചേർത്തിരിക്കുന്നു.1991നവമ്പറിനു ശേഷം രജിസ്റ്റർ ചെയ്തിരിക്കുന്ന സാധാരണ കണക്ഷനുകളും 25-1-96 നു ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള 24 കണക്ഷനുകളും 3-1-96 നു ശേഷം റൊക്കം പണം അടച്ചു എടുക്കുന്ന പദ്ധതി പ്രകാരമുള്ള 79 കണക്ഷനുകളും കൊടുത്തു തീർക്കാനുണ്ട്. കണക്ഷൻ കിട്ടുന്നതിന് വളരെ കാലതാമസം നേരിടുന്നു എന്നുള്ള പരാതി അപേക്ഷകർക്കുണ്ട്. ഇത് ഒഴിവാക്കുന്നതിനുള്ള നടപടികൾ ബോർഡിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

[illegible] ളും ഭേദിച്ചു നിലകൊള്ളുന്ന ഈ അവസരത്തിൽ ഊർജ്ജസംരക്ഷണത്തിന്റെ പ്രതിസന്ധി ഗൗരവമേറിയതുതന്നെപ്രസരണ നഷ്ടവും വിതരണ നഷ്ടവും ഒഴിവാക്കിയാൽ ഊർജ്ജസംരക്ഷണം വലിയഒരളവുവരെ നിലനിർത്താൻ കഴിയും. ബോർഡു തലത്തിലുള്ള കാര്യക്ഷമമായ പരിപാടികൾക്ക് രൂപം നൽകാൻ പഞ്ചായത്തു തലത്തിൽ ആകാവുന്ന ഇടപെടലുകൾ ഉണ്ടായെ പറ്റൂ.

ഊർജ്ജസംരക്ഷണ പ്രകീയയിൽ സ്വീകരിക്കാവുന്ന മറ്റൊരു കാര്യം നിലവിലുള്ള സാധരണ ബൾബുകളുടെ വിനിയോഗം പരമാവധി ഒഴിവാക്കാൻ ശ്രമിക്കുക എന്നുള്ളതാണ്. ബൾബുകൾ വെളിച്ചത്തേക്കാൾ ഏറെ ചൂടാണ് തരുന്നത് ഇതിന്റെ പ്രയോജന ക്ഷമത ട്യൂബിനേക്കാൾ വളരെ കുറവാണ്. ബൾബിനെക്കാൾ പ്രകാശ ക്ഷമത കൂടുതലുള്ളത് ട്യൂബിനാണ്. പ്രരംഭച്ചിലവ് അൽപ്പം കൂടിയാലും ബൾബിനെക്കാൾ ലാഭകരമാണ് ട്യൂബ് എന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം ഒഴിവാക്കാൻ ട്യൂബു ലൈറ്റുകൾക്ക് ഇലട്രോണിക്ക് ചോക്കുകൾ ഉപയോഗിക്കേണ്ടി വരും.

കോംപാക്ട് ഫ്ലൂറസെന്റ് ലാമ്പ് ഉപയോഗുക്കുന്നതാണ് ഊർജ്ജ ലാഭത്തിന്റെ കാര്യത്തിലും സാമ്പത്തിക കാര്യത്തിലും അഭികാമ്യം. 40 വാട്ടിന്റെ ബൾബു ഉപയോഗിക്കുന്ന സ്ഥാനത്ത് വെറും 9 വാട്ടിന്റെ ലാമ്പ് ഉപയോഗിച്ചാൽ കൂടുതൽ പ്രകാശം കിട്ടുന്നു എന്നു മാത്രമല്ല, സമ്പത്തിക നേട്ടവുമുണ്ടാക്കാൻ കഴിയും. ഇതിന് ഏറ്റവും ശ്രേഷ്ഠമായ ഒരു ഗുണം ഊർജ്ജം വളരെയേറെ സംരക്ഷിക്കാൻ കഴിയുമെന്നാണ്. സാമ്പത്തിക നേട്ടത്തിനപ്പുറത്ത് ഒരു സാമൂഹ്യ നൻമ കൂടി ഇതിൽ ഉൾക്കൊള്ളുന്നു. പ്രഥമിക ചിലവ് ഏറെ ഉണ്ടാകുമെങ്കിലും ബൾബിനേക്കാൾ ലാഭകരമാണ് അവസാന വിശകലനത്തിൽ കാണൻ കഴിയും. ഒരു ബൾബ് 1000 മണിക്കൂർ കത്തുമ്പോൾ ഒരു കോപാക്ട് ഫ്ല്യൂറസെന്റ് ലാമ്പ് 10000 മണിക്കൂർ കത്തുന്നു. അനർട്ട് പോലുള്ള സർക്കാർ സ്ഥാപങ്ങൾ ഇത് സബ്സിഡിക്കൊടുത്ത് വിതരണം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ വഴിക്കുള്ള വിളക്കുകളുടെ വിനിയോഗം സ്ഥാനവ്യപകമായി പ്രചരിപ്പിക്കുകയും നടപ്പിലാക്കുയും ചെയ്താൽ ഇന്നു നിലവിലുള്ള വൈദ്യുതി പ്രതിസന്ധി പൂർണ്ണമായും ഒഴിവാക്കാവുമെന്നാണ് ഈ രംഗത്തു വിദഗ്ധർ നടത്തിയ പഠനങ്ങൾ വ്യക്തമാക്കിയിട്ടുള്ളത്. പഞ്ചായത്തു മേഖലയിൽ ഈ രൂപത്തിലുള്ള ഒരു പദ്ധതിക്കു രൂപം നൾകി പ്രാവർത്തികമാക്കുന്നത് എന്തുകൊണ്ടും വിലപ്പെട്ടതായിരിക്കും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമവും കറണ്ടു കട്ടും അനുഭവപ്പെടുന്നു.
2. വൈദ്യുതി വിതരണ മേഖലയിൽ അത്യാവശ്യം നടക്കേണ്ട അറ്റകുറ്റപ്പണികൾ കാലാനുസൃതമായി നടക്കുന്നില്ല.

കളും കത്തുന്നില്ല.
4. ലക്ഷം വീടു കോളനികളിൽ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.
5. വൈദ്യുത ബില്ലുകൾ അടക്കുന്നതിനുള്ള ക്രമീകരണങ്ങൾ തീരെ പര്യാപ്തമല്ല. ഉപഭോക്താക്കൾ ഏറെ ക്ലേശിക്കുന്നു.
6. മീറ്റർ റീഡിംഗിലെ അപാകതകൾക്ക് പരിഹാര മാർഗ്ഗങ്ങൾ കാര്യക്ഷമമാക്കുന്നില്ല.
7. വിറകിന്റെ ക്ഷാമം , അമിതമായ വില വർദ്ധനവ്.
8. മണ്ണെണ്ണയുടെയും പാചക വാതകത്തിന്റെയും ദൗർലഭ്യം.

## സാദ്ധ്യതകൾ

1, വൈദ്യുതി വിതരണ ലൈനുകളിലെ മരച്ചില്ലകളും, ഓലയും വെട്ടിമാറ്റുന്നതിന് സന്നദ്ധപ്രവർത്തകരുടെ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
2. വിതരണ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള അത്യാവശ്യ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട ആഫീസുമായി സഹകരിച്ച് നടപ്പിലാക്കുക.
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എല്ലാ വർഡുകളിലും അത്യാവശ്യ സ്ഥലങ്ങളിൽ 11 കെ.വി ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യുന്നതിനു നടപടികൾ സ്വീകരിക്കുക.
4. ലക്ഷം വീടു കോളനികളിൽ വൈദ്യുതികരിക്കുന്നതിനു അടിയന്തിര നടപടി സ്വീകരിക്കുക.
സെൽഫ് റീഡിംഗ് രീതി നടപ്പാക്കുക.
6. വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് എക്സ്റ്റൻഷൻ കൗണ്ടറുകൾ തുറന്നു പ്രവർത്തിക്കുക.
7. ഗുണനിലവാരമുള്ള ബൾബുകൾ ഉപയോഗിച്ച് വഴി വിളക്കുകൾ കാര്യക്ഷമമായി തെളിക്കുന്നനുള്ള സംവിധാനം ഏർപ്പെടുത്തുക.
8. ഗുണമേൻമയുള്ള ലൈൻ ഉപകരണങ്ങൾ വിനിയോഗിച്ച് ഇലക്ട്രിസിറ്റി വിതരണരംഗം പുഷ്ടിപ്പെടുത്തുക.
9. വൈദ്യുതി കണക്ഷൻ കിട്ടുന്നതിനു വേണ്ടി സ്വീകരിക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലുള്ള എല്ലാ കണക്ഷനുകളും സമയ ബന്ധിതമായി കൊടുത്തു തീർക്കുന്നതിനുള്ള പരിപാടികൾ വൈദ്യുത ആഫിസുമായി ബന്ധപ്പെട്ട് നടപ്പിലാക്കുക.
10 . ക്ഷമത കൂടിയ വിറക് അടുപ്പുകളുടെ പ്രചരണവും വിതരണവും സ്ഥാപനവും ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
11 പൊതു നിരത്തിലും പുറമ്പോക്കു സ്ഥലങ്ങളിലും വേലിയരികിലും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുക.
12. ക്ഷമത കൂടിയ ഒരു വിറക് അടുപ്പു നിർമ്മാണ വ്യവസായ യൂണിറ്റു ആരംഭിക്കുന്നതിനുള്ള പദ്ധതിയെപ്പറ്റി ആലോചിക്കേണ്ടതാണ്, ആദായകരമായി അടുപ്പു നിർമ്മിക്കാനും. കുറെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിക്കും.
13. പഞ്ചായത്തു തല ഊർജ്ജ സമിതി ഉപദേശക സമിതിയും രൂപികരിച്ച് മേൽപ്പറഞ്ഞ കർമ്മ പരിപാടികൾ രൂപപ്പെടുത്തേണ്ടതാണ്.

# അധികാരം ജനങ്ങളിലേയ്ക്ക്

| പട്ടിക - 1. | |
|---|---|
| ക്രമ നമ്പർ | തണ്ണീർ മുക്കം പഞ്ചായത്തിലെ 11 കെ.വി. ലൈനുകളുടെ വിവരങ്ങൾ |
| I | 1.വാരനാട് 11 കെ. വി. ഫീഡർ. |
| | 2.പൊന്നശ്ശേരി 11 കെ.വി. ഫീഡർ. |
| II | ട്രാൻസ്ഫോർമറുകളുടെ പേരും ശേഷിയും |
| | 1. വാരനാട് - 100 കെ.വി.എ. |
| | 2.മീനാസിലിക്കേറ്റ് - 160 കെ.വി.എ. |
| | 3. ലിസി നഗർ - 100 കെ.വി.എ. |
| | 4. വെള്ളിയാകുളം - 100 കെ.വി.എ. |
| | 5. ശാസ്താങ്കൽ - 160 കെ.വി.എ. |
| | 6. കട്ടച്ചിറ - 100 കെ.വി.എ. |
| | 7. തണ്ണീർമുക്കം ബണ്ട് - 160 കെ.വി.എ. |
| | 8. കണ്ടൽ കുളങ്ങര - 63 കെ.വി.എ. |
| | 9. ദേവസ്വം കരി - 63 കെ.വി.എ. |
| | 10 ചിറയ്ക്കൽ തോട് - 100 കെ.വി.എ. |
| | 11 പട്ടാറ -100 കെ.വി.എ. |
| | 12 സ്ക്കൂരം കവല - 100 കെ.വി.എ. |
| | 13. തണ്ണീർമുക്കം ഈസ്റ്റ് - 100 കെ.വി.എ. |
| | 14.പോതി മംഗലം - 100 കെ.വി.എ. |
| | 15. പുഞ്ചഏല - 100 കെ.വി.എ. |
| | 16. മുട്ടത്തിപ്പറമ്പ് - 160 കെ.വി.എ. |
| | 17 കണ്ണങ്കര - 100 കെ.വി.എ. |
| | 18 ഐ.ആർ.ഡി.പി. - കവല -100 കെ.വി.എ. |
| | 19 പാലൂത്ര - 100 കെ.വി.എ. |
| | 20 ഷാപ്പു കവല - 100 കെ.വി.എ. |
| | 21 11 -ാം മൈൽ - 100 കെ.വി.എ. |
| | 22. മണവേലി - 100 കെ.വി.എ. |

പട്ടിക - 2.

പഞ്ചായത്തിലെ ഉപഭോക്താക്കളുടെ വിവരങ്ങൾ.

| വിഭാഗം | എണ്ണം | ഊർജ്ജഉപയോഗം |
|---|---|---|
| ഗാർഹികം | 5004 | |
| വ്യാപാരം | 632 | |
| വ്യവസായം | 97 | |
| കാർഷികം | 120 | |

പട്ടിക - 3

വഴി വിളക്കുകളുടെ വിവരങ്ങൾ.

| | | |
|---|---|---|
| ബൾബ് | - 644 | കറണ്ടു ചാർജ്ജ് Rs. 9205/- |
| ട്യൂബ് | - 52 | |
| മെർക്കുറി വേപ്പർ | -2 | |

പട്ടിക - 4

വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

| | |
|---|---|
| എസ്.ബി കോളനി | - വാരനാട് |
| അംബേദ്ക്കർ കോളനി | -വാരണം |
| ടാഗോർ കോളനി | -മരുത്തോർവട്ടം |
| ഗീതാ കോളനി | - മരുത്തോർവട്ടം. |

# സംസ്ക്കാരം



മനുഷ്യന്റെ ശാരിരികവും മാനസികവുമായ ജീവിത മുറകളുടെ ആകെത്തുകയാണ് സംസ്ക്കാരം. മനുഷ്യചരിത്രത്തിന്റെ അവിഭാജ്യഘടകമാണിത്. മനുഷ്യന്റെ അദ്ധ്വാനമാണ് അവന്റെ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും നിർണ്ണായക കണ്ണി.

കലയും സാഹിത്യവും എന്ന പോലെ മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യ ബോധവും ആചാരനുഷ്ഠാനങ്ങളും എല്ലാം സംസ്ക്കരത്തിന്റെ ഇഴകളാണ്. മതങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും സാംസ്ക്കാരിക വളർച്ചക്കു നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തവയാണ്.

ജല ഗതാഗതത്തെ മുഖ്യമായി ആശ്രയിച്ചിരുന്ന നാളുകളിൽ, വേമ്പനാട്ടു കായലിന്റെ കുഞ്ഞോളങ്ങളിൽ തഴുകുന്ന തണ്ണീർമുക്കം യാത്രക്കാരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു ഇടത്താവളമായിരുന്നു. യാത്രക്കിടയിൽ തങ്ങുന്നതിനും വിശ്രമിക്കുന്നതിനും ഇവിടെ ഒരു സത്രമുണ്ടായിരുന്നു . സാമൂഹ്യ പ്രവർത്തകർ , ഉൽപ്പതിഷ്ണുക്കൾ, നവോത്ഥാന നായകൻമാർ എന്നു വേണ്ട രാജാക്കൻമാർ പോലും ഇവിടെ അതിഥികളായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ പ്രദേശത്തെ പ്രധാന വ്യക്തികൾ ഒറ്റയ്ക്കും ,കൂട്ടായും സത്രത്തിൽ എത്തുകയും സാമൂഹ്യ പരിവർത്തനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

കാലപ്പഴക്കം കൊണ്ട് സത്രം , പഞ്ചായത്ത് ഓഫീസിന് വഴിമാറികൊടുത്തെങ്കിലും , അവിടെ കൊളുത്തിയ സാമൂഹ്യ നീതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ കൈത്തിരികൾ ഇന്നും കെടാതെ ജനഹൃദയങ്ങളിൽ അവശേഷിക്കുന്നുണ്ട്.

അക്കാലത്ത് ശ്രീ നാരായണ ഗുരുവിന്റെ യാത്രാ വേളയിൽ പലവട്ടം തണ്ണീർമുക്കത്തെത്തുകയും മൂക്കു ചിറ , മണ്ണാന്തറ , വെളിയമ്പ്ര, ചക്കാല തുടങ്ങിയ കുടുംബങ്ങളിൽ താമസ്സിക്കുകയും ചെയ്തിട്ടുണ്ട്. ആ അവസരങ്ങളിലെല്ലാം പരിസരവാസികളെ ഒരുമിച്ചു കൂട്ടുകയും സാമൂഹ്യ-സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും , അനാചരങ്ങൾക്കും എതിരെ വിട്ടു വീഴ്ചയില്ലാത്ത പോരാടുന്നതിന് പ്രേരിപ്പിച്ചിരുന്നു. വ്യത്യസ്ത മതങ്ങളിലും രാഷ്ട്രീയപ്രസ്ഥാനത്തിലും വിശ്വാസം അർപ്പിച്ചിട്ടുള്ളവരാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ , ക്ഷേത്രവും , പള്ളിയും , മോസ്ക്കും ആരാധയലയങ്ങളിൽ പെടുന്നു. വേഷത്തിലും കുറെയൊക്കെ വൈവിധ്യമുണ്ട്, ആരാധനാരീതികളും , ആചാരനുഷ്ഠനങ്ങളിലും വ്യത്യാസമുണ്ട്. ഈ വൈകല്യങ്ങളുടെ നടുവിലും മത സൗഹാർദത ഇന്നും നിലനിൽക്കുന്നു. നാളിതുവരെ ഏതെങ്കിലും രീതീയിലുള്ള വർഗ്ഗീയ കലാപം ഉണ്ടായതായി അറിവില്ല. " നാനാത്വത്തിൽ ഏകത്വം " കൈവിടാതെ കാത്തുസൂക്ഷിക്കുന്നു.

ജനങ്ങളിൽ ഏറിയ പങ്കും തൊഴിലാളി വർഗ്ഗത്തിൽ പെട്ടവരാണ്. കയർ, കൃഷി, മത്സ്യ ബന്ധനം എന്നീ മേഖലകളിലാണ് തൊഴിലെടുക്കുന്നത്. ഇടത്തരം കർഷകർ കുറെപ്പെരുണ്ടങ്കിലും . സമ്പന്ന വിഭഗത്തിൽ പെട്ടവർ തുലോം കുറവാണ്.സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ് ജനങ്ങളിൽ ഭൂരിപക്ഷമെങ്കിലും, സാംസ്ക്കാരിക രംഗത്ത് ഭേദപ്പെട്ട നിലവാരം പുലർത്തുന്നുണ്ട്.

ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് വിവിധ കലാരൂപങ്ങളവതരിപ്പിക്കുന്നുണ്ട്. ഇവയിൽ പ്രാചീന കലാരൂപമായ കഥകളിയും ഉൾപ്പെടുന്നു. കലാപ്രകടനങ്ങൾ കാണുന്നതിനും കേൾക്കുന്നതിനും ജാതി മത വ്യത്യാസം കൂടാതെ ജനങ്ങൾ പങ്കെടുക്കുന്നുണ്ട്. അടുത്ത കാലത്തായി പള്ളികളിലെ പെരുന്നാളുകളോടനുബന്ധിച്ചും കലാപരിപാടികൾ തുടങ്ങിയിട്ടുണ്ട്.

കലാപ്രസ്ഥാനങ്ങൾ ഒന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല. കഥകളി ക്ലബ് ഒരെണ്ണം ഉണ്ടായിരുന്നത് ഇന്നു നിലവിലില്ല.

അടുത്ത കാലത്തായി കായിക രംഗത്ത് കൂടുതൽ ഉണർവ്വ് കാണുന്നുണ്ട്. സ്പോർട്ട്സ് ക്ലബുകൾ സ്ഥാപിച്ച് പ്രവർത്തനം സാമാന്യം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നുണ്ട്. എന്നിരുന്നാലും കായിക സംസ്ക്കാരം കൈവരിച്ചിട്ടുണ്ടെന്ന് പറയാൻ കഴിയുകയില്ല. കൂടുതൽ ജനങ്ങളെ പങ്കെടുപ്പിച്ച് കായിക പരിശീലനം നൽകുക എ ന്ന ലക്ഷ്യത്തിലേക്ക് ഉയരാൻ സ്പോർട്ട്സ് ക്ലബുകൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

സാമൂഹിക വികസനത്തിനും സാംസ്ക്കാരിക നവോത്ഥാനത്തിനും ഗ്രന്ഥശാലകളുടെ പങ്ക് വളരെ വലുതാണ് പഞ്ചായത്തിൽ ഇപ്പോൾ 6 ഗ്രന്ഥ ശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം ഒരു പോലെ മെച്ചപ്പെട്ടവയെന്നു പറയാൻ കഴിയില്ല.

പുസ്തക ശേഖരത്തിൽ തണ്ണീർമുക്കം പബ്ളിക്ക് ലൈബ്രറിയും , വെള്ളിയാകുളത്തെ പഞ്ചായത്തു വക സാംസ്കാരിക നിലയവും മറ്റുള്ളവയെ അപേക്ഷിച്ച് മുൻപന്തിയലാണ്. എന്നാൽ ലൈബ്രറിയിലെത്തി പുസ്തകങ്ങൾ എടുക്കുന്നതിലും , വായിക്കുന്നതിലും അനാസ്ഥയാണ് പൊതുവേ കാണുന്നത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഗ്രന്ഥശാല പ്രവർത്തനവുമായി ബന്ധപ്പെട്ടവർ വിരലിലെണ്ണാവുന്നത്രയേയുള്ളു.

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യ പാദത്തോടുകൂടി ഇലക്ട്രോണിക്ക് മാധ്യമങ്ങളായ റേഡിയൊ, ടെലിവിഷൻ , വീഡിയോ, മുതലായവ പ്രചാരത്തിലായി . അതോടു കൂടി നമ്മുടെ സാംസ്കാരിക സംക്രമണം മാധ്യമ മേഖലകളുടെ നിയന്ത്രണത്തിലായി കഴിഞ്ഞു ഈ മാറ്റം സാർവ്വജനീനതയ്ക്കും , സാർവ്വത്രിക തത്വത്തിനും വഴിയൊരുക്കുന്നുണ്ടെങ്കിലും മൂലധനശേഷി കൂടുതൽ വേണമെന്നതിൽ സമൂഹത്തിലെ ദുർബല വിഭഗങ്ങൾക്ക് ഇവ അനഭിഗമ്യമാണ്.

അധുനിക ഇലക്ട്രോണിക്ക് മാധ്യമങ്ങൾ ലോകത്തിന്റെ ഏതു ഭാഗത്തും ഉണ്ടാവുന്ന സംഭവ വികാസങ്ങൾ അപ്പപ്പോൾ തന്നെ നമുക്ക് എത്തിച്ചു തരുന്നുണ്ട്. ലോകത്തെ അറിയാനും വിവിധ സംസ്ക്കാരങ്ങളെ കുറിച്ച് അറിയാനും അവസരം ലഭിക്കുന്നു . ഈ ഗുണങ്ങളെല്ലാം ഉള്ളപ്പോൾ തന്നെ ,മാധ്യമങ്ങൾ വരുത്തിവയ്ക്കുന്ന വിനകളും വലുതാണ്, നൂറ്റാണ്ടുകളായി ആർജ്ജിച്ച സംസ്ക്കാരത്തെയും ധാർമ്മിക മൂല്യങ്ങളെയും ചോദ്യം ചെയ്യപ്പെടുന്ന വസ്തുതകളും ഉണ്ടാകുന്നു. ഇതിനെതിരായി നമ്മുടെ സംസ്ക്കാരത്തെ നിലനിർത്തുന്നതിനാവിശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കകയും വേണം.

**പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ.**

1. തണ്ണീർമുക്കം പബ്ലിക്ക് ലൈബ്രറി
2. പഞ്ചായത്ത് സാംസ്ക്കാരിക നിലയം
3. ന്യൂ റിഡിംഗ് ക്ലബ് ,വാരണം
4. ജനതാ റീഡിംഗ് ക്ലബ്, ശ്രീകണ്ഠ മംഗലം
5. മഹാത്മാ റീഡിംഗ് മരുത്തോർ വട്ടം.
6. സംസ്ക്കാര , മണവേലി

**പ്രധാനപ്പെട്ട ആർട്ടസ് ആൻഡ് സ്പോർട്ടസ് ക്ലബ്**

1. എ. കെ. ജി . സേപാർട്ട്സ് ആൻഡ് ആർട്ട്സ് ക്ലബ്
2. ബൂസ്റ്റാർ തണ്ണീർമുക്കം
3, വെ,എം. എ തണ്ണീർമുക്കം.
4. ഭഗത്ത് സിങ്ങ് ആർട്ട്സ് ക്ലബ്
5. പ്രിയദർശിനി ആർട്ടസ് ആൻഡ് സ്പോർട്ടസ് ക്ലബ്, വെളിയമ്പ്ര
6. പരിവർത്തന പ്രതിഭ ആർട്ടസ് ആൻഡ് സ്പോർട്ടസ് ക്ലബ്
7. ഫീനിക് ക്ലബ് മുട്ടത്തിപ്പറമ്പ്
8. ജി.വൈ.എസ്. ഇലഞ്ഞാം കുളങ്ങര
8.സ്വാറീസ് ക്ലബ് പുത്തനങ്ങാടി
10 അക്ഷര ആർട്ടസ് ആൻഡ് സ്പോർട്ടസ് ക്ലബ്
11. സംസ്കാര ആർട്ടസ് ആൻഡ് സ്പോർട്ടസ് ക്ലബ്
12. വാസ്കോ, വാരനാട്
13 യുവധാര ,കട്ടച്ചിറ
14.വിന്നേഴ്സ് ക്ലബ് തണ്ണീർമുക്കം
15.ഫസാധന വെളിയമ്പ്ര

**പ്രശ്നങ്ങൾ**

1. സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ പൊതുവേ താൽപര്യം കുറവാണ്. സ്ത്രീകളുടെ പങ്കാളിത്തം ഒട്ടും തന്നെയില്ല.
2. നമ്മുടെ സംസ്ക്കാരത്തിന്റേ തനിമ ഉൾക്കൊള്ളുന്ന പ്രാചീന കലാരൂപങ്ങൾ അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുന്നു.
3. ധാർമ്മിക മൂല്യങ്ങൾക്കും വിശ്വാസങ്ങൾക്കും വേണ്ടത്ര പ്രധാന്യം നൾകുന്നില്ല.
4. അധുനിക ഇലക്ട്രോണിക്ക് മാധ്യമങ്ങൾ സാംസ്ക്കാരിക അപചയത്തിന് കാരണമാകുന്നു.
5. കായിക പരീശിലനത്തിന്റെ അഭാവം നിമിത്തം ഇഛാശക്തിയും അത്മവിശ്വാസവും ഉള്ള ജനതയെ വാർത്തെടുക്കുവാൻ കഴിയുന്നില്ല.
6. വേണ്ടത്ര ഗ്രന്ഥശാലകളും , കാര്യക്ഷമമായ പ്രവർത്തനവും ഇല്ലായ്മ.
7. സ്ത്രീ കളിൽ വായനാ ശീലം കുറഞ്ഞു വരുന്നു.
8. ആധുനിക ഇലക്ട്രോണിക്ക് മാധ്യമങ്ങൾ ഭൂരിഭാഗം ജനങ്ങൾക്കും അനഭിഗമ്യമാണ്.

**സാദ്ധ്യതകൾ**

1. പഞ്ചായത്തിന്റെ ഒരു സാംസ്ക്കാരിക സമിതി രൂപികരിക്കുക. ഇതിന്റെ മേൽ നേട്ടത്തിൽ ,കയിക ,കലാമത്സങ്ങൾ സംഘടിപ്പിക്കുക.
2. സാമ്പത്തിക പിന്നോക്കാവസ്ഥ കൂടുതലുള്ള പ്രദേശത്ത് പബ്ളിക്ക് ടെലിവിഷൻ സ്ഥാപിക്കുക
3. ഗ്രന്ഥശാലകൾ ഇല്ലാത്ത പ്രദേശത്ത് പുതുതായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടത്തുക.
4. എല്ലാ വീടുകളിൽ നിന്നും ഓരോരുത്തരെ എങ്കിലും അംഗമാക്കുകയും പുസ്തകങ്ങൾ എടുത്തു കൊണ്ട് പോകത്തവർക്ക് വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
5. കായിക കലാ സംഘങ്ങൾക്ക് ഗ്രാന്റ് നൽകുകയും പ്രഗത്ഭ താരങ്ങളെ അനുമോദിക്കുകയും വേണം.

# പട്ടികജാതി,പട്ടികവർഗ്ഗക്ഷേമം

തണ്ണീർമുക്കം പഞ്ചായത്തിൽ 314 കുടുംബങ്ങളും 48 പട്ടിക വർഗ്ഗ കുടുംബങ്ങളുമാണുള്ളത്. പട്ടിക ജാതി ജനസംഖ്യ 1261 ഉം ,പട്ടിക വർഗ്ഗ ജനസംഖ്യ 251 ഉം ആണ്.പട്ടികജാതി വിഭാഗത്തിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണുള്ളത്. പട്ടിക വർഗ്ഗത്തിൽ സ്ത്രീകൾ കുറവാണ്. സാമൂഹ്യമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഇന്നും ഏറെ പിന്നിലാണ്. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന അടിച്ചമർത്തലും ചൂഷണവും, അവസര നിഷേധവും, വർഗ്ഗ വർണ്ണ വിവേചനവും സ്വാതന്ത്ര്യത്തോടുകൂടി നിലച്ചുവെങ്കിലും ഭൂതകാലത്തിന്റെ കരി നിഴലുകൾ ഇന്നും ഈ സമൂഹത്തെ ചില മേഖലകളിലെങ്കിലും പിൻ തുടർന്നുകൊണ്ടിരിക്കുന്നു. മുൻ കാലങ്ങളേക്കാൾ സ്ഥിതിഗതികൾ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മറ്റു ജനവിഭാഗങ്ങൾക്കൊപ്പം പട്ടിക ജാതി/വർഗ്ഗത്തിൽ പെട്ടവരേയും എത്തിക്കണമെങ്കിൽ മുൻഗണന നല്കി സമയബന്ധിതമായി ആസൂത്രണം ചെയ്ത് ധാരാളം കാര്യങ്ങൾ നടപ്പാക്കേണ്ടതായുണ്ട്.അത്തരം പ്രവർത്തനങ്ങൾ സാമൂഹ്യ ബാദ്ധ്യതയാണ്.അതുകൊണ്ട് തന്നെയാണ് രാജ്യത്തിന്റെ വികസന താത്പ്പര്യങ്ങളിൽ പ്രഥമ സ്ഥാനവും ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനു തന്നെയായി നിശ്ചയിച്ചിട്ടുള്ളത്.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു സാമ്പത്തിക ചിത്രം പരിശോധിച്ചാൽ ആകെയുള്ള 8318 കുടുംബങ്ങളിൽ 3722(44.7%) കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ് .പട്ടികജാതി/വർഗ്ഗത്തിലെ ഭൂരിഭാഗം കുടുംബങ്ങളുടേയും സ്ഥിതി ഇതിലും ശോചനീയമാണ്.പട്ടികജാതി കുടുംബങ്ങളിൽ 77% വും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ് സ്ഥിതി ചെയ്യുന്നത്.

കൃഷിയിലും അനുബന്ധ മേഖലകളിലുമാണ് കൂടുതൽ ആളുകൾ പണിയെടുക്കുന്നത്. ഗവ:സർവ്വീസിൽ ജോലി ചെയ്യുന്ന വളരെക്കുറച്ച് പേർ പഞ്ചായത്തിലുണ്ട്. ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം താരതമ്യേന കുറവാണ്. ബിരുദവും, ബിരുദാനന്തര ബിരുദവുമുള്ള വളരെക്കുറച്ചുപേർ ഈ വിഭാഗത്തിലുണ്ടെങ്കിലും ബഹുഭൂരിപക്ഷം പേരും പ്രാഥമിക വിദ്യാഭ്യാസമ മാത്രമുള്ളവരാണെന്ന് കാണാം. ഏറ്റവും കൂടുതൽ നിരക്ഷരരുണ്ടായിരുന്നത് ഈ വീഭാഗത്തിലായിരുന്നു.നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷര പഞ്ചായത്തായപ്പോൾ ഇവരൊക്കെ എഴുത്തും, വായനയും പഠിച്ചെങ്കിലും തുടർ വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാതെ പോയതു കൊണ്ട് സാക്ഷരതയുടെ കാര്യത്തിൽ ഏറെക്കുറെ പഴയ സ്ഥിതി എത്തി നില്ക്കുന്നു.പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നടത്തിയ ഒരു പഠനം കാണിക്കുന്നത് പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് ഏറ്റവും കൂടുതൽ കൊഴിഞ്ഞു പോകുന്നതെന്നാണ്. ഭൗതീക സാഹചര്യങ്ങളിലെ പോരായ്മകളും,പഠനത്തിലെ പിന്നോക്കാവസ്ഥയും ഈ കൊഴിഞ്ഞു പോകലിന് കാരണങ്ങളാണ്.

പഞ്ചായത്തിൽ 4 പട്ടികജാതി കോളനികളും, 11 പൊതു കോളനികളുമുണ്ട്. പൊതു കോളനികളിലെ താമസക്കാരിൽ പകുതി പട്ടികജാതി/വർഗ്ഗ വിഭാഗക്കാരാണ്. ഈ കോളനികളിലൊക്കെ അടിസ്ഥാന ഭൗതീക സൗകര്യങ്ങൾ ആവശ്യത്തിനില്ല.കോളനികളുടെ പട്ടിക ചേർക്കുന്നു.(പട്ടിക-3,4)

പട്ടിക - 1

പട്ടിക ജാതി ജനസംഖ്യ - സെൻസസ് - 91

(പുനർ വിഭജനത്തിന് മുൻപ്)

| വാർഡ് | ജനസംഖ്യ | | ആകെ |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | |
| 1 | 27 | 34 | 61 |
| 2 | 23 | 31 | 54 |
| 3 | 40 | 55 | 95 |
| 4 | 20 | 13 | 33 |
| 5 | 36 | 40 | 76 |
| 6 | 55 | 60 | 115 |
| 7 | 19 | 15 | 34 |
| 8 | 164 | 147 | 311 |
| 9 | 36 | 48 | 84 |
| 10 | 41 | 41 | 82 |
| 11 | 88 | 97 | 185 |
| 12 | 56 | 53 | 109 |
| 13 | 10 | 12 | 22 |
| ആകെ | 615 | 646 | 1261 |

പട്ടിക -2

പട്ടിക വർഗ്ഗ ജനസംഖ്യ (സെൻസസ്-91).

| വാർഡ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | - | - | - |
| 2 | - | 5 | - |
| 3 | - | - | - |
| 4 | - | - | - |
| 5 | 64 | 54 | 118 |
| 6 | 2 | 1 | 3 |
| 7 | - | - | - |
| 8 | 13 | 11 | 24 |
| 9 | - | - | - |
| 10 | 14 | 15 | 29 |
| 11 | 28 | 31 | 59 |
| 12 | - | - | - |
| 13 | - | - | - |
| 14 | 6 | 7 | 13 |
| ആകെ | 127 | 124 | 251 |

പട്ടിക - 3

പൊതു കോളനികൾ

| ക്രമ നമ്പർ | കോളനിയുടെ പേര് | വാർഡ് |
|---|---|---|
| 1 | ലക്ഷം വീട് കോളനി | 3 |
| 2 | വെറുങ്ങും ചുവട് കോളനി | 3 |
| 3 | കുന്നുമ്മേൽകൊളനി | 3 |
| 4 | മഠത്തിപ്പറമ്പ് കോളനി | 6 |
| 5 | മുണ്ടകം വെളി കോളനി | 7 |
| 6 | ടാഗോർ കോളനി | 8 |
| 7 | വില്യാത്തുലക്ഷംവീടു കോളനി | 11 |
| 8 | ജവഹർ കോളനി | 12 |
| 9 | പി.എ. കുമാരൻ കോളനി | 12 |
| 10 | ലക്ഷംവീടു കോളനി | 14 |
| 11 | നാമക്കാട്ടു കോളനി | 14 |

പട്ടിക 4
പട്ടികജാതി/വർഗ്ഗ കോളനികൾ

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | അംബദ്കർ കോളനി | 5 |
| 2 | ഗീതാകോളനി | 8 |
| 3 | ശ്രീബുദ്ധപുരം കോളനി | 11 |
| 4 | നാമക്കാടുകോളനി | 14 |

കോളനികളിലാണ്.വേണ്ടത്ര സ്ഥല സൗകര്യം ഈ കോളനികൾക്കില്ല. ഗതാഗത സൗകര്യവും വേണ്ടത്രയില്ല.മഠത്തിപറമ്പു ലക്ഷം വീട് കോളനിയിലേയ്ക്കും,വെറങ്ങും വീട് ലക്ഷം വീട് കോളനിയിലേയ്ക്കും ഒരു നടവഴി പോലുമില്ല. കോളനികളുടെ ഉന്നമനത്തിന് വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഉദ്ദേശിച്ച ഫല സിദ്ധി ഉണ്ടായിട്ടില്ല. കുടിവെള്ളം ആവശ്യത്തിന് ഇല്ല. പൊതു കിണർ കോളനികളിൽ ഉണ്ടെങ്കിലും പലതും ഉപയോഗ ശൂന്യമാണ്. കിട്ടുന്നത് മലിന ജലവും. കോളനികളിലെ എല്ലാ വീട്ടിലും വൈദ്യുതി എത്തിയിട്ടില്ല. കക്കൂസ് സൗകര്യം ആവശ്യത്തിനില്ല. ഉള്ള കക്കൂസുകൾ ആരോഗ്യ നിലവാരം പുലർത്തുന്നവയല്ല .ഭവനങ്ങൾ പലതും ശരിയായ സംരക്ഷണമില്ലാതെ ജീർണ്ണാവസ്ഥയിലാണ്. ഒന്നിലധികം കുടുംബങ്ങൾ ഒരേ വീട്ടിൽ താമസിക്കുന്നുണ്ട്.ഇതു പലപ്പോഴും കുടുംബ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. വികസന കാര്യത്തിൽ കോളനികൾക്കു മുൻഗണന കിട്ടുമെങ്കിലും ദുർബ്ബല വിഭാഗങ്ങളുടെ കോളനി വാസം സമൂഹത്തിന്റെ മുഖ്യ ധാരയിലെത്താനുള്ള അവരുടെ യാത്രയുടെ ആക്കം കുറയ്ക്കുന്ന ഒരു ഘടകമാണ്.

കൂടുതൽ പേർ ജോലി ചെയ്യുന്നത് കാർഷിക മേഖലയിലാണ്.മൃഗ സംരക്ഷണം,കയർ തൊഴിൽ മത്സ്യ ബന്ധനം, മരം വെട്ട് തുടങ്ങിയ മേഖലകളിലും പണി ചെയ്യുന്നവരുണ്ട്. പുല്ലു ചെത്ത്, പരമ്പരാഗത തൊഴിലുകളായ പാനെയ്ത്ത്, പച്ച മരുന്ന് ശേഖരണം തുടങ്ങിയ തൊഴിലിൽ പൊതുവേ പ്രായം ചെന്നവരും,സ്ത്രീകളുമാണ് ഏർപ്പെട്ടിട്ടുള്ളത്. സ്ഥിരമായ തൊഴിൽ പലർക്കും ഇല്ല. മിച്ചം വെയ്ക്കുന്ന ശീലം പൊതുവേ കുറവായതിനാൽ തൊഴിലില്ലാതെ വരുമ്പോൾ പട്ടിണിയും, കഷ്ടപ്പാടുകളും രൂക്ഷമാകുന്നു.

വിവിധ ഏജൻസികളിൽ കൂടി സർക്കാർ സഹായം പലപ്പോഴും ലഭിക്കാറുണ്ടെങ്കിലും അവയൊന്നും കാര്യമായി മുതലാകാറില്ല.സർക്കാരിൽ നിന്നും കിട്ടുന്ന പല ആനുകൂല്യങ്ങളും നിസ്സാര വില കൊടുത്ത് ഇവരിൽ നിന്ന് മറ്റു പലരും തട്ടിയെടുക്കുന്നു. വിദ്യാഭ്യാസപരമായി പൊതുവേ പിന്നോക്കം നില്ക്കുന്നതു കൊണ്ടും,സ്ഥായിയായ വരുമാനം ഇല്ലാത്തതു കൊണ്ടും ഇവർ വളരെ വേഗം ചൂഷണത്തിന് വിധേയരാകുന്നു. ശരിയായ രീതിയിലുള്ള ബോധവത്ക്കരണവും, തുടർ പ്രവർത്തനങ്ങളും, പ്രോത്സാഹനവും ഉണ്ടെങ്കിലേ ഈ നിലയ്ക്ക് മാറ്റം ഉണ്ടാകുകയുള്ളു.

പഞ്ചായത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന 4 പട്ടികജാതി/വർഗ്ഗ സഹകരണ സംഘങ്ങൾ ഉണ്ട്.

1.മരുത്തോർവട്ടം പട്ടികജാതി സർവ്വീസ് സഹകരണ സംഘം നമ്പർ 713

2.വാരനാട് പട്ടികജാതി സർവ്വീസ് സഹകരണ സംഘം കരണ സംഘം-തണ്ണീർമുക്കം

4.അംബേദ്ക്കർ ഹാൻഡിക്രാഫ്റ്റ് സഹകരണ സംഘം -തണ്ണീർമുക്കം

ഇവയുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്കും പ്രവർത്തിക്കണം.

സ്വാശ്രയ ശീലം പൊതുവേ കുറവാണ്. ആനുകൂല്യങ്ങൾക്ക് കാത്തിരിക്കുന്ന അവസ്ഥയിൽ നിന്നും അവയില്ലാതെ സ്വന്തം കാലിൽ നിന്ന് ജീവിതം കരുപ്പിടിപ്പിക്കാനുള്ള പ്രേരണയും,പ്രോത്സാഹനവും, പരിശീലനവും നൽകേണ്ടതാണ്. എങ്കിൽ മാത്രമേ ഇപ്പോഴത്തെ പിന്നോക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്താനാവുകയുള്ളൂ.

ഐ.എച്ച്.ഡി.പി (ശീഘ്ര വികസന പദ്ധതി) നടപ്പിലാക്കിയ വാരണം അംബേദ്ക്കർ, മരുത്തോർ വട്ടം, താമക്കാട്ട് എന്നീ കോളനികളിൽ പോലും എല്ലാ വകുപ്പുകളുടേയും പ്രവരത്തനം കാര്യക്ഷമമായി നടപ്പാലാക്കാൻ കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ

1.പട്ടിക ജാതി/വർഗ്ഗക്കാർക്ക് സ്ഥിരമായ തൊഴിലുകളില്ല.

2.പാർപ്പിട സൗകര്യങ്ങളുടെ അഭാവത്തിൽ ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിച്ച് പ്രശ്നമുണ്ടാകുന്നു.

3.വീടുകളുടെ പണി പൂർത്തിയാക്കലും,അറ്റകുറ്റ പണിയും നടക്കുന്നില്ല.

4.കോളനികളിലേയ്ക്ക് നടവഴിയും,റോഡും നടപ്പാക്കിയിട്ടില്ല.

5.മതിയായതും, ന്യൂനതയുമില്ലാത്ത കക്കൂസ് സൗകര്യക്കുറവ്

6. സർക്കാർ ഏജൻസികൾ നല്കുന്ന സഹായങ്ങൾ ചൂഷണം ചെയ്യപ്പെടുന്നു.

7.കോളനികളിലെ ജല പരിമിതി അനാരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു.

8.സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പട്ടികജാതി / വർഗ്ഗങ്ങൾക്ക് പലിശയില്ലാതെ വായ്പ കിട്ടുന്നില്ല.

9.ഇടയ്ക്ക് പഠിത്തം നിർത്തുകയും തുടർന്ന് പഠിക്കാതിരിക്കുകയും ചെയ്യുന്ന കുട്ടികളുടെ എണ്ണം കൂടുന്നു.

10.സഹകരണ സംഘങ്ങൾക്ക് തൊഴിലും, ആശ്വാസ നടപടികളും കൈക്കൊള്ളാനുള്ള ഫണ്ടുകളില്ല.

## സാദ്ധ്യതകൾ

പരമ്പരാഗത തൊഴിലുകളിലേർപ്പെട്ട തൊഴിൽ പരിശീലത്തിനും ,സ്വയം തൊഴിലിനും സാദ്ധ്യതകളുണ്ടാക്കണം.

2.പട്ടികജാതി / വർഗ്ഗ വികസന വകുപ്പുകളുടെ ക്ഷേമ പ്രവർത്തനങ്ങളിൽ കാലാനുസൃതമായ മാറ്റം വരുത്തണം.

3.ലംപ്സം ഗ്രാന്റും, മറ്റു വിദ്യാഭ്യാസാനുകൂല്യങ്ങളും കുടിശ്ശിക വരുത്താതെ കൃത്യ സമയത്ത് വർദ്ധിപ്പിച്ച് നല്കണം.

4.സ്ക്കൂൾ സഹകരണ സംഘങ്ങളിൽ നിന്നും പഠനോപകരണങ്ങൾ ലാഭം അല്ലാത്ത വിലയ്ക്ക് നല്കണം.

5.ഇടയ്ക്ക് വെച്ച് പഠിത്തം അവസാനിപ്പിച്ച കുട്ടികളെ വീണ്ടും പഠിപ്പിക്കാനും, അവരെ നിരീക്ഷിക്കാനും ജനകീയ സഹകരണമുണ്ടാക്കണം.

6.വീടില്ലാത്തവർക്ക് വീടും, സ്ഥലവും നല്കാൻ മതിയായ പദ്ധതികൾ ഉണ്ടാവണം.

7.ഹരിജനങ്ങളെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരേയും-ഉദ്യോഗസ്ഥമാരേയും ഒഴിവാക്കണം.

8.കോളനികളിൽ റ്റി.വി.,വായന ശാല തുടങ്ങിയവ സ്ഥാപിക്കണം.

9.പട്ടികജാതി / വർഗ്ഗക്കാരുടെ ഇടയിലെ മദ്യപാനം-ബഹു ഭാര്യാത്വം തുടങ്ങിയ അസാന്മാർഗ്ഗിക നീക്കങ്ങളെ ബോധവത്ക്കരണം വഴി തടയണം

11.എല്ലാ കോളനികളിലും ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെ മേൽ നോട്ടത്തിൽ ജനകീയ സമിതി ഉണ്ടാവണം.

12.കൃഷിയിൽ തത്പരരായ ഹരിജനങ്ങൾക്ക് പ്ര ബോക്ക് ഭൂമി പതിച്ചോ, ദീർഘകാല പാട്ട വ്യവസ്ഥ യിലോ കൃഷിയ്ക്കു നല്കുക.

13.പട്ടികജാതി / വർഗ്ഗ സഹകരണ സംഘങ്ങൾ വിപു ലപ്പെടുത്തുകയും പുതിയവ രൂപികരിക്കുകയും ചെയ്യുക

14.കോളനികളിലേയ്ക്കുള്ള റോഡുകൾ ജന പങ്ക ളിത്തത്തോടെ ചെയ്തു തീർക്കുകയും, വെള്ളവു വെളിച്ചവുമെത്തിക്കുകയും ചെയ്യുക.

15.പട്ടികജാതി/വർഗ്ഗക്കാർക്ക് നല്കുന്ന പരിമിതമാ യ സർക്കാർ ആനുകൂല്യങ്ങളുടെ അപര്യാപത പരിഹരിക്കുകയും , ആനുകൂല്യങ്ങളേയും, സഹായങ്ങ ളേയും സംബന്ധിച്ച ശരിയായ അറിവും, നിർദ്ദേശവ ലഭിക്കുന്ന പഞ്ചായത്തു തല ഃഗൈഡൻസ് ബ്യൂറോ സ്ഥാപിക്കുകയും ചെയ്യുക.

16.ജാതി, മത, ഉച്ച നീചത്വ, അനാചാര അന്ധ വിശ്വാസങ്ങൾക്കെതിരേ ബോധവത്ക്കരണ വഴിയുള്ള മാനസിക വികാസം സൃഷ്ടിക്കുക.





# പാർപ്പിടവും സാമൂഹ്യക്ഷേമവും

തണ്ണീർമുക്കം പഞ്ചായത്തിന് 3144 ച:കിമി വിസ്തീർണ്ണമുണ്ട്. 8318 കുടുംബങ്ങൾ താമസിക്കുന്നു. വീടുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. പഞ്ചായത്ത് സാമ്പത്തികമായി ദുർബലരായവർ, പട്ടിക ജാതിക്കാർ/ പട്ടിക വർഗ്ഗക്കാർ- വിധവകൾ- വികലാംഗർ എന്നിവർക്ക് മുൻഗണനാ ക്രമത്തിൽ സൗജന്യമായി വീട് നിർമ്മിച്ച് കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. ലക്ഷം വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പദ്ധതികൾ ഉണ്ടാവണം. സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്ന വീടുകളുടെ കാര്യത്തിലും ,വിതരണ രീതിയിലും മാറ്റങ്ങൾ അനിവാര്യമാണ്. ഭൂമിയുടെ ദൗർല്ലഭ്യം, കെട്ടിട സാമഗ്രികളുടെ വില കയറ്റം,നിർമ്മാണതൊഴിലാളികളുടെ അമിതമായ കൂലി,നിർമ്മാണ തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട് എന്നിവ കെട്ടിട നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.ടി. സംഘം 317 വായ്പകളിലായി 1,12,86,275 രൂപ വീടു വെയ്ക്കുന്നതിന് നല്കുകയുണ്ടായി. ചേർത്തല സഹകരണ കാർഷിക വികസനബാങ്ക് 1995-96വർഷം പഞ്ചായത്തിൽ 33 വായ്പകളിലായി 7,89,500 രൂപ വായ്പ നല്കി.

പഞ്ചായത്തിൽ ആവശ്യമുള്ള വീടുകളിൽ 10% പോലും നിർമ്മിക്കുന്നതിന് വായ്പ കൊടുക്കുന്നതിന് ടി.സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. നിലവിലുള്ള ഹൗസിംഗ് സഹകരണ സംഘത്തിന് സർക്കാർ,അർദ്ധ സർക്കാർ ഏജൻസികളിൽ നിന്ന് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കണം.വായ്പാ പലിശ കുറയ്ക്കുന്നതിന് നടപടി യുണ്ടാവണം.

ഭൂമിയുടെ ദൗർല്ലഭ്യം,കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം,നിർമ്മാണ തൊഴിലാളികളുടെ ദൗർല്ലഭ്യം, ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കാത്ത അവസ്ഥ എന്നിവ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം ആവശ്യമാണ്. സർക്കാർ സഹായത്തോടെ കോളനി അടിസ്ഥാനത്തിൽ വീടു വെച്ച് കൊടുക്കുന്നതും കെട്ടിട നിർമ്മാണത്തിനും, റിപ്പയർ ചെയ്യുന്നതിനും പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിച്ചും പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിയും.പാർപ്പിട പ്രശ്നം ഒരു കൂരയുടെ പ്രശ്നം മാത്രമല്ല, നിരവധി സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക ഘടകങ്ങൾ അടങ്ങിയ സാമൂഹ്യ പ്രശ്നമായതിനാൽ മുൻഗണന നല്കി പരിഹരിക്കേണ്ടതാണ്.

### ഗ്രാമസഭ നിർദ്ദേശങ്ങൾ

1.പഞ്ചായത്തിലെ ദുർബ്ബല ജന വിഭാഗങ്ങൾക്കും,40 വിധവകൾക്കും വീടില്ലാത്തവർക്ക് സൗജന്യമായി വീട് വെച്ച് കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.
2.നിലവിലുള്ള ലക്ഷം വീട് കോളനികളിലെ വീടുകൾ റിപ്പയർ ചെയ്യണം
3.കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കയറ്റം തടയുവാൻ നടപടി ഉണ്ടാവണം.
4.കെട്ടിട നിർമ്മാണത്തിന് വായ്പ ലഭിക്കുവാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കണം.
5.ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് ആവശ്യമായ വായ്പ കിട്ടാത്ത അവസ്ഥ-അമിത പലിശ കുറയ്ക്കുവാനുള്ള നടപടി ആവശ്യമാണ്.
6.ഭൂ രഹിതരുടെ പ്രശ്നങ്ങൾ-നിർമ്മാണ തൊഴിലാളികളുടെ ദൗർല്ലഭ്യം-അമിതമായ കൂലി-പരിഹാരം ഉണ്ടാവണം

### പാർപ്പിടവും,സാമൂഹ്യ ക്ഷേമവും

ഭക്ഷണവും വസ്ത്രവും പോലെ തന്നെ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പെട്ടതാണ് പാർപ്പിടവും. നമ്മുടെ പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങളിലൊന്ന് പാർപ്പിട പ്രശ്നം തന്നെയാണ്. 8318 താമസമുള്ള വീടുകളാണ് പഞ്ചായത്തിലുള്ളത്. ഒരു വീട്ടിൽ ശരാശരി 5 ആളുകൾ താമസിക്കുന്നുണ്ട്. കഴിഞ്ഞ 50 വർഷങ്ങൾ കൊണ്ട് കൂട്ടു കുടുംബങ്ങളിൽ നിന്നും അണു കുടുംബങ്ങളിലേയ്ക്ക് നടന്ന സാമൂഹ്യ മാറ്റം പാർപ്പിട പ്രശ്നം അതിരൂക്ഷമാകുവാൻ കാരണമായി. ഈ മാറ്റത്തിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്.

പരിമിതമായ സാഹചര്യങ്ങളിൽ നിരവധി കുടുംബങ്ങൾ ഒന്നിച്ച് ഒരേ വീട്ടിൽ ഇപ്പോഴും താമസിക്കുന്നുണ്ട്. അണു കുടുംബ സ്വപ്നങ്ങൾ മനസ്സിലൊതുക്കി കഴിയു

ന്ന ഇവർക്ക് പഴയ കൂട്ടു കുടുംബ വ്യവസ്ഥയിൽ ഉണ്ടായിരുന്ന ആത്മാർത്ഥതയും, പരസ്പര സഹകരണവും, കൂട്ടുത്തരവാദിത്വ ബോധവും അതേ പോലെ നില നിർത്തുവാൻ ആകുന്നില്ല. ഗ്രാമീണ തനിമ നഷ്ടപ്പെട്ട് അതിവേഗം നഗരവത്ക്കരണത്തിന്റെ പിടിയിലമർന്നു കൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി ഒരു വീടും ഇത്തിരി മണ്ണും സാധാരണക്കാരനെ സംബന്ധിച്ച് ഒരു വിദൂര സ്വപ്നമായി മാറുകയാണ്. ഭൂമിയുടെ വിലയിൽ സമീപ കാലത്തുണ്ടായിട്ടുള്ള വൻപിച്ച വർദ്ധനവും, കെട്ടിട നിർമ്മാണ സാമഗ്രികളുടെ അനുദിന വിലക്കയറ്റവും, കൂലി വർദ്ധനവും എല്ലാം ഒന്നിച്ചായപ്പോൾ പാർപ്പിട പ്രശ്നം കൈയ്യിലൊതുങ്ങുന്നതിനുമപ്പുറമായി.

അര നൂറ്റാണ്ടിന് മുൻപ് ഭിത്തി കെട്ടി ഓട് മേഞ്ഞ വീടുകൾ പഞ്ചായത്തിൽ അത്യപൂർവ്വമായിരുന്നു. ഓല കെട്ടിയതും, ഓല കൊണ്ടോ ഏറി വന്നാൽ പലക കൊണ്ടോ മറയുണ്ടാക്കിയിരുന്നതുമായ കുടിലുകളോ, ചെറ്റ വീടുകളോ ആയിരുന്നു മഹാ ഭൂരി പക്ഷവും.വർഷം തോറുമുള്ള കെട്ടിമേച്ചിൽ പോലും അയൽപക്കക്കാർ പരസ്പര ശ്രമദാനമായി നിർവ്വഹിച്ചു പോന്നിരുന്നു.മിക്ക വീടുകൾക്കും തറ പോലുമിട്ടിരുന്നില്ല.ഇന്ന് ഇത്തരം വീടുകൾ അപൂർവ്വമാണ്. ഭവന നിർമ്മാണ രംഗത്തുണ്ടായ ഗുണപരമായ മാറ്റമാണിത്. ജനങ്ങളുടെ ക്രയ ശേഷിയിൽ ഉണ്ടായ വർദ്ധനവും ഇതിന് കാരണമാണ്.

ഗ്രാമസഭാ ചർച്ചകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 വർഷക്കാലയളവില 2000 വീടുകളെങ്കിലും പുതുതായി നിർമ്മിക്കേണ്ടി വരും. നിലവിലുള്ള കേവല സൗകര്യങ്ങൾ ഇല്ലാത്ത 1768 ഭവനങ്ങൾ അടിയന്തിരമായി പരിഷ്ക്കരിക്കുകയോ, മാറ്റി പണിയുകയോ ചെയ്യേണ്ടതായുണ്ട്.

ഭൂമിയുടെ വില വർദ്ധനവ് എല്ലാ സീമകളും കടന്ന് മുന്നേറുകയാണ്. 3000 രൂപ മുതൽ 30000 രൂപ വരെയാണ് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഭൂമിവില. രണ്ടോ, മൂന്നോ സെന്റ് ഭൂമി വാങ്ങണമെങ്കിൽ തന്നെ വലിയ മുതൽ മുടക്ക് വേണ്ടി വരുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് സർവ്വകാല റിക്കോർഡാണ്. ഈ രംഗത്ത് യാതൊരു നിയന്ത്രണവും സാധ്യമല്ലാത്ത സ്ഥിതിയിലാണ്. വിദഗ്ധ തൊഴിലാളികളെ കിട്ടാനില്ല. 499 പേരാണ് കെട്ടിട നിർമ്മാണ തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. കൽപ്പണിക്കാർക്കും, മരപ്പണിക്കാർക്കും 125 രൂപ വരെയാണ് സാമാന്യ കൂലി നിരക്ക്. രണ്ടു മുറികളും, അടുക്കളയുമുള്ള ചെറിയ ഒരു വീട് വെയ്ക്കണമെങ്കിൽ പോലും ഒരു ലക്ഷം രൂപ ചെലവാക്കേണ്ടി വരുന്നു.ഈ പണം സ്വരൂപിക്കലാണ് സാധാരണക്കാരന്റെ ഏറ്റവും വലിയ പ്രശ്നം.

നിരവധി ഭവന നിർമ്മാണ വായ്പാ പദ്ധതികൾ നിലവിലുണ്ടെങ്കിലും അതിന്റെ പ്രയോജനം തക്ക സമയത്തും ,വേണ്ട രീതിയിലും കിട്ടാറില്ല. വായ്പ കിട്ടുന്നതിനുള്ള എല്ലാ കടമ്പുകളും കടന്ന് അത് കൈയ്യിലെത്തുമ്പോഴേയ്ക്കും നിർമ്മാണച്ചെലവ് പ്രതീക്ഷിച്ചതിന്റെ ഇരട്ടിയായി കഴിഞ്ഞിരിക്കും. പണി തീരാത്ത വീടും,നഷ്ട സ്വപ്നങ്ങളും ,വർദ്ധിച്ചു വരുന്ന കട ബാധ്യതയും ബാക്കി പത്രമായി അവശേഷിക്കുന്നു. ഈ സ്ഥിതിയ്ക്ക് മാറ്റമുണ്ടാകണം.

വീട് നിർമ്മാണത്തിലെ ആഡംബരമാണ് മറ്റൊരു പ്രശ്നം. ഇടത്തരക്കാർ തൊട്ട് മേലോട്ടുള്ളവരിൽ ഒരു നല്ല വിഭാഗം ഈ പാതയിലാണ്. സൗകര്യങ്ങൾ ആവശ്യത്തിനുള്ള വീട് എന്നതിനു പകരം എല്ലാ ആഡംബരങ്ങളുമുള്ള ഃപോഷ് ഭവനങ്ങൾ ഉണ്ടാകുന്നതിലെ മത്സരം പോലും സമൂഹത്തിൽ കാണുന്നുണ്ട്. സമ്പത്തിൽ ഒരു നല്ല ഭാഗം പ്രത്യുൽപ്പാദനപരമല്ലാത്ത ഈ മേഖലയിൽ നിശ്ചലമായി പോകുന്നുവെന്നു മാത്രമല്ല സാധാരണക്കാരന്റെ ഭവന നിർമ്മാണ പ്രതീക്ഷകളേയും ഈ പ്രവർത്തനം സാരമായി ബാധിക്കുന്നു.

ദുർബ്ബല വിഭാഗങ്ങൾക്ക് വീടു വെച്ച് നല്കുന്ന സർക്കാർ ധന സഹായ പദ്ധതി ഉപയാഗിച്ച് 145 വീടുകളാണ് ഈ പഞ്ചായത്തിൽ പണി തീർത്തിട്ടുള്ളത്. യഥാർത്ഥ ആവശ്യത്തിന്റെ എത്രയോചെറിയ ഒരംശം മാത്രമേ ഈ രീതിയിൽ നല്കുവാനായുള്ളൂ. പഞ്ചായത്തിൽ 4 പട്ടികജാതി കോളനികളും,11 പൊതു കോളനികളുമാണ് ദുർബ്ബല വിഭാഗങ്ങൾക്കുള്ളത്.ഇവിടെയുള്ള പല വീടുകളും അപൂർണ്ണവും ജീർണ്ണാവസ്ഥയിലുമാണ്.

പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. തണ്ണീർമുക്കം റൂറൽ ഹൗസിംഗ് സഹകരണ സംഘം. 317 പേർക്കായി 1,12,86,275 രൂപ ഭവന നിർമ്മാണ വായ്പയായി ഈ സംഘം വിതരണം ചെയ്തിട്ടുണ്ട്. 1995-96 വർഷം 33 പേർക്ക് 7,89,500 രൂപ ടി.സംഘം വായ്പ നല്കി.ആവശ്യക്കാരിൽ 10% ത്തിനു പോലും വായ്പ നല്കാൻ സംഘത്തിന് കഴിയുന്നില്ല. ഭവന നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളിൽ നിന്നും, സർക്കാർ ഏജൻസികളിൽ നിന്നും വായ്പ എടുത്ത് കൂടുതൽ ആൾക്കാർക്ക് നല്കാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം. വായ്പാ പലിശ കുറയുകയും,ലളിതമായ വ്യവസ്ഥകൾ ആവിഷ്ക്കരിക്കുകയും വേണം.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥലമെടുപ്പു നടത്തി ചെറിയ പ്ലോട്ടുകളാക്കി വീട് വെച്ച് ദീർഘകാല വായ്പാ സൗകര്യം ഏർപ്പെടുത്തി ആവശ്യക്കാർക്ക് നല്കുന്ന ഹൗസിംഗ് കോംപ്ലക്സ് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. 10 സെന്റുകളിൽ പോലും പല വീടുകളായി കഴിഞ്ഞ സ്ഥിതിയ്ക്ക് സ്ഥലദൗർല്ലഭ്യം പരിഹരിക്കാനും ഈ മാർഗ്ഗം സ്വീകരിക്കാവുന്നതാണ്.

ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. നിർമ്മിതി കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു യഥാർത്ഥത്തിൽ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുകയും ,ശരിയായ ബോധവത്ക്കരണം നടത്തുകയും വേണം.പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. .ആവശ്യത്തിൽ വളരെ

## പട്ടിക - 1
## വീട്ടു വിവരം

| വാർഡ് | ഓട് / ആർ.സി.സി. | ഓല | ആകെ |
|---|---|---|---|
| 1 | 532 | 92 | 624 |
| 2 | 435 | 80 | 515 |
| 3 | 356 | 107 | 463 |
| 4 | 423 | 64 | 487 |
| 5 | 534 | 102 | 636 |
| 6 | 606 | 126 | 732 |
| 7 | 459 | 93 | 552 |
| 8 | 378 | 99 | 477 |
| 9 | 320 | 425 | 745 |
| 10 | 530 | 113 | 643 |
| 11 | 645 | 125 | 770 |
| 12 | 463 | 177 | 640 |
| 13 | 478 | 108 | 586 |
| 14 | 391 | 57 | 448 |
| ആകെ | 6550 | 1768 | 8318 |

*അവലംബം : സോഷ്യോ ഇക്കണോമിക് സർവ്വേ*

കൂടുതൽ സിമിന്റ് ഉപയോഗിക്കുന്ന ഇന്നത്തെ നിർമ്മാണ രീതിയിലും മാറ്റമുണ്ടാകണം.

കേരളത്തിന് തനതായ ഒരു വാസ്തു ശില്പ പൈതൃകമുണ്ട്.നമ്മുടെ പരമ്പരാഗതമായ വാസ്തു ശില്പ മാതൃക പൊതുവേ ഉപേക്ഷിച്ച് കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു. കേരളീയ വാസ്തുശില്പചാതുരി കെട്ടിടനിർമ്മാണരംഗത്ത് പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

## സാമൂഹ്യ ക്ഷേമം

നമ്മുടെ പഞ്ചായത്തിലെ 8318 കുടുംബങ്ങളിൽ 3722 കുടുംബങ്ങൾഇപ്പോഴും ദാരിദ്ര്യരേഖക്കു താഴെ സ്ഥിതിചെയ്യുന്നവരാണ്. 44.7% കുടുംബങ്ങളുടെ ഈ സ്ഥിതി അഭിമാനകരമായ ഒരു വസ്തുത അല്ല. പഞ്ചായത്തിലെ 2 വില്ലേജുകളിൽ കൊക്കോതമംഗലം വില്ലേജിലുള്ള വീടുകളാണ് കൂടുതലായും ഈ വിഭാഗത്തിൽപ്പെടുന്നത്. പഞ്ചായത്തിൽ നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഈ മേഖലയെ കാര്യമായി സ്പർശിക്കാതെ പോയി എന്നുള്ളതിന്റെ തെളിവാണ് ഈ പിന്നോക്കാവസ്ഥ.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള പദ്ധതികൾ പലതും നിലവിലുണ്ട്. നടപ്പു പദ്ധതികൾ പരിശോധിച്ചപ്പോൾ പദ്ധതിതുക ഈ ആവശ്യത്തിന് പര്യാപ്തമാകാത്തതുകൊണ്ടും വളരെ കുറച്ച് പേർക്ക് മാത്രമേ അതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു എന്ന് മനസ്സിലാക്കുവാൻ സാധിച്ചു.ആകെയുള്ള 3722 കുടുംബങ്ങളിൽ 273 കുടുംബങ്ങൾക്ക്(7%) മാത്രമേ നാളിതു വരെ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ളൂ.സ്ഥിതിഗതികളുടെ ഗൗരവം ഈ കണക്ക് സ്വയം വെളിവാക്കുന്നു.

ട്രൈസം തൊഴിൽ പദ്ധതിയിൽ 68 പേർക്കാണ് ആകെ പരിശീലനം നല്കിയിട്ടുള്ളത്.അവരിൽ 50 പേർ രേഖകൾ അനുസരിച്ച് തൊഴിൽ കണ്ടെത്തിയിട്ടുണ്ട്.D.W.C.R.A പദ്ധതി അനുസരിച്ച് 5 യൂണിറ്റുകളായാണ് ഇവിടെ ആരംഭിച്ചിട്ടുള്ളത്. ഇവയിൽ എല്ലാം കൂടി 50 പേർക്ക് തൊഴിൽ ലഭിച്ചുവെങ്കിലും ഈ യൂണിറ്റുകൾ ശരിയായി പ്രവർത്തിപ്പിക്കാൻ തടസ്സങ്ങൾ ഏറെയുണ്ട്. ഗ്രാമീണ തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന ആർ.എ.പി. പദ്ധതിയ്ക്ക് 4 അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ആർക്കും സഹായം നല്കുവാൻ നാളിതു വരെ സാധിച്ചിട്ടില്ല. ദുർബ്ബല വിഭാഗങ്ങൾക്ക് വീട് വെച്ച് കൊടുക്കുന്ന പദ്ധതി അനുസരിച്ച് 145 പേർക്ക് വീട് വെച്ച് നല്കിയിട്ടുണ്ട്. 122 വീടുകൾക്ക് കക്കൂസും നല്കിയിട്ടുണ്ട്.

പഞ്ചായത്തിൽ 30 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടേയും, കുട്ടികളുടേയും ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അംഗൻവാടികളുടെ ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല. പരാധീനതകളേറെയുള്ള ഈ സ്ഥാപനങ്ങളെ സംരക്ഷിച്ച് മെച്ചപ്പെടുത്തുകയും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും വേണം.

അംഗൻവാടി അദ്ധ്യാപികമാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നല്കണം.

## പെൻഷൻ

വിവിധ പെൻഷൻ പദ്ധതികളിലായി 2642 പേർ നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ പറ്റിയിട്ടുണ്ട്.പെൻഷൻ സംബന്ധിച്ച് ഏറ്റവും ഒടുവിലത്തെ സ്ഥിതി മനസ്സിലാക്കാൻ സാമൂഹ്യ-സാമ്പത്തിക മേഖലയിൽ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. ഔദ്യോഗിക രേഖകളിൽ നിന്ന് കിട്ടിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇവ കൂടാതെ കയർ തൊഴിലാളി പെൻഷൻ,മത്സ്യ തൊഴിലാളി പെൻഷൻ, ബീഡി തൊഴിലാളി പെൻഷൻ, സ്വാതന്ത്ര്യ സമര പെൻഷൻ എന്നിവയും നിലവിലുണ്ട്.

പെൻഷൻ അർഹതയുള്ളവർക്ക് പലർക്കും പെൻഷൻ കിട്ടുന്നില്ല. അർഹതയില്ലാത്തവർക്ക് കിട്ടുന്നുമുണ്ട് യഥാ സമയം പെൻഷൻ വിതരണം ചെയ്യുന്നില്ല. ഈ രംഗത്ത് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശാസ്ത്രീയമായ സർവ്വേ നടത്തി അർഹരായ എല്ലാവർക്കും നീതിപൂർവ്വകമായി പെൻഷൻ വിതരണം നടത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1.ഭൂമിയുടെ ദൗർല്ലഭ്യവും,വില വർദ്ധനവും
2.കെട്ടിട നിർമ്മാണ സാമഗ്രികളുടെ താങ്ങാനാവാത്ത വില
3.വിദഗ്ധ തൊഴിലാളികളുടെ കുറവ്
4.തൊഴിലാളികളുടെ കൂലി കൂടുതൽ
5.വായ്പാ സൗകര്യം വളരെ കുറവാണ്
6.ഭവന നിർമ്മാണ വായ്പകൾക്ക് പലിശ കൂടുതലാണ്
7.വായ്പ കിട്ടുന്നതിന് കാല താമസം ഉണ്ടാകുന്നു
8.സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ സഹായം ലഭിക്കുന്നില്ല.
9.ഭൂ രഹിതരായവർക്ക് വീടും, സ്ഥലവും ഉണ്ടാക്കാൻ പദ്ധതികളില്ല
10.ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും എല്ലാ അപേക്ഷകർക്കും വായ്പ കിട്ടുന്നില്ല
11,പഞ്ചായത്തിലെ 44.7% ആളുകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്
12.ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല
13.അർഹതയുള്ളവർക്ക് ആനുകൂല്യങ്ങൾ കിട്ടുന്നില്ല
14.അർഹതയില്ലാത്തവർ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ പറ്റുന്നു.
15.ആനു കൂല്യങ്ങൾ യഥാ സമയം കിട്ടുന്നില്ല.
16.തൊഴിൽ പരിശീലന സൗകര്യം കുറവാണ്.

പട്ടിക -2

ദാരിദ്ര്യ രേഖയ്ക്കു താഴെ നിൽക്കുന്ന കുടുംബങ്ങൾ.

| വാർഡ് | ആകെ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ | ശതമാനം |
|---|---|---|---|
| 1 | 624 | 260 | 41.6 |
| 2 | 515 | 223 | 43.3 |
| 3 | 463 | 201 | 43.4 |
| 4 | 487 | 215 | 44.1 |
| 5 | 633 | 267 | 42.1 |
| 6 | 300 | 300 | 40.9 |
| 7 | 552 | 211 | 38.2 |
| 8 | 477 | 159 | 33.3 |
| 9 | 745 | 249 | 33.4 |
| 10 | 643 | 395 | 61.4 |
| 11 | 770 | 366 | 47.5 |
| 12 | 640 | 343 | 53.5 |
| 13 | 586 | 383 | 65.3 |
| 14 | 448 | 150 | 33.4 |
| ആകെ | 8318 | 3722 | 44.7 |

അവലംബം : ഐ. ആർ.ഡി.പി. സർവ്വേ.

പട്ടിക - 3

പെൻഷൻ

| ക്രമ നമ്പർ | പെൻഷൻ | 1991 വരെ | 1992 | 1993 | 1994 | 1995 | ആകെ |
|---|---|---|---|---|---|---|---|
| 1 | വിധവാ പെൻഷൻ | 159 | 50 | 31 | 17 | 13 | 270 |
| 2 | വികലാംഗ പെൻഷൻ | 154 | 29 | 25 | 17 | 25 | 250 |
| 3 | വാർദ്ധക്യപെൻഷൻ | 59 | 26 | 32 | 22 | 19 | 158 |
| 4 | അവശകലാ/സാഹിത്യ പെൻഷൻ | 3 | - | - | - | - | 3 |
| 5 | ക്ഷയരോഗി പെൻഷൻ | 5 | 7 | 10 | 5 | - | 27 |
| 6 | കുഷ്ഠരോഗി പെൻഷൻ | - | - | - | - | 1 | 1 |
| 7 | കാൻസർ രോഗി പെൻഷൻ | - | - | - | 7 | 6 | 13 |
| 8 | കർഷക തൊഴിലാളി പെൻഷൻ | 398 | 28 | 10 | 13 | 15 | 464 |
| 9 | തൊഴിലില്ലായ്മ വേതനം | 1139 | - | 317 | | | 1456 |
| ആകെ | | 1917 | 140 | 425 | 81 | 79 | 2642 |

*അവലംബം : പെൻഷൻ രജിസ്റ്റർ*

17.തൊഴിൽ പരിശീലനം കിട്ടിയവർക്ക് തൊഴിൽ കണ്ടെത്താനാവുന്നില്ല.

18.അംഗൻവാടികളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചമല്ല.

19.അംഗൻവാടി അദ്ധ്യാപികമാർക്ക് ന്യായമായ ശമ്പളം കിട്ടുന്നില്ല.

20.വികലാംഗരെ സഹായിക്കാൻ പദ്ധതികളില്ല.

**സാദ്ധ്യതകൾ**

1.ചെലവു കുറഞ്ഞ ഭവന നിർമ്മാണ രീതികൾ പ്രചരിപ്പിക്കുക.

2.ഭവന നിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

3.ഭൂമിയില്ലാത്തവർക്ക് ഭൂമിയും, വീടും സ്വന്തമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

4.ദുർബ്ബല വിഭാഗങ്ങൾക്ക് വീട് വെച്ച് കൊടുക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക.

5.സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തൽ

6.പരസ്യത്തിനു വേണ്ടി കോടികൾ ചെലവാക്കുന്ന വൻ കിട കമ്പനികളുടെ ഫണ്ടിലൊരംശം ദുർബ്ബല വിഭാഗങ്ങൾക്ക് വീട് വെച്ച് കൊടുക്കുന്നതിനായി നേടിയെടുക്കാനുള്ള ശ്രമം

7.ഭവന നിർമ്മാണത്തിലെ ആഡംബരം കുറയ്ക്കൽ

8.കേരളീയ വാസ്തുശില്പ രീതികൾ പ്രോത്സാഹിപ്പിക്കുക.

9.പഞ്ചായത്തു ഹൗസിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുക

10.കെട്ടിട സംരക്ഷണത്തിന് ധനസഹായം ചെയ്യാൻ സഹകരണ സംഘങ്ങളെ പ്രയോജനപ്പെടുത്തുക.

11.വനിതകൾക്ക് തൊഴിൽ നല്കാൻ ഒരു വാർഡിൽ കുറഞ്ഞത് 2 D.W.C.R. A യൂണിറ്റുകൾ എങ്കിലും സ്ഥാപിക്കുക.

12.തൊഴിൽ പരിശീലനം കാര്യക്ഷമമാക്കുക. പരിശീലനം സിദ്ധിച്ച എല്ലാവർക്കും തൊഴിൽ കണ്ടെത്തുക

13.പെൻഷൻ ആനുകൂല്ല്യങ്ങൾ അർഹതപ്പെട്ടവർക്കെല്ലാം കിട്ടുന്നു എന്ന് ഉറപ്പു വരുത്താൻ സംവിധാനം

14.വ്യക്തമായ മാനദണ്ഡങ്ങൾ നിർവ്വചിച്ചു കൊണ്ട് പുതിയ സർവ്വേ നടത്തി പെൻഷൻ മുതലായ ആനുകൂല്ല്യങ്ങൾക്ക് അർഹതയുള്ളവരുടെ ലിസ് തയ്യാറാക്കി അതനുസരിച്ച് ആനുകൂല്ല്യങ്ങൾ വിതരണം ചെയ്യൽ

15.ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ സമയബന്ധിതമായി ജന പങ്കാളിത്തത്തോടെ നടപ്പാക്കൽ

16.ശരിയായ മാർഗ്ഗ നിർദ്ദേശത്തിന് സംവിധാനം ഉണ്ടാക്കൽ

17.ഐ.ആർ.ഡി.പി ലിസ്റ്റിൽ ആനുകൂല്ല്യങ്ങൾ അർഹരായവരിൽ ഇതുവരെ കിട്ടാത്തവർക്ക് ആനുകൂല്ല്യങ്ങൾ കിട്ടാൻ അടിയന്തിര നടപടി.

സൃഷ്ടിപരമായ പ്രവർത്തനം വെറും തൊഴിൽ ദാന പരിപാടിയല്ല. അതിന്റെ ലക്ഷ്യ മാർഗ്ഗങ്ങൾ ദയയോ, ഭിക്ഷാ ദാനമോ അല്ല. ജനങ്ങളിൽ സ്വാശ്രയ ബോധവും, ഇച്ഛാശക്തിയും വളർത്തി അവരെ കർമ്മോന്മുഖരാക്കുകയാണ്. അവരുടെ കഴിവും, ശക്തിയും വളരണം. അധികാര കേന്ദ്രങ്ങളെ നിയന്ത്രിക്കാനും, ദുർ വിനിയോഗത്തെ ചെറുക്കാനും ജനങ്ങൾ ശക്തിയാർജ്ജിക്കണം.

....ഗാന്ധിജി



തണ്ണീർമുക്കം തിരു രക്ത ദേവാലയം

# സഹകരണം

"സഹകരണം" ഈ പുണ്യ ഭൂമിക്ക് പുത്തരിയല്ല. നാഗരികതക്ക് മുൻപ് തന്നെ സഹകരണാശയത്തിന്റെ വിത്ത് ഇൻഡ്യൻ മണ്ണിൽ വേരൂന്നിയിരുന്നു. എന്നാൽ ആധുനിക സഹകരണ വിവക്ഷയും, ഇൻഡ്യയിലെ സഹകരണാശയവും തമ്മിൽ കോർത്തിണക്കുന്ന ചരിത്രപരമായ യാതൊരു കണ്ണികളും ഉള്ളതായി കാണുന്നില്ല. ഇൻഡ്യൻ സംസ്കാരത്തിന്റെ അടിത്തറ സഹകരണത്തിലധിഷ്ടിതമാണ്. ഇൻഡ്യയിലെ കുടുംബ സമ്പ്രദായം തന്നെ പ്രാചീന സഹകരണത്തിന് ഉത്തമോദാഹരണമാണ്.

ഇൻഡ്യൻ സഹകരണ പ്രസ്ഥാനം ജനഹൃദയങ്ങളിൽ നിന്ന് രൂപം കൊണ്ട ഒരു ജനാധിപത്യ പ്രസ്ഥാനമായിരുന്നില്ല. കടബാധ്യതയിൽ മുങ്ങിയ കർഷക ജനതയ്ക്ക് കാർഷിക കടം ലഭ്യമാക്കുന്നതിനുള്ള ഒരു ഗവൺമെന്റ് ഏജൻസി എന്ന നിലയിൽ ജനമദ്ധ്യത്തിലേയ് കൊണ്ടു വരപ്പെട്ട ഔദ്യോഗിക പ്രസ്ഥാനമായിരുന്നു. ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചത് 1904-ൽ ആണ്. ഇൻഡ്യയ്ക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം പ്രസ്ഥാനത്തിന് വളർച്ചയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി . സഹകരണ പ്രസ്ഥാനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് വഴിവെച്ചത് ഇൻഡ്യൻ സഹകരണ പ്രസ്ഥാനത്തിന്റെ ഃമാഗ്നാകാർട്ടാഃ എന്നറിയപ്പെടുന്ന റൂറൽ ക്രെഡിറ്റ് സർവ്വെ കമ്മറ്റിയുടെ റിപ്പോർട്ടാണ്.

സഹകരണ പ്രസ്ഥാനത്തിൽ കേരളം വളരെ മുന്നിലാണ്.സംസ്ഥാനത്തിലെ സഹകരണമേഖലയുടെ പ്രധാന പ്രവർത്തനം കാർഷിക മേഖല തന്നെയാണ്. എന്നാൽ സഹകരണം കടന്നു ചെല്ലാത്ത ഒറ്റ മേഖലയും സംസ്ഥാനത്തില്ല.കേരളത്തിൽ 1969-ൽ നിലവിൽ വന്ന സഹകരണ നിയമം സംസ്ഥാനത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ മുഖഛായ മാറ്റാൻ പര്യാപ്തമായിരുന്നു. തിരുവിതാംകൂറിൽ സഹകരണ പ്രസ്ഥാനം വളർച്ച പ്രാപിച്ചതോടൊപ്പം ചേർത്തല താലൂക്കിലും സഹകരണ പ്രവർത്തനം ആരംഭിച്ചു.സ്വാതന്ത്ര്യ സമര സേനാനിയും,പ്രമുഖ സഹകാരിയുമായിരുന്ന കെ.ജി.ഗോപാല കൃഷ്ണൻ ആണ് ചേർത്തല താലൂക്കിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുന്നതിന് നേതൃത്വം നല്കിയത്. ത ണ്ണീർമുക്കം പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് മുൻകൈയെടുത്തത് നിസ്വാർത്ഥസേവകരായിരുന്ന ഒരു കൂട്ടം അദ്ധ്യാപകരായിരുന്നു.

പഞ്ചായത്തിലെ പ്രാഥമിക കാർഷിക. വായ്പാ സംഘങ്ങളുടെ പ്രവർത്തനത്തിന് ആക്ക ം കൂടിയത് 1976 ൽ ആണ്. ടി. കാലയളവിൽ ക്രെഡിറ്റ് സംഘങ്ങളുടെയുള്ള നിക്ഷേപ സമാഹരണ പരിപാടി ആരംഭിക്കുകയും പല സ്ഥാപനങ്ങളും സ്വയം പര്യാപ്തമായ സാമ്പത്തിക സ്ഥാപനങ്ങളായി വളരുകയും ചെയ്തു.

തണ്ണീർമുക്കം പഞ്ചായത്തിൽ 5 സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു,പഞ്ചായത്തിലെ ഏറ്റവും നല്ല ബാങ്ക് ശ്രീ കണ്ഠ മംഗലം സർവ്വീസ് സഹകരണ ബാങ്കാണ്. ടി. സ്ഥാപനത്തിലെ ഒരു ബ്രാഞ്ച് മരുത്തോർവട്ടത്ത് പ്രവർരത്തിക്കുന്നു. ഈ സംഘത്തിന്റെ വിജയ രഹസ്യങ്ങൾ കാര്യക്ഷമമായ മാനേജ്മെന്റും നല്ല രീതിയിലുള്ള ജനകീയ പിൻബലവുമാണ്. സങ്കുചിതമായ ചേരി തിരിവുകളുടെ അഭാവവും,ജീവനക്കാരുടെ ആത്മാർത്ഥതയും ടി. സ്ഥാപനത്തിന്റെ പ്രവർത്തന വിജയത്തിന് വഴി തെളിച്ചു. മറ്റ് സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനവും സാമാന്യം തൃപ്തികരമാണ്. ടി.സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. ടി.സംഘങ്ങളുടെ പ്രവർത്തന പരിധിയുടെ ഓവർലാപ്പിംഗ് ഒഴിവാക്കേണ്ടതാണ്.

ചേർത്തല താലൂക്ക് പ്രവർത്തന പരിധിയായിട്ടുള്ള സഹകരണ കാർഷിക വികസന ബാങ്ക് ഈ പഞ്ചായത്തിൽ 1995-96 വർഷം പല തരം വായ്പകളിലായി 2912286 രൂപ വായ്പ നല്കിയിട്ടുണ്ട്. തണ്ണീർമുക്കം റൂറൽ ഹൗസിംഗ് സഹകരണ സംഘം 317 വായ്പകളിലായി 11286275 രൂപ വായ്പ നല്കിയിട്ടുണ്ട്.പഞ്ചായത്തിലെ പാർപ്പിടം ആവശ്യമുള്ള 10% ജനങ്ങളുടെ പോലും വായ്പ ആവശ്യം നിറവേറ്റുവാൻ ടി.സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ടി.സംഘത്തിന് സർക്കാർ,ബാങ്കുകൾ, എൽ.ഐ.സി, ഹഡ്കോ മുതലായ ഏജൻസികളിൽ നിന്നും കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ പുതിയ ഹൗസിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതും അഭികാമ്യമാണ്.

പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സഹകരണ സംഘത്തിന്റെ പ്രവർത്തനം നിശ്ചലമായി കഴിഞ്ഞു .സംഘത്തിൻെ പ്രവർത്തനം പുനരുദ്ധരിക്കണം .ഈ സ്ഥാപനത്തിൻെ പ്രവർത്തന പുരോഗതിയിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് നയവും തടസ്സം നിൽകുന്നു. സർക്കാർ ധനസഹായവും നല്ല മാനേജുമെന്റും കൊണ്ട് പ്രവർത്തനം ഊർജ്ജിതപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ ക്ഷീരോല്പാതന മേഖലയിൽ 5 സംഘങ്ങളാം പ്രവർത്തിക്കുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘമാണ് വാരണ ം പുത്തന ങ്ങാടി ക്ഷീരോല്പാദന സഹകരണ സംഘം. ടി സംഘത്തിന്റെ പ്രവർത്തനം അഭിനന്ദാർഹമാണ്. മറ്റു സംഘങ്ങളുടെ പ്രവർത്തനം കുറേകൂടി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ക്ഷീരകർഷകന്റെ താല്പര്യം പരിഗണിച്ച് എല്ലാ വാർഡുകളിലും ക്ഷീരോല്പാദന സഹകരണസംഘങ്ങളാം രജിസ്റ്റർ ചെയ്യുകയും പഞ്ചായത്തിലെ ഉപഭോക്താക്കാം ക്കാവശ്യമായ പാല് ലഭ്യമാകുന്നതിന് ഉചിതമായ നടപടികാംസ്വീകരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ വ്യാവസായിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.പുനരുദ്ധാരണം ആവശ്യമാണ്. കാർഷികമേഖല കഴിഞ്ഞാൽ ഏറ്റവുംപ്രധാനപ്പെട്ട കയർ മേഖലയിൽ പത്തോളം സഹകരണസംഘങ്ങളാം പ്രവർത്തിക്കുന്നു. ഇതിൽ 5 സംഘങ്ങളുടെ പ്രവർത്തനം നല്ലനിലയിലാണ്.

ബാക്കിയുള്ളവ പ്രവർത്തനരഹിതമാണെന്നു കാണ്ണാൻ കഴിയും. കയർ മേഖലയിൽ വിപണനസംഘങ്ങളുടെ പ്രവർത്തനം ഗുണപരമല്ല.നിലവിലുള്ള ലേബർ കോൺട്രാക്റ്റ് സംഘങ്ങളുടെ പ്രവർത്തനം നിർജ്ജീവമായിരിക്കന്നു.

മത്സ്യതൊഴിലാളി മേഖലയിൽ ഒരു വനിതാ വിവിധോദ്ദേശസംഘം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങളാം പരിശോധിച്ചതിൽ തണ്ണീർമുക്കം പഞ്ചായത്തിൽ നിലവിലുള്ള സർവീസ് സഹകരണസംഘങ്ങളുടെ പ്രവർത്തനപരിധിയിലുള്ള എല്ലാ കുടുംബങ്ങളിൽ നിന്നും ഒരാളെയെങ്കിലും സംഘത്തിൽ അംഗമാക്കുകയും വായ്പാ വിതരണ ചട്ടങ്ങളാം ലഘൂകരിക്കുകയും ചെയ്യുക. സംഘങ്ങളാം കൃഷിക്കാരുടെ ആവശ്യങ്ങളാം അനുസരിച്ച് പുതിയ സ്കീമുകാം തയ്യാറാക്കി നടപ്പിലാക്കുക. കർഷകർക്ക് ന്യായമായ പലിശയ്ക് വായ്പ ലഭിക്കുന്നതിന് നിലവിലുള്ള പല തട്ടു സംവിധാനം അവസാനിപ്പിക്കുകയും സഹകരണസംഘങ്ങളാം വായ്പ നേരിട്ടു ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇന്ന് ഡിപ്പാർട്ട്മെന്റ് ചെലുത്തുന്ന അമിതമായ ഇടപെടൽ അവസാനിപ്പിക്കുവാൻ സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ːസോഷ്യൽ ആഡിറ്റിംഗ്ː ഏർപ്പെടുത്തുകയും ചെയ്യുക.തൊഴിൽ രഹിതരായ കർഷകർ, വനിതകാം, പട്ടിക ജാതി, പട്ടിക വർഗ്ഗം ഇവർക്കു വേണ്ടി പുതിയ സഹകരണ സംഘങ്ങളാം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.ടൂറിസം വികസനത്തിന് തണ്ണീർമുക്കത്ത് വൻ വികസന സാദ്ധ്യതയുള്ളതിനാൽ ഒരു ടൂറിസ്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപികരിക്കുക .

കാർഷിക മേഖലയിൽ പുതിയ ഉത്പ്പാദന മേഖലയിലും, പുഷ്പ ഫലപച്ചക്കറി മേഖലകളിലും പുതിയ വിപണന സഹകരണ സംഘങ്ങളാം രൂപികരിക്കുക. തൊഴിൽ രഹിതരുടെ പ്രശ്നങ്ങളാം പരിഹരിക്കുന്നതിന് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളും,തണ്ണീർമുക്കം പഞ്ചായത്തിലെ രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന "ഹൗസിംഗ് സഹകരണ സംഘങ്ങളും രൂപികരിക്കുന്നത് പഞ്ചായത്തില ജനങ്ങളാംക്ക് ഒരു പരിധി വരെ സഹായകരമായിരിക്കുമെന്നതിന് സംശയമില്ല.

**തണ്ണീർമുക്കം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളാം**

1.ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണബാങ്ക് -974
2. വാരണം സർവ്വീസ് സഹകരണ സംഘം - 1317
3. വാരനാട് സർവ്വീസ് സഹകരണ സംഘം - 1248
4.കണ്ണങ്കര സർവ്വീസ് സഹകരണ സംഘം - 1806
5.തണ്ണീർമുക്കം സർവ്വീസ് സഹകരണ സംഘം- എ-807
6.തണ്ണീർമുക്കം റൂറൽ ഹൗസിംഗ് സഹകരണ സംഘം . എ-713
7.തണ്ണീർമുക്കം ക്ഷീര ഉല്പാതക സഹകരണ സംഘം -42.ഡി.
8.തണ്ണീർമുക്കം പ്ളാസ്റ്റിക് വ്യവസായ സഹകരണ സംഘം -എ-52
9.തണ്ണീർമുക്കം കയർ വ്യവസായ സഹകരണ സംഘം -88
10.തണ്ണീർമുക്കം കയർ വ്യവസായ സഹകരണ സംഘം -നമ്പർ.484
11.തണ്ണീർമുക്കം കൺസ്യൂമർ സഹകരണ സംഘം -എ-923
12.തണ്ണീർമുക്കം മത്സ്യതെഴിലാളി സഹകരണ സംഘം -521
13.തണ്ണീർമുക്കം കയർ വ്യവസായ സഹകരണ സംഘം -എ 833
14.മാക്ഡവൽ എച്ച്.ആർ.ബി.സി.എസ് എ -778
15.തണ്ണീർമുക്കം സ്മാാം സെക്കയിൽ മാർക്കറ്റിംഗ് സഹകരണ സംഘം -എ .887
16.കൊക്കോതമംഗലം കയർ വ്യവസായ സഹകരണ സംഘം -182
17.കട്ടച്ചിറ കയർ വ്യവസായ സഹകരണ സംഘം -എ 731
18.വാരണം വ്യവസായ സഹകരണ സംഘം -834
19.ചെങ്ങണ്ട കയർ സഹകരണ സംഘം -എ 555
20.മരുത്തോർവട്ടം ഹാൻഡ്ലൂം വീവേഴ്സ് സഹകരണ സംഘം
21. വാരണം പുത്തനങ്ങാടി ക്ഷീരഉത്പാദക സഹകരണസംഘം -എ 139
22 ശ്രീകണ്ഠമംഗലം ക്ഷീരഉത്പാദക സഹകരണസംഘം -94 ഡി
23.കൊക്കോതമംഗലം എം.പി.സി.എസ്സ് -15 ഡി
24.വാരനാട് ക്ഷീരഉത്പാദക സഹകരണസംഘം
25.തണ്ണീർമുക്കം എൽ.പി .സ്കൂാം സഹകരണ സംഘം -527
26.തണ്ണീർമുക്കം ഗവഃ ഹൈസ്കൂാം സഹകരണ സംഘം -എ 556
27 (സ്കിൽടക്,വ്യവസായ സഹകരണസംഘം ക്ലിപ്തം) എ 187 വാരണം
28. അംബേദ്കർ ഹാന്റിക്രാഫ്റ്റേഴ്സ് വ്യവസായ സഹകരണസംഘംനമ്പർ സി.എ.എൻ.ഡി.എ.198.തണ്ണീർമുക്കം

29.പ്രിയദർശിനി വനിതാ കയർ വ്യവസായ സഹായ സഹകരണസംഘം നമ്പർ കരിക്കാട്

30. ചേർത്തല താലൂക്ക് ഹരിജൻ കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ എ.955.തണ്ണീർമുക്കം

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1.സഹകരണസംഘങ്ങളിൽ ജനപങ്കാളിത്തം കുറവായതിനാൽ ബോധവൽക്കരണം നടത്തുകയും അംഗങ്ങളെ കൂടുതൽ ചേർക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യണം

2. വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും ലളിതമായ വ്യവസ്ഥയിൽ വായ്പ കിട്ടുവാനുള്ള സംവിധാനം ഉണ്ടാകണം. ക്രെഡിറ്റ് സഹകരണ സംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾ അനുസരിച്ച് സ്കീമുകൾ തയ്യാറാക്കുവാൻ താല്പര്യം കാണിക്കുന്നില്ല. കർഷകരെ സഹായിക്കാൻ പലിശ കുറയ്ക്കുകയും പ്രൊഡക്ഷൻ കോസ്റ്റ് പുനസ്ഥാപിക്കുകയും ചെയ്യുക.

3. കർഷകരുടെ താല്പര്യത്തിനായി മാർക്കറ്റിംഗ് സഹകരണ സംഘങ്ങളും ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങളും രൂപീകരിക്കുക.

4.സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഡിപ്പാർട്ട്മെന്റിന്റെ അമിതമായ ഇടപെടൽ അവസാനിപ്പിക്കുന്നതിന് സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതി ചെയ്യുക.

5.ക്ഷീര കർഷകരെ സഹായിക്കുവാൻ എല്ലാ വാർഡിലും ക്ഷീര ഉല്പാദക സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുക.

6.പ്രവർത്തന രഹിതമായ ലേബർകോൺട്രാക്റ്റ് സഹകരണസംഘങ്ങൾ പുനരുദ്ധരിക്കുക

7.കയർ സഹകരണ സംഘങ്ങളും കയർ വിപണന സഹകരണസംഘങ്ങളും രജിസ്റ്റർ ചെയ്യുക.

8.വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് പുൽതടുക്ക്, റെഡിമെയ്ഡ്, കറിപൗഡർ മുതലായവ വിവിധോദ്ദേശ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുക.

9. മത്സ്യഉല്പാദക വിതരണ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുക.

10. പുഷ്പ, ഫല, പച്ചക്കറി സഹകരണ സംഘം. രൂപീകരിക്കുക.

11. കൺസ്യൂമർ സഹകരണസംഘം പുനരുദ്ധരിക്കുകയും പുതുതായി രജിസ്റ്റർ ചെയ്യുകയും ചെയ്യുക.

12. ഹൗസിംഗ് സഹകരണ സംഘങ്ങളും ടൂറിസ്റ്റ് സഹകരണസംഘങ്ങളും രജിസ്റ്റർ ചെയ്യുക.

*ദാനമായി ലഭിക്കുന്ന അധികാരം യഥാർത്ഥ അംഗീകാരമല്ല. അധികാരം തന്നവർക്കു തന്നെ അത് തിരിച്ചെടുക്കാം.*

*സമൂഹത്തിന്റെ ഒരു തലത്തിൽ ചെയ്യാവുന്ന ഏതൊരു പ്രവർത്തനവും ആ തലത്തിലേ ചെയ്യാവൂ. മേൽത്തലത്തിലേക്ക് മാറ്റരുത്.അപ്പോൾ ഓരോ തലത്തിനും ഏറ്റെടുക്കാവുന്ന ഉത്തരവാദിത്വവും, അധികാരവും ഏതെന്ന് അവർ നിശ്ചയിക്കും*

## അനുബന്ധം - 13.1
## സർവ്വീസ് സഹകരണ സംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി ഉണ്ടോ | ഉണ്ടെങ്കിൽ ലഭിച്ച തുക | പരമാവധി കടം ക്ലിപ്തപ്പെടുത്തിയ തുക. |
|---|---|---|---|---|---|---|---|---|---|---|---|
| 1 | തണ്ണീർമുക്കം സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം)എ.- 809 | തണ്ണീർമുക്കം പഞ്ചായത്ത് വാർഡ് 1,2,6 | ക്രെഡിറ്റ് | 1985 | 1219 | 10 | 607500 | 225962 | ഉണ്ട് | 17000 | 1194150 |
| 2 | കണ്ണങ്കര സർവ്വീസ് സഹകരണസംഘം (ക്ലിപ്തം ) 1806 | വാർഡ് 3,4 | ക്രെഡിറ്റ് | | 1104 | 2452 | -5- | 2,00,000 | 93280 | ഇല്ല | - |
| 1865600<br>3 | വാരണം സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) 1317 | വാർഡ് 4,5,6 | ക്രെഡിറ്റ് | 1101 | 4453 | 10 | 1002000 | 556264 | ഉണ്ട് | 291000 | 8598735 |
| 4 | ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) 974 | വാർഡ് 2,3,6 | ക്രെഡിറ്റ് | 1101 | 4890 | 10 | 1710000 | 13870000 | ഉണ്ട് | 134000 | 55573560 |
| 5 | വാരനാട് സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം ) 1248 | വാർഡ് 9,10,11,12 | ക്രെഡിറ്റ് | 1101 | 5596 | - 5 - | 1500000 | 1000000 | ഉണ്ട് | 20000 | 8100000 |

## ചേർത്തല

## 13.2 കാർഷിക വികസന ബാങ്ക് തണ്ണീർമുക്കം പഞ്ചായത്ത് പ്രദേശത്ത് കൊടുത്ത വായ്പകളുടെ വിവരം

| വർഷം | എത്ര പേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|---|
| 1995-96 | 33 | ഹൗസിംഗ് ലോൺ | 789500.00 |
| | 127 | വ്യവസായ വായ്പ | 1590400.00 |
| | 63 | പദ്ധതി വായ്പ | 532386.00 |
| ആകെ | 223 | | 2912286.00 |

## 13.3 തണ്ണീർമുക്കം ഹൗസിംഗ് സഹകരണ സംഘം പഞ്ചായത്തിൽ നൽകിയ വായ്പകളുടെ വിവരം

| എത്ര പേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക. |
|---|---|---|
| 317 | ഭവന നിർമ്മാണം | 11286275.00 |

## 13.4 ക്ഷീര സഹകരണ സംഘങ്ങൾ ( അപ് കോസ് ഉൾപ്പെടെ )

| സംഘത്തിന്റെ പേര് | മൊത്തം ശേഖരിച്ച പാൽ (1995-96) | പഞ്ചായത്തിൽ തന്നെ വിറ്റപാൽ (ലിറ്റർ) | പുറത്തേയ്ക്ക് അയച്ച പാൽ ( ലിറ്റർ ) |
|---|---|---|---|
| വാരണം പുത്തനങ്ങാടി ക്ഷീര സഹകരണ സംഘം | 192996 (ലിറ്റർ) | 33228 | 192996 |
| ശ്രീകണ്ഠം മംഗലം ക്ഷീര സഹകരണ സംഘം | 106740(ലിറ്റർ) | 24276 | 82464 |
| കോക്കോതമംഗലം എം.പി.സി .എസ്സ് മരുത്തോർവട്ടം | 63000 (ലിറ്റർ) | 14400 | 48600 |
| വാരനാട്ടു ക്ഷീര സഹകരണ സംഘം | 126000 (ലിറ്റർ) | 9000 | 117000 |
| തണ്ണീർമുക്കം ക്ഷീര സഹകരണ സംഘം | 52500(ലിറ്റർ) | 15100 | 37400 |

ആമുഖബന്ധം 13.

സർവ്വീസ് സഹകരണ സംഘങ്ങൾ (അനുബന്ധം 13)

| | പെതു ജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപം (സ്ഥിരം) | ഹ്രസ്വ കാലം | കാർഷികം | മറ്റു വായ്പകൾ | പ്രത്യേക വായ്പ | സഹകരണ ബാങ്കിൽ നിന്ന് സ്വീകരിച്ച വായ്പ | കാലാവധി കഴിഞ്ഞത് | തൽ ചിലവുകൾ | കണ്ടിജൻസി | മറ്റു പ്രവർത്തനം |
|---|---|---|---|---|---|---|---|---|---|---|
| 1. | 2971480 | 586286 | - | 2470495 | 287362 | 1200,000 | 468485 | 65148 | 42229 | ചിട്ടി |
| 2. | 96270 | 97441 | - | 4303843 | 6000 | 84500 | 225000 | 57593 | 41269 | ചിട്ടി |
| 3. | 1547682 | 408336 | 83000 | 329371 | - | - | 814927 | 297968 | 62058 | ചിട്ടി വളം ,ഓണച്ചന്ത |
| 4. | 13200677 | 9816500 | 1797232 | 187,63830 | - | 1568858 | 2059620 | 694000 | 393920 | ചിട്ടി വളം ,കൺസ്യൂമർ |
| 5. | 30,00000 | 10,00,000 | 7,00,000 | 54,00,000 | - | - | 2706000 | 198500 | 52500 | ചിട്ടി |



# വനിതാ ക്ഷേമം



പൗരാണിക ഭാരതത്തിൽ പുരുഷനോടൊപ്പം സ്ത്രീയ്ക്കും തുല്യമായ സ്ഥാനം നൽകിയിരിക്കുന്നു. എല്ലാ മതവിഭാഗങ്ങളും സമൂഹത്തിൽ സ്ത്രീയ്ക്ക് മാന്യമായ സ്ഥാനം നൽകിയിരിക്കുന്നതായി കാണാവുന്നതാണ് . മനുഷ്യ ചരിത്രത്തിന്റെ പ്രയാണത്തിൽ എവിടെവെച്ചോ പുരുഷമേധാവിത്വം സ്ത്രീയുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ടു. സ്വാതന്ത്ര്യത്തിനും അവസര സമത്തിനും വേണ്ടിയുള്ള വനിതകളുടെ പോരാട്ടത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്.

ജന സംഖ്യയിൽ പകുതിയിലധികം വരുന്ന വനിതകൾക്ക് അവസരത്തിന്റെ വാതിൽ തുറന്നു കൊടുത്തുകൊണ്ട് നടപ്പിലാക്കിയ പഞ്ചായത്ത് രാജ് നിയമത്തിലൂടെ ഗ്രാമ- ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിൽ അവർക്ക് മതിയായ പ്രാതിനിധ്യം നൽകിയിട്ടുള്ളതായി കാണാം.

ഓരോ തലത്തിലും വനിതകൾക്ക് സംസ്ഥാനത്ത് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഇപ്രകാരമാണ്.

| പട്ടിക-1 | |
|---|---|
| ഗ്രാമ പഞ്ചായത്ത് | |
| വനിത(ജനറൽ) | 3563 |
| വനിത(പട്ടികജാതി) | 275 |
| വനിത(പട്ടിക വർഗ്ഗം) | 40 |
| ആകെ | 3878 |
| ബ്ലോക്ക് പഞ്ചായത്ത് | |
| വനിത(ജനറൽ) | 528 |
| വനിത(പട്ടികജാതി) | 32 |
| വനിത(പട്ടിക വർഗ്ഗം) | 5 |
| ആകെ | 565 |
| ജില്ലാ പഞ്ചായത്ത് | |
| വനിത(ജനറൽ) | 91 |
| വനിത(പട്ടികജാതി) | 12 |
| വനിത(പട്ടിക വർഗ്ഗം) | 1 |
| ആകെ | 104 |

ഇതേ അനുപാതത്തിൽ തന്നെ മൂന്ന് തലങ്ങളിലേയ്ക്കും പ്രസിഡന്റ് സ്ഥാനവും വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

| പട്ടിക-2 | |
|---|---|
| ഗ്രാമ പഞ്ചായത്ത് | |
| വനിത(ജനറൽ) | 294 |
| വനിത(പട്ടികജാതി) | 33 |
| വനിത(പട്ടിക വർഗ്ഗം) | 4 |
| ആകെ | 331 |
| ബ്ലോക്ക് പഞ്ചായത്ത് | |
| വനിത(ജനറൽ) | 45 |
| വനിത(പട്ടികജാതി) | 5 |
| വനിത(പട്ടിക വർഗ്ഗം) | 1 |
| ആകെ | 51 |
| ജില്ലാ പഞ്ചായത്ത് | |
| വനിത(ജനറൽ) | 5 |
| വനിത(പട്ടികജാതി) | 1 |
| ആകെ | 6 |

ഭരണഘടനയുടെ പിൻബലത്തിൽ സ്ഥാനങ്ങൾ ലഭിച്ചെങ്കിലും, സ്ത്രീകളെ എല്ലാ തുറകളിൽ നിന്നും അകറ്റി നിർത്തുവാനുള്ള പ്രവണത കേരളം നേരിടുന്ന ഏറ്റവും വലിയ വികസന പ്രതിസന്ധിയായി മാറിയിരിക്കുന്നു. കേരളം ഇന്ന് നേരിടുന്ന എല്ലാ പ്രതിസന്ധികളേയും,. പുരുഷൻമാരേക്കാൾ തീഷ്ണമായി അനുഭവിക്കേണ്ടി വരുന്ന വിഭാഗമാണ് സ്ത്രീകൾ. തൊഴിൽ സാമ്പത്തികം,സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങൾ എന്നീ മേഖലകളിലെല്ലാം സ്ത്രീകൾക്കെതിരായ വിവേചനം നില നിൽക്കുന്നുണ്ട്. അടുത്ത കാലത്തായി സ്ത്രീകൾക്കെതിരേയുള്ള ശാരീരികവും, മാനസികവുമായ പീഡനങ്ങളുടെ ഒരു പരമ്പര തന്നെയുണ്ടായി.

തണ്ണീർമുക്കത്തെ ജനസംഖ്യയിൽ അധികവും സ്ത്രീകളാണ്.41430-ൽ 21158 പേർ സ്ത്രീകളാണ്.1000 പുരുഷൻമാർക്ക് 1048 സ്ത്രീകൾ എന്നതാണ് അനുപാതം. സംസ്ഥാന ശരാശരി 1036 ആണ്.(പട്ടിക 3 കാണുക).

പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം പിന്നോക്കമാണ്. തൊഴിലധിഷ്ഠിതവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീ പുരുഷ വിത്യാസം നില നിൽക്കുന്നു.ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ നവീകരിക്കപ്പെടുന്ന വ്യവസായ മേഖലയിൽ നിന്നും സ്ത്രീകൾ പുറം തള്ളപ്പെടാനുള്ള സാധ്യതയാണുള്ളത്.ഉപകരണങ്ങളുടേയും,യന്ത്രങ്ങളുടേയും മേൽ സ്ത്രീകൾക്ക് നിയന്ത്രണമില്ലാത്ത ചിത്രമാണ്

പട്ടിക - 3

തണ്ണീർമുക്കം പഞ്ചായത്തിലെ ജനസംഖ്യ.

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 | 1518 | 1525 | 3043 |
| 2 | 1316 | 1346 | 2662 |
| 3 | 1207 | 1323 | 2530 |
| 4 | 1224 | 1307 | 2531 |
| 5 | 1465 | 1539 | 3004 |
| 6 | 1820 | 1900 | 3720 |
| 7 | 1330 | 1492 | 2822 |
| 8 | 1154 | 1217 | 1371 |
| 9 | 1401 | 1465 | 2866 |
| 10 | 1567 | 1650 | 3217 |
| 11 | 1978 | 2020 | 3998 |
| 13 | 1387 | 1431 | 2818 |
| 14 | 1285 | 1269 | 2818 |
| ആകെ | 20272 | 21158 | 41430 |

പട്ടിക-4

| മേഖല | സ്ത്രീ | പുരുഷൻമാർ |
|---|---|---|
| കാർഷികം | 40 | 85 |
| കയർ | 23 | 75 |
| നിർമ്മാണം | 50 | 80 |
| കോൺക്രീറ്റ് | 100 | 150 |

പഞ്ചായത്തിൽ പൊതുവേ കാണപ്പെടുന്നത്.ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്,വെൽഡിംഗ് വർക്ക് ഷോപ്പ് തുടങ്ങിയൊന്നിലും വനിതകളുടെ പ്രാതി നിധ്യം കാണുന്നില്ല. പഞ്ചായത്തിലെ ഒരു വനിത മാത്രമാണ് ഡ്രൈവിംഗ് തൊഴിലായി സ്വീകരിച്ചി ട്ടുള്ളത്.

പഞ്ചായത്തിലെ വനിതകളുടെ തൊഴിൽ പങ്കാളിത്തം വളരെ പിന്നോക്കമാണ്. വനിതക ളിൽ ബഹുഭൂരിപക്ഷവും കയർ,മത്സ്യ വിപണ നം, കൃഷിപ്പണി, കൂലിവേല എന്നിവയിൽ കുടു ങ്ങികിടക്കുകയാണ്. കൃഷിപ്പണിയിൽ നിന്നും വേരറ്റ് പോന്നവരും കയർ മേഖലയിലാണ് ചേക്കേറിയിട്ടുള്ളത്.

നല്ലൊരു വിഭാഗം വനിതകളും കുടുംബ ഭരണ ത്തിൽ ഏർപ്പെട്ടിരിക്കുന്നതായാണ് കാണുന്ന ത്.ഭരണം ആലങ്കാരികമായ ഒരു പദ പ്രയോഗമാ ണെന്ന് മാത്രം.കുടുംബത്തിലെ കാണാപണികളി ലേയ്ക്കും, അസ്വാതന്ത്രത്തിന്റെ ഇരുട്ടറയിലേയ് ക്കും സ്ത്രീ വലിച്ചെറിയപ്പെട്ടിരിക്കുന്നു.

വ്യത്യസ്ഥ തൊഴിൽ മേഖലകളിൽ നിലവിലുള്ള കൂലി വിത്യാസം സ്ത്രീകൾക്കെതിരായ വിവേ ചനത്തിന്റെ ചിത്രം വ്യക്തമാക്കുന്നതാണ്.(പട്ടിക 4 കാണുക).

ഒരു ജോലിക്ക് സ്ത്രീയ്ക്ക് വളരെക്കുറച്ച് കൂലി കൊടുക്കുന്ന രീതിയാണ് നിലവിലുള്ളത്.ട്രേഡ് യൂണിയനുകളും, സർക്കാരും,കോൺട്രാക്റ്റർമാ രും ചേർന്നുണ്ടാക്കുന്ന കരാറിൽ സ്ത്രീ അന്യയാ ണ്.അംഗീകൃത കൂലി നിശ്ചയിക്കുന്നതിനുള്ള സമിതികളിൽ വനിതാ പ്രാതിനിധ്യം ഉണ്ടാകുന്ന തിലൂടെ മാത്രമേ ഈ രംഗത്തേ വിവേചനം അവ സാനിപ്പിക്കുവാൻ കഴിയുകയുള്ളു.

ഓരോ മേഖലകളിലും അവിദഗ്ധ തൊഴിലുക ളിൽ സ്ത്രീയെ തളച്ചിടുവാനുള്ള പ്രവണതയാ ണ് കണ്ടു വരുന്നത്.കയർ മേഖലകളിൽ ചകിരിയ ടി,കയർ പിരിച്ചു കുത്ത്,കറ്റ തിരിയൽ,കയർ പിരി എന്നീ അവിദഗ്ധ മേഖലകളിൽ കെട്ടിയിട്ടിരിക്കു ന്ന സ്ത്രീകൾക്ക് താരതമ്യേന കുറഞ്ഞ വരുമാനം മാത്രമേ ലഭിക്കുന്നുള്ളു.

കുറഞ്ഞ കൂലി കൊടുക്കുവാൻ കഴിയുന്ന കമ്പി കാർപ്പെറ്റ് നെയ്ത്ത് സ്ത്രീകൾ ചെയ്യുന്നുണ്ട്. കയർ തറികളിൽ തടുക്ക് നെയ്യുന്ന ജോലി ഈ പഞ്ചായത്തിൽ ഒരു സ്ത്രീയും ചെയ്യുന്നില്ല.കെട്ടി ട നിർമ്മാണമേഖലയിൽ മേസ്തിരി പണി ചെയ്യു ന്ന ഒരു സ്ത്രീയും പഞ്ചായത്തിലില്ല.സിമന്റ് കൂട്ടു ക,കല്ല് ചുമക്കുക തുടങ്ങിയ ശാരീരികാദ്ധ്വാ നം കൂടുതൽ ആവശ്യമുള്ള പണികളാണ് ഈ മേഖലയിൽ സ്ത്രീകൾ ചെയ്യുന്നത്.

നിരവധി മേഖലകളിലും നില നിൽക്കുന്ന തൊഴിൽ നിഷേധമാണ് മറ്റൊരു പ്രധാന പ്രശ്നം. പഞ്ചായ ത്തിലുള്ള മാക്ഡവൽ കമ്പനിയിൽ സ്ത്രീ തൊഴിലാളി കളെ പുതുതായി നിയമിക്കുന്നില്ല. വയറിംഗ്, പ്ലംബിംഗ്, ഇലക്ട്രോണിക്ക് സർവ്വീസിംഗ്, വാഹന റിപ്പയറിം ഗ്, ഫോട്ടോഗ്രാഫി തുടങ്ങിയ മേഖലകളിൽ നിന്നെ ല്ലാം സ്ത്രീകളെ അകറ്റി നിർത്തിയിരിക്കുന്നതായി കാണാം.

മത്സ്യ മേഖലയിൽ വിപണനവുമായി ബന്ധപ്പെട്ടാണ് സ്ത്രീകൾ ജോലി ചെയ്തു വരുന്നത്.ഈ സ്ത്രീകൾക്ക് മത്സ്യവുമായി ഏറെ യാത്ര ചെയ്യേണ്ടതായി വരും.മത്സ്യ ഫെഡ് വനിതാ സ്പെഷ്യൽ ബസ്സുകൾ നിർത്തൽ ചെയ്തത് പുന:സ്ഥാപിക്കണം.

## സാമൂഹ്യ രാഷ്ട്രീയ പദവി

വനിതാ പഞ്ചായത്ത് പ്രസിഡന്റായിരിക്കുന്ന ഈ പഞ്ചായത്തിലെ രാഷ്ട്രീയ, സാമൂഹിക പ്രസ്ഥാന ങ്ങളിൽ ഒന്നിലും വനിതകൾക്ക് നിർണ്ണായക പ്രാതിനി ധ്യം ഇല്ല.വനിതകൾ രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങ ളിൽ പ്രവർത്തിക്കാത്തതു കൊണ്ടാണ് ഇതെന്ന് കരു തുവാൻ സാധ്യമല്ല.

ആരോഗ്യ രംഗത്തെ സ്ത്രീകളുട പ്രശ്നങ്ങൾ ദുരിത പൂർണ്ണമാണ്. പഞ്ചായത്തിലാകെയുള്ള ഒരു.പി.എച്ച്. സെന്ററിൽ സ്ത്രീകൾക്ക് ആവശ്യമായ യാതൊരു സൗകര്യവും ഇല്ല. കിടത്തി ചികിത്സിയ്ക്കുന്ന സൗകര്യം ഏർപ്പെടുത്താത്തു മൂലം ഗർഭിണികൾ,അല്ലാത്തവരും മുഹമ്മ പി.എച്ച്.സെന്ററിലോ, ചേർത്തല താലൂക്കാശു പത്രിയിലോ, മറ്റ് സ്വകാര്യ നേഴ്സിംഗ് ഹോമുകളിലോ ആണ് ആശ്രയിച്ചു വരുന്നത്.മാതൃ മരണ നിരക്ക്,ശിശു മരണ നിരക്ക് എന്നിവ പരിശോധിച്ചാൽ പഞ്ചായത്ത് സംസ്ഥാന ചിത്രത്തിൽ നിന്നും വ്യത്യസ്ഥമല്ല.

വെള്ളിയാം കുളത്തെ പ്രിയ ദർശിനി വനിതാ സമാജം ക്ഷീര സംസ്കരണ യൂണിറ്റ് നടത്തുന്നു.ക്ഷീര വികസന വകുപ്പിൽ നിന്നും ധന സഹായം ലഭിച്ചിട്ടുണ്ട്.50 പേർ ക്ക് പ്രാതിനിധ്യം ഉള്ള സമാജം 10 പേർക്ക് ജോലി നൽകു ന്നു. 11-ാം വാർഡിൽ ചക്കാല വനിത സമാജത്തിനും കമ്പി കാർപ്പെറ്റ് ഉത്പ്പാദിപ്പിക്കുന്ന തൊഴിൽ യൂണിറ്റു ണ്ട്.സ്വയം തൊഴിൽ പദ്ധതി പ്രകാരം സ്ത്രീകൾക്ക് കാര്യമായ വായ്പ ലഭിക്കുന്നില്ല എന്ന പരാതി നില നിൽക്കുന്നു.3 ഡി.ഡബ്ല്യു .സി.ആർ.എ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.സ്ത്രീകൾ സംരംഭ കരായി മുന്നോട്ട് വരുന്നതിനാവശ്യമായ പരിശീലന ത്തിന്റെ അഭാവം ഉണ്ട്.

സ്ത്രീകൾക്കെതിരായ ശാരീരിക പീഡനം,സ്ത്രീധ നപീഡനം എന്നിവ റിപ്പോർട്ട് ചെയ്യപ്പെടാത്തതാണോ എന്ന് പരിശോധിക്കണം. സ്ത്രീധനവും ആഡംബര വിവാഹങ്ങളും വ്യാപകമാണ്.

ചാരായം ഉൾപ്പെടെയുള്ള എല്ലാ മദ്യവും നിരോധി ക്കണമെന്നാണ് പഞ്ചായത്ത് പ്രദേശത്തെ വനിതകളു ടെ ഏകകണ്ഠമായ അഭിപ്രായം. വ്യാജ മദ്യ വില്പ്പന തടയുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണമെ ന്നും അവർക്ക് അഭിപ്രായമുണ്ട്.

## വനിതാ ക്ഷേമം-നിർദ്ദേശങ്ങൾ

1.സ്ത്രീകളെ അവിദഗ്ധ തൊഴിലുകളിൽ തളച്ചിട പ്പെടുന്ന അവസ്ഥ മാറിയേതീരു .ചകിരിത്തടുക്ക് നെയ്ത്ത് ,മേസ്തിരിപ്പണി,ആശാരിപ്പണി,ഇലക് ട്രോണിക്ക് സർവീസിംഗ്, വയറിങ്ങ്, പ്ലബിങ്ങ്, ഡ്രൈവിങ്ങ് ഇവയിലൊക്കെ സ്ത്രീകൾക്ക് പരി ശീലനം നല്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്ക ണം. പഞ്ചായത്തടിസ്ഥാനത്തിൽ നിലവിലുള്ള വർക്ക്ഷോപ്പുകൾ, സർവ്വീസ് സെന്ററുകൾ എന്നിവയുമായി യോജിപ്പിച്ച് ഇത്തരം പരിപാടി കൾ ആവിഷ്ക്കരിക്കണം.

2. സ്ത്രീകൾക്കായി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. ഇലക്ട്രോണിക്ക് വസ്തുക്കൾ,ഇല ക്ട്രിക്ക് ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാ ണത്തിലും സ്ത്രീകൾക്ക് പ്രാധാന്യം നൽകണം. വനിത വ്യവസായ യൂണിറ്റെന്നാൽ അച്ചാർ, റെഡീമേയ്ഡ് എന്നിവയിൽ മാത്രം ഒതുക്കി നിർ ത്താതെ,ലാഭകരവും,പുത്തൻ സാങ്കേതിക വിദ്യക ളിൽ അധിഷ്ഠിതവും നില നിൽക്കുന്നതുമായ വ്യവസായ പ്രോജക്ടുകൾ ആരംഭിച്ച് പരിശീല നം നൽകണം.

3. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്ത്രീകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാകണം.ആഴ്ച യിൽ 2 ദിവസമെങ്കിലും വനിതാ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

4.വിവിധ തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് നല്കുന്ന കൂലി വിത്യാസം കായികാദ്ധ്വാനത്തി ന്റെ മാനദണ്ഡത്തിൽ തുല്ല്യമാക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കുക.

5 .പഞ്ചായത്ത് പ്രദേശത്തെ വ്യവസായ സ്ഥാപന ങ്ങളിൽ വനിതകൾക്ക് തൊഴിൽ ഉറപ്പാക്കുക.

6. തണ്ണീർമുക്കം ഗവ:ഹൈസ്ക്കൂളിൽ പെൺ കുട്ടികൾ ക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുക.

7. രാഷ്ട്രീയ-സാമൂഹ്യ-ട്രേഡ് യൂണിയൻ സംഘടനക ളിൽ സ്ത്രീകൾക്ക് അർഹമായ അംഗീകാരം ലഭിക്കുന്ന തിനുള്ള സമ്മർദ്ദങ്ങൾ.

8. കുടുംബസമാധനം തകർക്കുന്ന മദ്യം പൂർണ്ണമായും നിരോധിക്കുക. വ്യാജ മദ്യത്തിനെതിരേ കർശന നടപടി കൾ ഉണ്ടാക്കുന്നതോടൊപ്പം,വ്യാജ മദ്യത്തിനെതിരേ ശക് തമായ ബഹുജനാഭിപ്രായം വളർത്തിയെടുക്കുക.

9 . സ്ത്രീധന സംമ്പ്രദായത്തിനെതിരേ ശക്തമായ മുന്നേറ്റം സംഘടിപ്പിക്കുക

10.കൂടുതൽ ഡി.ഡബ്ലിയു.സി. ആർ. എ യൂണിറ്റുകൾ ആരംഭിക്കുന്നതിുള്ള നടപടികൾ സ്വീകരിക്കുക.

11. വനിതകൾക്കായി ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.

12.സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമകളും,പര സ്യങ്ങളും പഞ്ചായത്ത് പ്രദേശത്ത് തടയുക.

13.കായലോരങ്ങളിലുള്ള വാർഡുകളിൽ സ്ത്രീകൾക്കാ യി പ്രത്യേകം കുളിക്കടവുകൾ സ്ഥാപിക്കുക

14. സ്ത്രീകൾ കുടുംബ നാഥകളായിട്ടുള്ള കുടുംബ ങ്ങൾക്ക് ആനുകൂല്ല്യങ്ങൾ നൽകുന്നതിൽ പ്രത്യേക പരി ഗണന നൽകുക.

15. വൃദ്ധ ജന മന്ദിരങ്ങൾ സ്ഥാപിക്കുക.

# വിഭവ സമാഹരണം

കർഷക തൊഴിലാളികളും, കയർ തൊഴിലാളികളും, മത്സ്യതൊഴിലാളികളും,ഇടത്തരക്കാരും തിങ്ങിപ്പാർക്കുന്ന തണ്ണീർമുക്കം പഞ്ചായത്ത് വികസന വീഥിയിലൂടെ ഇനിയും ബഹുദൂരം മുന്നോട്ട്പോകേണ്ടതുണ്ട്. ജനങ്ങളുടെ വികസന ആവശ്യങ്ങളും, പഞ്ചായത്തിന്റെ നിലവിലുള്ള വിഭവശേഷിയും ഒരു വിധത്തിലും പൊരുത്തപ്പെടാത്ത കാഴ്ചയാണ് കഴിഞ്ഞ കാലങ്ങളിൽ ദർശിക്കുവാൻ കഴിഞ്ഞത്. പഞ്ചായത്തിന്റെ 95-96 വർഷത്തെ ഇനം തിരിച്ചുള്ള വരവ് ചിലവ് കണക്ക് പട്ടിക-1 ൽ കൊടുത്തിരിക്കുന്നു.

താഴെ സൂചിപ്പിച്ചിരിക്കുന്ന വിഭവ ദാരിദ്ര്യം പഞ്ചായത്തിനെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു.

1. വൻകിട വ്യവസായ സ്ഥാപനങ്ങളുടെ അഭാവം.
2. കാർഷികരംഗത്തെ മുരടിപ്പ്.
3. കയർ മേഖലയിലെ അനിശ്ചിതത്വം.
4. വൈദ്യുത പ്രതിസന്ധി.
5. കുടുംബ ബഡ്ജറ്റിനെ തകർക്കുന്ന ഇന്ധനചെലവ്.

ആണ്ടുതോറും പഞ്ചായത്തിന്റെ വരുമാനത്തിൽ നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും,വർദ്ധിച്ച ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് തികച്ചും അപര്യാപ്തമാണെന്ന് കാണാവുന്നതാണ്.

പഞ്ചായത്തായത്തിന്റെ വരുമാനംവർദ്ധിക്കുന്നതിന് ഒരു ദ്വിമുഖ തന്ത്രം ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. നിലവിലുള്ള നികുതിസ്രോതസ്സുകളിലെ ചോർച്ച തടയുക എന്നുള്ളതാണ് പരമപ്രധാനം.പുതിയ നികുതി മേഖലകൾ കണ്ടെത്തി യാഥാർത്ഥ്യബോധത്തോടെ നടപ്പാക്കുക എന്നതാണ് രണ്ടാമത്തെ കാര്യം.

ഈ കാര്യത്തിൽ താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. പഞ്ചായത്ത് പ്രദേശത്തെ ജനതയെ സന്നദ്ധസേവനത്തിലൂടെ വികസനപ്രക്രിയകളിൽ പങ്കാളിയാക്കാനുള്ള ശ്രമം നടത്തേണ്ടതാണ്.ഒരു പ്രദേശത്തെ വികസന പ്രവർത്തനത്തിന് ആവശ്യമായ മനുഷ്യാദ്ധ്വാനം സന്നദ്ധസേവനമായി സംഘടിപ്പിക്കുവാൻ കഴിയുമെങ്കിൽ, ആ പ്രവർത്തനം ഗുണപരമായിരിക്കും, ധനപരമായും മെച്ചപ്പെടുത്തുവാൻ കഴിയും.ഇത്തരം സന്നിദ്ധ സേവനത്തിലൂടെ കക്ഷിരാഷ്ട്രീയത്തിന്റെ അനാരോഗ്യപരമായ കിടമത്സരങ്ങൾ ഇല്ലാതാക്കുവാനും കഴിയും.

2.വിനോദ നികുതി ഇനത്തിലുണ്ടാകുന്ന ചോർച്ച തടയുന്നതിന് കർക്കശമായ പരിശോധനയിലൂടെ കഴിയുകയില്ല എന്നുള്ളതാണ് അനുഭവം.ഓരോ ക്ലാസ്സിനും സീറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ പ്രതിമാസ നികുതി നിശ്ചയിച്ച് പിരിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

3. കെട്ടിട നികുതി നിർണ്ണയിത്തിനുള്ള നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തണം. മതിപ്പു വിലയുടേയും,വാർഷിക വാടകയുടേയും അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുവാനുള്ള നിയമം മാറ്റി കെട്ടിടത്തിന്റെ ചുറ്റളവിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കണം.കൂടുതൽ മോടിപ്പിടിപ്പിച്ചിട്ടുള്ളവയ്ക്കും, ബഹുനില കെട്ടിടങ്ങൾക്കുമുള്ള നികുതി പ്രത്യേകം ചേർത്തു കൊണ്ട് നിയമത്തിൽ തന്നെ ഭേദഗതി വരുത്തണം.

4. തൊഴിൽ നികുതി ഇനത്തിലുണ്ടാകുന്ന ചോർച്ച തടയുന്നതിന് നടപടി എടുക്കേണ്ടതാണ്.സർക്കാർ,അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ,ലൈസൻസ് എടുക്കുന്ന വ്യാപാര - വ്യവസായ സ്ഥാപനങ്ങളുടെ ഉടമകൾ, ബാങ്കുകൾ, സൈസൈറ്റികൾ എന്നിവയിൽ നിന്നു മാത്രമേ ഈ ഇനത്തിൽ നികുതി ഈടാക്കി വരുന്നുള്ളൂ.നിർമ്മാണ തൊഴിലാളികൾ,ചെത്തു തൊഴിലാളികൾ,സംഘടിത കയർ മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടുന്നവരെക്കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

5. ടെലിവിഷൻ ഇന്ന് മിക്കവാറും കുടുംബങ്ങളിൽ ഉണ്ട്. ടെലിവിഷൻ ഉപയോഗിക്കുന്ന എല്ലാ വീട്ടിൽ നിന്നും 10/ രൂപ പ്രതിവർഷ ഫീസായി ഈടാക്കണം.

6. കേബിൾ ടി.വി. കണക്ഷൻ ഉള്ളവരിൽ നിന്നും പ്രതിവർഷം 25/ രൂപ ഫീസായി ഈടാക്കാവുന്നതാണ്.

7. കേബിൾ ടി.വി. വിതരണക്കാരെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

8. വീഡിയോ ഗ്രാഫേഴ്സിനെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

9. പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ 1000/ രൂപ ഫീസ് ഇനത്തിൽ ഈടാക്കുന്നതിനാള്ള നടപടി എടുക്കുക.

10. ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് വാർഡ് മെംബർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം സംഘടിപ്പിക്കുക. ഈ നിക്ഷേപത്തിൽ നിന്നും 20% വരെ ഉള്ള തുക പഞ്ചായത്തിന് ലഭിക്കുമെന്നുള്ളതു കൊണ്ട് ഈ കാര്യത്തിൽ ഊന്നൽ കൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

11. പഞ്ചായത്ത് പ്രദേശത്തു വെച്ച് നടക്കുന്ന വിവാഹ രജിസ്ടേഷന് 100/ രൂപ ഫീസ് ഈടാക്കുന്നതിനുള്ള

## തണ്ണീർമുക്കം പഞ്ചായത്ത് 1995 -1996 - ലെ വരവ്

| | |
|---|---|
| കെട്ടിട നികുതി | 369477.95 |
| സർവ്വീസ് ചാർജ്ജ് | 107097.40 |
| തൊഴിൽ നികുതി | 301660.00 |
| വിനോദ നികുതി | 14392.00 |
| അധിക വിനോദ നികുതി | 9462.00 |
| പ്രദർശന നികുതി | 1716.00 |
| പ്രദർശന നികുതി സർ ചാർജ്ജ് | 283.00 |
| ചന്ത വരവ് | 20301.00 |
| ലൈസൻസ് ഫീസ് | 28361.00 |
| വസ്തുകൈമാറ്റ നികുതി | 70000.00 |
| ലേല വരവ് | 21298.45 |
| ഡെപ്പോസിറ്റ് | 21998.00 |
| മറ്റുള്ളവ | 114406.35 |
| ആകെ | 1080453.15 |

## തണ്ണീർമുക്കം പഞ്ചായത്ത് 1995 -1996 - ലെ ചെലവ്

| | |
|---|---|
| ഭരണം | 515017.00 |
| തെരുവു വിളക്ക് | 109200.00 |
| പൊതു മരാമത്ത് | 119264.00 |
| ജല വിതരണം, | |
| ഓടകൾ, പൊതുജനാരോഗ്യം | 54706.00 |
| വിദ്യാഭ്യാസം | 10,000.00 |
| മറ്റുള്ളവ | 1956419.00 |
| ആകെ | 2764606.00 |

നടപടി സ്വീകരിക്കുക.
13.പുറമ്പോക്കായി കിടക്കുന്ന സ്ഥലങ്ങൾ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ കൃഷിയിടങ്ങളാക്കി മാറ്റി കാർഷിക-ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കാവുന്നതാണ്.
14.തെളിയാത്ത തെരുവ് വിളക്കുകൾക്കും കറണ്ട് ചാർജ്ജ് ഇനത്തിൽ നല്ലൊരു തുക ഇലക്ട്രിസിറ്റി ബോർഡിന് അടച്ചു കൊണ്ടിരിക്കുകയാണ്.ഇത് ഒഴിവാക്കി ഉപയോഗിക്കുന്ന കറന്റിന് മാത്രം ചാർജ്ജ് ഈടാക്കി ഈ ഇനത്തിർ ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ കഴിയും.
15.വാട്ടർ ചാർജ്ജ് ഇനത്തിൽ ഭീമമായ ഒരു തുക വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് നൾകുന്നുണ്ടെങ്കിലും ശുദ്ധജല ക്ഷാമം കാര്യക്ഷമമായി നടക്കുന്നില്ല എന്നുള്ള ആക്ഷേപം നില നിൽക്കുകയാണ്.കേടു വന്ന അറ്റകുറ്റ പണികൾ കൃത്യ സമയത്ത് നടത്താതിരിക്കുന്നത് മൂലം ശുദ്ധ ജലം പാഴായി പോകുന്ന അവസ്ഥയാണ് ഉള്ളത്.ടാപ്പുകൾ കേടു വരുത്താതിരിക്കുന്നതിന് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനോടൊപ്പം കേടായ ടാപ്പുകൾ കാല താമസം ഒഴിവാക്കി നന്നാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
16.കൂട്ടായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിനെ ലഹരി വിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അതു വഴി സമാഹരിക്കുന്ന ധനവും, കർമ്മ ശേഷിയും പഞ്ചായത്തിന്റെ സമസ്ത പുരോഗതിയ്ക്കും, ഐശ്വര്യത്തുനും വേണ്ടി വിനിയോഗിക്കുന്നതിനുള്ള അർത്ഥ പൂർണ്ണമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുക.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ കൂടാതെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും,വിഭവ സംരക്ഷണത്തിനതീതമായി നിരവധി നിർദ്ദേശങ്ങൾ നമുക്ക് പരിശോധിച്ച് നടപ്പിലാക്കാവുന്നതാണ് പഞ്ചായത്തിന്റെ പൊതു നന്മയെ ലാക്കാക്കി മറ്റു സങ്കുചിത ചിന്തകൾക്ക് അതീതമായി മുന്നോട്ടു പോകുമെങ്കിൽ അസാദ്ധ്യമായതൊന്നും മാർഗ്ഗ മദ്ധ്യേ ഇല്ലെന്നുള്ള തിരിച്ചറിവ് നമ്മുടെ പ്രതീക്ഷകളെ ദീപ്തമാക്കുന്നു.

# ജനകീയാസൂത്രണ പ്രവർത്തനം ഒരവലോകനം

കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു നാഴിക കല്ലാണ് ജനകീയാസൂത്രണ പ്രസ്ഥാനം. പദ്ധതികളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും യാതൊരു പങ്കുംജനങ്ങൾക്ക് ഉണ്ടായിരുന്നില്ല.ഇൻഡ്യയിലിതാദ്യമായി ജനങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും, പരിഹാരങ്ങൾ നിർദ്ദേശിക്കാനും,പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനുമുള്ള അവസരം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ലഭിച്ചു.9-ാം പദ്ധതിയെ മറ്റ് പദ്ധതികളിൽ നിന്ന് വേർ തിരിച്ച് നിർത്തുന്നതും ഈ പ്രത്യേകതയാണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ശക്തമായ സന്ദേശം തണ്ണീർമുക്കം പഞ്ചായത്തിലും ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇവിടെ നടന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു രേഖാ ചിത്രം ചുവടെ ചേർക്കുന്നു.

1996 സെപ്റ്റംബർ 10,11,12 തീയതികളിൽ ചേർത്തല ഗവ:ഹൈസ്ക്കൂളിൽ നടന്ന ജില്ലാതല ശില്പ ശാലയിൽ താഴെപ്പറയുന്നവർ ഡി.ആർ..പിമാരായി പരിശീലനം നേടുകയുണ്ടായി.

1.സി.പി.സുദർശനൻ
(ഹെഡ് മാസ്റ്റർ,ബോയിസ് ഹൈസ്ക്കൂം, കണിച്ചുകുളങ്ങര)
2.കെ.ജി.ചിന്താർമണി
(റിട്ട:സഹ:ഡപ്യൂട്ടി രജിസ്റ്റാർ)
3.എം.രവീന്ദ്രനാഥ്
(റിട്ട:അസി:എൻജിനീയർ കെ.എസ്സ്.ഇ.ബി)
4.എ.പ്രകാശൻ
(റിട്ട:അസി:എൻജിനീയർ കെ.എസ്സ്.ഇ.ബി)
5.കെ.കെ.ചെല്ലപ്പൻ
(മുൻ പഞ്ചായത്ത് പ്രസിഡന്റ്)
6.കെ.ഷൺമുഖൻ
(മുൻ പഞ്ചായത്ത് പ്രസിഡന്റ്)
7.എ.സതീശൻ
(പാരലൽ കോളേജ് അദ്ധ്യാപകൻ)
8.കെ.കരുണാകരൻ
(റിട്ട:വില്ലേജ് ഓഫീസർ)

സി.പി.സുദർശനനെ ഡി.ആർ.പി മാരുടെ കൺവീനറായി തെരഞ്ഞെടുത്തു.

പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെയും സംയുക്ത യോഗം പ്രസിഡന്റ് വിളിച്ചു കൂട്ടുകയും ഇവിടെ നടപ്പാക്കേണ്ട ജനകീയാസൂത്രണ പരിപാടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തു.

**പഞ്ചായത്ത് ശില്പശാല**

1996 സെപ്റ്റംബർ 20 ന് എൽ.ആർ.പി.മാരെ പരിശീലിപ്പിക്കുന്നതിനുള്ള ശില്പശാല സംഘടിപ്പിച്ചു. വാർഡ് മെംബർമാർ തിരഞ്ഞെടുത്തയച്ച 152 പേർ ശില്പശാലയിൽ പരിശീലനം നേടി. ജനകീയാസൂത്രണം എന്ത്? എങ്ങനെ? എന്നതും വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുമ്പോൾ ചെയ്യേണ്ട കാര്യങ്ങളും ശില്പശാലയിൽ അവതരിപ്പിച്ച് ചർച്ച ചെയ്തു.

വിശേഷാൽ ഗ്രാമ സഭയുടെ മുന്നൊരുക്കങ്ങൾ

പഞ്ചായത്തിൽ 14 വാർഡുകളിലും ഗ്രാമ സഭയുടെ സംഘടന രീതിയിൽ ഐക്യ രൂപം ഉണ്ടാകത്തക്കവിധം ഒരു മാർഗ്ഗരേഖ മുൻകൂട്ടി ചർച്ചചെയ്ത് നിശ്ചയിച്ചിരിക്കുന്നു. അതനുസരിച്ച് ഡി.ആർ.പി മാർക്ക് പഞ്ചായത്ത്, മെംബർമാരെ സഹായിക്കുവാനുള്ള ചുമതല നിശ്ചയിച്ചു നല്കി.

| വാർഡ് | ഡി.ആർ.പി. |
|---|---|
| വാർഡ് 1,2 | കെ.ജി.ചിന്താർമണി |
| വാർഡ് 3,4 | എം.രവീന്ദ്രനാഥ |
| വാർഡ് 5,6 | എ.പ്രകാശൻ |
| വാർഡ് 7,8 | കെ.കരുണാകരൻ |
| വാർഡ് 9,10 | കെ.ഷൺമുഖൻ, പി.സതീശൻ |
| വാർഡ് 11,12 | സി.പി.സുദർശനൻ |
| വാർഡ് 13,14 | കെ.കെ.ചെല്ലപ്പൻ |

എല്ലാ വാർഡുകളിലും വിപുലമായ സ്വാഗത സംഘങ്ങൾ വിളിച്ചു കൂട്ടി, താഴെ പറയുന്ന സബ് കമ്മിറ്റികൾ രൂപീകരിച്ചു.

1.സ്വീകരണം
2.രജിസ്ട്രേഷൻ
3.ഭക്ഷണം
4.പബ്ലിസിറ്റി
5.സ്ക്വാഡ് പ്രവർത്തനം
5.ഫൈനാൻസ്

പ്രവർത്തന സൗകര്യം കണക്കാക്കി ഓരോ വാർഡിനേയും 8 മുതൽ 10 വരെ ബ്ലോക്കുകളാക്കി തിരിച്ചു. ഓരോ ബ്ലോക്കിന്റേയും സ്ക്വാഡു പ്രവർത്തനം 5 പേരടങ്ങുന്ന ഗ്രൂപ്പിനു നല്കുകയും പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തു. ഗ്രാമ സഭയിലെ ഗ്രൂപ്പ് ചർച്ച ഫലപ്രദമായി നയിക്കുന്നതിന് ഓരോ ഗ്രൂപ്പിലും താത്പ്പര്യമുള്ള രണ്ടു പേരെ വീതം നിശ്ചയിക്കുകയും ചെയ്തു. അവർക്കാവശ്യമായ പരിശീലനം നല്കുകയും ചെയ്തു. ഇതിനായി ഡി.ആർ.പി മാർ പല തവണ വാർഡു തല യോഗങ്ങളിൽ സംബന്ധിച്ചിട്ടുണ്ട്. വാർഡിലെ എല്ലാ പ്രവർത്തനങ്ങൾക്കും വാർഡു മെമ്പർമാർ സജീവ നേതൃത്ത്വം നൽകിയിട്ടുണ്ട്.

## ഗ്രാമ സഭകൾ

സെപ്റ്റംബർ 27 ന് പഞ്ചായത്തില അദ്യത്തെ വിശേഷാൽ ഗ്രാമസഭ 8ാം വാർഡിൽ കൂടി. കേവലം ഒരാഴ്ച മാത്രം എടുത്തു കൊണ്ട് സംഘടിപ്പിച്ച ഗ്രാമ സഭയുടെ ഉത്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.സി.എസ്സ്. സുജാത നിർവ്വഹിച്ചു.ഒക്റ്റോബർ 14 -ാം തീയതി കൂടിയ 5-ാം വാർഡിന്റെ ഗ്രാമസഭയായിരുന്നു അവസാനത്തേത്. ശ്രീ.പി.ജെ.ഫ്രാൻസിസ് എം.എൽ.എ ഉത്ഘാടനം ചെയ്തു.. പഞ്ചായത്തിലെ 14 വാർഡുകളിലേയും ഗ്രാമ സഭകൾ പങ്കെടുത്ത ആളുകളുടെ എണ്ണത്തിലും,ചർച്ചകളുടെ ഉള്ളടക്കത്തിലും ഒന്നിനൊന്ന് മെച്ചപ്പെട്ടവയായിരുന്നു. ജാതിമത, രാഷ്ട്രീയ ചിന്തകൾക്കതീതമായി ഒരേ മനസ്സോടെ ഒരേ ചിന്തയോടെ ജനങ്ങൾ അണി ചേർന്ന അപൂർവ്വ സന്ദർഭങ്ങൾ ആയി മാറി ഓരോ ഗ്രാമ സഭയും. സംഘാടകർ പ്രതീക്ഷിച്ചതിലുംമേറെ മിക്ക ഗ്രാമ സഭകളും വിജയിച്ചു. സ്ത്രീകളുടെ വൻപിച്ച സാന്നിദ്ധ്യവും., പങ്കാളിത്തവും പല ഗ്രാമ സഭകളേയും ധന്യമാക്കി. പങ്കെടുത്ത ആളുകളുടെ എണ്ണം വാർഡ് തിരിച്ച് പട്ടിക-1 ൽ ചേർക്കുന്നു,

## ഗ്രാമ സഭകളിലെ ഗ്രൂപ്പ് ചർച്ച

ഗ്രൂപ്പ് ചർച്ച വളരെ ഫലപ്രദമായി നടന്നു. ചർച്ച നയിക്കുവാൻ നിയോഗിക്കപ്പെട്ടവർ ഏറെക്കുറെ തൃപ്തികരമായി അവരുടെ ജോലി നിർവ്വഹിച്ചിട്ടുണ്ട്. ഗതാഗതം, കുടി വെള്ളം, പാർപ്പിടം, പൊതുജനാരോഗ്യം, കൃഷി തുടങ്ങിയ ഗ്രൂപ്പുകളിൽ പൊതുവേ ആളുകളുടെ പങ്കാളിത്തം കൂടുതലായി കണ്ടു. വിഭവ സമാഹരണം, വിദ്യാഭ്യാസം, മൃഗ സംരക്ഷണം തുടങ്ങിയ ഗ്രൂപ്പുകളിൽ പങ്കാളിത്തം കുറവായിരുന്നു.ഓരോ ഗ്രൂപ്പിലും ചർച്ചകളുടെ മിനിട്സ് രണ്ടു കോപ്പി തയ്യാറാക്കി വായിച്ചവതരിപ്പിച്ചു.

പഞ്ചായത്തിലെ 14 ഗ്രാമ സഭകളിൽ 8 എണ്ണത്തിലും പങ്കെടുക്കാൻ ഞങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. ജനങ്ങൾ വളരെ ആവേശ പൂർവ്വം തന്നെയാണ് പ്രതികരിച്ചിട്ടുള്ളത്. ചില മേഖലകളിലെ സ്ഥിതി നാം പ്രതീക്ഷിക്കുന്നതിലും ശോചനീയമാണ്. സന്ധ്യ കഴിഞ്ഞാൽ കുടി വെള്ളം കോരാൻ അനുവദിക്കാത്തതും, തല ചായ്ക്കാൻ ഇടം- സ്വന്തമായി ഒരു വീട് എന്ന വിദൂര സ്വപ്നം താലോലിക്കുന്നവരും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യം ഇല്ലാത്തവരും ഒക്കെ അവതരിപ്പിച്ച ചിത്രങ്ങൾ ആരുടേയും മനസ്സിൽ തങ്ങി നിൽക്കുന്നവയാണ്. തൊഴിലില്ലായ്മയേക്കാളിലും രൂക്ഷമായ പ്രശ്നം ഈ മേഖലയിലാണെന്നു തോന്നുന്നു,സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും,ചൂഷണവും ഗ്രാമ സഭകളിൽ ഒരു പോലെ മുഴങ്ങി കേട്ടു. മദ്യ നിരോധനം വ്യാപകമാക്കി ഫലപ്രദമായി നടപ്പിലാക്കണം എന്ന ആവശ്യം എല്ലാ ഗ്രാമ സഭകളിലും സ്ത്രീകൾ ശക്തമായിത്തന്നെ അവതരിപ്പിച്ചിരിക്കുന്നു. പാർപ്പിട പ്രശ്നം സ്ഫോടനാത്മകമായ ഒരു സ്ഥിതി വിശേഷം സൃഷ്ടിച്ചേക്കാമെന്ന് പോലും തോന്നിപ്പോയി. ഓരോ ഗ്രാമ സഭയിലും ഓരോ അനുഭവങ്ങളായിരുന്നു. നമ്മുടെ നാടിന്റെ വികസന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങൾ തികച്ചും ബോധവാത്മാൻമാരായി എന്നുള്ളത് ഈ സഭകളുടെ സവിശേഷ നേട്ടമാണ്. ഇനിയൊരവസരം കിട്ടിയാൽ വളരെ മെച്ചപ്പെട്ടരീതിയിൽ പരിപാടികൾ നിർദ്ദേശിക്കുവാൻ സാമാന്യ ജനങ്ങൾക്ക് കഴിയും എന്ന സ്ഥിതി ഉണ്ടായിരിക്കുന്നത് ചെറിയ കാര്യമല്ല. തുടർ നടപടികൾ പ്രതീക്ഷാപൂർവ്വം അവർ കാത്തിരിക്കുന്നു.

## പുനരർപ്പണ ദിന പ്രവർത്തനങ്ങൾ

പുനരർപ്പണദിനത്തിന്റെ ഓർമ്മയ്ക്കായി ഈ പഞ്ചായത്തിൽ സമഗ്ര പച്ചക്കറി കൃഷി പദ്ധതിക്ക് തുടക്കമിട്ടു.എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടത്തുകയും സ്ഥല സൗകര്യങ്ങൾ അനുസരിച്ച് വാഴ, മരച്ചീനി കൃഷികൾ കൂടി പ്രോത്സാഹിപ്പിച്ച് ഒരു സമഗ്ര കൃഷി വികസനത്തിന് കളമൊരുക്കുന്നതിന് കൂടിയാണ് ഈ പദ്ധതി. പ്രത്യക്ഷ ഫലം ഏറ്റവും ആദ്യം ലഭിക്കും എന്നുള്ളത് ഇതിന്റെ നേട്ടമാണ്. വാർഡു തല കമ്മറ്റികളും മറ്റും പ്രവർത്തിച്ചു തുടങ്ങി.

പുനരർപ്പണദിനത്തിൽ 10-ാം വാർഡ് മാവലൂർ - ഇണ്ടിക്കുഴി റോഡ് നിർമ്മാണം ആരംഭിച്ചു. നെടുംഞ്ചിറ-കോമത്തു വെളി റോഡ് നിർമ്മാണം ആരംഭിച്ച് ഇതിനകം നിർമ്മിച്ചു കഴിഞ്ഞു.

## ദ്വിതീയ വിവര ശേഖരണം

ദ്വിതീയ വിവര ശേഖരണ പ്രവർത്തനങ്ങൾക്ക് വേണ്ടി 02/11/96 ൽ പഞ്ചായത്തിലെ എല്ലാ ഓഫീസ് മേധാവികളുടേയും യോഗം പ്രസിഡന്റ് വിളിച്ചു കൂട്ടി, വിവര ശേഖരണം സംബന്ധിച്ച് അവരുടെ സഹായം അഭ്യർത്ഥിച്ചു. എൽ.ആർ.പി.മാരുടെ യോഗവും അന്നേ ദിവസം കൂടി എൽ.ആർ.പി മാരെ 14 ഗ്രൂപ്പുകളായി തിരിച്ച് ചുമതലകൾ ഏല്പ്പിച്ചു. ശരിയായ ദ്വിതീയ വിവരങ്ങൾ കിട്ടാൻ സാധ്യതിയല്ലെന്നു തോന്നിയ ചില കാര്യങ്ങൾ വീടുകളിൽ നേരിട്ട് ചെന്ന് പ്രാഥമിക വിവരങ്ങൾ സർവ്വേ വഴി ശേഖരിക്കുവാൻ ഏർപ്പാടുണ്ടാക്കി. വാർഡ് മെംബർമാർ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയിട്ടുണ്ട്.

## രണ്ടാം ഘട്ടം

രണ്ടാം ഘട്ട പരിശീലനം എസ്സ്.എൽ.പുരം രംഗകലാ ആഡിറ്റോറിയത്തിൽ നടന്നു.രണ്ടാം ഘട്ട പരിശീലനത്തിൽ ഒന്നാം ഘട്ട പരിശീലനം ലഭിച്ച ഡി.ആർ.പി മാരും, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ബേബി കമലം, സെക്രട്ടറി ശ്രീ. മുരളീധരൻ, വൈസ്.പ്രസിഡന്റ് ശ്രീ.അനിരുദ്ധൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.വെള്ളിയാം കുളം പരമേശ്വരൻ,ബ്ലോക്ക് പഞ്ചായത്ത് മെംബർ ശ്രീ.തണ്ണീർമുക്കം പത്മനാഭൻ, കെ.ജി.ശശിധരൻ എന്നിവരും പുതിയ ഡി.ആർ.പി മാരായി. ശ്രീ.റ്റി.കെ നടരാജൻ,.ശ്രീ.എൻ.ഉദയവർമ്മ,

| ഗ്രാമ സഭാ തീയ്യതി | വാർഡ് | വാർഡു മെംബർ | പങ്കെടുത്തവർ | | ആകെ |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | |
| 3-10-1996 | 1. | തണ്ണീർമുക്കം പരമേശ്വരൻ നായർ | 147 | 27 | 174 |
| 4-10-1996 | 2. | പ്രകാശൻ . എസ്സ് | 139 | 26 | 165 |
| 14-10-1996 | 3. | ദീപറാണി ഭാസുരൻ | 250 | 50 | 300 |
| 12-10-1996 | 4. | യു.ബി. സോമൻ | 210 | 40 | 250 |
| 15-10-1996 | 5. | സി.കെ. രാജമണി | 405 | 85 | 495 |
| 10-10-1996 | 6. | സ്വപ്നാ ശശിധരൻ | 370 | 160 | 530 |
| 5-10-1996 | 7. | കെ. അനിരുദ്ധൻ | 250 | 100 | 350 |
| 27-09-1996 | 8. | പി.എസ്സ്, ജോതിസ്സ് | 302 | 200 | 502 |
| 13-10-1996 | 9. | ഇന്ദിര മുകുന്ദൻ | 206 | 104 | 310 |
| 11-10-1996 | 10. | വി.രാജപ്പൻ | 190 | 90 | 280 |
| 07-10-1996 | 11. | വെള്ളിയാകുളം പരമേശ്വരൻ | 132 | 98 | 230 |
| 04-10-1996 | 12 | ഡോ:ബേബികമലം | 270 | 320 | 590 |
| 07-10-1996 | 13. | ഓമനാകേശവൻ | 204 | 72 | 276 |
| 04-10-1996 | 14. | സജി കുര്യാക്കോസ് | 160 | 70 | 230 |
| | | ആകെ | 3235 | 1442 | 4677 |

ശ്രീ.ഗിരീഷ്, ശ്രീ.മണിയപ്പൻ എന്നിവരും പരിശീലനം നേടുകയുണ്ടായി.

പഞ്ചായത്തിലെ 3-ാം മത്തെ ചിത്രശാല തണ്ണീർമുക്കം ഗവ:ഹൈസ്ക്കൂളിൽ നടത്തി. എൽ.ആർ.പി മാർക്ക് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകി.സാമൂഹ്യ-സാമ്പത്തിക സർവ്വേ രണ്ടാംഘട്ടം തുടങ്ങുന്നതിനുള്ള പരിശീലനം നൽകുകയും ഫാറങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിവിധ സോഴ്സ് ഗ്രൂപ്പുകളെ ഈ ശില്പശാലയിൽ നിന്ന് തെരഞ്ഞെടുത്തു,പഠന യാത്രാ സംഘത്തേയും നിശ്ചയിച്ചു.

പഠന യാത്രാ സംഘത്തെ ശ്രീ.റ്റി,കെ നടരാജൻ,.ശ്രീ.കെ.ജി.ശശീധരൻ എന്നിവർ നവംബർ 29,30 എന്നീ തീയതികളിൽ 15 പേരടങ്ങിയ പഠന യാത്രാ സംഘം പഞ്ചായത്തിൽ തലങ്ങനേയും, വിലങ്ങനേയും പര്യടനം നടത്തി വിവരങ്ങൾ ശേഖരിച്ചു.

### സാമൂഹ്യ സാമ്പത്തിക സർവ്വേ

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് എല്ലാ വിവരങ്ങളും സെക്കന്ററി ഡേറ്റാ വഴി ലഭ്യമാകുകയില്ല എന്ന് ബോധ്യം വന്നത് കൊണ്ടാണ് സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്താൻ തീരുമാനിച്ചത്. രണ്ടു ഘട്ടങ്ങളിലാണ് സർവ്വേ നടന്നത് സമയ പരിമിതി മൂലം എല്ലാ മേഖലകളിലും സ്പർശിക്കുന്ന ഒരു സമഗ്ര സർവ്വേ നടത്തുവാൻ സാധിച്ചില്ല. സർവ്വേയ്ക്കു മുൻപായി എൽ. അർ,പി മാർക്കും സന്നദ്ധ പ്രവർത്തകർക്കും വാർഡുതല പരിശീലനം നൽകി 25 വീടുകൾ ഉൾക്കൊള്ളുന്ന ബ്ലോക്കുകൾ തിരിച്ചു. എല്ലാ.വാർഡുകളിലും സർവ്വേയിൽ നിന്ന് ലഭിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്ന ശ്രമകരമായ ജോലിക്ക് ഡി. ആർ. പി മാരായ കെ കരുണാകരൻ എം : രവീന്ദ്രനാഥ് എന്നിവർ നേതൃത്വം കൊടുത്തു.

### വികസന റിപ്പോർട്ട്

വികസന റിപ്പോർട്ടു തയ്യാറാക്കുവാൻ രൂപികരിച്ച വിവിധ റിസോഷ്സ് ഗ്രൂപ്പുകൾക്ക് സി.പി. സുദർശനൻ , കെ. ജി , ചിന്താർമണി , ടി.കെ , നടരാജൻ , തണ്ണീർമുക്കം പത്മനാഭൻ എ. പ്രകാശൻ , കെ.ജി ചെല്ലപ്പൻ എന്നിവർ നേതൃത്വം നൽകി.റിപ്പോർട്ടിന്റെ ഉള്ളടക്കവും പ്രതിപാദനരീതിയും ചർച്ച ചെയ്ത് നിശ്ചയിച്ചു. റിപ്പോർട്ടുകൾ പഞ്ചായത്ത് കമ്മിറ്റിയിൽ വായിച്ചവതരിപ്പിക്കുകയും കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾ ചേർത്ത് അംഗീകരിക്കുകയും ചെയ്തു.

### എഡിറ്റോറിയൽ ബോർഡ്

റിപ്പോർട്ട് എഡിറ്റ് ചെയ്യുന്നതിനും, അച്ചടി ജോലികൾ ചെയ്യുന്നതിനും പഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായും,തണ്ണീർമുക്കം പത്മനാഭൻ കൺവീനറായും ഒരു എഡിറ്റോറിയൽ ബോർഡ് രൂപികരിച്ചു

### ജനപ്രതിനിധികൾ

പഞ്ചായത്ത് പ്രസിഡന്റും എല്ലാ അംഗങ്ങളും സജീവമായി തന്നെ ജനകീയാസൂത്രണ പരിപാടികൾക്ക് നേതൃത്വം നല്കുന്നുണ്ട്.േ ബ്ലാക്ക് പഞ്ചായത്ത് മെംബർ ശ്രീ.തണ്ണീർമുക്കം പത്മനാഭൻ , ശ്രീ.കെ,.ജി ശശിധരനും നേതൃത്വം നല്കിയിട്ടുണ്ട്.അതുപോലെ ജില്ലാ പഞ്ചായത്ത് മെംബർ . ശ്രീ.റ്റി.കെ.പളനി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് .ശ്രീ.ആർ.നാസർ എന്നിവർ ഗ്രാമ സഭകളിൽ എത്തിച്ചേർന്ന് യഥാ സമയം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി,.ആർ.പി മാർക്ക് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടായിട്ടില്ല.പഞ്ചായത്ത് സെക്രട്ടറി ശ്രീ.മുരളീധരനും, മറ്റു ജീവനക്കാരും അവർക്ക് ചെയ്യാവുന്ന എല്ലാ സഹായങ്ങളും ചെയ്ത് തരുന്നുണ്ട്.വളരെ വൈകി അവസാനിച്ച ഗ്രാമസഭകളിൽ പോലും നേതൃത്വത്തിലുള്ള എല്ലാവരും ആദ്യവസാനം സന്നിഹിതരായിരുന്നു.

ജനകീയാസൂത്രണ പരിപാടിയുടെ ഒന്നും,രണ്ടും ഘട്ടങ്ങൾ ഈ പഞ്ചായത്തിൽ വിജയകരമായി പൂർത്തിയാക്കി.,അർപ്പണ ബോധത്തോടും,ആത്മാർത്ഥതയോടും നടത്തിയ കൂട്ടായ പരിശ്രമത്തിന്റെ വിജയമാണിത്. എല്ലാ കാര്യങ്ങളിലും സുതാര്യത നമ്മുടെ ലക്ഷ്യമായതുകൊണ്ട "വരവ്-ചെലവ് കണക്കുകൾ ഗ്രാമ സഭയുടെ അവസാനം വായിച്ച് കേൾപ്പിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ആലസ്യത്തിൽ നിന്നും ഉണർന്ന ജനത ഒരു കുതിച്ചു ചാട്ടത്തിന്റെ ഒരുക്കത്തിലാണ്. ഒന്നും ചെയ്യാനില്ലായിരുന്നിടത്ത് സമയം തികയാത്ത പ്രശ്നമേ ഇപ്പോൾ ഉള്ളൂ. ഈ ഉണർവ്വ് തുടർന്നും നില നിർത്താൻ കഴിയട്ടെ.



# വികസനത്തിന് ഊന്നൽ നൽകേണ്ട മേഖലകൾ

പത്ത് പ്രധാന മേഖലകളിലാണ് വികസനത്തിന് ഊന്നൽ നൽകേണ്ടത്.അവ എന്തെല്ലാമാണെന്ന് നോക്കാം

1.പശ്ചാത്തല സൗകര്യ മേഖല.പ്രത്യേകിച്ച് വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധി എങ്ങനെ പരിഹരിക്കാം?

2.വ്യവസായ മേഖലയിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ എങ്ങനെ ആകർഷിക്കാം.നമ്മുട വിഭവങ്ങൾക്കും,

തൊഴിൽ വൈദഗ്ധ്യത്തിനു അനുബന്ധ സാദ്ധ്യതകൾക്കും യോജിച്ചവയായിരിക്കണം വ്യവസായങ്ങൾ.

3.പരമ്പരാഗത കുടിൽ വ്യവസായ മേഖലയെ  വൈവിദ്ധ്യവത്ക്കരിക്കുന്നതിനും,ആധുനികവത്ക്കരിക്കുന്നതി

നും അവയെ കമ്പോളവത്ക്കരണത്തിൽ നിന്നും രക്ഷിക്കുന്നതിനും മാർഗ്ഗമെന്ത്?

4.കാർഷിക മേകഖലയിലെ ഉത്പ്പാദനവും,ഉത്പ്പാദനക്ഷമതയും എങ്ങനെ ഉയർത്താം?

5.ഏതെല്ലാം വിധത്തിൽ തൊഴിലില്ലായ്മ കുറയ്ക്കാം?

6.വിദ്യാഭ്യാസ-ആരോഗ്യ മേഖലകളുടെ ഗുണ നിലവാരം എങ്ങനെ മെച്ചപ്പെടുത്താം?

7.വികസന പ്രക്രിയയിൽ സ്ത്രീകളെ എങ്ങനെ അർത്ഥവർത്തായ പങ്കാളികളാക്കാം

8.വികസന മുഖ്യധാരലയിലേക്ക് ആദിവാസികൾ,പട്ടികജാതി/വർഗ്ഗക്കാർ,മത്സ്യത്തൊഴിലാളികൾ തുടങ്ങി

യവരെ എപ്രകാരം പൂർണ്ണമായും കൊണ്ടുവരാം?

9.ദാരിദ്ര്യത്തിന്റെ പ്രശ്നങ്ങൾ-ദാരിദ്ര്യജന്യ രോഗങ്ങൾ,കുടിവെള്ളക്ഷാമം,വീടുകളില്ലാത്ത അവസ്ഥ തുടങ്ങിയ

വ എങ്ങനെ ഇല്ലാതാക്കാം?

10.വിഭവശോഷണവും,പരിസ്ഥിതി പ്രശ്നങ്ങളും നിയന്ത്രിച്ച് സ്ഥായിയായ വികസന പ്രക്രിയയ്ക്ക് എങ്ങനെ

തുടക്കം കുറിക്കാം?

ഈ വികസന വെല്ലുവിളികൾക്ക് പരിഹാരം കാണുകയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം.

## ഉപസംഹാരം

അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യമുയർത്തി ജനകീയാസൂത്രണത്തിന്റെ രഥ യാത്ര എത്തുന്നു. ഇല്ലായ്മയുടേയും, വല്ലായ്മയുടേയും അസഹിഷ്ണ ചിന്തകൾ മനസ്സിൽ സൂക്ഷിച്ചു നടക്കുന്ന ഗ്രാമവാസികൾക്ക് ഈ പുതിയ സന്ദേശം വലിയ പ്രത്യാശയാണുളവാക്കിയിരിക്കുന്നത്. നമ്മുടെ മണ്ണിന്റേയും, മനുഷ്യരേയും തിരിച്ചറിഞ്ഞ് നമ്മുടെ ചുറ്റുപാടുകൾക്കിണങ്ങിയ വരും കാല വികസന പദ്ധതികളുടെ രൂപരേഖ നാം സ്വയം ചമയ്ക്കുക എന്ന പരിപാടി സ്വതന്ത്ര ഭാരത ചരിത്രത്തിലെ ആദ്യത്തെ അനുഭവമാണ്.അതുകൊണ്ട് തന്നെ ലോക ശ്രദ്ധ ആകർഷിക്കുവാൻ ഈ നീക്കത്തിന് കഴിയുന്നുണ്ട്.ഇതെഴുതുമ്പോൾ ജനകീയാസൂത്രണ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കാൻ എത്തിയ അമേരിക്കയിലെ മോണ്ട് ക്ലയർ യൂണിവേഴ്സിറ്റിയിലെ നര വംശ ശാസ്ത്ര വിഭാഗം ചെയർമാൻ റിച്ചാർഡ് ഫ്രാങ്ക്, സാമൂഹ്യ ശാസ്ത്ര വിഭാഗം പ്രൊഫസ്സർ ബാർബറാ ചെസിൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം ഈ ഗ്രാമത്തിലൂടെ കടന്നു പോകുന്നു. പുതിയ നവോത്ഥാന വീഥിയിലെ കുളമ്പൊച്ചകൾക്ക് കാതോർത്ത് കൊണ്ട് ........

നമ്മുടെ ഗ്രാമ സഭകൾ ആവേശത്തിന്റെ പുത്തനരങ്ങുകൾ ആയിരുന്നു.കഴിഞ്ഞ നാളുകളിൽ നമുക്കാർജ്ജിക്കാൻ കഴിഞ്ഞ ദ്രുത ഗതിയിലുള്ള സാമ്പത്തിക സാമൂഹ്യ വളർച്ച കണ്ടില്ലെന്ന് നടിച്ചില്ലെങ്കിലും, കൈയ്യെത്തിപ്പിടിക്കാനുള്ള അസംഖ്യം സ്വപ്നങ്ങളെ ആവശ്യങ്ങളുടെ പട്ടികയിൽ തിരുകി കൊണ്ടാണ് ഈ ആൾക്കൂട്ടങ്ങൾ പിരിഞ്ഞു പോയത്.വിഭവ സമാഹരണത്തിന്റേയും,ഉത്പ്പാദന വർദ്ധനവിന്റേയും മേഖലകളിൽ ഒരു കുതിച്ചു ചാട്ടം തന്നെ ഉണ്ടാകാതെ തരമില്ല.

അദ്ധ്വാനിച്ചാലറിയുന്ന മണ്ണും,അനുഗ്രഹീതമായ കാലാവസ്ഥയുമുള്ള ഈ ഗ്രാമം ഉത്പ്പാദന കാര്യത്തിൽ കുറ്റകരമായ വന്ധ്യത്വം പുലർത്തുന്നു.കരുതൽ തടങ്കലിൽ കഴിയുന്ന നമ്മുടെ പരിശ്രമ ശീലത്തെ തുറന്നു വിടുവാൻ താമസിക്കരുതെന്നാണ് ഗ്രാമ സഭകൾ സൂചിപ്പിക്കുന്നത്.വിഭവങ്ങളുടെ വർദ്ധിച്ച ശേഖരണവും, ശാസ്ത്രീയാവ ബോധത്തോടെയുള്ള ഉപഭോഗവും,പല മടങ്ങു വർദ്ധിപ്പിക്കേണ്ട സർക്കാർ സഹായവുമൊക്കെ പ്രധാന ഘടകങ്ങൾ ആണെങ്കിലും പരിമിതികൾക്കതീതമായുള്ള നമ്മുടെ കൂട്ടായ്മ കൊണ്ട് മാത്രമേ ലക്ഷ്യത്തിലേക്ക് നടന്നടുക്കാനാവു.

ജനങ്ങളിലേക്ക് പകർന്നു കിട്ടുന്ന അധികാരത്തിന്റെ പുതിയ നിഴലിൽ നിന്നു കൊണ്ട് ഉത്തരവാദിത്വത്തോടും, വിശ്വാസത്തോടും കർമ്മനിരതമായ നമ്മുടെ പരിശ്രമം തുടരാം.തണ്ണീർമുക്കം പഞ്ചായത്തിന്റെ സാദ്ധ്യതകളേയും, പ്രശ്നങ്ങളേയും സംബന്ധിച്ച് ഒരു തിര നോട്ടമാണ് ഈ വികസന രേഖയിൽ കാണുന്നത്.പരിഹാര നിർദ്ദേശങ്ങൾ ഉൾപ്പെടെ ഒന്നും കുറ്റമറ്റതാണെന്ന് അവകാശപ്പെടുന്നില്ല.ഗ്രാമ സഭാ ചർച്ചകളുടേയും ലഭ്യമായ സ്ഥിതി വിവര കണക്കുകളേയും അടിസ്ഥാനപ്പെടുത്തി ഈ വികസന സെമിനാറിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന നിങ്ങളുടെ സമഗ്ര ചർച്ചയ്ക്കും വിലയിരുത്തലിനുമായി ഈ രേഖ പ്രതീക്ഷാ പൂർവ്വം സമർപ്പിച്ചു കൊള്ളുന്നു.

21- നൂറ്റാണ്ടിന്റെ ഉദയ പർവ്വതത്തിൽ മുഖം കാണിച്ചു നിൽക്കുന്ന ക്ഷേമ ഐശ്വര്യ പൂർണ്ണമായ നാളെകളെ നമുക്ക് കൊട്ടും,കുരവയും,നിറപറയും,നിറഞ്ഞ മനസ്സുകളുമായി വരവേല്ക്കാം.

# വികസന സെമിനാർ നിർദ്ദേശങ്ങൾ



Printed at Kerala Times Offset Press, Kochi-682018